# മാർ ലൂയീസ് പഴേപറമ്പിൽ

ഒരു ഭക്തൻ

6027

# മാർ ലൂയീസ് പഴേപറമ്പിൽ

DHARMARAM COLLEGE
LIBRARY
BANGALORE-29

# മാർ ലൂയീസ് പഴേപറമ്പിൽ

മണവാളൻ

ACKAL JEEVA...
LIBRARY
15239
DHARMARAM COLLEGE
LIBRARY
BANGALORE-29

വിതരണം

ജനത ബുക്ക് സ്റ്റാൾ
തേവര, 682013

വില 6 രൂപ

(Malayalam)
**MAR LOUIS PAZHEPARAMBIL**
(Biography)

**by Fr. Paul Manavalan, M. A.**

First published in September 1974

Printed at
**L. F. I. Press, Thevara, 682013**

Cover: K. G. Vasu

Price Rs. 6. 00

Rights reserved

Distributors:
**Janatha Book Stall,**
Thevara—Ernakulam—Alwaye

M/20922
MAN

# ആമുഖം

ഇതൊരു സ്നേഹോപഹാരമാണ്: ഇന്ത്യയിലെ ആദ്യത്തെ ഏതദ്ദേശീയ മെത്രാന്മാരിലൊരുവനും എറണാകുളം അതിരൂപതയുടെ പ്രഥമ മെത്രാനുമായ മാർ ലൂയീസ് പഴേപറമ്പിലിൻെറ പാവനസ്മരണയ്ക്കു മുമ്പിൽ, കനകജൂബിലിയും ആഘോഷിച്ചു കഴിഞ്ഞ അതിരൂപത അഭിമാനത്തോടും കൃതജ്ഞതയോടുംകൂടി അർപ്പിക്കുന്നത്. പിന്നിട്ട നാളുകളോർത്തു പുളകമണിയുമ്പോഠം, തൻെറ ശില്പികളെക്കുറിച്ച് ആദരംമുററിയ സ്മരണകളുമുണ്ടവഠംക്ക്. അവരെയൊന്ന് അനുസ്മരിക്കാൻ ശ്രമിക്കുകയാണ്, ഇവിടെ.

അപ്പോഠം, ഇതൊരു ചെറു ജീവചരിത്രമാണ്. കാർലൈൽ പറഞ്ഞു: 'മെച്ചമായി നയിച്ച ജീവിതമെന്നപോലെ വിരളമാണ്, മെച്ചമായി രചിച്ച ജീവചരിത്രവും.' ഒരുപടികൂടി കടത്തിപ്പറഞ്ഞു, ആന്ദ്രേമൗർവ്വാ: 'നന്നായി എഴുതിയ ജീവചരിത്രം നന്നായി നയിച്ച ജീവിതത്തെക്കാഠം എത്രയോ അപൂർവ്വമാണ്.' ഈ മഹദ്വചനങ്ങഠം എഴുത്തുകാരനു തണൽതീർക്കുന്നുണ്ട്.

ഈ ലഘുഗ്രന്ഥത്തിൻെറ കാരണക്കാർ—എഴുതാനും പ്രസിദ്ധീകരിക്കാനും—എറണാകുളം അതിരൂപതയുടെ വന്ദ്യപിതാക്കന്മാരാണ്: അത്യുന്നത കർദ്ദിനാഠം ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും അതിവന്ദ്യ സഹായമെത്രാൻ ഡോ. സെബാസ്ററ്യൻ മങ്കുഴിക്കരി തിരുമേനിയും. എന്നിലെ സൃഷ്ടിപരതയെ തൊട്ടുണർത്താൻ ഇവരിരുവരും ചെയ്തൊരു പരിശ്രമമാണ് ഇവ്വിധം കലാശിച്ചത്. ആ പ്രോത്സാ

ഹനവൈചിത്ര്യം ഇനിയുമുണ്ടാകണേ എന്നു പ്രാർത്ഥിക്കുന്നു.

ഇതിൻെറ രചനയിൽ പൂർവ്വസൂരികളോടു വളരെയേറെ കടപ്പെട്ടിട്ടുണ്ട്; പ്രത്യേകിച്ച് ശ്രീ ഐ.സി. ചാക്കോയോട്. അക്കാര്യം അവിടവിടെ സൂചിപ്പിച്ചിട്ടുമുണ്ട്. ചരിത്രപരതയ്ക്കുകൂടി അതുതകുമല്ലോ.

അച്ചടിയിൽ ലഘുവായ ചില പിശകുകൾ വന്നുപോയിട്ടുണ്ട്. അർത്ഥശങ്കയുണ്ടാകാവുന്നവയ്ക്കുമാത്രം ഒരു ശുദ്ധിപത്രം ചേർത്തിരിക്കുന്നു. ഇതിൽ ചേർത്തിട്ടുള്ള ബ്ലോക്കുകൾ ഒരുക്കിത്തന്ന ബ്രദർ ജോസഫ് C.S.T. യെയും കുറഞ്ഞൊരു നാളുകൊണ്ട് ഇതിൻെറ മുദ്രണം നിർവ്വഹിച്ചുതന്ന തേവര ലിററിൽ ഫ്ളവർ പ്രസ്സിൻെറ മാനേജർ ഫാ. ജെ. പുഴക്കരയെയും സഹപ്രവർത്തകരെയും സ്നേഹപൂർവ്വം സ്മരിക്കുന്നു.

ഗ്രന്ഥകർത്താവ്


ഭാരത് മാതാ കോളെജ്,
തൃക്കാക്കര, കൊച്ചിൻ
8—9—1974.

# താളുകളിൽ



| | | |
|---|---|---|
| 1. | ഒരു വിപ്ലവകാരി പിറക്കുന്നു | 1 |
| 2. | പൗരോഹിത്യത്തിലേക്ക് | 6 |
| 3. | ചരിത്രപശ്ചാത്തലം | 14 |
| 4. | ലൂയീസച്ചൻ കർമ്മരംഗത്ത് | 22 |
| 5. | അച്ചടക്കനടപടി | 40 |
| 6. | ശ്ലൈഹിക സന്ദർശകൻ | 63 |
| 7. | വിജയത്തിലേക്ക് | 85 |
| 8. | അംഗീകാരത്തിൻെറ കല്പടവുകൾ | 118 |
| 9. | മോൺ. ലൂയീസ് | 150 |
| 10. | മാർ ലൂയീസ് എന്ന മനുഷ്യൻ | 170 |




ഭാരതത്തിൻെറ അപ്പസ്തോലനായ
വിശുദ്ധ തോമ്മാശ്ലീഹാ



പരിശുദ്ധ പിതാവ് പോപ്പ് പോൾ ആറാമൻ



തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി
വികാരിയാത്തുകൾ സ്ഥാപിച്ച
പതിമൂന്നാം ലെയോ മാർപ്പാപ്പാ



പീയൂസ് പതിനൊന്നാമൻ.
സീറോ മലബാർ ഹയരാർക്കിയുടെ സ്ഥാപകൻ.



മാർ ലൂയീസ് പഴേപറമ്പിൽ
എറണാകുളം അതിരൂപതയുടെ പ്രഥമ മെത്രാൻ



മാർ അഗസ്റ്റിൻ കണ്ടത്തിൽ
(മാർ ലൂയീസിന്റെ പിൻഗാമി)



അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ



ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരി
സഹായമെത്രാൻ

ഒന്ന്

# ഒരു വിപ്ലവകാരി പിറക്കുന്നു

ശ്രീ ജവഹർലാൽ നെഹ്റു തൻെറ ആത്മകഥ തുടങ്ങുന്നു:

> ''സമ്പന്നരായ മാതാപിതാക്കളുടെ ഏകമകൻ ദുഷിച്ചുപോകാനാണിടയുള്ളത് — പ്രത്യേകിച്ചും ഇൻഡ്യയിൽ. എന്നാൽ, ആ മകൻ തൻെറ ജീവിതത്തിലെ ആദ്യത്തെ പതിനൊന്നു കൊല്ലത്തോളം ഒരേയൊരു സന്താനമായിരിയ്ക്കുകയും ചെയ്താൽ, ഈ ദുഷിച്ചുപോകലിൽ നിന്ന് അയാഠ രക്ഷപ്പെടുമെന്ന് ഒട്ടും തന്നെ ആശിച്ചുകൂടാ''.[1]

ഇതൊരു സാമാന്യ നിയമമാണെങ്കിൽ അപവാദവും കൂടിയേ തീരൂ; അതാകട്ടെ ശ്രീ നെഹ്റു തന്നെയാണ്!

മററൊരു കഥയാണിവിടെപ്പറയുക. സമ്പന്നരായ മാതാപിതാക്കളുടെ ഏകമകൻെറ കഥതന്നെ. ആ മകൻ തൻെറ ജീവിതത്തിലെ ആദ്യത്തെ പതിനൊന്നു കൊല്ലം ഒരേയൊരു സന്താനവുമായിരുന്നു. എന്നിട്ടും ദുഷിച്ചുപോയില്ല; ഒരു ജനപദത്തിൻെറ 'പി

---

1. Jawaharlal Nehru, An Autobiography, 1962, P. 1

താവ്' എന്ന മഹത്വത്തിലേക്ക് ഉയരുകകൂടിച്ചെയ്തു; ശ്രീ നെഹ്റുവിനെപ്പോലെ, താൻ കൈവച്ച മണ്ഡലത്തിൽ അദ്ദേഹം ഉന്നതപീഠം നേടിയെടുത്തു. ആദർശപ്രേരിതമായ സമരത്തിലൂടെ സമ്പാദിച്ച അംഗീകാരവും ഉയർച്ചയുമായിരുന്നു അത്. അദ്ദേഹമാണ്, 1896—ൽ സ്ഥാപിതമായ എറണാകുളം വികാരിയാത്തിന്റെ പ്രഥമവികാരി അപ്പസ്തോലിക്ക (Vicar Apostolic) മോൺ. ലൂയീസ് പഴേപറമ്പിൽ.

* * *    * * *

## ജനനം, ബാല്യം, വിദ്യാഭ്യാസം

1847 മാർച്ച് 25. അന്നാണ് മാർ ലൂയീസിന്റെ ജനനം; അമ്മ വീട്ടിൽ. അമ്മ പുളിങ്കുന്ന് ഇടവകാതിർത്തിയിൽ ഇല്ലിപ്പറമ്പിൽ കുഞ്ഞുതൊമ്മി മകരം ത്രേസ്യാമ്മ. പുരാതനപ്രസിദ്ധമായ തറവാട്. പഴയ കൂററിലും പുത്തൻ കൂററിലും പ്രസിദ്ധങ്ങളായ പല സുറിയാനിക്കുടുംബങ്ങളോടും അതിനു ബന്ധമുണ്ടായിരുന്നു. സുറിയാനിക്കർമ്മലീത്താസഭയുടെ സ്ഥാപകനേതാക്കളും സുറിയാനിക്കത്തോലിക്കാസമുദായത്തിന്റെ ചരിത്രത്തിൽ ഗണ്യമായ പ്രേരണചെലുത്തിയവരുമായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനോടും പോരൂക്കര കുര്യാക്കോസ് ഏലീശാഅച്ചനോടും മാർ ലൂയീസിന് അമ്മവഴിബന്ധമുണ്ട്.

'പഴേപറമ്പിൽ' എന്നത് മോൺ. ലൂയീസിന്റെ പിതാവിന്റെ വീട്ടുപേര്. പിതാവ് പഴേപറമ്പിൽ മാത്തൻ മാമ്മൻ. സ്ഥലം, പുളിങ്കുന്ന് വടക്കേ അങ്ങാടി. പുരാതനമായ കുററിക്കൽകുടുംബത്തിന്റെ ശാഖയാണ് പഴേപറമ്പ്. മാതൃകുലത്തി

നെന്നപോലെ പിതൃകുലത്തിനും പല പ്രസിദ്ധ കുടംബങ്ങളോടും ബന്ധമുണ്ടായിരുന്നു 2.

കിട്ടിയിടത്തോളം ചരിത്രം വച്ച് ഇത്രയും ഒതുക്കിപ്പറയാം: രണ്ടു കുടുംബങ്ങളിലും ക്രിസ്തീയചൈതന്യം കളിയാടിനിന്നു. രണ്ടിടത്തും വൈദികപാരമ്പര്യമുണ്ടായിരുന്നു; പണവും പദവിയും സാമൂഹികബന്ധങ്ങളും വേണ്ടിടത്തോളവും. ഒരുവൻെറ സ്വഭാവത്തെ നിയതമാക്കുന്ന പശ്ചാത്തലഘടകങ്ങളാണിവ. ഈ പാരമ്പര്യത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണ്, മാർ ലൂയീസിൻെറ വ്യക്തിത്വം.

സുറിയാനിക്കത്തോലിക്കരുടെ രീതിയിൽ, പിതാമഹൻെറ പേരാണ് കുഞ്ഞിന് മാമ്മോദീസയിൽ നൽകിയത്— മത്തായി. മാത്തച്ചൻ, കൊച്ചുമാത്തൻ എന്നൊക്കെ വിളിച്ചുവന്നു. സന്യാസ സഭയിൽ ചേരുന്നവർക്ക് അന്നൊക്കെ എന്നല്ല, ഈ അടുത്തകാലം വരെ പുതിയ പേരുകൾ നൽകുക പതിവായിരുന്നു. അങ്ങനെ കിട്ടിയതാണ് ലൂയീസ് എന്ന പേര്. ചരിത്രത്തിൽ അറിയപ്പെടുന്നതും ആ പേരിൽത്തന്നെ.

ഒരു സഹോദരിയൊഴികെ ഉടപ്പിറന്നവരായി മാത്തച്ചന് മററാരുമുണ്ടായിരുന്നില്ല. അവനു പതിനൊന്നു വയസ്സുള്ളപ്പോളാണ് അവളുടെ ജനനം— 1858—ൽ. പേരു മറിയാമ്മ. അവളെ വാച്ചാപറമ്പിൽ മാത്തൻ ചാക്കോ വിവാഹം ചെയ്തു. അവർക്കു നാലു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. ആൺകുട്ടികളിൽ രണ്ടുപേർ ചെറുപ്പത്തിലേ മരിച്ചുപോയി. ശേഷിച്ചവരായ മാത്തനും തൊമ്മിയുമാണ് പഴേപറമ്പിൻെറ മേൽവിലാസം നിലനിറുത്തിയവർ.

---

2 ഐ. സി. ചാക്കോ, 'മാർ ലൂയീസ് പഴേപറമ്പിൽ: ജീവിതവും കാലവും' 1937, പേജ് 7–15.

മാത്തച്ചൻെറ ബാല്യത്തെക്കുറിച്ച് ഏറെയൊന്നു മറിവില്ല. 'രാജാർഹമായ മുഹൂർത്തത്തിലാണ് കുഞ്ഞിൻെറ ജനന'മെന്ന് അക്കാലത്ത് പ്രസിദ്ധനായ ജാതകജ്ഞൻ കാരാഞ്ചേരിൽ ശങ്കരപ്പിള്ള പറഞ്ഞത്രേ. ഏതായാലും, പിൽക്കാലസംഭവങ്ങൾ ഇങ്ങനെയൊരഭിപ്രായം ശരിവയ്ക്കാൻ പോന്നവയായിരുന്നു.

വ്യവസ്ഥാപിതമായ വിദ്യാഭ്യാസ രീതികളൊന്നും അന്നില്ലായിരുന്നു. ഒരു പ്രശസ്ത കുടുംബത്തിലെ ഏകമകനായിരുന്നല്ലോ മാത്തച്ചൻ. അതുകൊണ്ട്, അന്നത്തെ രീതിയിൽ കിട്ടാമായിരുന്ന മെച്ചപ്പെട്ട വിദ്യാഭ്യാസം കുട്ടിയ്ക്കു കിട്ടിയെന്നൂഹിക്കാം. പുളിങ്കുന്നിൽ കരയാശാനായിരുന്ന മാത്തൂർ പണിക്കർ മാത്തച്ചനെ എഴുത്തിനിരുത്തി; അനന്തരവിദ്യാഭ്യാസം അവിടെത്തന്നെ ഒരു ഗോവിന്ദരാമക്കൈമളുടെ കീഴിലായിരുന്നു; അന്നൊക്കെ ക്രിസ്തീയ ബാലന്മാർ തമിഴു പഠിയ്ക്കുക പതിവുണ്ടായിരുന്നതുകൊണ്ട്, കുറച്ചു തമിഴും പഠിച്ചു. കൂട്ടത്തിൽ മല്ലപ്പിള്ളിക്കാരൻ ഒരു വറുഗീസാശാനിൽനിന്ന് കുറച്ചു സംസ്കൃതവും അഭ്യസിച്ചു. ഇത്രയുമൊക്കെയാണ് കുട്ടിയുടെ ആദ്യകാല വിദ്യാഭ്യാസത്തെക്കുറിച്ചു നാമറിയുന്നത്.

മാത്തച്ചനെ 'മാർ ലൂയീസാ'ക്കിയ പ്രക്രിയയിൽ വിദ്യ വഹിച്ച പങ്ക് ചില്ലറയല്ല. മുകളിൽപ്പറഞ്ഞതത്രയും കുട്ടിയുടെ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയായി ഗണിച്ചാൽ മതി. ചരിത്രപ്രതിഷ്ഠിതനായ മോൺ. ലൂയീസ് ബഹുഭാഷാ വിശാരദനാണ്. ഇംഗ്ലീഷും ലാററിനും സുറിയാനിയും സുന്ദരവും അനായാസവുമായി കൈകാര്യം ചെയ്യാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു; പ്രസിദ്ധീകരിച്ചതും പ്രസിദ്ധീകരിക്കാത്തതുമായ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ ഇപ്പറഞ്ഞതിനു തെളിവാണ്.

എന്നാൽ, മാർ ലൂയീസിൻെറ മലയാളത്തെക്കുറിച്ച് ഇതു പറയാമോ എന്നു സംശയിക്കണം. കഥാപുരുഷനെ നേരിട്ടറിയാമായിരുന്ന ശ്രീ ഐ. സി. ചാക്കോ ഭിന്നാഭിപ്രായക്കാരനാണ്. ''മലയാളഭാഷയിൽ വലിയ വ്യുല്പത്തിയൊന്നുമില്ലായിരുന്നുവെന്നാണ് അദ്ദേഹത്തിൻെറ രചനയിൽനിന്നു നാമൂഹിക്കേണ്ടത്''3 എന്ന് ശ്രീ ചാക്കോ പറയുന്നു. ഈ ഭാഷകൾക്കുപുറമേ, ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കാവുന്നത്ര ഇററാല്യനും ഫ്രഞ്ചും മാർ ലൂയീസിനറിയാമായിരുന്നു.

3 I. C. Chacko, op. cit, P. 29

രണ്ട്

# പൗരോഹിത്യത്തിലേയ്ക്ക്

## ഒളിച്ചോട്ടം

മാത്തച്ചൻ കൊവേന്തയിൽ ചേർന്നതിനെക്കുറിച്ച് രസകരമായൊരു കഥയുണ്ട്. കുട്ടിയ്ക്കു ചെറുപ്പത്തിലേയുണ്ടായിരുന്ന കരളുറപ്പും നിശ്ചയദാർഢ്യവും ക്രിസ്തീയചൈതന്യവും വ്യക്തമാക്കാൻ പോന്നതാണത്. പില്ക്കാലത്ത് ജീവിതത്തിൻെറ അജ്ഞാതമേഖലകളിൽ മാർ ലൂയീസ് നടത്തിയ സാഹസിക പര്യവേക്ഷണങ്ങൾക്ക് തുടക്കം കുറിക്കുന്നതിവിടെയാണ്.

പമ്പയാറിൻെറ തീരത്താണ് പഴേപറമ്പിൽവീട്. നാലുകെട്ടിൽനിന്ന് ആററുവശത്തേയ്ക്ക് ഒരു നീട്ടുണ്ട്. അതു പ്രാർത്ഥനാമുറി. മാത്തച്ചനു വയസ്സു പതിനാല്. ഒരിക്കൽ പഴേപറമ്പിൽ കുടുംബം പ്രഭാതപ്രാർത്ഥനകൾ ചൊല്ലുകയായിരുന്നു. ഇടയ്ക്കുവച്ച് കുട്ടിയുടെ ശബ്ദം കേൾക്കാതായി. പ്രാർത്ഥനാവേളയിൽ ഉറക്കം തൂങ്ങുക കുട്ടികൾക്കു സാധാരണമാണല്ലോ. മാത്തച്ചൻ ഉറങ്ങിപ്പോയെന്നേ മാതാപിതാക്കൾ വിചാരിച്ചുള്ളു. പ്രാർത്ഥന കഴിഞ്ഞപ്പോൾ, കുട്ടിയെ കാണുന്നില്ല! പരിഭ്രാന്തിയായി. വെളുപ്പാൻകാലം. ഉറക്കപ്പിച്ചുള്ള കുട്ടി. ആററരികിലെ വീട്. സമ്പന്നകുടുംബത്തിലെ സർവപ്ര

തീക്ഷകളുടേയും കേന്ദ്രബിന്ദു. ഏകമകൻ. അപകടശങ്കയ്ക്കുവേണ്ട എല്ലാ സാഹചര്യങ്ങളും ഒത്തുകൂടിയിരിക്കുന്നു!

'തീരെ കുഞ്ഞുകുട്ടിയൊന്നുമല്ലല്ലോ. വയസ്സു പതിനാലില്ലേ? ആററിലെങ്ങും മുങ്ങിപ്പോയതാവില്ല'— ഓടിക്കൂടിയ അയലത്തുകാർ സംഭവത്തിൻെറ തുമ്പു കണ്ടുപിടിക്കാൻ ശ്രമിക്കുകയാണ്; മാതാപിതാക്കളെ ആശ്വസിപ്പിക്കാനും. 'തെല്ലുമുമ്പേ ഒരു ബോട്ടു കടവിലടുക്കുന്നതു കണ്ടല്ലോ. അതു നേരെ തെക്കോട്ടാണു പോയത്. കൊവേന്തക്കടവിലടുക്കുന്നതും കണ്ടു. നമുക്കൊന്നന്വേഷിക്കുക.' കേൾക്കേണ്ട താമസം, കുഞ്ഞച്ചൻ (മാമ്മനെ അങ്ങനെയാണു വിളിച്ചിരുന്നത്) കൊവേന്തയിലേയ്ക്കോടി. പലരും കൂടെച്ചെന്നു. വരമ്പേ ഓടിയെത്തി, തോട്ടിൽച്ചാടി, അവർ ബോട്ടു തടഞ്ഞു. പില്ക്കാലത്ത് മാത്തച്ചൻെറ ഗുരുവായിത്തീർന്ന ലെയോപ്പോൾഡു മൂപ്പച്ചനായിരുന്നു ബോട്ടിൽ. അദ്ദേഹത്തിനു കാര്യം മനസ്സിലായി. ബോട്ടു കരയ്ക്കടുപ്പിച്ചു. മാത്തച്ചനെ അദ്ദേഹം പിതാവിന് ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

മാതാപിതാക്കളുടെ അറിവും സമ്മതവും കൂടാതെ സെമ്മിനാരിയിൽ ചേരുന്നതിനോ ചേർക്കുന്നതിനോ ചെയ്ത പരിശ്രമം അങ്ങനെ വിഫലമായി. ഇക്കാര്യത്തിൽ അവരുടെ ശക്തമായ പ്രതിബന്ധം പ്രതീക്ഷക്കൊത്തതു തന്നെ. ലെയോപ്പോൾഡ് മൂപ്പച്ചൻ മെത്രാപ്പോലീത്തയെ സമീപിച്ചു. ശ്രേഷ്ഠമായ പൗരോഹിത്യം ഉന്നംവയ്ക്കുന്നവരെ തടയുക ശരിയല്ല. കുട്ടിയെ ഉടനെ സെമ്മിനാരിയിലയച്ചുകൊള്ളണം. അല്ലാഞ്ഞാൽ, ശിക്ഷാർഹരായിരിക്കും—' ആർച്ചുബിഷപ്പ് ബർണർഡിൻെറ കല്പന. വൈദികനാവുക എന്ന ആഗ്രഹത്തിൽനിന്നു കുട്ടിയെ പിന്തിരിപ്പിക്കാൻ മാതാപിതാക്കളും ബന്ധു

ജനങ്ങളും കൊണ്ടുപിടിച്ചു ശ്രമിച്ചു; ഫലമുണ്ടായില്ല.

ഇല്ലിപ്പറമ്പിൽ—പഴേപറമ്പിൽ കുടുംബങ്ങളുടെ വൈദികപാരമ്പര്യത്തിൻേറയും പൗരോഹിത്യത്തോടുണ്ടായിരുന്ന ആദരത്തിൻേറയും പക്വഫലമായിരുന്നു, മാത്തച്ചൻേറ ദൈവവിളി. ഉറവക്കണ്ണിയോളം എത്തിനോക്കുമ്പോൾ, ഈ അഭിലാഷം തെഴുപ്പിച്ചുവിട്ട വേറേയും ചില പ്രേരണകൾ നമുക്കു കാണാം.

1861—ൻേറ തുടക്കം. കട്ടക്കയത്തിൽ ചാണ്ടിയച്ചൻേറ നേതൃത്വത്തിൽ ഏതാനും കർമ്മലീത്താവൈദികർ പുളിങ്കുന്നിൽ ഒരു ധ്യാനം നടത്തി. അതെത്തുടർന്ന്, ഇടവകക്കാരുടെ താൽപര്യപ്രകാരം അവിടെയൊരു കൊവേന്ത സ്ഥാപിച്ചു. കർമ്മലീത്ത സഭക്കാരായ പുളിങ്കുന്നിൽ തട്ടാശ്ശേരിൽ സ്കറിയാച്ചനും ചങ്ങനാശ്ശേരി മണക്കുന്നേൽ യൗസേപ്പച്ചനും ഫ്രഞ്ചു മിഷനറി യൗസേപ്പ് ഏലിയാ അച്ചനുമായിരുന്നു കൊവേന്തപ്പണിയുടെ മേൽനോട്ടം വഹിച്ചവർ. പണി നടക്കുമ്പോൾ ഇവർ പുളിങ്കുന്ന് ഇടവകപ്പള്ളിയിലാണ് താമസിച്ചിരുന്നത്. മാത്തച്ചൻ ഇവരിൽ യൗസേപ്പ് ഏലിയാ അച്ചൻേറ കുർബാനയ്ക്കു സഹായിയ്ക്കുക പതിവായിരുന്നു. കുട്ടികളിൽ പൗരോഹിത്യ ദൈവവിളിയ്ക്കു വിത്തിടാനും കിളിർപ്പിച്ചെടുക്കാനും അൾത്താര ശുശ്രൂഷ എത്ര നല്ല സാഹചര്യമാണെന്നോ സൃഷ്ടിയ്ക്കുക? വൈദികരോടു ചോദിച്ചുനോക്കുക; അവരിൽ നല്ല ശതമാനം അൾത്താര ബാലന്മാരായിരുന്നെന്നു കാണാം. സൽസ്വഭാവിയും സുദർശനനുമായ മാത്തച്ചനോട് ഏലിയാ അച്ചന് ഒട്ടൊരു വാൽസല്യവുമുണ്ടായിരുന്നുകാണും. എല്ലാമുപേക്ഷിച്ച് അന്യദേശത്തെത്തി അപ്പസ്തോലിക ജോലി ചെയ്യുന്ന അദ്ദേഹത്തിൻേറ ദർശനത്തിൽ, മാത്തച്ചൻ മാതാപിതാക്ക

ളുടെ ഏകമകനാണെന്നും കുടുംബത്തിൻെറ നില നില്പ് അവനിലാണെന്നും മററുമുള്ള വാദങ്ങൾക്ക് ഏറെയൊന്നും പ്രസക്തിയുണ്ടാവില്ലല്ലോ. കൊടുക്കേണ്ട വില എന്തുമാകട്ടെ, കുട്ടിയുടെ 'വിളി'യാണു പ്രധാനം എന്ന കാര്യത്തിൽ അദ്ദേഹത്തിനു സംശയമില്ല. ഇക്കാര്യത്തിൽ തട്ടാശ്ശേരിൽ സ്കറിയാച്ചൻെറ സഹായവും മാത്തച്ചനുണ്ടായിരുന്നു. കൊവേന്തയിൽ ചേരുന്നതിന് മാതാപിതാക്കൾ വിലങ്ങടിച്ചു നിന്നപ്പോൾ, തട്ടാശ്ശേരിലച്ചൻ തന്നെ സഹായിച്ചുവെന്ന് മാർ ലൂയീസ് രേഖപ്പെടുത്തിയിട്ടുണ്ട്1.

## സന്യാസാർത്ഥി

മെത്രാപ്പോലീത്തയുടെ കല്പനയനുസരിച്ച് മാതാപിതാക്കൾ മാത്തച്ചനെ സെമ്മിനാരിയിലാക്കി. സന്യാസസഭയിൽ ചേരുന്നവരെ പരിശീലിപ്പിക്കുന്ന ഒരു ഭവനം അന്നു കൂനമ്മാവിലുണ്ടായിരുന്നു. അവിടെയായിരിക്കണം, മാത്തച്ചൻ ചേർന്നത്. ഈ ഭവനത്തിൻെറ നിയന്താവ് (Novice Master) ലിയോപ്പോൾഡ് മൂപ്പച്ചനായിരുന്നു2. (1859 വരെ മാന്നാനത്തും കൂനമ്മാവിലും സന്യാസാർത്ഥി ഭവനങ്ങളുണ്ടായിരുന്നു. പരിശീലനത്തിൽ ഐകരൂപ്യം വരുത്താൻ വേണ്ടി ആർച്ചുബിഷപ്പ് ബർണർഡീൻ മാന്നാനത്തെ ഭവനം അക്കൊല്ലം നിറുത്തൽ ചെയ്തു 3.)

മാത്തച്ചൻ സന്യാസാർത്ഥിഭവനത്തിൽ ചേർന്നത് 1861 ഒക്ടോബറിലായിരിക്കണം. അക്കൊല്ലം നവംബർ 3–ാം൹-യിലെ ഒരു രേഖയിൽ, 'ഇദ്ദേഹം സന്യാസാർത്ഥിയായി ഈശോയുടെ തിരു

1. Mar Louis, An account of a very important period of the history of the Catholic Syrian Christians of Malabar, 1920, Part III, P. 99
2. സി. മാത്യു കട്ടക്കയം, 'വലിയ ചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും', മന്നാനം 1959, പേജ് 44
3. I. C. Chacko, Op. cit, P. 23.

ഹൃദയസഭയിലും പരിശുദ്ധ ദൈവമാതാവിന്റെ തിരുഹൃദയസഭയിലും "ബെസ്പുർക്കാനയിൽ ദുരിതപ്പെടുന്ന ആത്മാവുകളുടെ ആശ്വാസത്തിനായി സ്ഥാപിക്കപ്പെട്ട സഭ"യിലും ചേർന്നതായിക്കാണുന്നു. ഇവയുടെ സാക്ഷിപത്രങ്ങളിൽ ഒപ്പുവച്ചിരിക്കുന്നത് "സഭ നടത്തുന്നവനായ" ലെയോപ്പോൾഡ് പാദ്രിയാണ്. മാത്തച്ചന്റെ പേരുമാററത്തിന്റേതായി കിട്ടിയിട്ടുള്ള ആദ്യത്തെ രേഖയും ഇതുതന്നെ. "കർമ്മലീത്താസഭയിൽ പുതുസന്യാസിയായിരിക്കുന്ന ലൂവീസ്" എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്ന പേര്[4].

ലൂയീസ് ശെമ്മാശ്ശൻ നാലാംപട്ടം സ്വീകരിച്ചതിന്റെ വ്യക്തമായ ഒരു രേഖയും ലഭിച്ചിട്ടുണ്ട്. അതെപ്പററി ശ്രീ ഐ. സി. ചാക്കോയുടെ പുസ്തകത്തിൽ ഇങ്ങനെ കാണുന്നു. "വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയിരുന്ന ബർണർദീനോസ് മെത്രാപ്പോലീത്ത ഒപ്പുവച്ചിട്ടുള്ള ഒരു "സാധന"ത്തിൽ, 'നമ്മുടെ വരാപ്പുഴ മാർ യൗസേപ്പു പുണ്യവാളന്റേയും മാർ ത്രെസ്യാ പുണ്യവാളത്തിയുടേയും പള്ളിയിൽവച്ച് 1865—ാം കാലം കന്നിമാസം 24—ാം തീയതി മാർ ശ്ലീവായുടെ അവുധിയായ ഞായറാഴ്ചനാൾ നമ്മുടെ പുളിങ്കുന്നു പള്ളി എടവകക്കാരൻ പഴേപറമ്പിൽ മത്തായി ചേമ്മാശിന് Acolytatus Ordinem എന്ന നാലാംപട്ടം നാം കൊടുത്തു'." ഇതിൽ ഒരു വ്യാകരണപ്പിഴയുണ്ട്. ഭാഷാപണ്ഡിതനും കൂടിയായിരുന്ന ശ്രീ ഐ. സി. അതു കാണാതെ പോയില്ല. അദ്ദേഹം തുടരുന്നു: "മർത്ത" എന്ന സ്ത്രീലിംഗരൂപത്തിനു പകരം "ത്രെസ്യ" എന്ന സ്ത്രീനാമത്തിന്റെ കൂടെ "മാർ" എന്ന് ഇവിടെ പ്രയോഗിച്ചിരിക്കുന്നത് എഫ്. എക്സ്. ദ റൊസാരിയൊ അച്ചൻ

---

4. I. C. Chacko, Op. cit P. 25

(Priest F. X. De Rosario) എന്ന് ''സാധന'' ത്തിൽ അടയാളം വച്ചിരിക്കുന്ന സെക്രട്ടറിയ്ക്ക് സുറിയാനി ജ്ഞാനമില്ലാത്തതുകൊണ്ടായിരിക്കണെ മല്ലൊ''5.

ലൂയീസ് ശെമ്മാശ്ശനെ സംബന്ധിച്ച ചില വിവരങ്ങൾ അദ്ദേഹത്തിന്റെ പിതാവിന്റെ കൈയക്ഷരത്തിൽ എഴുതിയിട്ടുള്ളതും പഴേപറമ്പിൽ സൂക്ഷിച്ചിട്ടുള്ളതുമായ കണക്കുകളിൽ കാണുന്നുണ്ട്.

1. ''1037–ാമാണ്ടു തുലാമാസം 3–ാംനു- വെള്ളിയാഴ്ച 12 നാഴിക രാത്രിയായപ്പോൾ ഔസേപ്പുമൂപ്പച്ചനും തട്ടാച്ചേരിൽ അച്ചനും കാഞ്ഞിക്കൽ കൊച്ചച്ചനും കൂടി വന്നു മാത്തച്ചനെ കൂനമ്മാവുങ്കൽ ആക്കുന്നതിനു കൊണ്ടുപോയി.''

2. ''1038 കർക്കടകം 29–ാംനു- മാത്തൻ മെത്രാന്റെ അച്ചുകൂടത്തിൽ അടിച്ച ക്രമപുസ്തകം വാങ്ങിക്കുന്നതിനു കൊടുത്ത രൂ. .8''

3. 1039–ാമണ്ടു വൃശ്ചികമാസം 7–ാംനു- മാത്തച്ചന്റെ ചിലവു വകയ്ക്കു അമ്മയും മററും കൂനമ്മാവുങ്കൽ കൊണ്ടു കൊടുത്ത രൂ. 36.''

4. ''കൂടെ കോട്ടയത്തുനിന്നും ക്രമപുസ്തകം അച്ചടിച്ചതു വാങ്ങിപ്പാൻ തട്ടാച്ചേരിലച്ചൻ വശം കൊടുത്ത രൂ. 4.''

5. ''1042–ാമാണ്ടു മേടമാസം 31–ാംനു- മാത്തച്ചന്റെ ചിലവു വകയ്ക്കുള്ള രൂപായിക്കു കൂനമ്മാവുങ്കൽ നിന്നും എഴുത്തു കൊണ്ടുവരികയിൽ കാക്കിവശം കൊടുത്ത രൂ. 36.''

---

5. I. C. Chacko, Op. cit. P. 26.

6. ''1042–ാമാണ്ട് ഇടവമാസം 26–ാംനു ചെമ്മാച്ചൻെറ പത്രമേനി വകക്കു എഴുത്തുവരികയിൽ കുററിക്കൽ ഉലഹന്നാൻ വശം കൊടുത്തയച്ചു കൂനമ്മാവുങ്കൽ കൊണ്ടുചെന്നു തോപ്പിൽ കൊച്ചച്ചൻവശം എണ്ണം കൊടുത്ത ചക്രം 10500–ക്കു രൂ. 368 ച. 12.''

7. ''1046–ാമാണ്ട് കർക്കടകമാസം 17–ാംനു ഇല്ലിപ്പറമ്പിലച്ചൻ കൊച്ചച്ചന് കാസായും പീലാസായും തീർപ്പിച്ചുകൊടുത്ത വകക്കു ഇല്ലിപ്പറമ്പിലച്ചനെ മുൻപിൽ ഏൽപ്പിച്ച രൂപായിൽ വകവെച്ച രൂ. 24–ഉം നാളതു മാണ്ടായിൽ വെച്ചുകൊടുത്ത രൂ. 40–ഉം വക രണ്ടിൽ ഇല്ലിപ്പറമ്പിലച്ചനു കൊടുത്ത രൂ. 64 .''6

## പുരോഹിതൻ

സുദീർഘമാണ്, പൗരോഹിത്യത്തിലേയ്ക്കുള്ള പരിശീലനകാലം. പ്രത്യേകമായൊരു ജീവിതത്തിന്നുവേണ്ട ശിക്ഷണമാണല്ലോ, സെമ്മിനാരിയിലെ പരിശീലനത്തിൻെറ ലക്ഷ്യം. ഇതു വിജയിക്കണമെങ്കിൽ, വിജ്ഞാനത്തിൻെറ പശ്ചാത്തലം കൂടിയേ തീരൂ. പൊതുവേ, വിദ്യാഭ്യാസം വ്യക്തിത്വത്തിൻെറ വികാസവും രൂപപ്പെടുത്തലും തന്നെയാണ് ഉന്നം വയ്ക്കുന്നത്. പക്ഷേ, രാഷ്ട്രത്തിൻെറ ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ വ്യക്തിത്വവികാസം ഏറെയൊന്നും സംഭവിക്കാതെ, ബിരുദം നേടിപ്പോകാവുന്നതേയുള്ളു. നമ്മുടെ വിദ്യാഭ്യാസരീതിയുടെ ഏററവും വലിയ പരാജയവും അതുതന്നെ. വ്യക്തിയുടെ സമൂലമായ വളർച്ചയും സർവ്വതോമുഖമായ വികാസവും ലക്ഷ്യം വച്ചുകൊണ്ടാണ് സെമ്മിനാരികളിലെ പാഠ്യപദ്ധതി ക്രമീ

6. Quoted in I. C. Chacko, Op. cit. P. 30-31

കരിക്കുക. പരിശീലനകാലത്തിന്റെ ദൈർഘ്യവും പാഠ്യപദ്ധതിയുടെ വൈപുല്യവും ഈ വീക്ഷണത്തിൽവേണം വിലയിരുത്താൻ.

1861 ഒക്ടോബറിലാകണം മാത്തച്ചൻ കൂനമ്മാവിലെത്തിയതെന്നു പറഞ്ഞല്ലോ. 1870 ഡിസംബർ 4–ാംനു-യാണ് അദ്ദേഹം പൗരോഹിത്യത്തിലേയ്ക്ക് ഉയർത്തപ്പെട്ടത്. ഒമ്പതു വർഷം സെമ്മിനാരിയിൽ. ലാററിൻ, സുറിയാനി തുടങ്ങിയ ഭാഷകളും തത്വശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങളുമായിരുന്നു, മുഖ്യപാഠ്യവിഷയങ്ങൾ. അവയിലെല്ലാം സാമാന്യമായ അവഗാഹം ലൂയീസച്ചൻ സമ്പാദിച്ചു.

ജീവിതത്തിലെ ആദ്യത്തെ പതിനൊന്നു വർഷം ഒരേയൊരു സന്താനമായിരുന്ന സമ്പന്നരായ മാതാപിതാക്കളുടെ ആ ഏകമകൻ, 'ദുഷിച്ചുപോകാ'നുള്ള എല്ലാ സാഹചര്യങ്ങളുമുണ്ടായിരുന്നിട്ടും അങ്ങനെയൊന്നും സംഭവിക്കാതെ, ക്രിസ്തുവിന്റെ പുരോഹിതൻ എന്ന ശ്രേഷ്ഠമായ പദവിയിലേയ്ക്കുയർന്നു. ഒരു ജനതയുടെ 'പിതാവ്' എന്ന മഹത്വത്തിലേയ്ക്ക് അദ്ദേഹം ഉയരുന്നതു നമുക്കു നോക്കിക്കാണുക.

മൂന്ന്

# ചരിത്രപശ്ചാത്തലം

ലൂയീസച്ചൻെറ പ്രവർത്തനങ്ങളെ ശരിയായി വിലയിരുത്താൻ തെല്ലൊരു ചരിത്രപശ്ചാത്തലം കൂടിയേ തീരൂ. ഭാരതത്തിൽ ക്രിസ്തീയ വിശ്വാസത്തിനു വിത്തിട്ടതു വി. തോമസ് അപ്പസ്തോലനാണ് എന്ന വസ്തുത കാര്യവിവരമുള്ളവരാരും ഇന്നു നിഷേധിക്കാറില്ല. വിശുദ്ധൻ ഒട്ടേറെപ്പേരെ ജ്ഞാനസ്നാനപ്പെടുത്തി; പല പള്ളികൾ സ്ഥാപിച്ചു; വൈദികരെ അഭിഷേചിച്ചു; ഇവിടത്തുകാരിൽ നിന്നുതന്നെ തനിക്കു പിൻഗാമികളെ നിശ്ചയിക്കുകയും ചെയ്തു. ''ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ സുവിശേഷം പ്രസംഗിച്ച്, സഭയുടെ ശാഖകൾ സ്ഥാപിച്ച്, അതിൻെറ ഭരണാധികാരം അതതു സ്ഥലത്തെ ആളുകളെ ഏല്പിച്ച്, കൃതകൃത്യരായി''1 ആ തൊഴുത്തിൽപ്പെടാത്ത ആടുകളെ തേടിപ്പോകുന്നതായിരുന്നല്ലൊ, അപ്പസ്തോലന്മാരുടേയും വിശുദ്ധ പൗലോസിൻേറയും കർമ്മപദ്ധതി. സെൻറ് തോമസ് ക്രിസ്താനികൾ വളർന്നു വികസിച്ച് പ്രബലമായൊരു സമൂഹമാകാൻ തുടങ്ങി. കത്തോലിക്കാസഭയ്ക്ക് പ്രാതികൂല്യങ്ങളെ നേരിടാനില്ലാഞ്ഞതെവിടെയാണ്? ഇവിടേയുമുണ്ടായിരുന്നു. മതപീഡനവും പൗരോഹിത്യപരിശീലന

---

1 ഫാ. തോമസ് മുളവരിക്കൽ, 'മാർതോമ്മാശ്ലീഹായും കേരള ക്രൈസ്തവസഭയും,' 1971, പേജ് 232.

ത്തിനു വേണ്ട ക്രമീകരണമില്ലായ്കയും കൊണ്ടാകണം, ഇവിടത്തെ ക്രിസ്ത്യ്യ സമൂഹത്തിനു വേണ്ടത്ര ഇടയന്മാരില്ലാതെ പോയി. ഈ സാഹചര്യത്തിലാണെന്നു തോന്നുന്നു, അവർ മദ്ധ്യപൗരസ്ത്യദേശത്തെ ക്രിസ്തീയസഭകളുമായി ബന്ധപ്പെട്ടത്.

അങ്ങനെ, പേർഷ്യൻ സഭയുടെ അദ്ധ്യാത്മ സംരക്ഷണയിലായി കേരളസഭ. 1263–ൽ മംഗോളിയൻ സൈന്യം പേർഷ്യയിലെ ക്രൈസ്തവസഭയെ തകർത്തുകളഞ്ഞു. അവരുടെ ചരിത്രരേഖകൾ ചുട്ടുകരിച്ചു. 1599–ലെ ഉദയംപേരൂർ സൂനഹദോസിനോടനുബന്ധിച്ച്, നെസ്തോറിയൻ പാഷണ്ഡതയുടെ പേരുപറഞ്ഞ്, കേരളസുറിയാനിക്കാരുടെ ചരിത്ര രേഖകളും പുസ്തകങ്ങളുമെല്ലാം ആർച്ചുബിഷപ്പ് മെനേസിസും ചുട്ടുകളഞ്ഞു. അതുകൊണ്ട്, മദ്ധ്യയുഗത്തിനുമുമ്പ് പേർഷ്യൻ സഭക്കും കേരളസഭക്കും പരസ്പരമുണ്ടായിരുന്ന ബന്ധത്തിൻെറ സ്വഭാവവും ചരിത്രപരതയും നമുക്കിന്നും അജ്ഞാതമായിത്തന്നെയിരിക്കുന്നു. പതിമൂന്നാം നൂററാണ്ടുമുതലെങ്കിലും മാർ തോമ്മാക്രിസ്ത്യാനികൾക്കു മെത്രാന്മാരെ ലഭിച്ചിരുന്നത് സെലൂഷ്യയിൽ നിന്നാണെന്ന് ചരിത്രകാരന്മാർ പറയുന്നു. ഇടമുറിയാത്ത പിന്തുടർച്ചയില്ലാഞ്ഞെങ്കിലും ഇൻഡ്യയിലെ അവസാനത്തെ കത്തോലിക്കാ കൽദായ മെത്രാനായ മാർ അബ്രാഹത്തിൻെറ കാലംവരെ (1596) ഈ അവസ്ഥ ഏറെക്കുറെ തുടർന്നുപോന്നു. പക്ഷേ, ഇതൊരു 'വിദേശീയാധിപത്യ'മായി മാർ തോമ്മാക്രിസ്ത്യാനികൾ കരുതിയിരുന്നില്ല; എന്നുമല്ല, കർമ്മലീത്തർ ഭരിക്കുമ്പോൾ, കൽദായ മെത്രാന്മാർക്കുവേണ്ടി പരിശ്രമിക്കുന്നതും നാം കാണുന്നു. ഇവിടത്തെ ആരാധനക്രമം കൽദായരുടേതും അതിനുപയോഗിച്ചുവന്ന ഭാഷ കൽദായ സുറിയാനി (East Syrian) യുമായിരുന്നതാണ് ഈ പരിഗണനയ്ക്കു കാരണം.

## കൂനൻ കുരിശു സത്യം

1599—ൽ ഉദയംപേരൂർ സൂനഹദോസ്. അതോടുകൂടിയാണ് ഇവിടത്തെ സുറിയാനിക്കാർ പോർച്ചുഗീസുകാരും ഈശോ സഭാംഗങ്ങളുമായ ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൻ കീഴിലാവുന്നത്. ഇത് അവർക്കു തീർത്തും അസ്വീകാര്യമായിരുന്നു. ഈ സംവിധാനത്തോടു കാണിച്ച അതിശക്തമായ പ്രതിഷേധമായിരുന്നു, 1653 ജനുവരി 3—ാംതീയതിയിലെ കൂനൻകുരിശു സത്യം. തുടർന്ന്, ആലങ്ങാട്ടു യോഗം ചേർന്ന് ആർച്ചുഡീക്കൻ തോമാസ്സിനെ 'മെത്രാനായി'വാഴിച്ചു. ഈ സംഭവം സമുദായത്തിനു വരുത്തിവച്ച വിനയെക്കുറിച്ച് എന്തു പറയട്ടെ! 'മെത്രാഭിഷേക'ത്തിന്റെ മൗഢ്യം മനസ്സിലാക്കിയവർ ലത്തീൻ ഭരണത്തിലേക്കുതന്നെ തിരിച്ചുപോയി.

## കർമ്മലീത്താ മെത്രാന്മാർ

കുഴപ്പത്തിനെല്ലാം കാരണം ഈശോ സഭക്കാരുടെ നയവൈകല്യമാണെന്നായിരുന്നു, ചിലരുടെ വിശ്വാസം. ഇക്കൂട്ടർ 1655—ൽ ഇടപ്പള്ളിപ്പള്ളിയിൽ യോഗം ചേർന്ന്, ഗോവയിൽ താമസിച്ചിരുന്ന കർമ്മലിത്താ സഭക്കാരെ ഇങ്ങോട്ടു ക്ഷണിച്ചു. തങ്ങളുടെ ഭരണകർത്താക്കളായി കർമ്മലീത്തരെ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്ന ഒരപേക്ഷ മാർപ്പാപ്പയ്ക്കും അയച്ചു. അങ്ങനെ തുടങ്ങി, കർമ്മലിത്തരുടെ ഭരണം. മാർ സെബസ്ത്യാനിയായിരുന്നു, ഈ പരമ്പരയിലെ ആദ്യത്തെ മെത്രാൻ.

ഇരുനൂറു വർഷങ്ങൾക്കുശേഷം, 1855—ൽ ഇടപ്പള്ളിയിൽ യോഗം ചേർന്നവരുടെ സന്തതിപരമ്പര കർമ്മലീത്താ സഭക്കാരെ തള്ളി, ഈശോ സഭക്കാരെത്തന്നെ ഭരണകർത്താക്കളായി കിട്ടണമെന്നു പ്രാർത്ഥിക്കുന്നതു കൗതുകകരമാണ്!



പഴേപറമ്പിൽ മാത്തൻ മാമ്മൻ
മാർ ലൂയീസിൻെറ പിതാവ്



മാർ ലൂയീസിന്റെ അമ്മവീട്
ഇവിടെയാണ് അദ്ദേഹം ജനിച്ചത്



പമ്പയാറിന്റെ തീരത്ത് പഴേപറമ്പിൽ വീട്
ഇന്നു കാണുന്ന വിധം

## പള്ളിവീട്ടിൽചാണ്ടിമെത്രാൻ

1663 ജനുവരിയിൽ ഡച്ചുകാർ പോർത്തു ഗീസുകാരെ തോല്പിച്ചു കൊച്ചിക്കോട്ട പിടിച്ചെടുത്തു. ഉടനെതന്നെ,ഡച്ചുകാരല്ലാത്ത യൂറോപ്യരെല്ലാവരും നാലു ദിവസത്തിനകം സ്ഥലം വിട്ടുകൊള്ളണമെന്ന് ഡച്ചുസൈന്യാധിപൻ കല്പിച്ചു. മോൺ. സെബസ്ത്യാനി കടുത്തുരുത്തിയിൽ ഒരു മഹാസമ്മേളനം വിളിച്ചുകൂട്ടി, സാഹചര്യംവിശദമാക്കി. പകലോമററം തറവാട്ടിൽപ്പെട്ട ഫാ. അലക്സാണ്ടർ പള്ളിവീട്ടിലിനെ പിൻഗാമിയായി തിരഞ്ഞെടുത്ത്, മാർപ്പാപ്പയിൽ നിന്നുകിട്ടിയിരുന്ന അധികാരമുപയോഗിച്ച്, മെഗാറയുടെ സ്ഥാനികമെത്രാനും മലയാളക്കരയുടെ വികാരി അപ്പസ്തോലിക്കയുമായി അഭിഷേചിച്ചു. 1663 ജനുവരി 31—ാം നു-യാണ് ഈ സംഭവം(2). 1687 ഡിസംബർ 23—ാം നു- ഇദ്ദേഹം ചരമമടഞ്ഞു.

ഇന്നസൻറ് XII—ാമൻ പാപ്പായുടേയും മററും പരിശ്രമഫലമായി ഡച്ചുകാരുടെ നയത്തിൽ തെല്ലൊരു വ്യതിയാനംവന്നു. 1698—ൽ ബൽജിയം, ജർമ്മനി, ഇററലി എന്നീ രാജ്യങ്ങളിൽനിന്ന് ഏതാനും കർമ്മലീത്താമിഷനറിമാരെ കേരളത്തിലേയ്ക്കുവരാൻ ഡച്ചുഗവൺമെൻറ് അനുവദിച്ചു. അങ്ങനെ, ആഞ്ചലൊ ഫ്രാൻസിസ് എന്ന കർമ്മലീത്താവൈദികൻ 1700—ൽ

---

2 1662-ലാണ് ഡച്ചുകാർ കൊച്ചിക്കോട്ട പിടിച്ചതെന്നും ചാണ്ടിമെത്രാൻെറ വാഴ്ച 1663 ജനു. 31—ാംനു യായിരുന്നെന്നും ശ്രീ. ഐ. സി. ചാക്കോ പറയുന്നതു് ശരിയാണോ എന്നു സംശയിക്കുന്നു: op. cit. P. 44

a) 1663—ലാണ് ഡച്ചുകാർ കൊച്ചിക്കോട്ട പിടിച്ചെടുത്തതെന്ന്: ഏ. ശ്രീധരമേനോൻ, 'കേരളചരിത്രം' 1967, പേജ് 308.

b) ചാണ്ടിമെത്രാൻെറ വാഴ്ച 1663—ലെന്ന്:
Mar Louis Op. cit. Part III P. 8

മാർതോമാക്രിസ്ത്യാനികളുടെ വികാരി അപ്പസ്തോലിക്കയായി വന്നു. ഇടയ്ക്കിടെ ഈശോസഭാംഗങ്ങളായ മെത്രാൻമാരും തലകാട്ടുന്നുണ്ടായിരുന്നു. കുറച്ചുകാലം ഇരുവിഭാഗക്കാരും ഒരേസമയത്ത് കേരള ക്രിസ്ത്യാനികളെ ഭരിക്കുകയുമുണ്ടായി. പ്രൊപ്പഗാന്തായുടെ തണലിൽ കർമ്മലീത്തർ ഇവിടെ മെല്ലെ മെല്ലെ പിടിമുറുക്കുന്നുണ്ടായിരുന്നു. ചുവടുറച്ചതോടേ, അവരിൽ അധികാരപ്രമത്തതയും ഏറിവന്നു. അത്രയ്ക്കത്രയ്ക്ക് സുറിയാനിക്കാർ അവരെ വെറുക്കുകയും ചെയ്തു.

## റോക്കോസും മേലൂസും

ഈ സാഹചര്യം ഏറെക്കാലം നിലനിന്നു. ഇതിനിടയിൽ സുറിയാനി റീത്തുകാരായ മെത്രാന്മാരെ കിട്ടുന്നതിനു വേണ്ടി മാർ തോമ്മാ ക്രിസ്ത്യാനികൾ ശ്രമിക്കുന്നുണ്ടായിരുന്നു. 1859—ൽ ഒരു പ്രതിനിധിസംഘം ബാഗ്ദാദിലെ കാത്തലിക് പേട്രിയർക്കായിരുന്ന ജോസഫ് ഔഡോയുടെ പക്കലെത്തി. അദ്ദേഹം 1861—ൽ തോമാ റോക്കോസ് എന്നൊരു കൽദായ വൈദികനെ മെത്രാനായി അഭിഷേചിച്ച് കേരളത്തിലേക്കയച്ചു. അക്കൊല്ലം മേയ് 9—ാംനു- മോൺ. റോക്കോസ് കേരളത്തിലെത്തി. ഇതു പ്രൊപ്പഗാന്താത്തിരുസ്സംഘത്തിനു രുചിച്ചില്ല. മാർപ്പാപ്പാ ഈ നിയമനത്തെ അപലപിക്കുകയും അദ്ദേഹത്തെ തിരിച്ചുവിളിക്കാൻ പാത്രിയർക്കീസിനോട് ആജ്ഞാപിക്കയും ചെയ്തു. ഈ വിവരം 9—ാം പീയൂസ് പാപ്പ ചാവറ കുര്യാക്കോസച്ചനെ നേരിട്ട് ഒരു കത്തുവഴി അറിയിക്കയും ചെയ്യുകയുണ്ടായി. അതിനെത്തുടർന്ന് ആർച്ചുബിഷപ്പിൻെറ കല്പനപ്രകാരം കൂനമ്മാവ്കൊവേന്തയുടെ പ്രിയോർ ഫാ. മാത്യു കാപ്പിൽ റോക്കോസിനെ മഹറോൻചൊല്ലി.

ആ വർഷത്തിൽത്തന്നെ വികാരി ജനറലായി നിയമിതനായ ചാവറ കുര്യാക്കോസച്ചൻെറ നേതൃത്വത്തിൽ റോക്കോസ് ശീശ്മയെ ഉന്മൂലനം ചെയ്യാൻ ശ്രമം തുടങ്ങി. 1862 മാർച്ചിൽ മോൺ. റോക്കോസ് ബാഗ്ദാദിലേയ്ക്കു തിരിച്ചുപോയതോടെ, ആ ശീശ്മയും അവസാനിച്ചു.

സ്വന്തറീത്തിൽപ്പെട്ട മെത്രാനുവേണ്ടി ബാഗ്ദാദിലേയ്ക്ക് പിന്നെയും അപേക്ഷകൾ പൊയ്ക്കൊണ്ടിരുന്നു. മറുവശത്ത് കേരളസഭയുടെ മേൽ തങ്ങൾക്കുണ്ടായിരുന്ന അവകാശം പുനഃസ്ഥാപിക്കാൻ പേട്രിയാർക്കിനും താല്പര്യമുണ്ടായിരുന്നു. നാലാം നൂററാണ്ടുമുതൽ കേരളസഭ മെസൊപ്പൊട്ടേമിയായിലെ കൽദായ സഭയോടു ബന്ധപ്പെട്ടിരുന്നതാണല്ലോ. പോർട്ടുഗീസുകാരും മററു വിദേശമിഷനറിമാരും ഇടയ്ക്കുവച്ചു വന്നുകയറി വിരുന്നുണ്ണുന്നവരാണ്. അതുകൊണ്ട്, കേരളസഭയിലേയ്ക്കു വീണ്ടും മെത്രാനെ അയക്കാൻ, നേരത്തെ മോൺ. റോക്കോസിനെ അയച്ച അതേ പേട്രിയാർക്കു നിശ്ചയിച്ചു. അങ്ങനെ 1874–ൽ മാർ ഏലിയാസ് ജോൺ മേലൂസ് കേരളത്തിലെത്തി. 1882ൽ അദ്ദേഹം തിരിച്ചുപോയെങ്കിലും ശീശ്മ പിന്നേയും നിലനിന്നു.

## എന്തു തെളിയുന്നു?

വളരെ വ്യക്തമാണ്. സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാരെ കിട്ടുന്നതിനുള്ള മാർ തോമാക്രിസ്ത്യാനികളുടെ തീവ്രമായ അന്തർദ്ദാഹമാണ് ഈ കുഴപ്പങ്ങളുടെയെല്ലാം അടിയിൽ. കൂനൻ കുരിശു സത്യവും റോക്കോസിൻെറയും മേലൂസിൻെറയും പുറകെ പോകുന്നതിൽ കാണിച്ച ആവേശവും ഈ വസ്തുതയാണ് വെളിവാക്കുന്നത്. സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ കിട്ടിയാലേ മാർ തോമ്മാ ക്രിസ്ത്യാനി

കരം സംതൃപ്തരാവൂ. അത്തരത്തിലൊരു ഭരണസംവിധാനത്തിന്നു മാത്രമേ കൂനൻകുരിശുസത്യത്തോടെ തുടങ്ങിവച്ച ഭിന്നിപ്പുകരം അവസാനിപ്പിക്കാനും ശീശ്മകരംക്കറുതി വരുത്താനും കഴിയുമായിരുന്നുള്ളു.

ഈ പശ്ചാത്തലത്തിൽ വിചിത്രമായിത്തോന്നുന്ന ഒരു വസ്തുതയുണ്ട്: ''ഇക്കാലത്തൊന്നും ഇന്നാട്ടുകാരായ മെത്രാന്മാരെ ലഭിക്കാൻ സംഘടിതമായൊരു ശ്രമം കേരള ക്രൈസ്തവർ നടത്തിയതായി കാണുന്നില്ല. പറമ്പിൽ ചാണ്ടിമെത്രാൻേറയും കരിയാററിൽ ജോസഫ് മെത്രാപ്പോലീത്തയുടേയും നിയമനം അഭിമാനത്തോടും ആഹ്ളാദത്തോടും കൂടിയാണ് മാർ തോമാ ക്രിസ്ത്യാനികരം സ്വാഗതം ചെയ്തതെങ്കിലും അതൊരു അസുലഭമായ ഭാഗ്യമോ അനർഹമായ ബഹുമതിയോ ആയിട്ടല്ലേ അവർ കണക്കാക്കിയതെന്നു തോന്നിപ്പോകും. ഏതായാലും കേരള സുറിയാനിക്കാരെത്തന്നെ കേരളത്തിലെ വൈദിക മേലദ്ധ്യക്ഷന്മാരായി ലഭിക്കാനുള്ള ആദ്യത്തെ സുസംഘടിതവും ഔപചാരികവുമായ ശ്രമം നടന്നത് പാറേമ്മാക്കൽ ഗോവർണ്ണദോരച്ചൻെറ കാലത്താണ്; ഈ ആശയത്തിൻെറ പ്രണേതാവും അദ്ദേഹം തന്നെയാണെന്നു തോന്നുന്നു. സുപ്രസിദ്ധമായ 'അങ്കമാലി പടിയോല' അതിനു തെളിവാണ്[3].''

1787 ഫെബ്രുവരി ഒന്നാം തീയതിയാണ് പാറേമ്മാക്കൽ ഗോവർണ്ണദോരച്ചൻ അങ്കമാലിയിൽ സുറിയാനിക്കാരുടെ മഹായോഗം വിളിച്ചുകൂട്ടിയത്. അതിൽ, മാർതോമാ ക്രിസ്ത്യാനികളുടെ പ്രശ്നങ്ങരം സമഗ്രമായി ചർച്ചചെയ്തു. ''1597-ൽ അവസാനത്തെ സുറിയാനി മെത്രാൻ മാർ എബ്രാഹത്തിൻെറ ചരമംമുതൽ കരിയാററിമെത്രാപ്പോലീത്തയുടെ

---

3. Fr. Thomas Mulavarikal op. cit. P. 191

മരണം വരെയുള്ള കാലഘട്ടം പരിശോധിച്ച്, വിദേശമിഷനറിമാരിൽനിന്നു സുറിയാനിക്കാർക്ക് സഹിക്കേണ്ടിവന്നിട്ടുള്ള പ്രയാസങ്ങളം വിവരിച്ചു. ഈശോസഭക്കാരും കർമ്മലീത്തരും ചെയ്തതായി പറയപ്പെടുന്ന അനീതികളും അക്രമങ്ങളും ഓരോന്നായി എടുത്തുപറഞ്ഞു. മേലിൽ തങ്ങളുടെ വൈദികമേലദ്ധ്യക്ഷന്മാരായി കേരളീയരായ സുറിയാനിക്കാരെത്തന്നെ നിയമിച്ചാലേ സഭയിൽ സമാധാനവും അഭിവൃദ്ധിയുമുണ്ടാകൂ എന്നു സമ്മേളനം അഭിപ്രായപ്പെട്ടു. ഫാ. പാറേമ്മാക്കലിന്റെ പേർ മെത്രാപ്പോലീത്താസ്ഥാനത്തേയ്ക്കു നിർദ്ദേശിക്കുകയും ചെയ്തു4.'' അങ്കമാലി മഹായോഗത്തിൽവച്ചു് 'ഏതദ്ദേശീയ വൈദികമേലദ്ധ്യക്ഷൻമാർ' എന്ന ആശയം രൂപപ്പെട്ടുവെങ്കിലും പിന്നീട് ഒരു നൂററാണ്ടുകാലത്തേയ്ക്ക് ഈ ആശയത്തെ ആരും കാര്യമായി പിന്തുടരുന്നതു കാണുന്നില്ല. സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാർക്കു വേണ്ടി അപ്പോഴും പരിശ്രമിക്കുന്നുമുണ്ടായിരുന്നു.

4. Fr. Thomas Mulavarikal, op. cit. P. I92

നാല്

# ലൂയീസച്ചൻ കർമ്മരംഗത്ത്

'നവഭാരതശില്പികരം' എന്ന ഗ്രന്ഥത്തിൻെറ പ്രസ്താവനയിൽ ശ്രീ കെ. പി. കേശവമേനോൻ എഴുതി:

''നേതാക്കൻമാർ രണ്ടു തരത്തിലുണ്ട്: ചിലർ സ്വന്തം ഭാവനയിൽ കണ്ട ഒരാദർശലോകത്തെ മററുള്ളവർക്കു കൂടി കാണിച്ചു കൊടുത്ത് അവരിൽ ആവേശവും ഉൽസാഹവും വളർത്തുന്നു. ഇവരെ വിപ്ളവകാരികരം എന്നു വിളിയ്ക്കാം. മററു ചിലരാകട്ടെ, ആരംഭിച്ചു കഴിഞ്ഞ ഒരു വിപ്ളവപ്രസ്ഥാനത്തിൽ പങ്കുചേർന്ന് അതിനു ജീവനും ചൈതന്യവും കർമ്മശക്തിയും നൽകുന്നു. ആദ്യത്തേവർ പ്രസ്ഥാനങ്ങളുടെ സ്രഷ്ടാക്കളും രണ്ടാമത്തേവർ പ്രസ്ഥാനങ്ങളുടെ സൃഷ്ടികളുമാണ്. ഇത്രയും പറഞ്ഞതുകൊണ്ട് ചരിത്രത്തിൽ രണ്ടാമതു പറഞ്ഞവർക്കുള്ള സ്ഥാനം അപ്രധാനമാണെന്നു ധരിക്കരുത്. വിപ്ളവകാരികളുടെ ദർശനങ്ങരം സാക്ഷാത്കരിക്കപ്പെടുന്നത് പലപ്പോഴും അനുയായികളുടെ സംഘടനാ സാമർത്ഥ്യവും കർമ്മശേഷിയും

മൂലമാണ്. ഈ രണ്ടു തരത്തിൽപ്പെട്ട മഹാന്മാരും പരസ്പരം പൂരിപ്പിക്കുകയല്ലാതെ, ഒരു കൂട്ടരെ മററൊരു കൂട്ടർ നിഷ്പ്രഭരാക്കുന്നില്ല.1''

ഒരു പുതിയ പ്രസ്ഥാനത്തിൻെറ സ്രഷ്ടാവെന്നു ലൂയീസച്ചനെ വിശേഷിപ്പിക്കാം; സൃഷ്ടിയെന്നും വിളിക്കാം. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഈ പ്രസ്താവനകൾ രണ്ടും വൈരുദ്ധ്യമില്ലാത്ത ചരിത്ര സത്യങ്ങളായിരിക്കും. ''മാർ ലൂയിസ് മലങ്കര സുറിയാനി സഭാചരിത്രത്താൽ നിർമ്മിക്കപ്പെട്ടവനും അതിനെ നിർമ്മിച്ചവനുമാകുന്നു''2 വെന്ന് ശ്രീ ഐ. സി. ചാക്കോ എഴുതിയത് കലർപ്പററൊരു സത്യം മാത്രം.

*　　*　　*　　*

മാർ തോമ റോക്കോസ് കേരളത്തിൽ വരുമ്പോൾ കഥാപുരുഷൻ പതിനാലു വയസ്സുള്ള ബാലനാണ്; വീട്ടിൽ താമസിക്കുന്നു. റോക്കോസ് ശീശ്മ പടർന്നു പിടിക്കുമ്പോൾ മാത്തച്ചൻ കൂനമ്മാവിൽ സന്യാസാർത്ഥിഭവനത്തിലെ നവാഗതനാണ്. മേലൂസ് മലങ്കരയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുമ്പോൾ ലൂയിസച്ചൻ മാന്നാനം കൊവേന്തയിൽ താമസിക്കുന്നു; കൊച്ചച്ചൻ; വയസ്സ് ഇരുപത്തേഴ്; അവിടെയുണ്ടായിരുന്ന സെമ്മിനാരിയിലെ അദ്ധ്യാപകനും കൂടിയായിരുന്നു. റോക്കോസ്—മേലൂസ് ശീശ്മകളവസാനിപ്പിക്കാനുള്ള പരിശ്രമത്തിൻെറ സൂത്രധാരത്വം നിക്ഷിപ്തമായത് സുറിയാനിക്കർമ്മലീത്താസഭയിലായിരുന്നു. ഈ സാഹചര്യങ്ങളിൽ ഈ രണ്ടു ശീശ്

---

1 കെ. പി. കേശവമേനോൻ, 'നവഭാരതശില്പികൾ', 1966 പേജ് IV

2 I. C. Chacko, op. cit. P. 33.

മകളേയും അവയുണ്ടായ സാഹചര്യങ്ങളെയും കുറിച്ച് വ്യക്തമായ ബോധം ലൂയീസച്ചനുണ്ടാവുക തീർത്തും സ്വാഭാവികമാണ്. എന്നല്ല, ''മാർ ലൂയീസിന്റെ ആദർശങ്ങളെയും അഭിപ്രായങ്ങളെയും രൂപീകരിച്ചത് ........റോക്കോസ് ഛിദ്രവും ........മേലൂസ് ഛിദ്രവുമായിരുന്നു. ഈ ഛിദ്രങ്ങൾ രണ്ടുമുണ്ടാകാതിരുന്നെങ്കിൽ, കൊച്ചുമാത്തൻ കർമ്മലീത്താസഭയിലെ ലൂയീസച്ചനായിട്ടു മരിക്കുമായിരുന്നു''(3) എന്ന് ശ്രീ ഐ. സി. ചാക്കോ പറയുന്നതു ശ്രദ്ധേയമാണ്. ഇത്തരത്തിലുള്ള കുഴപ്പങ്ങൾ മേലിലുണ്ടാവരുതെന്ന് ആഗ്രഹിക്കാത്തവരാരാണ്? പക്ഷേ, പലരും ആഗ്രഹിച്ചങ്ങനെ കഴിയും. കർമ്മപടുക്കൾ ആ അഭിലാഷങ്ങളുടെ സാക്ഷാത്കാരത്തിനായി യത്നിക്കും. അങ്ങനെയാണ് ''ഈ ചരിത്രമെഴുതുന്നതിനുള്ള ആവശ്യമുണ്ടാ''4 യിവന്നത്.

## പുതിയ പാതകൾ തുറക്കുന്നു

മാന്നാനം കൊവേന്ത കൂടിയാലോചനകളുടെ രംഗവേദിയാവുകയാണ്. അന്നത്തെ സുപ്പീരിയർ ജനറൽ പോരൂക്കര കുര്യാക്കോസ് ഏലീശാ അച്ചൻ. ആറച്ചന്മാർ വേറെയുമുണ്ടായിരുന്നു, ആശ്രമത്തിൽ. മററു പല അച്ചന്മാരും അവിടെ വന്നും പോയുമിരുന്നു. സുറിയാനിക്കാരുടെ ക്ളേശങ്ങളെക്കുറിച്ച് ഉല്ലാസവേളകളിൽ തുടർച്ചയായ ചർച്ച നടന്നു. 'എന്താണ ചെയ്യുക?' എല്ലാവരും ആലോചിച്ചു. വരാപ്പുഴ ഭരിച്ചിരുന്ന വൈദേശിക മെത്രാപ്പോലീത്തയ്ക്ക് റോമിൽ ഗണ്യമായ സ്വാധീനമുണ്ടായിരുന്നു. അദ്ദേഹത്തെ മറികടന്ന് ഒരു പുതിയ ഭരണക്രമം റോമിനെക്കൊണ്ട് അംഗീകരിപ്പിക്കുക നടപ്പില്ലാത്ത കാര്യമാണ്. ഒന്നു ശ്രമിക്കാമെന്നു വച്ചാലോ? ഇവിടെനിന്നു

---

3 I. C. Chacko, op. cit, P. 114.
4 Ibid

തന്നെയുണ്ടാകാവുന്ന പ്രതിബന്ധങ്ങളെത്രയായിരിക്കും! പലരും അതിൻെറ ദോഷവശം മാത്രം കണ്ടു ഭയചകിതരാവും. അധികാരത്തോട് ഒട്ടി നിന്നാൽ കിട്ടാവുന്ന നേട്ടങ്ങളിൽ കണ്ണുള്ളവരും പലരുണ്ടാവും; ഇവരിൽ ചിലരെങ്കിലും കുതികാൽ വെട്ടികളുമാകാം. വല്ലതുമൊന്ന പറയാൻ തുടങ്ങുമ്പോഴേയ്ക്ക് ഇവരൊച്ചവയ്ക്കു: ''ചുണ്ടെലിയ്ക്കു മല പിഴുതെറിയാനാവുമോ? ഈ ജന്തു വിജയിക്കുമെങ്കിൽ, നിങ്ങളും ലക്ഷ്യം പ്രാപിക്കും'' (5). ഭരിക്കുന്നവരോടെന്നതിനെക്കാൾ കൂടുതലായി മല്ലടിക്കേണ്ടിവരിക ഇക്കൂട്ടരോടാണ്.

## മൂന്നു വൈകല്യങ്ങൾ

പ്രധാനമായും മൂന്നു ദോഷങ്ങളാണ് വരാപ്പുഴയിലെ വൈദേശികമെത്രാന്മാരുടെ ഭരണത്തിനുണ്ടായിരുന്നതായി മോൺ. ലൂയീസ് തൻെറ പുസ്തകത്തിൽ എടുത്തു പറയുന്നത്. ഭരണാധികാരികളുടെയും ഭരണീയരുടെയും റീത്തുവ്യത്യാസത്തിൽനിന്നുളവാകുന്നതാണ് ഒന്നാമത്തെ കുഴപ്പം. ഒരുമിച്ച് വൈദിക കർമ്മങ്ങളനുഷ്ഠിക്കാൻ കഴിയാതാവുന്നു. വിഭാഗീയ ചിന്തയ്ക്കും ഇതു വഴിവയ്ക്കുന്നുണ്ട്. തിരുപ്പട്ടശുശ്രൂഷയിലാണ് ബുദ്ധിമുട്ടു കൂടുതലായനുഭവപ്പെടുക. അഭിഷേചിക്കുന്ന മെത്രാനും നവാഭിഷിക്ത വൈദികനും ഒരുമിച്ചു ബലിയർപ്പിക്കേണ്ടതുണ്ടു്. ഏകസമയത്തു കൂദാശാവചനങ്ങളുച്ചരിക്കണം. മെത്രാൻ ലത്തീനിലും വൈദികൻ സുറിയാനിയിലും ബലിയർപ്പിക്കുന്നതുകൊണ്ട് ഇതു മിക്കവാറും അസാധ്യമാകുന്നു. ലാററിൻ കുർബാനയ്ക്കു ദൈർഘ്യം കുറയും. ഒപ്പമെത്താൻ പലപ്പോ

---

5 Mar Louis, op. cit. pat III, P.76

ഴും സുറിയാനിക്കുർബാനയിലെ പ്രാർത്ഥനകരം വിട്ടുകളയേണ്ടതായിവരും.

മോൺ. ലൂയീസ് പറഞ്ഞുകൊടുത്തെഴുതിച്ചതും എറണാകുളം അരമനയുടെ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ളതുമായ ഒരു കൈയെഴുത്തു ഗ്രന്ഥത്തിൽ നാം വായിക്കുന്നു: ''സ്വന്തജാതിയിൽപെട്ട ക്കാരെയും മെല്പട്ടക്കാരെയും കിട്ടണമെന്നുള്ളതു സ്വഭാവികമായുള്ളുതും ന്യായമുള്ളതുമാകുന്നു. ഒരു ജനത്തിൻെറ പട്ടക്കാരര ഒരു റീത്തിൽ. ഇവരുടെ മെല്പട്ടക്കാരൻ വെറെ ഒരു റീത്തിൽ. പട്ടക്കാരുടെ റീത്തും കർമ്മവും എന്തെന്നും മെല്പട്ടക്കാരൻ അറിയാതിരിക്കയും മെല്പട്ടക്കാരൻെറ റീത്തെന്തെന്നും അയാളുടെ കർമ്മമെന്തെന്നും പട്ടക്കാരര അറിയാതിരിക്കുമ്പോരം പട്ടക്കാരുടെ റീത്തും കർമ്മവും അറികയും അനുസരിക്കയും ചെയ്യുന്ന ഒരു മെല്പട്ടക്കാരനെ കിട്ടണമെന്നതു എല്ലാവർക്കും സ്വഭാവികമാണു. ഈ സ്വാഭാവികന്യായത്തിലാണ ആപത്തുള്ള കടലുകരം കടക്കയും യാതൊരുവക സൌകര്യമില്ലാത്ത കപ്പലുകളിൽ യാത്ര ചെയ്കയും കള്ളന്മാരുടെയും പിടിച്ചുപറിക്കാരുടെയും ഇടയിൽ കൂടെ ദീർഘയാത്രയും ചെയ്തു ദൂരദെശത്ത ചെന്നു കൊണ്ടു സ്വന്ത റീത്തിലുള്ള ഒരു മെത്രാനെ കിട്ടുന്നതിന്നായിട്ടു യത്നിച്ചത സ്വാഭാവികമാണു. ഇതുതന്നെയല്ല സ്വന്ത ജാതിയിലുള്ള മെത്രാനെ കിട്ടണമെന്നപേക്ഷിച്ചതു ന്യായമുള്ളതായിരിക്കുന്നു. ശുദ്ധമാനപള്ളി അതാതു റീത്തിനും അതാതു റീത്തിലുള്ള മെല്പട്ടക്കാരര കൊടുക്കുക പതിവായിരിക്കുന്നു. ലത്തീൻകാർക്കു ലത്തീൻ മെത്രാമ്മാരെയു യൌനായകാർക്കു (Greek) യൌനായമെത്രാമ്മാരെയും അർമ്മേനിയക്കാർക്കു അർമ്മേനിയാമെത്രാമ്മാരെയും കൊപ്പത്തികരംക്കു (Coptic), കൊപ്പത്തിമെത്രാമ്മാരെയും സുറിയാനിക്കാർക്കു സുറിയാനിമെത്രാമ്മാരെയും കൊടുക്ക പതിവാണ: ആയതല്ലാതെ മലയാളത്തിലുള്ളതുപോലെ സുറിയാനി റീത്തു അനുസരിക്കുന്ന പട്ടക്കാർക്കു വെറെ ഒരു

റീത്തു അനുസരിക്കുന്ന മെല്പട്ടക്കാരനെ കൊടുത്തു കെട്ടിട്ടില്ലാ.6'' ചുരുക്കത്തിൽ റീത്തു വ്യത്യാസം വരുത്തിവച്ച ധാരണക്കുറവു് അപരിഹാര്യമായിരുന്നു.

ഇതിനു പുറമെ, നെടുനാളത്തെ പരിചയം കൊണ്ടു് പാവനമായിക്കരുതിവന്ന സുറിയാനിക്കാരുടെ ആചാര രീതികൾ മാററുന്നതിനു് ലത്തീൻകാർ ശ്രമിമിച്ചതും ചിന്താക്കുഴപ്പത്തിനു വഴിവയ്ക്കുന്നതായിരുന്നു.

രണ്ടാമത്തേതു്, ഭാഷാഭേദം കൊണ്ടുണ്ടായ ക്േളശങ്ങളും യൂറോപ്യൻ വൈദികർ നാട്ടുകാരായ സുറിയാനി വൈദികരോടു കാണിച്ചുവന്ന ധിക്കാരവുമാണ്. മാർ ലൂയീസ് എഴുതുന്നു: ''വരാപ്പുഴെ ലെനാർദമെത്രാപ്പോലീത്തായുടെ കാലംവരെ വരാപ്പുഴെ ഭരിച്ചിരുന്ന മെത്രാന്മാർക്ക് യാതൊരുത്തർക്കും സുറിയാനിഭാഷയെങ്കിലും മലയാളഭാഷയെങ്കിലും അറിയാൻ പാടില്ലായിരുന്നു. 1861–വരെ യൂറോപ്യൻ ഭാഷ അറിയുന്ന പട്ടക്കാരര യാതൊരുത്തരും സുറിയാനിക്കാരുടെ ഇടയിൽ ഇല്ലായിരുന്നു. ഇതിനാൽ സുറിയാനി പട്ടക്കാർക്കു വരാപ്പുഴെ മെത്രാമ്മാരെ കണ്ടു കാര്യം ബൊധിപ്പിക്കണമെന്നായിരുന്നാൽ ലത്തീൻപട്ടക്കാരുടെ ഇടനില ആവിശ്യപ്പെട്ടിരുന്നു. ഓരോ പള്ളികളിൽ പള്ളിസംബന്ധമായുള്ളതും ജനങ്ങൾ തമ്മിലുള്ളതുമായ വഴക്കുകൾ ഉണ്ടാകാറുണ്ടു. ആയതിൻ വിവരം പറയുന്നതിന്നായി വരാപ്പുഴെ ചെല്ലുന്നു. മെത്രാനെ കണ്ടു മെത്രാനൊടു കാര്യം പറയുന്നതിന്നു പാടില്ല. ദ്വിഭാഷി ആവശ്യപ്പെടുന്നു. വരുന്ന ആള ദ്വിഭാഷിയുടെ സമയം പാർത്തുകൊണ്ടിരിക്കണം. ഒരു ദിവസം ചെന്നാൽ അന്നു നെരമില്ല.

6 മാർ ലൂയീസ്, ചരിത്രം (കൈയെഴുത്തുപ്രതി), ABp. ഗ്രന്ഥാലയം, B 2, പേജ് 3.

നാളെവാ. പിറെറദിവസം ചെല്ലുമ്പൊാം ആ ജോലി യുണ്ടു ഈ ജോലിയുണ്ടു നാളെവാ. വെറെ ഒരു ദിവസം ചെല്ലുന്നു. അന്നു കാര്യങ്ങാം ബൊധിപ്പിക്കാമെന്നു പറയുന്നു. ഇതിനകത്തു എത്യകക്ഷ്ഷികാം വരുന്നു. പാതിരി അച്ചനെകണ്ടു ബൊധിപ്പിക്കണമെന്നു പറയുന്നു. വിരൊധന്യായങ്ങളെല്ലാം പാതിരി അച്ചനൊടു പറഞ്ഞു കെൊപ്പിക്കുന്നു. ശിപാർശിയും കൊണ്ടു വരുന്നു. ഈ സന്ദർഭത്തിൽ തുലാസിൻ തൂശി ആയ പാദ്രി എങ്ങൊട്ടു ചായുമൊ അതുപോലെ മെത്രാനിൽ നിന്നു വിധി.

''മെത്രാനെ കാണുന്നതിനായിട്ടു– 60–70–80 വയസ്സായ ഒരു കിഴവൻ പട്ടക്കാരൻ ചെന്നാലുംആ സന്ദർശനത്തിൻെറ നെരമൊക്കയും നിന്നുകൊണ്ടു സംസാരിക്കണം. ആയതല്ലാതെ ഇരിക്കുന്നതിന്നായിട്ടു അനുവാദമില്ലാ. ഇതും പോരാ. ഈ വാർദ്ധക്യനായ പട്ടക്കാരൻ ഒരുമിസ്സിനാരിയെ കാണുന്നതിനായിട്ടു ചെന്നാൽ ഈ വിധം തന്നെ നിന്നു സംസാരിക്കയും വെണം. മെത്രാനാകട്ടെ മിസ്സിനാരിയാകട്ടെ സുറിയാനി പട്ടക്കാരെ തങ്ങളുടെ മേശയ്ക്ക് (Dining table) ഒരിക്കലും കൂട്ടുന്നതിന്ന സമ്മതിക്കയില്ലാ. മെത്രാൻ പള്ളികളിൽ വിസീത്തക്ക ചെന്നാൽ വികാരിയെയാകട്ടെ ഇടവകപട്ടക്കാരെയാകട്ടെ ക്ഷണിത പട്ടക്കാരെയാകട്ടെ തങ്ങളുടെ മെശയ്ക്കു കൂട്ടി ഭക്ഷിക്കുന്നതിന്ന അനുവദിക്കയില്ലാ. പിന്നെയൊ സുറിയാനിക്കാരായിരിക്കുന്നവര അവരവരുടെ മെശയിൽ ഉണ്ടു കൊള്ളണം. എന്നാൽ മെത്രാന്മാരുടെ കൂടെ ഇരുന്നു തിന്നുന്നതിന്ന അനുവാദമില്ലന്നുതന്നെയല്ലാ മിസ്സിനാരിമാരൊടു കൂടി തിന്നുന്നതിന്നു കൂടി അനുവാദമില്ലാ. ഇതിൻെറ പല ദൃഷ്ടാന്തം വെണമെങ്കിൽ കാണിച്ചു തരാം. എങ്കിലും അതൊന്നും പറയാതെ മിണ്ടടക്കത്തോടെ കടക്കുന്നു.'' ഇത്തരം അനുഭവം തനിയ്ക്കും പല പ്രാവശ്യമുണ്ടായിട്ടുണ്ടെന്ന് മാർ ലൂയിസ് രേഖപ്പെടുത്തിയിട്ടുണ്ട്.

വിദേശമിഷനറിമാരുടെ അവഗണനയ്ക്ക് ഉദാഹരണങ്ങൾ പലതുണ്ട്; എങ്കിലും തൽക്കാലം ഇത്രമതി എന്നുപറഞ്ഞു കഥാപുരുഷൻ കടന്നുപോവുകയാണ്. ഒന്നുരണ്ടെണ്ണം നമുക്കു പരിശോധിക്കുക:

1773 ജൂലൈ 26—ാംനു- വരാപ്പുഴ വച്ച് മോൺ ഫ്ളോറൻസ് ചരമം പ്രാപിച്ചു. അദ്ദേഹം സുറിയാനിക്കാരുടേയും മെത്രാനായിരുന്നു. അതുകൊണ്ട്, ശവസംസ്ക്കാരത്തിൽ സംബന്ധിക്കാൻ ധാരാളം സുറിയാനിക്കാരെത്തി. പല കാരണങ്ങളാൽ പരിഭവിച്ചിരുന്ന മിഷനറിമാർ അവരോടു പറഞ്ഞു: ''നിങ്ങൾ ഇപ്പോൾ ഇവിടെ വരുവാൻ എന്തൊരു ബന്ധം. നിങ്ങളുടെ മെത്രാൻ പൂക്കൊട്ടു (കൊടുങ്ങല്ലൂർ) ഇരിക്കുന്നതല്ലോ ആകുന്നു. ഈ മെത്രാൻ ഞങ്ങൾക്കുള്ളതത്രെ ആകുന്നു എന്നു വരുമ്പോൾ ഇദ്ദേഹത്തിൻെറ കൊൗദകം ചെയ്യുന്നതു നിങ്ങൾക്കു ബന്ധമറ്റൊന്ന കാര്യമല്ലല്ലോ. ഞങ്ങൾക്കു ബന്ധിക്കുന്നവദിര്യമല്ലൊ ആകുന്നു. ആയതുകൊണ്ടു നിങ്ങൾ ഒഴിഞ്ഞു ഞങ്ങളുടെ മര്യാദിക്കു തക്കവണ്ണം ഞങ്ങളുടെ മെത്രാനെ അടക്കുവാൻ ഇടതരണമെന്നു ഇങ്ങനെ പറഞ്ഞുംകൊണ്ടു മലങ്കര ഇടവകക്കാരെ ഒഴിച്ചു നിറുത്തി7.'' ഇങ്ങനെ മുൻപതിവുകൾക്കു വിരുദ്ധമായി, സുറിയാനിക്കാരെ തങ്ങളുടെ മെത്രാന് അന്തിമോപചാരമർപ്പിക്കുന്നതിൽനിന്നു തടഞ്ഞു. മുറിയേററ അഭിമാനബോധത്തോടെയാണ് അവർ തിരിച്ചുപോന്നത്.

വിശുദ്ധരുടെ തിരുശേഷിപ്പുകളുൾക്കൊള്ളുന്ന അരുളിക്കപിടിച്ച്, സുറിയാനിപ്പള്ളികളിലെ പ്രദിക്ഷണങ്ങൾക്കു നേതൃത്വം വഹിക്കുക, തിരുനാളിൻെറ സാഘോഷമായ ദിവ്യബലിയർപ്പിക്കുന്ന വൈദികൻെറ അവകാശമായിട്ടാണ് കരുതിവന്നത്. ബ

7 വർത്തമാനപ്പുസ്തകം, പേജ് 2

ലിയർപ്പിക്കുന്നതാരുമാകട്ടെ പ്രദക്ഷിണങ്ങളുടെ പ്രധാനകാർമ്മികത്വം തങ്ങൾക്കായിരിക്കണമെന്നു മിഷനറിമാരവകാശപ്പെട്ടു. എന്നല്ല, അവരതുബലമായി അനുവർത്തിക്കാനുംതുടങ്ങി. മിഷനറിമാരുടെ ഔൽകൃഷ്ട്യ ബോധവും ഔന്നത്യഭാവവുമാണ് അവരെ ഇതിനു പ്രേരിപ്പിച്ചത്. മലയാററൂർപ്പള്ളിയിലെ പുതുഞായറാഴ്ചത്തിരുനാളിന് അരുളിക്കപിടിച്ചു പ്രദക്ഷിണം നടത്തിയതിന് ആ പള്ളിയുടെ വികാരിയും ആ ഇടവകക്കാരനുമായ പനച്ചിക്കൽ ഗീവറുഗീസച്ചനെ, യോഹന്നാൻമറിയം എന്ന മിഷനറി പലവിധത്തിൽ ഉപദ്രവിക്കുകയുണ്ടായത്രെ.

പാറേമ്മാക്കൽ ഗോവർണ്ണദോരുടെ യാത്രാവിവരണത്തിൽ ഇതുപോലുള്ള പലസംഭവങ്ങളും ചരിത്രവിദ്യാർത്ഥികൾക്കു കണ്ടെത്താൻ കഴിയും. നാം ഇത്തരം സംഭവങ്ങൾ കർമ്മലീത്തരോടുള്ള എതിർപ്പു വർദ്ധിക്കാനും ശത്രുതാമനോഭാവം വനായും കാരണമായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ?

വരാപ്പുഴ ഭരണത്തിന്റെ വൈകല്യമായി മൊൺ. ലൂയീസു ചൂണ്ടിക്കാണിക്കുന്നതിൽ മൂന്നാമത്തേത് അതിപ്രധാനമാണ്. മേലൂസ് ശീശ്മ നാൽപ്പത്തൊന്നു പള്ളികളെ ഗ്രസിച്ചടക്കി. സ്വന്തറീത്തിൽപ്പെട്ട മെത്രാനെ കിട്ടാൻ സമൂഹത്തിനുണ്ടായ അത്യാകാംക്ഷകൊണ്ടു മാത്രമാണ് ഇവരൊക്കെ മേലൂസിന്റെ പുറകെ പോയത്.

റോക്കോസ് ശീശ്മയുടെ കാര്യത്തിലും കഥയിതുതന്നെ. എന്നിട്ടും ഭരണാധികാരികൾ ഇതു മനസ്സിലാക്കിയില്ല; അഥവാ, മനസ്സിലക്കാൻ കൂട്ടാക്കിയില്ല. സമുദായത്തിന്റെ ന്യായമായ അഭിലാഷം സാധിച്ചുകൊടുത്തുമില്ല. സാധിച്ചുകൊടുത്തിരുന്നെങ്കിലോ? ഇവിടെ ഇത്രയേറെ ശീശ്മകളൊ പ്രശ്നങ്ങളൊ ഉണ്ടാകുമായിരുന്നില്ലതന്നെ.

### റോമിലേയ്ക്കൊരപേക്ഷ

മാന്നാനം കൊവേന്തയിൽ ഉല്ലാസവേളയിലെ ചർച്ചകൾ പ്രവൃത്തിരൂപം കൊള്ളാൻ തുടങ്ങുകയാണ്. സ്ഥിതിഗതികൾ വ്യക്തമാക്കി റോമിലേയ്ക്ക് ഒരപേക്ഷ അയയ്ക്കുന്ന കാര്യം ഗാഢമായ പരിചിന്തയ്ക്കു വിഷയമായി. "അപ്പോൾ യുവവൈദികരിലൊരുവൻ" പറഞ്ഞു: "ദൈവാനുഗ്രഹമുണ്ടെങ്കിൽ ഒന്നും അസാധ്യമല്ല. റോം നീതിജ്ഞയാണ്; യൂറോപ്യരുടെ തെററായ റിപ്പോർട്ടുകൾകൊണ്ട് നമ്മെ തെററിദ്ധരിച്ചിരിക്കുകയാണ്. നമ്മുടെ ന്യായമായ അവകാശങ്ങളും അപേക്ഷകളും അനുവദിക്കുമോ ഇല്ലയോ എന്നു പരീക്ഷിക്കാം. ഒന്നും ചെയ്യാതെ അടങ്ങിയിരുന്നാൽ, ലോകാവസാനംവരെ ഇങ്ങനെ കഴിയേണ്ടി വരും. 8" വയോധികനായ ഒരു വൈദികൻ കൊച്ചച്ചനെ താക്കീതുചെയ്തു: "വരാപ്പുഴ ഒരു സിംഹമാണ്; നമ്മൾ ചുണ്ടെലികളും. അവർക്ക് റോമിൽ ശക്തന്മാരായ ആളുകളുണ്ട് സഹായത്തിന്; നമുക്കാരുമില്ല. നമ്മുടെ അപേക്ഷകളും ഹർജികളുമൊക്കെ ചവററുകൊട്ടയിൽ തള്ളപ്പെടുകയേയുള്ളു. അവരുടെ കഴിവുകൾ വളരെയാണ്. നമുക്കു യാതൊന്നുമില്ല. അതുകൊണ്ട്, ഈ സിംഹത്തെ പരിഭവിപ്പിക്കാതിരിക്കുന്നതാണ് നന്ന്. 9" "വിജയിക്കുമോ ഇല്ലയൊ– നമുക്കൊന്നു പരീക്ഷിച്ചു നോക്കുക" എന്നായി യുവവൈദികൻ. എല്ലാവരും അതു സമ്മതിച്ചു. ഇവിടെ പറയുന്ന "യുവവൈദികൻ" ലൂയീസച്ചൻ തന്നെയെന്ന് ചരിത്രത്തിൽനിന്നു വ്യക്തമാണ്. ഈ ഇരുപത്തേഴുകാരന്റെ അഭിപ്രായം മാന്നാനത്തെ വല്ല്യച്ചന്മാരടക്കം പലരും ശരിവെച്ചുവെന്നത് ശ്രദ്ധിക്കേണ്ടതാണ്.

---

8 Mar Louis, op. cit. part III, P. 77
9 Ibid

ലൂയീസച്ചൻതന്നെ അപേക്ഷ എഴുതിയുണ്ടാക്കി. അതിൽ സമൂഹത്തിൻെറ വേദനകഠം വ്യക്തമാക്കി. ഒരു ജസ്യൂട്ട് മെത്രാനേയും സ്വന്തറീത്തിൽപ്പെട്ട ഒരേതദ്ദേശീയമെത്രാനേയും നൽകണമെന്നാണപേക്ഷ. ജസ്യൂട്ടുമെത്രാനെ ആവശ്യപ്പെട്ടതെന്തിനാണെന്നു വ്യക്തമല്ല. സമുദായോന്നമനത്തിന് ഉതകുന്ന വിദ്യാഭ്യാസാദി കാര്യങ്ങളിൽ കർമ്മലീത്തരിൽ നിന്നു കാര്യമായൊന്നും പ്രതീക്ഷിക്കാനില്ലാത്തതുകൊണ്ടാകാം; സുറിയാനിക്കാർ സ്വയംഭരണത്തിന് ഇനിയും കഴിവ് ആർജ്ജിച്ചിട്ടില്ലെന്നുമാവാം. മുമ്പൊക്കെ മെത്രാൻെറ കീഴിൽ അർക്കദിയാക്കോന്മാരാണ് സുറിയാനിക്കാരെ ഭരിച്ചിരുന്നത്. അർക്കദിയാക്കോൻപദവിക്കുപകരം മെത്രാൻപദവി സമുദായത്തിൻെറ അഭിലാഷങ്ങളുടെ സാക്ഷാത്കാരവും ഭിന്നതകഠംക്കു പരിഹാരവുമാവുമെന്നും അദ്ദേഹം കരുതിയിരിക്കണം.

അപേക്ഷ എല്ലാവരും കേഠംക്കെ വായിച്ചു. 'മല പിഴുതെറിയാനുള്ള ശ്രമമാണ്. വളരെ പ്രയാസം. എന്നല്ല, അസാധ്യം തന്നെ. നമുക്ക് ഒരു കർമ്മലീത്താ മെത്രാനെ ചോദിക്കാം. എങ്കിൽ, വരാപ്പുഴയ്ക്ക് വലിയ എതിർപ്പൊന്നുമുണ്ടായേക്കില്ല. കിട്ടുകയാണെങ്കിൽ, അദ്ദേഹം നമ്മോട് അനുഭാവമുള്ളവനുമായിരിക്കും'10 എന്നെല്ലാം ചിലരഭിപ്രായപ്പെട്ടു. നിർദ്ദേശം കൂടുതൽ പ്രായോഗികമാണെന്നായി പലരും. അപേക്ഷ മാററി എഴുതി.

അപ്പോഴൊരുപ്രശ്നം. ആരൊപ്പുവയ്ക്കും? ഈ അപേക്ഷ വിശദീകരണത്തിനും അഭിപ്രായത്തിനുമായി വരാപ്പുഴയെത്തും. ഒപ്പുകഠം തിരിച്ചറിഞ്ഞ് ആർച്ചുബിഷപ്പ് പ്രതികാരനടപടികഠം സ്വീകരിച്ചാലോ? ''ഒപ്പിടേണ്ട—'' എന്നു എല്ലാവരുംകൂടി

10 Mar Louis, op. cit. part III, P. 79

തീരുമാനിച്ചു. ഇക്കാരണത്താലാണ് അപേക്ഷയിൽ ഒപ്പുവയ്ക്കാത്തതെന്ന് ഒരടിക്കുറിപ്പും എഴുതിച്ചേർത്തു11. പാലക്കൽ സിറിയക്കച്ചൻ, കളത്തിൽ സക്കറിയാസച്ചൻ, ചാവറ ജോസഫച്ചൻ, പഴേപറമ്പിൽ ലൂയീസച്ചൻ, തറവട്ടം ഹില്ലാരിയനച്ചൻ എന്നിവർ അപേക്ഷ പരിശുദ്ധ കുർബാനയുടെ അംത്താരയിലെ ബലിക്കല്ലിൽവച്ച് ഇങ്ങനെ പ്രാർത്ഥിച്ചു. ''ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ രക്ഷകാ, ഞങ്ങൾ ഈ കത്തു റോമിലേയ്ക്കയയ്ക്കുന്നു. ഇതൊരു സാഹസിക പരിശ്രമമാണ്. ഈ അപേക്ഷ അങ്ങു കൈകൊള്ളുമെങ്കിൽ, ഞങ്ങൾ അങ്ങയോടു നന്ദിയുള്ളവരായിരിക്കും; ധാരാളം ആത്മാക്കൾ നിത്യരക്ഷയുടെ വഴിയിലൂടെ നയിക്കപ്പെടുകയും ചെയ്യും. ഈ പ്രാർത്ഥന അനുവദിക്കാതിരിക്കുകയാണ് അങ്ങേയ്ക്കിഷ്ടമെങ്കിൽ, അങ്ങയുടെ തിരുമനസ്സ് എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകട്ടെ. ഇക്കാരണത്താൽ ഈ സന്യാസ സഭയിൽനിന്നു പുറത്താക്കപ്പെടുക എന്ന അപകടത്തിൽനിന്നു ഞങ്ങളെ നീ രക്ഷിയ്ക്കുമെങ്കിൽ, ഈ ഭവനത്തിൽ നിനക്കു ഞങ്ങൾ സ്തുതിഗീതങ്ങൾ പാടും12.'' ഈശോയുടെ പരിശുദ്ധ ഹൃദയത്തോടു പ്രത്യേകം പ്രാർത്ഥിച്ചശേഷം കത്തു രജിസ്ററർ ചെയ്തു റോമിലേയ്ക്കയച്ചു.

## അപേക്ഷയുടെ സംഗ്രഹം

സ്വയം ഭരണത്തിലേയ്ക്കു നയിച്ച പരിശ്രമങ്ങളിൽ ആദ്യമായി റോമിലേയ്ക്കു പോകുന്ന ഈ കൂട്ടായ അപേക്ഷ സുപ്രധാനരേഖയാണ്. അതുകൊണ്ട്, അതിൻെറ ഉള്ളടക്കമൊന്നു ശ്രദ്ധിക്കുക14. ആദ്യമായി പരിശുദ്ധപിതാവിനോടുള്ള സ്നേഹബഹു

---

11 Ibid Part IV, P. 4
12 Mar Louis, op. cit. Part III, P. 78, 79
14 Ibid Part IV, P. 1-4

മാനങ്ങൾ രേഖപ്പെടുത്തുന്നു, തുടർന്ന്. റോക്കോസും മേലൂസും ഇവിടെ വരാനും ഒരു വലിയ വിഭാഗം അവരെ സ്വാഗതം ചെയ്യാനുമുണ്ടായ കാരണങ്ങൾ വിശദമാക്കുന്നു;ഈ ശീശ്മകളിൽപ്പെട്ടുപോയ ആത്മാക്കളെക്കുറിച്ചു തങ്ങൾക്കുള്ള ഖേദവും പ്രകടിപ്പിക്കുന്നുണ്ട്. പിന്നീട്, സുറിയാനിക്കാർക്കും ലത്തീൻകാർക്കും വേറെ വേറെ മെത്രാൻമാരുണ്ടായിരുന്നെങ്കിൽ ഈ വിപത്തുകളൊഴിവാക്കാമായിരുന്നു; വലിപ്പക്കൂടുതൽ കാരണം ഒരു മെത്രാനെക്കൊണ്ടുമാത്രം ഭരണകാര്യങ്ങൾ നിർവഹിക്കാനരുതാത്ത സ്ഥിതിവിശേഷമാണ് വരാപ്പുഴയ്ക്കുള്ളത് എന്നു വിശദമാക്കുന്നു. പല പ്രമുഖ വികാരിയാത്തുകളുടേയും അംഗസംഖ്യയുദ്ധരിച്ച് ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്: മദ്രാസിന് 40,700; ഹൈദ്രബാദിന് 7,000; വിശാഖപട്ടണത്തിന് 9,800; മൈസൂറിന് 25,000; കോയമ്പത്തൂരിന് 18,000; മാംഗ്ളൂരിന് 54,000; കൊല്ലത്തിന് 68,060; വരാപ്പുഴയ്ക്ക് 250,500. വരാപ്പുഴയ്ക്ക് 280 പള്ളികളും 340 വൈദികരുമുണ്ട്. ഇൻഡ്യയിലെ മററല്ലാ രൂപതകൾക്കുംകൂടി ഇത്രയും പള്ളികളൊ വൈദികരൊ ഇല്ല. അതുകൊണ്ട്, വരാപ്പുഴയുടെ ഭരണകാര്യങ്ങൾ ഒരു മെത്രാനെക്കൊണ്ടുമാത്രം നിർവ്വഹിക്കുക ദുർവഹമാണെന്നു സ്ഥാപിക്കുകയാണ്. 'സുറിയാനിക്കാർക്കും ലത്തീൻകാർക്കും വേറെവേറെ മെത്രാൻമാരുണ്ടാവുമെങ്കിൽ, എല്ലാം നൻമയ്ക്കായി ഭവിയ്ക്കും; തിൻമകൾ അപ്രത്യക്ഷമാകും; ആത്മനാശത്തിനു പരിഹാരമുണ്ടാവും; ഇരുളിനെ തള്ളിയകററി രക്ഷയുടെ പ്രകാശം ഞങ്ങളുടെ മണ്ണിൽ വിളങ്ങിപ്രകാശിയ്ക്കും. അതുകൊണ്ട്, ഞങ്ങൾക്കു സ്വന്തമായൊരു മെത്രാനെ നൽകണമെ' എന്നാണു പ്രാർത്ഥന.

അപേക്ഷയുടെ രണ്ടാമത്തെ ഖണ്ഡികയിൽ ശ്രദ്ധേയമായ ചില വസ്തുതകളുണ്ട്: 'സ്വജാതിയിൽനിന്നൊരു മെത്രാനെ ഞങ്ങൾ ചോദിക്കുന്നില്ല.

ഒരിക്കലും ചോദിയ്ക്കുകയുമില്ല. ഇത്രയേറെപ്പേരുള്ളതുകൊണ്ട് തനിച്ച് ഒരു മെത്രാനെ മാത്രമെ ആവശ്യപ്പെടുന്നുള്ളു. അദ്ദേഹം കർമ്മലീത്താസഭക്കാരനായിരിക്കണമെന്നാണു പരിശുദ്ധ പിതാവു നിശ്ചയിക്കുന്നതെങ്കിൽ, ഞങ്ങൾക്കു തൃപ്തിയാണ്; അവിടുത്തേയ്ക്കിഷ്ടമെങ്കിൽ, അദ്ദേഹം ഇംഗ്ളീഷുകാരനൊ ഐറിഷ്കാരനൊ ആയിരുന്നാൽ വേണ്ടില്ല. മറെറാന്നുകൊണ്ടുമല്ല. ഇൻഡ്യ ഇംഗ്ളീഷുകാരുടെ അധികാരത്തിൻ കീഴിലാണല്ലോ. അതുകൊണ്ട് ആദ്ധ്യാത്മികാധികാരവും ആ രാജ്യക്കാർതന്നെ കൈകാര്യം ചെയ്യുന്നതിൽ ചില സൗകര്യങ്ങളൊക്കെയുണ്ടാവും. അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെക്കുറിച്ചു സംശയം വല്ലതുമുണ്ടെങ്കിൽ, മദ്രാസിലെയോ ബോംബെയിലെയോ മൈസൂറിലെയോ കോയമ്പത്തൂരിലെയോ മെത്രാനെ നിയോഗിച്ച് അന്വേഷിച്ചുകൊള്ളുക. അങ്ങനെ ആരെയെങ്കിലും അയയ്ക്കുന്നെങ്കിൽ, അദ്ദേഹം വരാപ്പുഴ വന്ന് ഒന്നുരണ്ടച്ചൻമാരോടു ചോദിച്ചാൽ മതിയാവില്ല; ഞങ്ങളുടെ പ്രധാനകേന്ദ്രം മാന്നാനമാണ്; അവിടെ വരണം. അതിനു സൗകര്യമില്ലെങ്കിൽ അടുത്തുള്ള ഏതെങ്കിലും പള്ളിയിൽ വരണം. വൈദികൻമാർ, വികാരിമാർ, സന്യാസികൾ എന്നിവരെ വിളിച്ചുകൂട്ടി അന്വേഷിക്കണം. പരിശുദ്ധപിതാവ് ആരെയെങ്കിലും, അയക്കുന്നെങ്കിൽ, ആ വിവരം പുളിങ്കുന്നു കൊവേന്തയുടെ ശ്രേഷ്ഠനായ ബ. യാക്കോബച്ചൻ വഴി ഞങ്ങളെ അറിയിക്കണം. ഒരനുഗ്രഹംകൂടി ഞങ്ങൾ വിശേഷവിധിയായി അപേക്ഷിക്കുന്നു: ഞങ്ങളുടെ ഈ കത്തും ഇനി അയച്ചേക്കാവുന്ന കത്തുകളും ഞങ്ങളുടെ വികാരി അപ്പസ്തോലിക്കയുടെ കൈകളിലെത്തരുത്; അവയ്ക്കുള്ള മറുപടികളും അദ്ദേഹംവഴി അയക്കരുത്. അങ്ങനെയായാൽ, പ്രയാസങ്ങളുണ്ടാവും; മുമ്പുണ്ടായിട്ടുണ്ട്. കൊവേന്തകളുടെയെല്ലാം ശ്രേഷ്ഠനും സുറിയാനിക്കാരുടെ വികാരിജനറലുമായിരുന്നു, പരേതനായ കുര്യാക്കോസ് ഏലിയാ അച്ചൻ. ഈ ക

ത്തിൽ പറയുന്ന കാര്യങ്ങളെക്കുറിച്ചുതന്നെ അദ്ദേഹം 1871–ൽ കർമ്മലീത്താസഭയുടെ ജനറലിന് ചില കത്തുകളയച്ചു. അവയത്രയും ഞങ്ങളുടെ വികാരി അപ്പസ്തോലിക്കയുടെ കൈകളിലെത്തി; വളരെ അനർത്ഥങ്ങളുമുണ്ടായി.

'ഞങ്ങളുടെ വികാരി അപ്പസ്തോലിക്കക്ക് വല്ല വിധത്തിലും ഒപ്പുകളിൽ നിന്നു ഞങ്ങളെ തിരിച്ചറിയാൻ ഇടവന്നെങ്കിലൊ എന്നു ഭയന്ന്, ഞങ്ങളിത് ഒപ്പുകൾ വയ്ക്കാതെ അയക്കുന്നു.'

"Malabar, 20 April & July, 1875" എന്നാണ് അപേക്ഷയിൽ തിയതി കാണിച്ചിരിക്കുന്നത്. എങ്കിലും, ഇതിൽ പറയുന്ന രണ്ടാമത്തെ തിയതിയിലായിരിക്കണം കത്തയച്ചത്[15].

ഉള്ളടക്കത്തിൽനിന്നും അയച്ച രീതിയിൽനിന്നും അപേക്ഷകരുടെ ആത്മാർത്ഥതയും ഉദ്ദേശ്യശുദ്ധിയും ചോദ്യം ചെയ്യാനരുതാത്തവിധം സ്പഷ്ടമാകുന്നുണ്ടല്ലൊ.

## പിന്നേയും അപേക്ഷകൾ

ഒരപേക്ഷയുമയച്ച് കൈകെട്ടിയിരുന്നാൽ ഒന്നുമാവില്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? പരിശ്രമങ്ങൾ കുറെക്കൂടി ആസൂത്രിത രൂപത്തിലാവുകയാണ്. മററച്ചന്മാരേയും ജനങ്ങളേയും കാര്യങ്ങൾ ധരിപ്പിക്കണം; അവരെ കർമ്മനിരതരാക്കണം; പ്രവർത്തനമേഖലകൾ നിശ്ചയിച്ചു. പാലാ, ഭരണങ്ങാനം തുടങ്ങിയ കിഴക്കൻ മേഖലകൾ മാന്നാനം കൊവേന്തക്കാർക്കും കുട്ടനാട്, കല്ലൂർക്കാട് മുതലായ തെക്കൻ പ്രദേശങ്ങൾ പുളിങ്കുന്നുകാർക്കുമായി വിഭജിച്ചു. പല ഭാഷകളിലുമായി ധാരാളം അപേക്ഷകൾ റോ

---

15 I. C. Chacko, Op. cit. P. 40

മിലേയ്ക്കൊഴുകി. (ഇവയിൽ ഒമ്പതെണ്ണത്തിൻെറ പകർപ്പ് മാർ ലൂയീസിൻെറ പുസ്തകത്തിലുണ്ട്[16]) എല്ലാററിൻേറയും ഉള്ളടക്കം മുകളിൽ കണ്ടതു തന്നെ.

ഈ തുഴകൊണ്ടൊന്നും വള്ളം കരയ്ക്കടുക്കുമെന്നു വിചാരിക്കാൻ വയ്യ. കേരളത്തിൽ നിന്നുകുറെ പാവം മനുഷ്യർ റോമിലേയ്ക്ക്, പരിശുദ്ധപിതാവിന് അപേക്ഷ അയക്കുന്നു. അതുണ്ടോ അവിടെയെങ്ങാനുമെത്തുന്നു! എത്തിയാൽത്തന്നെ പരിഗണിക്കപ്പെടുന്നു! വല്ല മെത്രാന്മാരുടെയും മേൽവിലാസമുണ്ടായിരുന്നെങ്കിൽ, ആശയ്ക്കു വകയുണ്ടായിരുന്നു. ഉടനെ, ഇൻഡ്യയിലെ മെത്രാന്മാർക്കായി മറെറാരപേക്ഷ തയ്യാറായി. 'മാന്നാനം, 10 സെപ്തംബർ, 1875' എന്നാണതിലെ തിയതി. തുടക്കത്തിൽ തങ്ങാംക്കു മാദ്ധ്യസ്ഥ്യം വഹിക്കണേയെന്ന അഭ്യർത്ഥന. ഉള്ളടക്കം റോമിലേയ്ക്കയച്ചതിലെതന്നെ. ഒരു വ്യത്യാസം വരുത്തിയത് ശ്രദ്ധിക്കേണ്ടതുണ്ട്. റോമിലേയ്ക്കയച്ചതിൽ, 'സ്വജാതിയിൽനിന്നൊരു മെത്രാനെ ഞങ്ങാം ചോദിക്കുന്നില്ല; ഒരിക്കലും ചോദിയ്ക്കുകയുമില്ല' എന്നൊരു വാചകമുണ്ടായിരുന്നല്ലോ. അതിലൊരു മാററം വരുത്തി. ''ഞങ്ങാം ഇപ്പോഠം ഞങ്ങളിൽനിന്നോ ഞങ്ങളുടെ ജാതിയിൽനിന്നോ ഒരു മെത്രാനെ വേണമെന്ന് അപേക്ഷിക്കുന്നില്ല''[17] എന്നാക്കി. ''പുനരാലോചനയിൽ ആദ്യത്തെ ശപഥം വേണ്ടതിലധികമായിപ്പോയെന്ന് പ്രാർത്ഥയിതാക്കാംക്കു തോന്നിയതുപോലെ കാണപ്പെടുന്നു.[18]'' ഈ വ്യതിയാനം ലൂയീസച്ചൻ എഴുതി തയാറാക്കിയ ആദ്യത്തെ അപേക്ഷയിലെ താല്പര്യത്തിന്നനുഗുണമാണെന്നു പറയേണ്ടതില്ലല്ലോ.

---

16 Mar Louis, Op. cit. Part IV, P 1-34
17 Mar Louis, Op. cit, Part IV, P. 36
18 I. C. Chacko, Op. cit., P. 143

പലരുടേയും മറുപടിയെത്തി. പലതും മാർലൂയീസ് ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്[19]. റോമിൽനിന്ന് ആവശ്യപ്പെടാതെ ഉപദേശിക്കാനും അഭിപ്രായങ്ങൾ പറയാനും ആരാണൊരുങ്ങുക? പലരും കൈയൊഴിഞ്ഞു. ഒരാൾമാത്രം സഹായവാഗ്ദാനം ചെയ്തു. ദൈവപരിപാലനയ്ക്കു നന്ദി. അദ്ദേഹത്തിന്റെ സഹായമില്ലാഞ്ഞെങ്കിൽ, ചരിത്രം ഏതേതു കൈവഴികളിലൂടെ ഒഴുകുമായിരുന്നു? ഊഹിച്ചുകൊണ്ടാൽമതി.

ബോംബെയുടെ വികർ അപ്പസ്തോലിക്കായിരുന്ന ലിയോ മൗറീനാണ് (Leo Meurin S. J) സഹായവാഗ്ദാനം ചെയ്തത്. എന്തുകൊണ്ടാണദ്ദേഹത്തിനങ്ങനെ തോന്നിയത്? നമുക്കറിവില്ല. ഒന്നു വ്യക്തമാണ്. കേരളസഭയിലെ അടിയൊഴുക്കുകൾ ലൂയീസച്ചൻ മുതൽപേരുടെ കത്തു കിട്ടുന്നതിന് ഒരു കൊല്ലം മുമ്പെങ്കിലും അദ്ദേഹത്തിനറിയാമായിരുന്നു. 1874 ഒക്ടോബർ 2—ാംനു-യാണല്ലോ, മേലൂസ് കേരളത്തിലെത്തിയത്. ഇങ്ങോട്ടു പോരുന്നവഴി ബോംബയിൽവച്ച്, ''ബോംബെ വികാരി അപ്പസ്തോലിക്കയായ ലിയൊമെവുറീൻ മേലൂസ് മെത്രാനോടു ശീശ്മയുണ്ടാക്കാതെ മടങ്ങിപ്പോകണമെന്നും അതിനുള്ള പണം കൊടുക്കാമെന്നും എഴുത്തുകൾ മൂലവും വാഗ്മൂലവും അറിയിച്ചെങ്കിലും പീലിപ്പോസ് അസൈസെസിന്റെയും മററും ദുരുപദേശങ്ങൾക്കാണ് മേലൂസ് അധീനനായത്! ഉടനെ മെവുറീൻ ഈ വിവരങ്ങളെല്ലാം കമ്പിമാർഗ്ഗം വരാപ്പുഴെ അറിയിക്കയും ഈ ശീശ്മമെത്രാന്റെ പ്രവേശം ബലമായി തടയുവാൻ വരാപ്പുഴ മെത്രാപ്പോലീത്തയോടു ഉപദേശിക്കുകയും ചെയ്തു[20].'' എന്നു ചരിത്രകാരനായ

---

19 Mar Louis, Op. cit, Part IV, P. 38-41

20 ഫാ. ബർണ്ണാർഡ് T. O. C. D., 'മാർതോമാക്രിസ്ത്യാനികൾ' വാല്യം II, മാന്നാനം, 1921, പേജ് 292

ബർണാർഡച്ചൻ പറയുന്നു. കേരളസഭയുടെ കാര്യത്തിൽ അന്നേ അദ്ദേഹത്തിന് ഔൽസുക്യമുണ്ടായിരുന്നിരിക്കണം. ഇപ്പോഴത്തെ കത്ത് ആ താൽപ്പര്യത്തെ തട്ടിയുണർത്തിയതുമാകാം. അതെന്തുമാകട്ടെ, സ്വയം ഭരണത്തിന്റെ സദ്ഫലങ്ങൾ അനുഭവിക്കുന്ന നമ്മൾ അദ്ദേഹത്തിനു കൃതജ്ഞതയുടെ പൂച്ചെണ്ടുകളർപ്പിക്കുക.

അഞ്ച്

# അച്ചടക്കനടപടി

ഡോസ്റേറായെവ്സ്കിയുടെ 'കരമസോവ് സഹോദരന്മാരി'ൽ, ആശ്രമശ്രേഷ്ഠനായ ഫാ. സോസിമ തന്റെ മരണക്കിടക്കയിൽ വച്ച് സന്യസാർത്ഥി യായ അലേ്യാഷയെ വിളിച്ചു പറഞ്ഞു:

> "....'കോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും; അഴിയുന്നെങ്കിലോ വളരെ വിളവുണ്ടാകും'.... ഞാൻ നിന്നെപ്പററി ഇങ്ങനെയാണു വിചാരിക്കുന്നത്: ഈ മതിൽക്കെട്ടിനുള്ളിൽ നിന്നു നീ പുറത്തുപോകും; എന്നാൽ, ലോകത്തിൽ ഒരു സന്യാസിയെപ്പോലെ ജീവിക്കും. നിനക്കു ധാരാളം ശത്രുക്കളുണ്ടാകും; എന്നാൽ, ആ ശത്രുക്കൾപോലും നിന്നെ സ്നേഹിച്ചു കൊള്ളും. ജീവിതത്തിൽ പല ദൗർഭാഗ്യങ്ങളും നിനക്കു വരും; എന്നാൽ, നീ അവയിൽ ആനന്ദം കണ്ടെത്തും. ജീവിതത്തെ നീ ധന്യമാക്കും; മററുള്ളവരെക്കൊണ്ട് അനുഗ്രഹിപ്പിക്കുകയും ചെയ്യും—അതാണ് സർവ്വപ്രധാനമായ കാര്യം. അതെ, അതാണു നിന്റെ സ്വഭാവം[1]."

ലോകപ്രശസ്തനായ ആ സാഹിത്യകാരൻ 1875–1880 കാലങ്ങളിൽ റഷ്യയിലിരുന്ന് ഈ വരികൾ കു

1 Fyodor Dostoyevsky, Brothers Caramasov (Laurel Edition), P. 222-223.

റിക്കുമ്പോഠം, ഈ വരികളിൽ അടിമുടി ഒതുങ്ങിക്കൂടുന്ന ഒരു ജീവിതനാടകം ഇങ്ങു കേരളത്തിൽ അരങ്ങേറുകയായിരുന്നു!

*** *** ***

നന്മയ്ക്കുവേണ്ടി ശ്രമിക്കുന്നു, ചിലർ; വേറെ ചിലരുടെ കണ്ണിൽ അതു തിന്മയാണ്. അവരുപയോഗിക്കുന്ന കണ്ണട ഏതു നിറത്തിലുള്ളതോ? റോമിലേയ്ക്ക് അപേക്ഷകഠം പോയവിവരം വിദേശമിഷനറിമാരുടെ ചെവികളിലെത്തി. ആദ്യമൊക്കെ അവരതു കാര്യമാക്കിയില്ല. ''മററാരു മെത്രാനെ, ചോദിക്കാൻ ആരു ധൈര്യപ്പെടും2?'' എന്നായിരുന്നു ആലോചന. ''ദൈവേഷ്ടം നിറവേറട്ടെ3'' — മെത്രാപ്പോലീത്തയുടെ പ്രതികരണം. അപേക്ഷയിലെ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഒരു ശ്ളൈഹിക സന്ദർശകനെ (Vistor Apostolic) അയക്കുന്നതിൻെറ ഔചിത്യത്തെക്കുറിച്ച് റോം വരാപ്പുഴ മെത്രാപ്പോലീത്തയുടെ അഭിപ്രായമാരാഞ്ഞു. മേലൂസ് ശീശ്മകൊണ്ടും മററും അസ്വസ്ഥമായ തൽക്കാലാന്തരീക്ഷം അതിനു പററിയതല്ല എന്നായിരുന്നു മറുപടി.

മെത്രാപ്പോലീത്തയുടെ തണുത്ത പ്രതികരണം മിഷനറിമാർക്കു രുചിച്ചില്ല. അതു പക്ഷേ, മനസ്സിലാക്കാവുന്നതേയുള്ളു. നാട്ടുകാരനായ തട്ടാശ്ശേരി സ്കറിയാച്ചനും അവരുടെ കൂടെ ചേർന്നതിൻെറ കാരണം ദുരൂഹമായിരിക്കുന്നു. ഏതാനും മിഷനറിമാർ സ്കറിയാച്ചനോടുകൂടി ഒരുനാഠം മെത്രാപ്പോലീത്തയുടെ മുറിയിൽ കടന്നുചെന്നു പറഞ്ഞു: ''കൊച്ചച്ചന്മാരുടെ സാഹസം അടിച്ചമർത്തുന്നില്ലേ

---

2 Mar Louis, Op. cit. Part III, P 89
3 Ibid. P. 81

ങ്കിൽ, വികാരിയാത്ത് (Vicariate) അങ്ങേയ്ക്കു ന ഷ്ടപ്പെടും. മിഷനറിമാർ തിരികെപ്പോകയൊ മ റെറാരു മിഷനിലേയ്ക്കു മാറുകയൊ വേണ്ടിവരും. കർമ്മലീത്തരുടെ ഒരു വലിയ പ്രേഷിതരംഗം അങ്ങു നശിപ്പിച്ചെന്ന് വരുംതലമുറ വിളിച്ചു പറയും. അതുകൊണ്ട് ഈ സംരംഭം അങ്ങ് അമർച്ച ചെയ്യ ണം4.'' കാര്യം ശരിയാണല്ലോയെന്ന് അദ്ദേഹത്തി നും തോന്നി. എല്ലാം ദൈവതീരുമാനത്തിനു വിട്ട മെത്രാൻ, ഇക്കാര്യത്തിൽ തൻെറ മനസ്സുതന്നെയാണ് ദൈവതിരുമനസ്സ് എന്നുവരെ ചിന്തിച്ചോ, എന്തോ! എന്തിനേറെ? തട്ടാശ്ശേരി സ്കറിയാച്ചനും കാൻഡി ഡസ് മിഷനറിയും പുതിയ പ്രസ്ഥാനത്തെ വേ രോടെ പിഴുതെറിയാൻ നിയോഗിക്കപ്പെട്ടു.

മിഷനറിമാരുടേയും തട്ടാശ്ശേരിലച്ചൻേറയും പണിശാലയിൽ പുതിയ ആയുധങ്ങൾ തീർന്നുകഴി ഞ്ഞിരുന്നു: സമർത്ഥരായ ഏതാനുംപേരെ മെത്രാ പ്പോലീത്തയുടെ പ്രതിനിധികളായി നിയമിക്കണം. അവർ രൂപതയുടെ നാലുകോണിലുമെത്തി പുതിയ പ്രസ്ഥാനത്തെ ശിഥിലമാക്കണം. പ്രതിനിധികളു ടെ പേരിൽ ഒരു ബദലപേക്ഷ തയാറായി: 'ബി ഷപ്പിനെതിരായി അപേക്ഷ അയച്ചവർ നിയമങ്ങൾക്കു കീഴ്പ്പെടാത്ത, യഥേഷ്ടം ജീവിക്കുന്ന, അനുസരണ മില്ലാത്ത കുറെ കൊച്ചച്ചന്മാരാണ്; മേലൂസ് ശീശ്മ യെ വളർത്തി മുതലെടുക്കുകയാണ് അവരുടെ പരിപാ ടി. വരും തലമുറകൾക്ക് ഒരു പാഠമാകുന്നതിനു വേ ണ്ടി അവരെ ശിക്ഷിക്കുകയൊ അതുകൊണ്ടുമാകുന്നി ല്ലെങ്കിൽ, സന്യസസഭയിൽനിന്നു പുറന്തള്ളുകയോ വേണം.'

## പോരൂക്കര കുര്യാക്കോസച്ചൻ

ഈ സമയത്ത് പ്രയർ ജനറൽ പോരൂക്കര കുര്യാ ക്കോസച്ചൻ അമ്പഴക്കാട്, അരണാട്ടുകര എന്നീ കൊ

---

4 Ibid

വേന്തകാം ഔദ്യോഗികമായി സന്ദർശിക്കുകയായിരുന്നു. ഉടനെ മഞ്ഞുമ്മേൽ എത്തണമെന്നു മെത്രാപ്പോലീത്ത കൽപ്പന അയച്ചു. അപ്പോാം അദ്ദേഹം അരണാട്ടുകര പനിപിടിച്ചു കിടപ്പിലായിരുന്നു. തെല്ലു കുറഞ്ഞപ്പോാം, മഞ്ഞുമ്മേലെത്തി. ലൂയീസച്ചനും കൂട്ടരും റോമിലേയ്ക്ക് അപേക്ഷ അയയ്ക്കുമ്പോാം, അദ്ദേഹം വടക്കുള്ള കൊവേന്തകളിൽ ഔദ്യോഗിക സന്ദർശനം നടത്തുകയായിരുന്നു. അതുകൊണ്ട്, സംഗതികളൊന്നും അറിഞ്ഞിരുന്നില്ല. ഫാ. മർസലിനും ഫാ. കാൻഡിഡസും അദ്ദേഹത്തിൻെറ മുറിയിൽ കടന്നുചെന്നു പറഞ്ഞു: "പ്രയർ ജനറലിൻെറ ഭരണവൈകല്യംകൊണ്ടുണ്ടായതാണ് ഈ സാഹചര്യം. യാതൊരുവിധത്തിലും അവരോടു സഹകരിക്കരുത്. എല്ലാവിധത്തിലും അവരെ നിരുൽസാഹപ്പെടുത്തുകയും വേണം.' ''ഇങ്ങനെ മൂന്നു ദിവസം അവിടെയിട്ട് ഓതി വിഷമിപ്പിച്ചു5.'' ഇതിൻെറയെല്ലാം ഫലമായി കുര്യാക്കോസച്ചന് പനി പിന്നേയും വർദ്ധിച്ചു. തൻെറ സ്വന്തം വൈദ്യനെകൊണ്ടു ചികിൽസിപ്പിക്കുന്നതിന്ന് മാന്നാനത്തേയ്ക്കു പോകാൻ അനുവദിക്കണമെന്ന് അദ്ദേഹം അപേക്ഷിച്ചു. പ്രതിനിധികളുടേതായി റോമിലേയ്ക്കയക്കാൻ തട്ടാശ്ശേരിലച്ചനും കൂട്ടരും തയാറാക്കിയ ഹർജിയിൽ ഒപ്പുവയ്ക്കാൻ മിഷനറിമാർ ആവശ്യപ്പെട്ടു. അസുഖം ഹേതുവാൽ വായിക്കാൻ വയ്യാഞ്ഞതുകൊണ്ട് ഒപ്പുവയ്ക്കാൻ അദ്ദേഹം വിസമ്മതിച്ചു. അങ്ങനെയെങ്കിൽ, ഇക്കാര്യത്തിൽ മെത്രപ്പോലീത്തായോടു യോജിച്ചുനിന്നുകൊള്ളാമെന്നു സത്യം ചെയ്യണമെന്നായി. അതിനും അദ്ദേഹം വഴങ്ങിയില്ല. താൻ വൈദികനാണ്; വാക്കുപാലിക്കുന്നവനാണ്; അതുകൊണ്ടു തൻെറ വാഗ്ദാനത്തിൽ വിശ്വസിക്കണമെന്നായി, കുര്യാക്കോസച്ചൻ. വാഗ്ദാനശേ

---

5 Mar Louis, op. cit. (manuscript), P. 8

ഷം മാന്നാനത്തേയ്ക്കു പൊയ്ക്കൊള്ളാൻ ആർച്ചു ബിഷപ്പ് അനുവദിച്ചു.

''പോരൂക്കരെ അച്ചൻെറ പനി അല്പം സുഖമായ ശേഷം ഒരുദിവസം ലൂയീസച്ചൻ കാൺമാനായി മുറിയിൽ കയറി. അപ്പോൾ അയാളോടു പോരൂക്കരെ അച്ചൻ ചോദിച്ചതായത്: വെറെ മെത്രാനെ കിട്ടുന്നതിനായി നിങ്ങൾ റൊമായിക്കു എഴുതിയൊ? എത്ര അച്ചന്മാർ ഒപ്പിട്ടു. ഞങ്ങൾ എഴുതി. നൂറു നൂററമ്പതു പട്ടക്കാർ തങ്ങളുടെ ഹർജ്ജിയിൽ ഒപ്പിട്ടിട്ടുണ്ട് എന്നുത്തരം പറഞ്ഞു. ഇളനായ് കടി അറിയുകയില്ല എന്നുള്ള പഴഞ്ചൊല്ലു കെട്ടിട്ടുണ്ടൊ. കൊച്ചുനായ്ക്കൾ വലിയ നായ്ക്കളുടെ പക്കൽ കുരച്ചു കൊണ്ട് ചാടിച്ചെല്ലും. ഒരു കടിയും ഒരു കുടച്ചിലും കിട്ടുമ്പൊൾ അയ്യൊ പൊയതു അബദ്ധമായി എന്നു വിചാരിച്ചു ഓടിപ്പൊകും. അതുപൊലെ നിങ്ങൾക്കും സംഭവിക്കും. നിങ്ങൾ ഇപ്പൊൾ വരാപ്പുഴക്കാരൊടു എതൃക്കാൻ ഭാവിച്ചു. അവർ ഏതു സിംഹങ്ങളാണു. നിങ്ങളെ കൊവെന്തയിൽനിന്നു തള്ളും. നിങ്ങൾ പൊയതിൻെറ ശെഷം ഒരു വികാരിത്തവും കൂടാതെ നിങ്ങളെ ഇടും. വികാരിമാരുടെയും ശെഷം പട്ടക്കാരുടെയും ചിരിക്കും അപമാനത്തിനും പാത്രീഭവിക്കും. അപ്പൊൾ അയ്യൊ ഇത വേണ്ടിയില്ലാഞ്ഞല്ലൊ എന്നു നിങ്ങൾ മനസ്താപപ്പെടും. ആ സമയം അവരുടെ പക്കൽ കാലുപിടിക്കാൻ ചെല്ലും. അപ്പൊൾ, നിന്ദ്യമായി നിങ്ങളെ ആട്ടിക്കളയും. ഇതു തന്നെയുമല്ല റൊമയിൽ ഇരിക്കുന്നവരാരെന്ന് നിങ്ങളറിഞ്ഞിട്ടുണ്ടൊ. അവരെല്ലാം ഒരു ജാതിക്കാർ. ഒരു റീത്തുകാർ. പാപ്പയുടെയും പ്രൊപ്പഗാന്തയുടെയും പക്കൽ കർമ്മലീത്താസഭക്കാരും അവരുടെ സ്നേഹിതരും കൂടെപഠിച്ചവരുമൊക്കെ ഉണ്ടായിരിക്കും. നിങ്ങളെ ആരറിയും. ഒരുത്തരെങ്കിലും റൊമയിൽ നിങ്ങളെ അറിയുന്നവർ ഉണ്ടായിരിക്കയില്ല. നിങ്ങൾക്കുവേണ്ടി ഒരു മുഴികൂടി പറവാൻ ഒരുത്തരും ഉണ്ടാ

കയില്ല. നിങ്ങളുടെ എഴുത്തു ചെന്നാൽ മെലാവിൻെറ അരികെ തന്നെ എത്തുകയില്ല. വെറും കടലാസ്സുകൊട്ടയിലൊട്ടു വലിച്ചെറിയും. നിങ്ങൾ വിചാരിക്കുന്നത്ര ഒത്തിരി അച്ചന്മാർ നിങ്ങളുടെ വശത്തുണ്ടെന്നു. അവരുടെ ഒരു വികാരിത്തം മാററുകയൊ വലിയ വികാരിത്തം കൊടുക്കയൊ ചെയ്യുമ്പോൾ എല്ലാം ഉപേക്ഷിച്ചുംവച്ച വരാപ്പുഴക്കാർ പറയുന്നതിന്നൊക്കെ ഒപ്പിടും. ഇതുതന്നെയല്ലാ. വരാപ്പുഴനിന്നു നമ്മുടെ കൂട്ടത്തിലെ വലിയ ആളുകളുടെ ഒപ്പൊടു കൂടെയും വലിയ പള്ളികളുടെ വികാരിമാരുടെ ഒപ്പുകളൊടുകൂടെയും എതൃഹർജികൾ വിടും. നിങ്ങൾ ചെറുപ്പക്കാരാണെന്നും കലാപക്കാരാണെന്നും നിങ്ങളുടെ ഹർജ്ജികളിലെ ഒപ്പുകൾ കള്ളമാണെന്നും നമ്മുടെ അച്ചന്മാരെക്കൊണ്ടുതന്നെ പറയിക്കും. അതിന്നു വരാപ്പുഴക്കാർ സാക്ഷിക്കയും ചെയ്യും. അപ്പൊൾ നിങ്ങളെ കുററക്കാരായി റൊമ തന്നെ ശിക്ഷിക്കും. ആയതുകൊണ്ടു വെഗം വരാപ്പുഴെ ചെന്നു പൊറുതി അപേക്ഷിക്ക. നിങ്ങളുടെ മേൽ ആരോപിച്ചിരിക്കുന്ന ശിക്ഷ അപ്പോൾ മാററിതന്നെക്കും. അതല്ലെ നല്ലതു എന്നു പറഞ്ഞു.

'ആയതിന്നു ലൂയീസച്ചൻ ഞങ്ങളൊന്നു നൊക്കട്ടെ. ദൈവം തിരുമനസ്സാകുന്നെങ്കിൽ നടക്കും. അതല്ല നടക്കുകയില്ലെങ്കിൽ ഞങ്ങളുടെ സങ്കടവും വിമ്മിഷ്ടവും ഒക്കയും പിൻഗാമികളായിരിക്കുന്നവർ കണ്ടറിയുകയും വരാപ്പുഴക്കാരുടെ ശക്തിയും ബലവും അവർക്കു റോമയിലുള്ള സ്വാധീനവും അറിഞ്ഞിട്ടു വേറൊരുത്തൻ ഇങ്ങിനെ ചെയ്യുവാൻ ഇനി തുനിയാതിരിപ്പാൻ ഒരു മാതൃക ഞങ്ങൾ കൊടുപ്പാൻ വിചാരിച്ചിരിക്കുന്നു6. ഇതു പരീക്ഷിച്ചറിഞ്ഞതല്ലാതെ പുറകോട്ടു മാറുവാൻ വിചാരിച്ചിട്ടില്ലാ. അച്ചൻ ഇതിനു വിരൊധം ചെയ്യാതിരുന്നെക്കണം. അനുകൂലം ഒന്നും ചെയ്തില്ലെങ്കിലും തടസ്സം ഒന്നും ചെയ്യരുതു.

''അപ്പൊൾ ഞാൻ നിങ്ങളുടെ കക്ഷിയല്ലാ. ഞാൻ നിങ്ങളെ സഹായിക്കയില്ലാ. പാടുള്ളടത്തൊളം നിങ്ങൾക്ക വിരൊധം ചെയ്വാനെനൊക്കുകയുള്ളു. അതുനിങ്ങൾ അറിഞ്ഞുകൊണ്ടുവെണം കളിക്കാൻ. നിങ്ങളൊടു എതൃക്കുവാനായി നാലുദപ്പുത്താദുമാരെ നിശ്ചയിച്ചിരിക്കുന്നു. അവരിൽ ഒരുത്തൻ ഞാനുമാണ. അവർ ഇപ്പോൾതന്നെ അവരവരുടെ സ്ഥലങ്ങളിൽ ഇരുന്നുകൊണ്ടു നിങ്ങൾക്കവിരൊധമായി പ്രവൃത്തിപ്പാൻനൊക്കും. നിങ്ങൾ എന്റെ കുഞ്ഞുങ്ങളും ഓമനമക്കളും ആണെങ്കിലും ഉടമ്പടിയാലെ നിങ്ങൾക്ക വിരൊധിപ്പാൻ ഞാൻകടപ്പെട്ടിരിക്കുന്നു എന്നു പോരൂക്കര അച്ചൻപറഞ്ഞു.

'അയ്യൊ അച്ചൻ എന്താണ ഉടമ്പടിചെയ്തതെന്നു ളൂയീസച്ചൻ ചൊദിച്ചു. പൊയിക്കൊ. പൊയിക്കൊ. ഇനി ഈകാര്യം കൊണ്ടു പറകയില്ല.

''അതിന്റെശെഷം പാലയ്ക്കൽ കുര്യച്ചന്റെ പക്കൽ എല്ലാവരും ഈ ഉടമ്പടി എന്താണന്ന അറിയുവാൻ അടുത്തുകൂടി. ഞാൻ ചൊദിച്ചറിയാം എന്നും പറഞ്ഞു സമയം പററി ഒരുദിവസം പൊരൂക്കര അച്ചന്റെ മുറിയിൽ കുരിയച്ചൻകയറി വെറെകാര്യങ്ങൾ കൊണ്ടൊക്കെപറഞ്ഞശെഷം ഈകാര്യം എടുത്തിട്ടു.

---

6 കൈയെഴുത്തു ഗ്രന്ഥത്തിൽനിന്നാണു് ഇവിടെ ഉദ്ധരിക്കുന്നതു്. പക്ഷേ, പ്രസിദ്ധംചെയ്ത ഗ്രന്ഥത്തിൽ ഇവിടെ അല്പം വ്യത്യാസമുണ്ടു്. അതിൽ ഇങ്ങനെ പറയുന്നു: ''ഇക്കുറി ഞങ്ങൾ വിജയിക്കില്ലെങ്കിൽ ഞങ്ങളുടെ പിൻമുറക്കാർക്കു് ഇതു തീർച്ചയായും കിട്ടും. ഇതു മാററങ്ങളുടെ കാലമാണു്. തങ്ങളുടെ ദുഃഖങ്ങളെക്കുറിച്ചു റോമിലേയ്ക്കെഴുതാൻ കഴിവുള്ള അല മായരും വൈദികരുമുണ്ടാവും. സുറിയാനിക്കാരുടെ യഥാർത്ഥ ദുഃഖങ്ങളേയും ന്യായമായ അവകാശങ്ങളേയും അവഗണിക്കത്തക്കവിധം റോം നീതിയില്ലാത്തവളാണ് എന്നു വിചാരിക്കുന്നോ?''

Mar Louis op. cit. part III P. 86. 87

പറകയെലാ. പറകയെലാ. പൊ. പൊ. എന്നു പറഞ്ഞു. അപ്പഴൊ ഏതാണ്ട തക്ക ഉടമ്പടിചെയ്തിട്ടുണ്ടു എന്നു എല്ലാവരും കരുതി. പാലയ്ക്കൽ കുര്യച്ചനെ ഇതു ചൊദിച്ചറിവാനായി പലദിവസവും വിട്ടു. ഒരുദിവസം ഉണ്ടായവർത്തമാനമെല്ലാം അങ്ങെരൊടു പറഞ്ഞുകെൾപ്പിച്ചു7.'

ഉദ്ധരണി അല്പം ദീർഘമായിപ്പോയി. എങ്കിലും ചിലതൊക്കെ മനസ്സിലാക്കാൻ അതു സഹായിക്കും: പുതിയ പ്രസ്ഥാനത്തിൻെറ ദുഷ്പ്രാപ്യത; അതിന്നൊരുമ്പെടുന്നവരുടെ സാഹസബുദ്ധി; അവർക്കു നേരിടേണ്ടിവന്നേക്കാവുന്ന ഭീഷണികൾ; അവരുടെ നിശ്ചയദാർഢ്യം; ധീരോദാത്തത.

## ഒരു നാടകം

ഇതിനകം ശിക്ഷണനടപടികളുടെ രൂപരേഖ തയ്യാറായിക്കഴിഞ്ഞു. പോരൂക്കര കുര്യാക്കോസച്ചൻ, തട്ടാശ്ശേരിൽ സ്കറിയാച്ചൻ, കാനാട്ടു യാക്കോബച്ചൻ, കാപ്പിൽ മത്തായിയച്ചൻ എന്നിവരെ മെത്രാപ്പോലീത്ത പ്രതിനിധികളായി നിയമിച്ചു. ഫാ. മർസലിൻ സെമ്മിനാരികളുടെ സന്ദർശകനായും നിയമിതനായി. സെമ്മിനാരിയിലെ അദ്ധ്യാപകവൈദികർക്കു മാററങ്ങൾ കല്പിക്കാൻ ഇദ്ദേഹത്തിന് അധികാരവും കൊടുത്തിരുന്നു. ഫാ. മാർസലിൻ മാന്നാനത്തെത്തി, 'സെമ്മിനാരിക്കാരെ പരീക്ഷിക്കാൻ' എന്ന മറപിടിച്ച്; (ഉദ്ദേശ്യം അതൊന്നുമായിരുന്നില്ല.) പക്ഷേ, സുറിയാനി അറിയാമായിരുന്നില്ല. സുറിയാനിയിൽ പരീക്ഷ നടത്താൻ പുത്തമ്പള്ളി സെമ്മിനാരിയിൽനിന്ന് തെക്കുംഭാഗരായ രണ്ടു ശെമ്മാശ്ശന്മാരേയും കൊണ്ടാണു വരവ്. പിറേറന്നു സെമ്മിനാരിക്കാരെ പരീക്ഷിച്ചു. മൂന്നാം

---

7 Mar Louis കൈയെഴുത്തുഗ്രന്ഥം P. 8-I0

ദിവസം പ്രയർ ജനറലിൻെറ മുറിയിൽച്ചെന്ന് തൻെറ ദൗത്യം അറിയിച്ചു.

മൂന്നു കാര്യങ്ങളാണ് അദ്ദേഹത്തിനു നിർവഹിക്കാനുണ്ടായിരുന്നത്. ആദ്യത്തേത്, റോമിലേയ്ക്കയക്കാൻ തയാറാക്കിയ ബദൽ ഹർജ്ജിയിൽ പ്രതിനിധികളെക്കൊണ്ട് ഒപ്പുവയ്പിക്കുകയാണ്. ഹർജ്ജി വായിച്ചുനോക്കാൻ സമയം വേണമെന്നു പറഞ്ഞു, കുര്യാക്കോസച്ചൻ. അതദ്ദേഹത്തെ ഏല്പിച്ച് ഫാ. മർസലിൻ വീണ്ടും സെമ്മിനാരി പരിശോധിക്കാൻ പോയി. ലൂയീസച്ചനും തറവട്ടം ഹില്ലാരിയനച്ചനുമായിരുന്നു, സെമ്മിനാരി നടത്തുകാരും അദ്ധ്യാപകരും. ഇവർ മെത്രാപ്പോലീത്തയോടു മാപ്പപേക്ഷിക്കാൻ ഒരുക്കമുണ്ടോ എന്നറിയാൻ ഫാ. മർസലിൻ പരിശ്രമമായി. അവർ പശ്ചാത്താപലക്ഷണങ്ങളൊന്നും കാണിച്ചില്ല; എന്നല്ല, അദ്ദേഹത്തിൻെറ മുറിയിൽ പോവുകയോ അദ്ദേഹത്തോടു സംസാരിക്കുകയോ പോലും ചെയ്തില്ല. ഫാ. മർസലിൻ ഇവരെ ഇവരുടെ സ്ഥാനങ്ങളിൽനിന്നു മാററി. പകരം 'സുറിയാനി ഭാഷയൊഴികെ മററൊന്നുംതന്നെ അറിയില്ലാത്ത' ഒരു ഫാ. തോമസ്സിനെ റക്ടറായി നിയമിച്ചു. അദ്ദേഹമാകട്ടെ ഈ സ്ഥാനചലനങ്ങളുടെ അർത്ഥംനന്നായി മനസ്സിലാക്കിയിരുന്നിട്ടും യാതൊരു വൈമനസ്യവുംകൂടാതെ ജോലിയേറെറടുത്തു.

പിന്നീട്, അപേക്ഷയിൽ ഒപ്പുവക്കാൻ ഫാ. മർസലിൻ പ്രയർ ജനറലിനെ നിർബന്ധിച്ചു. അതിൽ പല തെററായ പ്രസ്താവനകളുമുള്ളതുകൊണ്ടു്, അവതിരുത്തിയിട്ടാവാം ഒപ്പുവയ്ക്കൽ എന്നായി, കുര്യാക്കോസച്ചൻ. ഒടുവിൽ, തെററുകൾ തിരുത്തിയ ശേഷം തൻെറ പേർക്ക് ഒപ്പുവച്ചുകൊള്ളാൻ സമ്മതിക്കേണ്ടിവന്നു, അദ്ദേഹത്തിന്. അതു കഴിഞ്ഞ് ഫാ. മർസലിൻ സ്വയം ഭരണവാദക്കാരുടെ മറെറാരു കേന്ദ്രമായിരുന്ന പുളിങ്കുന്നിലേയ്ക്കു വച്ചു പിടിച്ചു.

മർസലിനച്ചൻ പൊയ്ക്കഴിഞ്ഞപ്പോറം, പോരൂക്കരയച്ചൻ ദു:ഖാകുലനായിത്തീർന്നു. ഭക്ഷണം പതിവുപോലെ കഴിക്കുന്നില്ല; ഉല്ലാസവേളകളിൽ പങ്കെടുക്കുന്നില്ല; എപ്പോഴും മ്ളാനവദനനാണ്; മുറിയിൽ ഏകാകിയായി സമയം കഴിക്കുന്നു. കൊച്ചച്ചൻമാർ പോരൂക്കരയച്ചൻെറ ആദ്ധ്യാത്മിക പിതാവായ പാലക്കൽ കുര്യച്ചനെ കാരണമറിയാൻ നിയോഗിച്ചു. ''സഹോദരരക്തത്തിൽ ഞാൻ വിരൽ മുക്കിയിരിക്കുന്നു. അവർക്കെന്തു സംഭവിക്കുമെന്ന് എനിക്കറിയില്ല. അതാണെൻെറ ദു:ഖകാരണം''— കുര്യാക്കോസച്ചൻ വ്യക്തമാക്കി. ഏതു സാഹചര്യങ്ങളേയും നേരിടാൻ കൊച്ചച്ചന്മാർ സന്നദ്ധരാണെന്നും അച്ചൻ ദു:ഖിക്കരുതെന്നും അദ്ദേഹത്തെ ആശ്വസിപ്പിച്ചപ്പോറം, 'ഇക്കാര്യം മററച്ചന്മാരോടു പറയണ്ട' എന്ന് അദ്ദേഹം വിലക്കി. തന്നെ വട്ടമിട്ടകൊച്ചച്ചന്മാരോട് കാര്യം വെളിപ്പെടുത്താൻ കുര്യച്ചൻ വിസമ്മതിച്ചു. എങ്കിലും ആവർത്തിച്ചാവശ്യപ്പെട്ടപ്പോറം, അദ്ദേഹം ലൂയീസച്ചനോടു കാര്യം പറഞ്ഞു[8].

ഫാ. മർസലിൻ പുളിങ്കുന്നിൽ ചെന്ന പിറേറദിവസം സെമ്മിനാരിക്കാരെ പരീക്ഷിച്ചു. പിന്നീട്, ആശ്രമശ്രേഷ്ഠനായിരുന്ന ഫാ. ജയിക്കബ് മംഗലത്തിൻെറ മുറിയിൽ എല്ലാ അച്ചന്മാരേയും വിളിച്ചുവരുത്തി. ശകാരവും തുടങ്ങി: മലബാർ സഭയെ നിങ്ങറം കുഴപ്പത്തിലാക്കി; അതിൻെറ ന്യായമായ അധികാരിയെ ധിക്കരിച്ചു; അച്ചന്മാരേയും ജനങ്ങളേയും വഴി തെററിച്ചു; നിങ്ങളുടെ പ്രവർത്തനം കൊണ്ടു ശീശ്മ വളർന്നു; ആശ്രമനിയമങ്ങളനുസരിക്കാതെ, ഈ വക കാര്യങ്ങറംക്കായി ചുററി നടക്കുന്ന നിങ്ങറം ശിക്ഷാർഹരാണ്— ഇത്രയൊക്കെപ്പറഞ്ഞ്, ഫാ. മർസലിൻ വരാപ്പുഴയ്ക്കു തിരിച്ചുപോയി. തുടർന്ന് ഏൽത്തുരുത്തുസെമ്മിനാരിയും

---

8 Mar Louis, op. cit part III, P. 90

സന്ദർശിച്ച് ഇതുപോലൊന്നു ''പരീക്ഷിക്കുക'' യുണ്ടായി.

മെത്രാപ്പോലീത്ത നിയമിച്ച നാലു പ്രതിനിധികളിൽ പോരൂക്കരയച്ചനൊഴികെ എല്ലാവരും എതിർ ഹർജ്ജിയിൽ സസന്തോഷം ഒപ്പുവെച്ചു. കുര്യാക്കോസച്ചന്റെ ഒപ്പ് മററൊരാളെക്കൊണ്ട് ഇടുവിച്ചു. അങ്ങനെ, സുറിയാനിക്കാർക്കു പ്രത്യേകം മെത്രാനെ ചോദിച്ച് ഏതാനും 'യുവവൈദികര'യച്ച അപേക്ഷയ്ക്കെതിരായി, വരാപ്പുഴനിന്നുള്ള ഹർജ്ജി റോമിലേയ്ക്കുപോയി.

## ശിക്ഷണ നടപടികൾ

കൊച്ചച്ചൻമാരുടെ ചലനങ്ങൾ മനസ്സിലാക്കുകയായിരുന്നു, ഫാ. മർസലിന്റെ യാത്രോദ്ദേശ്യം. മുമ്പ് തട്ടാശ്ശേരിലച്ചനും ഇതുപോലൊരന്വേഷണം നടത്തി മെത്രാപ്പോലീത്തയ്ക്കു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വെളിച്ചത്തിൽ ഗുരുലഘുക്രമത്തിൽ ശിക്ഷകളും തീരുമാനിച്ചു. മാർപ്പാപ്പയ്ക്കെഴുതിയതിന്റെ പേരിൽ ആരേയും ശിക്ഷിച്ചുകൂടല്ലോ; ശിക്ഷിക്കുന്നുമില്ല. ആരോപിക്കാൻ വേറെ കുററങ്ങളില്ലാഞ്ഞുവേണോ? പുളിങ്കുന്നിടവകയ്ക്കുവന്നുപെട്ട കളങ്കം മായ്ക്കാൻ, ആ മണ്ണിന്റെ വീരസന്താനമായ തട്ടാശ്ശേരിലച്ചൻതന്നെയാണ പററിയത്താൾ. മെത്രാപ്പോലീത്തയുടെ കൽപ്പനകളുമായി അദ്ദേഹം പുളിങ്കുന്നിലേയ്ക്കു തിരിച്ചു.

പുളിങ്കുന്നിലന്ന് ആറച്ചന്മാരുണ്ടായിരുന്നു: ഫാ. ജയിക്കബ് മംഗലം, ഫാ. സെബാസ്ററ്യൻ പാന്തോട്ടത്തിൽ, ഫാ. മത്തായിമാതേക്കൽ, ഫാ. ഇമ്മാനുവൽ മീനാട്ടൂർ, ഫാ. സ്ററനിസ്ളാവോസ് ചക്യത്ത് ഫാ. പോൾ ശങ്കൂരിക്കൽ. ഓരോരുത്തർക്കും കൊടുത്തു, കുററപത്രവും ശിക്ഷാവിധിയും. ഫാ. മാതേക്കൽ, ഫാ. മീനാട്ടൂർ, ഫാ. ശങ്കൂരിക്കൽ എന്നിവരെ സഭ

യിൽ നിന്നു പുറത്തുവിട്ടു. അവർ സന്യാസവസ്ത്രം അഴിച്ചുമാററി, രൂപതാവൈദികരുടെ വസ്ത്രം ധരിച്ച് ഇടവകകളിൽ പോകണമായിരുന്നു; മററുള്ളവർക്കു സ്ഥലം മാററം.

പുളിങ്കുന്നുകൊവേന്ത ശൂന്യമായി. രൂപതാവൈദികനായിരുന്ന കാഞ്ഞിക്കൽ മത്തായിയച്ചനെ കൊവേന്തയുടെ ശ്രേഷ്ഠനായി നിയമിച്ചിട്ട്, തട്ടാശ്ശേരിലച്ചൻ കൃതകൃത്യനായി തിരിച്ചുപോയി. മത്തായിയച്ചൻ തനിക്കു കൂട്ടിന്നായി തോപ്പിൽ അത്തിക്കളത്തിൽ ഇക്കോച്ചൻ എന്ന ഒരല്മായനെകൂടെ കൊവേന്തയിൽ താമസിപ്പിച്ചു. ഇവർ ചാർച്ചക്കാരായിരുന്നു. ''അന്നുവൈകിട്ട് അത്താഴത്തിന് അവർഇരുന്നപ്പോൾ ഇക്കോച്ചൻ പാനപാടുവാൻതുടങ്ങി. 'സർവനാഥനെ ആദംമറക്കയാൽ സർവസൃഷ്ടികളും മറന്നാദത്തെ' എന്നുള്ളതായിരുന്നു പ്രധാനം. ഇതിൻെറസാരം, സന്യാസികൾ വരാപ്പുഴെ മറന്നതുകൊണ്ടു് സർവജനങ്ങളും സന്യാസികളെ മറന്നു എന്നർത്ഥം കാണിച്ചായിരുന്നു 9.'' ഇയാളെ കൊവേന്തചെലവിൻമേൽ സൂക്ഷത്തിന്നു പാർപ്പിച്ചു10'' എന്ന് മാർ ലൂയീസ് എടുത്തുപറയുന്നുണ്ടു്. ഉണ്ടചോററിനുചിതം വേണമല്ലൊ!

**മാന്നാനത്തേയ്ക്ക്**

'പുണ്യാഹ'നടപടികൾ പുരോഗമിക്കുകയാണ്. അടുത്തത് മാന്നാനം കൊവേന്ത. ചാവറ യൗസേപ്പച്ചനേയും കീരി (ഇരിമ്പൻ) വറുഗീസച്ചനേയും പുറന്തള്ളുന്ന കൽപ്പനകൊടുത്തു. വറുഗീസച്ചൻ പുറത്തുപോയി. 'ഞാൻ പുറത്തുപോവില്ല; ഇവിടെ കിടന്നു മരിക്കണം' എന്നു തറച്ചുപറഞ്ഞു, യൗസേപ്പച്ചൻ. ഉടനെ അദ്ദേഹത്തെ ദിവ്യബലിയർ

---

9 Mar Louis, op. cit. (manuscript) P. I7
10 Mar Louis Op. cit. Part III P. 99- 100 Ibid

പ്പിക്കുന്നതിൽനിന്നു മുടക്കി. സന്യാസവസ്ത്രവും മാററി. ദിവ്യബലിയർപ്പിക്കാതെ അവിടെത്തന്നെ ജീവിച്ചു മരിച്ചു, അദ്ദേഹം.

ലൂയീസച്ചനും ഹില്ലാരിയനച്ചനുമാണ്, ഈ പരമ്പരയിൽ അററുവീഴുന്ന അവസാനത്തെ കണ്ണികൾ. 'ഇവരെ ഒടുവിലേയ്ക്ക് കരുതിവച്ചതിന് പ്രത്യേകോദ്ദേശ്യമുണ്ടായിരുന്നു. ലൂയീസച്ചനോടു ലെയോനാർഡ് മെത്രാപ്പോലീത്തയ്ക്ക് താൽപ്പര്യമാണ്. മെത്രാപ്പോലീത്ത കൂനമ്മാവിൽ ചെല്ലുമ്പോഴെല്ലാം ലൂയീസ് ശെമ്മാശ്ശൻ അദ്ദേഹത്തിൻെറ കുർബാനയ്ക്കു സഹായിക്കുമായിരുന്നു. പള്ളികൾ സന്ദർശിച്ച് സ്ഥൈര്യലേപനം നൽകുമ്പോൾ തന്നെ സഹായിക്കാൻ അദ്ദേഹം ശെമ്മാശ്ശനെക്കൂടെ കൊണ്ടുപോയിരുന്നു. ഒരിക്കൽ രോഗവിമുക്തനായ ശെമ്മാശ്ശനെ കൂടുതൽ പരിരക്ഷണം നൽകാൻവേണ്ടി മെത്രാപ്പോലീത്ത വിളിച്ച് അരമനയിൽ താമസിപ്പിക്കുകയുമുണ്ടായി11.' പുതിയ പ്രസ്ഥാനം തുടങ്ങുന്നതുവരെ മെത്രാപ്പോലീത്തയും ലൂയീസച്ചനും തമ്മിൽ മെച്ചപ്പെട്ട ബന്ധങ്ങളാണുണ്ടായിരുന്നത്.

തട്ടാശ്ശേരിലച്ചനുമുണ്ടായിരുന്നു, ലൂയീസച്ചൻെറ കാര്യത്തിൽ ഒരു പ്രത്യേക പരിഗണന. അവർ നാട്ടുകാരാണ്; അയലത്തുകാരാണ്. പഴേപറമ്പിലെ ആ ഏകസന്താനത്തിനു സന്യാസസഭയിൽ ചേരണമെന്നു പറഞ്ഞപ്പോൾ, മാതാപിതാക്കളിൽനിന്നു നേരിട്ട പ്രതിബന്ധങ്ങളെ മറികടക്കാൻ തട്ടാശ്ശേരിലച്ചൻ സഹായിച്ചിട്ടുണ്ട്.

മെത്രാപ്പോലീത്തയ്ക്കും തട്ടാശ്ശേരിലച്ചനും വല്ലപാടും ലൂയീസച്ചനെ ഒന്നു രക്ഷിച്ചെടുക്കണമെന്നുണ്ട്. മററുള്ളവരുടെ ശിക്ഷകൾ കണ്ടു മനഃപരിവർത്തനം വന്നെങ്കിലൊ എന്നു പ്രത്യാശിച്ചിട്ടാകണം, ലൂയീസച്ചൻെറ കാര്യം ഒടുവിലോളം മാററി

---

11 Mar Louis op. cit., Part III P. 99

വച്ചത്. മാതാപിതാക്കളേയും കുടുംബ ബന്ധങ്ങളേയും ഒരു ധനികകുടുംബത്തിലെ വസ്തുവകകളേയും ഇട്ടെറിഞ്ഞു പോരാൻ അന്നത്തെ പതിനാലുകാരൻ കാണിച്ച ആദർശധീരതയും സാഹസബുദ്ധിയും, ആളു വളർന്നതിന്നനുസരിച്ചു വളർന്നിട്ടുണ്ടാകണമെന്ന് എന്തോ, അവർ കണക്കുകൂട്ടിയില്ല. ലൂയീസച്ചൻ പശ്ചാത്താപലക്ഷണമേതും കാണിച്ചില്ല. (പശ്ചാത്തപിക്കേണ്ടതായി അദ്ദേഹം എന്തു ചെയ്തിരിക്കുന്നു?) ഇനി എന്താ ചെയ്യുക? ''ഏതു കാര്യത്തിനായി മെത്രാപ്പോലീത്ത ദണ്ഡം പ്രയോഗിച്ചുവോ ആകാര്യത്തിൽ പ്രഥമാപരാധി ലൂയീസച്ചനാണ്. ജൂലൈമാസത്തിൽ റോമയ്ക്കയച്ച ഹർജ്ജി എഴുതിയതദ്ദേഹം; അദ്ദേഹത്തിൻെറ പ്രോൽസാഹനമനുസരിച്ച്, പുളിങ്കുന്നു കൊവേന്ത പ്രസ്ഥാനകേന്ദ്രം. ഈ പ്രസ്ഥാനം ഒരപരാധമാണെങ്കിൽ അപരാധികളുടെ നേതാവ് ലൂയീസച്ചൻ. അൽപ്പാപരാധികളെ ശിക്ഷിച്ചവർക്ക് ഈ മഹാപരാധിയെ ഏതു ന്യായംകൊണ്ടു ശിക്ഷിക്കാതിരിക്കാം?'' 12

ലൂയീസച്ചൻെറ കാര്യത്തിൽ തട്ടാശ്ശേരിലച്ചന് ഇപ്പോഴും ശുഭപ്രതീക്ഷയാണുള്ളത്. ലെയൊനാർഡ് മെത്രാപ്പോലീത്ത മുട്ടത്തുപള്ളി സന്ദർശിക്കുകയായിരുന്നു. അദ്ദേഹത്തിന് ലൂയീസച്ചനെ കാണണമെന്നുണ്ടെന്നും അതുകൊണ്ട്, മുട്ടത്തേയ്ക്കു വരണമെന്നും തട്ടാശ്ശേരിലച്ചൻ എഴുതിയറിയിച്ചു. ലൂയീസച്ചൻ കത്ത് മററച്ചൻമാരെ കാണിച്ചു. കൂടിക്കാഴ്ചയുടെ ഉദ്ദേശ്യമെന്തെന്ന് ആർക്കാണ് മനസ്സിലാവില്ലാത്തത്? മെത്രാപ്പോലീത്തയുടെ മുഖത്തുനോക്കി എതിരുപറയാൻ ലൂയീസച്ചനു കഴിയുമായിരുന്നില്ല. അതുകൊണ്ട്, ആ സന്ദർശനം തങ്ങളുടെ പരിശ്രമത്തെ കുഴപ്പത്തിലാക്കുമെന്നു കണ്ട് അവർ പറഞ്ഞു: ''റോമിലേയ്ക്കെഴുതാനും കത്തുകളിൽ ഒപ്പുവയ്ക്കാനും

---

12 I. C. Chacko op. cit. P. 179

ഞങ്ങളെ പ്രേരിപ്പിച്ചത് അച്ചനാണ്. അക്കാര്യത്തിനു ചിലരെ സഭയിൽനിന്നു തള്ളി; ചിലരെ സസ്പെൻറുചെയ്തു. ഞങ്ങളെയൊക്കെ ആപത്തിലാക്കിയിട്ടു അച്ചൻതന്നെ ഇപ്പോഠം രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത്ര ഭംഗിയല്ല. അച്ചൻ തുടങ്ങിയ സംരംഭത്തിൽ അച്ചൻതന്നെ വിശ്വസ്തനായിരിക്കുക. മെത്രാപ്പോലീത്തയെ കാണാൻ പോയാൽ, അദ്ദേഹം അച്ചനോടു സൗമനസ്യം കാണിയ്ക്കും; മുഖത്തുനോക്കി അദ്ദേഹത്തെ നിഷേധിക്കാൻ അച്ചനാവില്ല; അദ്ദേഹത്തിന്റെ താൽപര്യത്തെ അനുകൂലിക്കേണ്ടതായി വരികയുംചെയ്യും. അതുകൊണ്ട്, പോകണ്ട; വല്ല ഒഴിവുകഴിവും പറഞ്ഞേക്കുക.''13 മററുള്ളവരെ കുഴപ്പത്തിലാക്കിയിട്ടു തടിതപ്പുന്ന ഭീരുത്വമൊ തൻകാര്യം നോക്കുന്ന സ്വാർത്ഥതയൊ മാർ ലൂയീസിനെപ്പോലുള്ള ആദർശസമ്പന്നരിൽ കാണില്ലല്ലൊ.

നിധീരിക്കൽ മാണിയച്ചന്റെ പുത്തൻ കുർബാന ഇക്കാലയളവിലായിരുന്നു; മാന്നാനത്തുവച്ച്. ക്ഷണിച്ചിരുന്നില്ലെങ്കിലും തട്ടാശ്ശേരിലച്ചനും കാൻഡിഡസച്ചനും വന്നെത്തി. അവർക്കു പ്രത്യേകോദ്ദേശ്യങ്ങളുണ്ടായിരുന്നു. 'ഏററിയപട്ടക്കാരും ഒട്ടു വളരെ ജനങ്ങളും കുടിയിരുന്നു, ആ ദിവസങ്ങളിൽ. വല്ല എഴുത്തുകുത്തുകഠം നടത്തുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ, ആയതുനടത്താതിരിക്കുന്നതിനും ലൂയീസച്ചനും അയാളുടെ കൂട്ടരും ഭാവം മാറി പൊറുതി അപേക്ഷിക്കുന്നതിന്നു തയ്യാറുണ്ടോ എന്ന് അറിയുന്നതിനുംവേണ്ടി''14യാണ് അവരെത്തിയത്. ലൂയീസച്ചനെ നേരിൽക്കണ്ട് തനിച്ച് ഒന്നു സംസാരിക്കുകയും വേണം, തട്ടാശ്ശേരിലച്ചന്. പക്ഷേ ലൂയീസച്ചൻ അതിനു തരം കൊടുത്തില്ല. അതോടെ അദ്ദേഹത്തിന്റെ

---

13 Mar Louis, op. cit. Part IIIP. 100
14 Mar Louis op. cit, (manucript) P. 19

മനസ്സുമാററക്കാര്യത്തിൽ തട്ടാശ്ശേരിലച്ചൻെറ എല്ലാ പ്രതീക്ഷകളും തകർന്നു.

ലൂയിസച്ചനേയും ഹില്ലാരിയനച്ചനേയും നിഷ്കാസനം ചെയ്യുകയല്ലാതെ മററുവഴികളൊന്നുമില്ലെന്ന് തട്ടാശ്ശേരിലച്ചൻ മെത്രാപ്പോലീത്തയെ അറിയിച്ചു. അവരെ സന്യാസ സഭയിൽനിന്നു പുറന്തള്ളിക്കൊണ്ടുള്ള കല്പന മാന്നാനത്തെത്തുകയും ചെയ്തു. പ്രയർ ജനറൽ ഏതാനും ദിവസം അതു രഹസ്യമാക്കി വച്ചുകൊണ്ടിരുന്നു. എന്തു ഫലം? കല്പന നടത്താഞ്ഞാൽ ''എൻെറ നരച്ച തലമുടിയ്ക്കുകൂടെ വല്ല അപകടം വരും'' 15എന്ന് അദ്ദേഹം ഭയപ്പെട്ടു. അവരെ ഇറക്കിവിടുന്നകാര്യം അദ്ദേഹത്തെ അത്യന്തം വേദനിപ്പിച്ചു. അതവരോടു പറയാൻ പോലും അദ്ദേഹത്തിനാവുന്നില്ല. പാലയ്ക്കൽ കുര്യച്ചൻവഴി മുന്നറിവു കൊടുത്തിട്ട്, അവരെ വിളിച്ച് തൻെറ നിസ്സഹായാവസ്ഥ വ്യക്തമാക്കി, കല്പനകൊടുത്തുകൊണ്ടു പറഞ്ഞു: ''ഇതിൽ പറഞ്ഞിരിക്കുന്ന കുററങ്ങളൊന്നും നിങ്ങൾ ചെയ്തിട്ടുള്ളതായി എനിക്കറിവില്ല.''16

## ലൂയിസച്ചനും ഹില്ലാരിയനച്ചനും

കല്പനവരുമെന്നു രണ്ടു പേരും നേരത്തേ കണ്ടിരുന്നല്ലൊ. പ്രയർ ജനറലിനെയാണ് അഭിസംബോധന ചെയ്തിട്ടുള്ളത്. അവർ വായിച്ചു: ''സന്യാസികളുടെ നാമവും വസ്ത്രവും ധരിച്ചു ശ്ളീഹന്മാരുടെ കൂട്ടത്തിൽ യൂദാസുകരിയോത്തായെപ്പോലെയും കുഞ്ഞാടുകളുടെ തൊഴുത്തിൽ ചെന്നാക്കളെപ്പോലെയും അവരുടെ ഹൃദയത്തിൽ നരകവിഷം കലർത്തിയും കൊണ്ട് കൂടപത്രക്കാരെപ്പോലെ പിശാചുക്കളുടെ സ്വരത്തിനു ചെവികൊടുത്തും കൊണ്ടു ദുഷ്ടതയാ

15 Mar Louis, op. cit. (manuscript) P. 20
16 Mar Louis, op. cit. part, III P. 101

ലെ ബുദ്ധിമയങ്ങി അവരുടെ ദുരാശകളും തന്നിഷ്ടങ്ങളും ഒക്കെയും നന്മയെന്നും അതുതന്നെ നിറവേററണമെന്നുംവച്ചു ആയുസ്സും നേരവും ഇതിനായി ചിലവഴിച്ചു വരുന്ന ചില കള്ളഭക്തിക്കാർ ഈ കൊവേന്തകളിൽ പാർത്തുവരുന്നുവെന്ന് നാം അറിഞ്ഞിരിക്കുന്നു ....... മിശിഹാ കർത്താവിനോടുകൂടെ ഒന്നിച്ചു തിന്നുകുടിച്ചു പരലോകബോധജ്ഞാനവും കേട്ടു നടന്നവരായ ശ്ലീഹന്മാരിൽ ഒരുത്തനെ ഗുരുവിൻെറ മുഖത്തിൽ മുത്തിക്കൊണ്ടു കുലക്കാർക്കു ഏല്പിക്കാൻ തക്കവനാക്കിയവർ തന്നെ ഇവരേയും ഇങ്ങനെ ആക്കി ചമച്ചു എന്നുവിചാരിക്കാം.... കർത്താവിൻെറ വിഗാരിക്ക് എഴുതുന്നു എന്നുള്ള വാക്കും ഭാവവും നടിച്ചുകൊണ്ടും....അവരവരുടെ ശാസ്ത്രത്തിനു തക്കവണ്ണം നുണ പറയാമെന്നും യാതൊരു അതിക്രമമെങ്കിലും നന്മയെന്നുപേരുവിളിച്ചാൽ പ്രവർത്തിച്ചുകൊള്ളാമെന്നും വച്ചു ഇതുവരെ അവരുടെ ശങ്കിൽ കാർത്തൊളിച്ചിരുന്ന ദുഷ്ടതകളൊക്കെയും സ്വാതന്ത്ര്യത്തോടുകൂടെ പുറത്താക്കുന്നതിനുള്ള വിസ്താരവഴി തുറന്നു ....... ഇവരുടെ ഇത്ര മഹാ രഹസ്യ ആലോചനകളും പ്രാണൻ വച്ചുകൊണ്ടുള്ള മഹാ വല്യ സത്യവും എന്തു വന്നാലും പിൻവാങ്ങുകയില്ലായെന്നുള്ള മൂർക്കതയും അതു സ്ഥിരപ്പെടുത്തുവാൻ മേല്പട്ടക്കാർക്കും തലവന്മാർക്കും വിരോധമായി പറഞ്ഞു നടത്തുന്ന നാനാവിധ ഭൂറുകളും അവരോടു കാണിക്കുന്ന ധിക്കാരങ്ങളും ആരുടെയെങ്കിലും എഴുത്തുകളെ പിടിക്കയും പൊട്ടിച്ചുവായിക്കയും ആരുടെയെങ്കിലും കയ്യൊപ്പിട്ടു കള്ള എഴുത്തുകളെ ഉണ്ടാക്കുകയും ആർക്കെങ്കിലും എഴുതുകയും എഴുതിക്കയും ജനങ്ങളിൽ മഹാ ഉതപ്പു പരസ്യമായിട്ടുണ്ടാകുന്നു എന്നു കണ്ടിട്ടും അവരെ കുത്തിവാശികേററികൊണ്ടു ചിരിക്കയും തങ്ങളെസഹായിക്കാതിരിക്കയൊ വിരോധിക്കയൊചെയ്യുന്നവരെക്കൊണ്ടു സകല ദൂഷണങ്ങളും പറഞ്ഞറിയിക്കയും പാടുള്ളടത്തോളം ഞെരുക്കുകയും എ

ന്നിങ്ങനെ എണ്ണിയാൽതീരാത്തവണ്ണം ഇവരുടെ ശങ്കിൽ പുറപ്പെടുന്ന നരകസർപ്പത്തിൻെറ വിഷം എവിടെനിന്നു്? .... .... .... ദുഷ്ക്രിയകളുടെ ആധിക്യംകണ്ടു് അരംമേനികരംകൂടെയും ഇവരെ വിഷസർപ്പങ്ങളെന്നും പിശാചുക്കളെന്നും പരസ്യമായി വിളിക്കാൻ മടിക്കുന്നില്ല .... .... ഇവർ തീവണ്ടിയെക്കാരം ശീഘ്രത്തിൽ നരകപാതാളത്തിലോട്ടുകടക്കുന്നു........ ഇതൊക്കെചെയ്തിട്ടും ദിനംപ്രതി ദിവ്യകുഞ്ഞാടിൻെറചോരയെ കുടിപ്പാൻ ഭയംകുടാതെ ചെല്ലുന്നു. ദിംപ്രതി സർവവല്ലഭൻെറ ബലിപീഠത്തിനു അണയുന്നതിനു മടിക്കുന്നില്ല. തമ്പുരാൻകർത്താവിൻെറ വീട്ടിൽ പാർത്തുകൊണ്ടു ഈ ഭയങ്കരദൈവദോഷങ്ങളെ ദിവസന്തോറും ഇരട്ടിക്കുന്നുഎന്നു കാണുമ്പോരം ഒടുക്കത്തെ അത്താഴത്തിൽ ദിവവ്യചെമ്മരിയാട്ടിൻ കുട്ടിയുടെ തിരുമേനിയെ ഉരംക്കൊള്ളുവാൻ മടിക്കാത്ത യൂദാസ്ക്കറിയോത്തായ്ക്കു കിട്ടിയപങ്കും ഫലവുമല്ലാതെ മറെറാന്നും ഇവർക്കുകിട്ടുമെന്നു തോന്നുന്നി... പുണ്യവാൻമാരെ ജനിപ്പിച്ചു കാർക്കുന്ന കൊവേലകളിൽ ഈ മിണ്ടാമാർഗ്ഗത്തിൻെറ കണ്ടെത്തിപ്പുകാരായ നരകപിശാചുക്കരം എങ്ങനെയുണ്ടായി എന്നോർക്കുമ്പോരം ബോധം ഭ്രമിക്കുന്നു .... .... റൂഹാദക്കുദിശാതമ്പുരാനോടു മറുത്തുള്ള ദോഷങ്ങരംക്കു സാമാന്യം പൊറുതിയില്ലാ എന്നായിരിരിക്കയിൽ നമ്മുടെ മക്കളായിരിക്കുന്ന ഇവർ ഈ പൊറുക്കാത്തദീനത്തിൽ ഉരംപ്പെട്ടു നശിച്ചുപോകുന്നല്ലൊ എന്നോർക്കയിൽ നമ്മുടെ ഹൃദയദു:ഖം എത്രയോഏറ്ററിക്കുന്നു .... .... ഈ നിർഭാഗ്യരുടെ നാശവും ഇവർമുഖാന്തിരത്താൽ ഉണ്ടാകുന്ന ആത്മനാശങ്ങളും ഭയങ്കരഉതപ്പു കലഹങ്ങളും കാണുമ്പോഴും നമ്മുടെ ഓമനമക്കളായിട്ടു മടിയിൽ ഇരുത്തിക്കൊണ്ടെന്നപോലെ വളർത്തിയവർ ഇതിനുമടിച്ചില്ലല്ലൊ നാമും ഇപ്പോരം ഇവരോടു പിതാവിൻെറ കടുപ്പമുള്ള വാക്കു പ്രയോഗിക്കേണ്ടിവന്നല്ലൊ എന്നോർക്കുമ്പോരം നമ്മുടെ ദു:ഖം വലിയതുതന്നെ .... .... ....

''ഇതു കൂടാതേയും ഇവരുടെ ശുദ്ധലാക്കി ന്നും പുണ്യ അരൂപിക്കും തക്കവണ്ണം രൂപതയുടേയും സഭയുടേയും നടത്തലും ഭരിപ്പും മേൽ ശ്രേഷ്ഠന്മാർക്കല്ലാ കീഴുള്ളവർക്കത്രെ വേണ്ടുന്നതു എന്നും ആയതല്ലാതെ മേലെ യജമാനന്മാർ വല്ലതും നടത്തുകയെന്നായിരുന്നാൽ അതൊക്കെയും അവരുടെ മനസ്സിനും സമ്മതത്തിനും തക്കവണ്ണം ആയിരിക്കണമെന്നുള്ള അഭിപ്രായവും ബോധവും ആയിരിക്കുന്ന ഇവർ ഇവരുടെ അഭിപ്രായത്തേയും പുണ്യ അരൂപിയേയും സ്ഥിരമായി നമുക്കു ബോധപ്പെടുത്തുന്നതിനായിട്ടു ബ. ലൂയീസു പട്ടക്കാരനും ഇല്ലാരിയോൻ പട്ടക്കാരനും കുറെ മുമ്പു ഒരു എഴുത്തു നമുക്കു അയച്ചു. ആയതിൽ നാം യാക്കോവു പട്ടക്കാരനെ കർമ്മേൽ കൊവേന്തയിലോട്ടു അയക്കയും മത്തായി പട്ടക്കാരനെ സഭയിൽനിന്നു തള്ളിക്കളയുകയും ചെയ്തതു അവർക്കു ബോധിക്കായ്കയാലെ ഒന്നുകിൽ നാം ചെയ്ത ഈ പ്രവർത്തി അബദ്ധമെന്നുറച്ചു അവരെ മുൻസ്ഥിതിയിൽ ആക്കിക്കൊള്ളണം ആയതല്ലെങ്കിൽ ഇവരെക്കൂടെയും സഭയിൽ നിന്നു തള്ളിക്കളയണമെന്നു നമ്മോടു അറിയിക്കുന്നു. എന്നു തന്നെയുമല്ല ആ എഴുത്തു നമുക്കു എത്തും മുമ്പിൽ ഇവർ ഇപ്രകാരം എഴുതിയെന്നും ഇവരുടെ അഭിപ്രായം എന്തായിരിക്കുന്നുവെന്നും എല്ലാവരോടും പറഞ്ഞറിയിക്കയും ഈ അടുത്ത സ്ഥലങ്ങളിൽ കൂടെയും ആ ശ്രുതി എത്തുകയും ചെയ്തു. എങ്കിലും ഇതു ഇവരുടെ വിചാരക്കുറവുകൊണ്ടു എഴുതിയതായിരിക്കും എന്നും പിന്നീടു വല്ല മനസ്താപത്തിന്റെ അടയാളം കാണിക്കുമെന്നും വെച്ചു ഇവരുടെ എഴുത്തിനു ഇതുവരെയും മറുപടി കൊടുത്തയക്കാതെ താമസിച്ചു. എന്നിട്ടും അവരുടെ ദുർബോധത്തിൽ സ്ഥിരപ്പെട്ടിരിക്കുന്നുവെന്നല്ലാതെ യാതൊരു ഫലവും കാണായ്കയാൽ ഇവരുടെ എഴുത്തിനു മറുപടി അയയ്ക്കുന്നു. നാം ദൈവതിരുമുമ്പാകെ നമുക്കുള്ള കടത്തിനു തക്കവണ്ണം നടത്തു

ന്ന കാര്യങ്ങളെ യാതൊരുത്തരുടെയും വാക്കും തന്നിഷ്ടവും മുഖാന്തിരത്താൽ മാററുവാനും നമ്മുടെ കടം നിറവേററാതിരിപ്പാനും പാടുള്ളതല്ല. ആകയാൽ ഇവരുടെ ഒന്നാമത്തെ അപേക്ഷപ്രകാരം ഈ എഴുത്തു കിട്ടിയാലുടൻ ഇവരെ സഭയിൽ നിന്നു തള്ളിക്കളയണം.... ....

''ഇതു മഞ്ഞുമ്മേൽ നമ്മുടെ അരമനയിൽനിന്നും 1876—ാം കാലം മകരം 15—ാംന്‌ (17)

(ഒപ്പ്)

Fr. Leonardo de S. Louis
Arch Epis Vic. AP.''

സന്യാസസഭയിൽനിന്നു പുറന്തള്ളിയ വൈദികരെക്കുറിച്ച് കുററപത്രങ്ങളിലില്ലാത്ത പല അപവാദങ്ങളും മിഷനറിമാർ പറഞ്ഞുപരത്തുന്നുണ്ടായിരുന്നു. മാർ ലൂയീസിൻെറ കൈയക്ഷരത്തിൽ എഴുതിയിട്ടുള്ളതും പഴേപറമ്പിൽ നിന്നു കിട്ടിയതുമായ ഒരു കൈയെഴുത്തു പുസ്തത്തിലാണ് ഈ വിവരങ്ങളുള്ളത്. 'ഇവർ രാത്രിയിൽ വിടന്മാരെപ്പോലെ ആശ്രമങ്ങളുക്കു പുറത്തു സഞ്ചരിക്കാറുണ്ടായിരുന്നുവെന്നായിരുന്നു ഈ ഗൂഢാപവാദങ്ങളിലൊന്ന്! കുമ്പസാരത്തിൽ ഇവർ യുവതികളെ വശീകരിക്കാറുണ്ടായിരുന്നുവെന്നാണ് മറെറാരപവാദം! കഠിനം! കഠിനം!! ലൂയീസച്ചൻ വേദനയോടുകൂടി പറയുന്നു: 'ഈ തള്ളപ്പെട്ടവർ ആകമാനമായി പട്ടിണിനിമിത്തം കൊവേന്തയിൽ കൂടിയവരല്ല. പിന്നെയോ ലോകത്തിൽ വേണ്ടുവോളം സ്വത്തുള്ളവരായിരുന്നു''18 ഇനി, ഇപ്പറയുന്ന വിധത്തിൽ ഇവർ തെററുകാരായിരുന്നെങ്കിൽ യാതൊരു നിയന്ത്രണങ്ങളുമില്ലാതെ ഇവരെ ഇടവകകളിലേയ്ക്കു പറഞ്ഞുവിട്ടത് എങ്ങ

---

17 Quoted I. C. Chacko, op, cit. P. 664-674
18 Ibid P. 185

നെ ന്യായീകരിക്കാം? മിഷനറിമാർ അപവാദങ്ങൾ പറഞ്ഞുപരത്തുക മാത്രമല്ല, മാർപ്പാപ്പയ്ക്ക് എഴുതി അയയ്ക്കുകയും ചെയ്തുവത്രേ!

1875 ജൂലൈമാസത്തിലാണല്ലൊ ആദ്യത്തെ അപേക്ഷ റോമിലേയ്ക്കു പോയത്. 1876 ജനുവരി 2–ാംനു- നിധീരിമാണിയച്ചൻെറ പുത്തൻകുർബാന. അതിനു മുമ്പുതന്നെ അഞ്ചുപേർ സന്യാസഭവനങ്ങളിൽനിന്നു പുറന്തള്ളപ്പെട്ടതായി തോന്നുന്നു. ആകെക്കൂടി നോക്കുമ്പോൾ ഈ ശിക്ഷണപരിപാടികളെല്ലാം നടന്നത് 1875 ഡിസംബർ, 1876 ജനുവരി മാസങ്ങളിലാണെന്നു കാണാം.

ഏഴുപേർ സന്യാസസഭയിൽനിന്നു പുറംതള്ളപ്പെട്ടു. ഏറെപ്പേരെ സ്ഥലം മാററി. മററു പലർക്കും സസ്പെൻഷൻ. ഇനിയും ചിലർക്കു കുററപത്രങ്ങൾ തയ്യാറായി വരുന്നു.

പുറന്തള്ളപ്പെട്ട ഏഴുപേരേയും ഉദ്ദേശിച്ചാണ് ''ഏഴു വ്യാകുലങ്ങൾ'' എന്ന് പിന്നീട് ശ്ലൈഹിക സന്ദർശകനായി വന്ന ബിഷപ്പ് ലീയോ മൗറീൻ പറഞ്ഞത്. വ്യാകുലതകളുടെ അക്കരെ ആനന്ദമാണല്ലൊ. കണ്ണുനീരിൻെറ മറുവശത്തു പുഞ്ചിരി; മഴയ്ക്കു ശേഷം സ്വച്ഛമായ നീലാകാശവും.

ശിക്ഷണവിധേയരായവരുടെ മാനസികതലത്തിലൂടെ ഒരു തീർത്ഥയാത്ര നടത്തുന്നതു നന്ന്. പററില്ലെങ്കിൽ, നിറയെ വീർത്ത അവരുടെ അന്തരാത്മാവിൻെറ ലോലചർമ്മത്തിൽ നിങ്ങളുടെ മൃദുലമായ കൈകൊണ്ടൊന്നു തൊട്ടു നോക്കൂ; ഒരു സ്പന്ദനം അനുഭവപ്പെടും: ''ഒരാദർശത്തിനുവേണ്ടി വിശുദ്ധസമരത്തിലേർപ്പെട്ടവന്നുള്ള ആഹ്ളാദം ഞങ്ങൾക്കനുഭവപ്പെട്ടു .... .... ഞങ്ങളുടെ പ്രധാനമാസ്റ്റർം ശരി

യായിരിക്കുന്നിടത്തോളം കാലം കുറച്ചു പുഴികളും കായലുകളുമൊക്കെ സാരമില്ലാത്തവയാണ്.''19

ലൂയീസച്ചൻ ആവൃതിയുടെ മതിൽക്കെട്ടിന്നുള്ളിൽ നിന്നു പുറത്തു കടന്നു. ആചാര്യകല്പനായ ഡോസ്റ്റോയെവ്സ്കി പറഞ്ഞതുപോലെ, ലോകത്തിൽ ഒരു സന്യാസിയെപ്പോലെ ജീവിക്കാൻ വേണ്ടിത്തന്നെ. നേരെ പുളിങ്കുന്നിലേയ്ക്കാണു പോയത്; വേദനിക്കുന്ന ഹൃദയത്തോടേ; അപമാനഭാരത്തോടേ. ഉന്മേഷത്തികവിൽ, ഊർജ്ജസ്വലതയോടേ വീട്ടിൽ നിന്നിറങ്ങിപ്പോയതാണ്, കോവേന്തയിൽ ച്ചേരാൻ; സന്യാസവസ്ത്രം ഉരിഞ്ഞുമാററി, അധോമുഖനായിതിരിച്ചു വന്നു. ആദ്യ നാളുകളിൽ അധികമൊന്നും പുറത്തിറങ്ങാതെ കഴിച്ചുകൂട്ടി. മാന്നാനത്തു നിന്നു പോന്നശേഷം, അവിടെ നടന്നനാല്പതുമണിയാരാധനയ്ക്കു പോലും പോയില്ല: ''ഞാൻ ആരാധനയ്ക്കു പോയില്ലാഞ്ഞു. ഉടുപ്പു മാററിയതിൻെറ ശേഷം ഏറെ ആളു കൂടുന്ന സ്ഥലത്തിൽ കൂടാനുള്ള നാണം കൊണ്ട് .... .... പോയില്ലാഞ്ഞു.20''. അദ്ദേഹത്തിൻെറ ആത്മാവിൻെറ ആഴങ്ങളിലേയ്ക്ക് ഒന്നു പാളിനോക്കാൻ ഈ വാക്കുകൾ മതിയല്ലൊ.

അപമാനബോധത്തിൻേറയും വേദനയുടേയും ആദ്യത്തെകത്തിപ്പടരൽ തെല്ലൊന്നു എരിഞ്ഞടങ്ങിയപ്പോൾ, ലൂയീസച്ചൻ വീണ്ടും കർമ്മനിരതനായി. പരിശുദ്ധപിതാവിനൊരു ടെലഗ്രാം: ''ഒരു പ്രത്യേകമെത്രാനെ ചോദിച്ചുകൊണ്ടു് ഞങ്ങൾ തിരുസിംഹാസനത്തിലേയ്ക്കു എഴുതിയതുകൊണ്ടു്, വിചാരണയൊന്നും കൂടാതെ ഏഴുസന്യാസികളെ സഭയിൽ നിന്നു പുറംതള്ളിയിരിക്കുന്നു. നാലുപേർകൂടി പുറംതള്ളപ്പെടാൻ പോകുന്നു. ഒരാശ്രമം ഇപ്പഴേശൂ

19. Jawaharlul Nehru, op. cit., P. 69, 72
20. Quoted in I. C. Chacko, op. cit., P. 192

ന്യമായിക്കഴിഞ്ഞു; മറ്റൊന്നുകൂടി ശൂന്യമാകാൻ പോകുന്നു. സന്യാസികളെ അവരുടെ ആശ്രമങ്ങളിൽനിന്നും രൂപതാവൈദികരെ അവരുടെ ഇടവകകളിൽനിന്നും ബഹിഷ്കരിക്കുന്നതു നിറുത്താൻ മെത്രാപ്പോലീത്തയ്ക്കു കല്പനഅയക്കണമെന്നു് സന്യാസികളായഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു; സന്യാസഭവനത്തിൽനിന്നു പുറത്തുവിടപ്പെട്ടവർ കററക്കാരാണോ എന്ന് ഒരു അപ്പസ്തോലിക് കൊമ്മിസ്സറിയെ അയച്ച് അന്വേഷിപ്പിക്കുകയും ചെയ്യണമേ.21''

ഇതിനിടെ, ആമ്പല്ലൂർ പാറപ്പുറത്തു ഗീവറുഗീസച്ചനും ചക്കരക്കടവ് മൂഞ്ഞേലിൽ തോമസച്ചനും തങ്ങളെ സന്യാസസഭയിൽനിന്നു ബഹിഷ്ക്കരിച്ചുകൊണ്ടുള്ള കല്പനകിട്ടിക്കഴിഞ്ഞിരുന്നു. അതുപ്രയോഗത്തിലാവുംമുമ്പേ മുകളിൽക്കണ്ടടെലഗ്രാം ഫലയോഗത്തിലായി. മെത്രാപ്പോലീത്തയ്ക്കു റോമിൽ നിന്നൊരു കമ്പി: ''മേലിൽ ആരേയും സന്യാസഭവനങ്ങളിൽനിന്നു ബഹിഷ്കരിക്കരുത്22.'' അധികാരികൾ ഇതുരഹസ്യമാക്കിവച്ചു. എന്നിട്ടു്, വറുഗീസച്ചനും തോമസച്ചനും 'പശ്ചാത്തപിച്ചു കണ്ണുനീർ ചിന്തിയതുകൊണ്ട്' മാപ്പുകൊടുത്ത് അനുഗ്രഹിച്ചു!.

21. Mar Louis., op. cit., Part III P. 103, 104
22. Ibid. P 105

ആറ്

# ശ്ലൈഹികസന്ദർശകൻ

കേരളസഭയിൽ എന്തോ പന്തികേടുകളുണ്ടെന്ന് റോമിനു ബോദ്ധ്യമായി. അന്വേഷണത്തെ നേരിടാൻ പരാതിക്കാർ കാണിക്കുന്ന ആർജ്ജവബുദ്ധി അപേക്ഷകളിലെ ശ്രദ്ധേയമായൊരു ഘടകമാണ്. 'അന്വേഷിക്കുകതന്നെ,' റോം തീരുമാനിച്ചു. 1876 മാർച്ച് 24-ാംനു- ബോംബെ മെത്രാനായിരുന്ന മോൺ ലിയോ മൗറീൻ ശ്ലൈഹികസന്ദർശകനായി നിയമിതനായി. ലൂയിസച്ചനും കൂട്ടരും ഭാരതത്തിലെ മെത്രാൻമാർക്കു സഹായാഭ്യർത്ഥന അയച്ച വ്യവരം മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ടല്ലൊ. അറിയുന്നിടത്തോളം ബോംബെമെത്രാൻ മാത്രമാണ് വ്യക്തമായ സഹായവാഗ്ദാനം ചെയ്തത്. മാത്രമല്ല, അദ്ദേഹം തിരുസിംഹാസനത്തിലേയ്ക്ക് എഴുതുകയും ചെയ്തു.1 ഇതുകൊണ്ടാവാം, അദ്ദഹംതന്നെ അപ്പസ്തോലിക് വിസിററായി നിയമിതനായത്.

ശ്ലൈഹികസന്ദർശകൻെറ നിയമനം സ്വയംഭരണവാദികളുടെ വിജയമായിരുന്നു; വിദേശ മിഷനറിമാരുടെ പരാജയവും. 1876 മെയ് 4-ാംനു- മോൺ. മൗറിൻ കൊച്ചിയിലെത്തി.2 സ്വീകരിക്കാൻ ആരുമെത്തിയിരുന്നില്ല. താൻ വരുന്ന വിവരം അദ്ദേഹം

---

1 Mar Louis, Op cit part IV P41-43
2 Ibid Part III P 107

തീർച്ചയായും മോൺ. ലെയൊനാർഡിനെ അറിയി ച്ചിരുന്നിരിക്കണം. ഈ സന്ദർശനവും അന്വേഷണ വും തങ്ങൾക്ക് സ്വീകാര്യമല്ലെന്നൊ അഥവാ, തങ്ങൾ അത്ര കാര്യമാക്കുന്നില്ലെന്നൊ ആകാം, ഈ അവഗണ നയ്ക്കർത്ഥം. കൊച്ചിപ്പള്ളിയിലെ മിഷനറി അ യച്ചുകൊടുത്ത ഉന്തുവണ്ടിയിൽ മോൺ. മൗറീൻ കൊ ച്ചീക്കോട്ടയിലെ പള്ളിയിലെത്തി. ദിവ്യബലിയർ പ്പിച്ച് അവിടെ കഴിയുമ്പോഴുണ്ട്, ഫാ. കാൻഡി ഡസ് വരുന്നു. അദ്ദേഹം സന്ദർശകനെ വരാപ്പുഴയ് ക്കു ക്ഷണിച്ചു. ഒരിടത്തു ചെല്ലുമ്പോൾ ആദ്യമേ സ്ഥലത്തെ അധികാരിയെ കാണുന്നതാണല്ലൊ ഔചി ത്യം. അദ്ദേഹം യാത്രയായി; മെത്രാപ്പോലീത്ത മഞ്ഞു മ്മേലായിരുന്നു; നേരെ അങ്ങോട്ട്. "മഞ്ഞുമ്മേൽ ചെന്ന സമയം കച്ചേരിവാതുക്കൽ മെത്രാപ്പോലീത്താ ച്ചൻ വന്ന് എതിരേററ് മുകളിലേക്കു കൊണ്ടുപോ യി.3" അവരെന്തെല്ലാം സംസാരിച്ചിരിക്കാം? 'കൊ വേന്തയിൽനിന്നു തള്ളപ്പെട്ടവരെക്കുറിച്ച് ഇല്ലാത്ത ഏ റിയ അപവാദകുററങ്ങളൊക്കെ പറഞ്ഞു കേൾപ്പിച്ചു. മുമ്പിൽ എഴുത്താലെ പറഞ്ഞിരുന്നതെല്ലാം വാക്കാലെ വിസ്തരിച്ചു. അതിൽ ഒരു അന്യായകുററം, കൊ വേന്തയിൽനിന്നു തള്ളപ്പെട്ടവർ രാത്രിസമയം വീടുക ളിൽപോയനിമിത്തം തള്ളിയിരിക്കുന്നു"4 എന്നാ ണ്. അങ്ങനെ പലതും.

മുഖ്യമായും രണ്ടുകാര്യങ്ങൾ ആലോചനാവിഷയ ങ്ങളായി; ദ്വിഭാഷിയും വിചാരണസ്ഥലവും. മിഷ നറിമാർ തങ്ങൾക്ക് അരുനിൽക്കുന്ന വ്യക്തികളുടെ പേരുകൾ നിർദ്ദേശിച്ചു: തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനിണങ്ങുന്ന സ്ഥലങ്ങളും സൂചിപ്പി ച്ചു. പക്ഷേ, രണ്ടുകാര്യത്തിലും അവരുടെ നിർദ്ദേ ശങ്ങളെ മറികടന്നുള്ള തീരുമാനങ്ങളാണ് വിസിററർ എടുത്തത്. നിധീരിക്കൽ മാണിയച്ചൻ ദ്വിഭാഷി; മാന്നാനം വിചാരണസ്ഥലം.

---

3 Quated in I C Chacko Op cit P 209
4 Ibid P 210

മാണിഷച്ചൻ വന്നെത്താൻ വൈകി. അതിനിട യിൽ വിസിററുടെ ആഗമനമറിഞ്ഞ് ശങ്കൂരിക്കൽ പൗലോസച്ചൻ കൊച്ചിയിലെത്തി അദ്ദേഹത്തെ സന്ദർ ശിച്ചു. അവരുടെ സംഭാഷണത്തിലെ ചില പ്രസ ക്തഭാഗങ്ങൾ ലൂയീസച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആശ്രമങ്ങളിൽനിന്ന് താനുൾപ്പെടെ ഏഴുപേരെ നി ഷ്ക്കാസനം ചെയ്ത സാഹചര്യം അദ്ദേഹം വ്യക്ത മാക്കി. ''ഇക്കാര്യത്തിൽ ജനങ്ങളുടേയും പട്ടക്കാരു ടേയും ആഗ്രഹമെന്തെന്നും എന്തുമാത്രമുണ്ടെന്നും വ രാപ്പുഴക്കാരുടെ നേരെ ജനങ്ങൾക്കുള്ള വെറുപ്പും വി വരമായിട്ടു കാണിച്ചതുകുടാതെ തള്ളപ്പെട്ട കാരണം റോമായ്ക്കെഴുതിയതത്രേ എന്നും ഇവരെ തള്ളിക്കൊ ണ്ട് ഒന്നു നല്ലവണ്ണം ഭയപ്പെടുത്തിയാൽ ഈ കൂട്ടം കെട്ടുപോകുമെന്നും ഇനി ഇതിനു തുനിയുന്ന ഒരു ത്തനും ഈ മലയാളത്തിൽ ഉണ്ടാകുകയില്ലെന്നും ത ട്ടാശ്ശേരിയും കാംദി (ദൂസ്) പാദ്രിയും ഗുണദോ ഷിക്കകൊണ്ടു ചെയ്തെന്ന്''5 അദ്ദേഹം ധരിപ്പിച്ചു.

''ആയതുകൊണ്ടല്ല, രാത്രിസമയം നിങ്ങൾ വീ ട്ടിൽ പോകകൊണ്ടാകുന്നു നിങ്ങളെ തള്ളിയത്'' മോൺ. മൗറീൻ.

''ആയത് ഒരുനാളും ഞങ്ങൾ ചെയ്തിട്ടില്ല. ഞങ്ങൾ യാതൊരുത്തരെങ്കിലും ഒരുനാളും സന്ധ്യ കഴിഞ്ഞിട്ട് വീട്ടിൽ പോയിട്ടുമില്ല, താമസിച്ചിട്ടു മില്ല. വഴിയാത്ര കഴിക്കുന്ന സമയം പള്ളി സമീപ ത്തില്ലാതെ പോയാൽ, വള്ളത്തിൽ ഞങ്ങൾ താമസി ച്ചതല്ലാതെ വീട്ടിൽ ഇറങ്ങി ഞങ്ങൾ താമസിച്ചിട്ടില്ല.''

''ആട്ടെ, ഇതു ഞാൻ വിസ്താരം കഴിക്കും. താൻ പറഞ്ഞതു നേരെന്ന് എനിയ്ക്കുറപ്പുണ്ടെങ്കി ലും, ഒരു മെത്രാൻ നിങ്ങളെക്കൊണ്ടിങ്ങനെ പറഞ്ഞ് നിങ്ങളെ ശിക്ഷിച്ചിരിക്കയിൽ വിസ്താരം കഴി ക്കാതിരിക്കാൻ മേല.''

5 I. C. Chacko op. cit, p. 214

## ലൂയീസച്ചൻ മോൺ. മൗറീനെ സന്ദർശിക്കുന്നു

മാന്നാനത്ത് നാല്പതുമണിയാരാധന നടന്നുകൊണ്ടിരിക്കുമ്പോളാണ് വിസിററുടെ ആഗമനവിവരം അവിടെയെത്തിയത്. അദ്ദേഹത്തെ മാന്നാനത്തേയ്ക്കു ക്ഷണിക്കുന്ന കത്ത് പ്രയർ ജനറൽ ആരാധനയ്ക്കുവന്നെത്തിയ മത്തായിയച്ചൻ, ഹില്ലാരിയനച്ചൻ എന്നിവർ വശംകൊടുത്തയച്ചു. മാന്നാനം വിചാരണ കേന്ദ്രമായി നിശ്ചയിച്ച വിവരവുമായി അവർ തിരിച്ചെത്തുകയും ചെയ്തു. ലൂയീസച്ചൻ നാല്പതുമണിയാരാധനയ്ക്കു പോയില്ലെന്ന് മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ടല്ലോ. വിസിററുടെ ആഗമനവാർത്ത പുളിങ്കുന്നിലെത്തേണ്ടതാമസം; ആരം മാന്നാനത്തെത്തി. സമ്മേളനവും വിചാരണയും മാന്നാനത്തുവച്ചായിരിക്കുമെന്നല്ലാതെ മോൺ. മൗറീൻ എന്നാണവിടെ എത്തുക എന്നു നിശ്ചയമില്ലായിരുന്നു. തങ്ങളുടെ അപേക്ഷയനുസരിച്ച് മാർപ്പാപ്പ അയക്കുന്ന പ്രതിനിധിയല്ലേ? ഉചിതമായൊരു വരവേല്പു നൽകണം. അതിന്, തിയതി കൃത്യമായറിഞ്ഞേ പററൂ 'ലൂയീസച്ചൻ തന്നെ പോയിവരട്ടെ' എന്നായി. പ്രയർജനറലിൻേറതായ എഴുത്ത് ലൂയീസച്ചൻ തന്നെ എഴുതി; ലത്തീനിൽ. പോരൂക്കരയച്ചൻ ഒപ്പുവച്ചു. അതുമായി ലൂയീസച്ചൻ കൊച്ചിയിലേയ്ക്ക് യാത്രയായി.

മൊൺ. മൗറീനും താനുമായി നടന്ന ആ ആദ്യത്തെ കൂടിക്കാഴ്ച, ലൂയീസച്ചൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്:

''താൻ ആരാണ്?—മോൺ മൗറീൻ

''ഞാൻ, ലൂയീസ്''—

''ഓ! ഹോ! ലൂയിസുതന്നെയോ? തന്നെ ഒരിക്കലും ഞാൻ കണ്ടിട്ടില്ല. എങ്കിലും നല്ലവണ്ണംതന്നെ അറിയും. തൻെറ പേരുനല്ലവണ്ണം ഞാൻ അറിയും. തൻെറ അക്ഷരവും നല്ലവണ്ണം ഞാൻ അറിയും. ഓ! ഹോ! ലൂയീസ്! സൗഖ്യമോ! കണ്ടിട്ടു ബഹുദീനക്കാരൻ! എങ്ങനെയിരിക്കുന്നു?''6

ലൂയീസച്ചൻ പ്രകൃത്യാ കൃശശരീരനായിരുന്നു. അതുകൊണ്ടാണ്, 'ബഹുദീനക്കാരൻ' എന്നു വിസിററർ വിശേഷിപ്പിച്ചത്. എന്നാൽ, ഈ മനുഷ്യൻെറ മനക്കരുത്ത് അദ്ദേഹം കണ്ടറിയാനിരിക്കുന്നേയുള്ളു. ഗാന്ധിജി പറഞ്ഞില്ലേ, ''തടി മിടുക്കിൽ നിന്നല്ല കരുത്തുണ്ടാവുന്നത്; അദമ്യമായ ഇച്ഛാശക്തിയിൽ നിന്നാണ്7'' എന്ന്. ലൂയീസച്ചൻെറ കാര്യത്തിലും ഇതു വളരെ ശരിയായിരുന്നു.

സംസാരത്തിൽനിന്ന് വിസിററർ ലൂയീസച്ചനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നോ എന്നുതോന്നും. മേയ് 18-ാം നു- മാന്നാനത്തെത്തുന്നു എന്നു തിയതി നിശ്ചയിച്ചു. അങ്ങനെയവസാനിച്ചു, ചരിത്രപുരുഷൻെറ ആദ്യത്തെ കൂടിക്കാഴ്ച.

ഈസമയത്ത് മിഷനറിമാർ ഉറങ്ങുകയായിരുന്നില്ല. ഭിഭാഷിയുടേയും സമ്മേളനസ്ഥലത്തിൻേറയും കാര്യം വിചാരിച്ചതുപോലായില്ലെങ്കിലും തങ്ങൾക്കനുകൂലമായി അഭിപ്രായം സംഘടിപ്പിക്കാൻ അവർ കിണഞ്ഞു പരിശ്രമിക്കുന്നുണ്ടായിരുന്നു. ''വരാപ്പുഴമെത്രാനച്ചൻ നല്ലമെത്രാനച്ചനാകുന്നു. ഈ മെത്രാനച്ചൻതന്നെമതി. ഈദേഹമല്ലാതെ വേറെ മെത്രാൻ ആവശ്യമില്ല 8 '' എന്നാണ് വരാപ്പുഴപ്പക്ഷക്കാർ ശ്ലൈഹികസന്ദർശകനു സമർപ്പിച്ചനിവേദനം. കാ

6 Quoted in I. C. Chacko, op. cit P. 220
7 Mahatma Gandhi, 'The Doctrine of the sword.'
8 Quoted in I. C. Chacko op. cit. P. 223

പ്പിലച്ചൻ, കാനാട്ടച്ചൻ, തട്ടാശ്ശേരിലച്ചൻ, ചുള്ളിയ ച്ചൻ എന്നീനാലുപേർ രൂപതയുടെ നാലുമേഖലക ളിൽനിന്ന് ഒപ്പുശേഖരിച്ചു. ''ശിഷ്യരെക്കൊണ്ടും പേടിയും സമ്മാനവും സഖ്യതയും കാണിച്ച് ഒപ്പി ടിച്ചു 9.'' കാപ്പിലച്ചന് നാലും കാനാട്ടച്ചനു പതി നഞ്ചും തട്ടാശ്ശേരിലച്ചന് എട്ടും ഒപ്പുകൾ കിട്ടിയെ ന്ന് ലൂയീസച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. ചുള്ളിയ ച്ചന് എത്ര ഒപ്പുകൾ കിട്ടിയെന്നുകാണുന്നില്ല. ഇത്ര യേ വരു എന്നൂഹിക്കാമല്ലോ.

**മാന്നാനത്തേയ്ക്ക്**

മേയ് 18–ാം നു- മാന്നാനത്തേയ്ക്ക് എന്നാണ ല്ലോ വിസിററർ നിശ്ചയിച്ചത്. ഒട്ടേറെസ്ഥലങ്ങ ളിൽ അറിയിക്കാനുണ്ട്. ആവശ്യമായ ഒരുക്ക ങ്ങൾചെയ്യണം. വരവേല്പുമോടിയാക്കണം. എല്ലാററി നുംകൂടിസമയം മതിയാവില്ല. സന്ദർശനം 21–ാം നു- യ്ക്കു മാററാമോ എന്നുപ്രിയർ ജനറൽ എഴുതിച്ചോ ദിച്ചു. അനുകൂലമായ മറുപടിയും വന്നു.

മേയ് 21– ഞായർ. രാവിലേ ദിവ്യബലികഴി ഞ്ഞു ശ്ലൈഹികസന്ദർശകനെ കൊച്ചിയിൽനിന്ന് എതിരേററു. കുമ്പളത്തുപള്ളിയിൽ ഉച്ചഭക്ഷണം കഴിച്ചു. വൈകിട്ടുതൈക്കാട്ടുശ്ശേരി പള്ളിയിലെ ത്തി. ആ രാത്രി അവിടെകഴിച്ചു. മേയ് 22. രാവി ലെ പത്തുമണിക്കു മാന്നാനത്തേക്കു തിരിച്ചു. ഹൃ ദയംഗമമായ സ്വാഗതം. ഉജ്ജ്വലമായവരവേല്പ്. 'ക ഴിഞ്ഞ എഴുപത്താറു വർഷങ്ങളായി ഇത്രഗംഭീരമാ യൊരുവരവേല്പു മലയാളക്കര ദർശിച്ചിട്ടേയില്ല'' 10 1876 ജൂൺ മൂന്നാം തിയതിയിലെ കാത്തലിക് എക്സാമിനർ റിപ്പോർട്ടു ചെയ്തു. ഇത്ര മഹത്താ

9 Ibid P. 225
10 Bombay Catholic Examiner, June 3, 1876

യൊരു സ്വീകരണം ഞാൻ ഒരിക്കലും കണ്ടിട്ടില്ല 11''
എന്നാണു മോൺ. മൗറീൻതന്നെ ഇതെക്കുറിച്ചുപറഞ്ഞത്. സ്വന്തം റീത്തിൽപ്പെട്ട ഒരുമെത്രാനെ തങ്ങൾക്കുമാത്രമായികിട്ടാൻ ഇവിടത്തെ സുറിയാനിക്കാർക്ക് നൂററാണ്ടുകളായുണ്ടായ അഭിലാഷം ഊററം കൊണ്ട് കൊച്ചിയിൽനിന്നു മാന്നാനത്തേയ്ക്കു ശക്തമായൊരു പ്രവാഹംതന്നെ സൃഷ്ടിച്ചു. അപ്രതിഹതമായ ഒഴുക്ക്. അടങ്ങാത്ത ആവേശത്തിൻെറ തിരത്തല്ലൽ, ലൂയീസച്ചൻെറ വാക്കുകൾതന്നെപകർത്തട്ടെ:

''വെള്ളിക്കുരിശുകളും ശ്ലീഹാളുകളും കൊടികളും കൊടകളും പിടിച്ചുകൊണ്ട് മെത്രാനച്ചനെ എതിരേററു ബോട്ടിൽ കയററി ഓപ്പയിട്ട ദർശനക്കാരു പള്ളിതൊട്ടു കടലുവരെ മെത്രാനച്ചനുപാലികപിടിച്ചിരുന്നു. റബേക്കകൊട്ടുകാരും തമ്പേറുകൊട്ടുകാരും മററുകൊട്ടുകാരും അവരുടെ വാദ്യങ്ങളെ വായിച്ചിരുന്നു.'' കൊച്ചിയിൽനിന്നു സ്വീകരിക്കുകയാണ്. ആറു നിറയെ വള്ളങ്ങൾ. അവ നിറയെ ആളുകൾ. അന്തരീക്ഷത്തെ മുഖരിതമാക്കുന്ന വാദ്യഘോഷങ്ങൾ. അലയടിച്ചുയരുന്ന ആഹ്ളാദത്തിമർപ്പ്. അങ്ങനെ തൈക്കാട്ടുശേരിയിലെത്തി. ഇവിടെനിന്നാണ് 'തനിസ്വീകരണം' തുടങ്ങുന്നത്. ഇതുവരെയുള്ളതു മുഖവുരമാത്രം.

22—ാംനു- രാവിലെ ദിവ്യബലികഴിഞ്ഞ് വിസിററർ മാന്നാനത്തേയ്ക്കു ബോട്ടുകയറി. കൂട്ടത്തിൽ സെക്രട്ടറി ഫാ. ക്ളാർക്ക്, ദ്വിഭാഷി ഫാ. മാണി പ്രയർ ജനറലിൻെറ പ്രതിനിധി ഫാ. ചാണ്ടി കട്ടക്കയത്തിൽ എന്നിവരും വേറെ രണ്ടച്ചൻമാരും അതേ ബോട്ടിൽ.

ലൂയീസച്ചൻ തുടരുന്നു: ''ഇതാ! തെക്കുനിന്നു പള്ളിക്കാരര കായൽനിറയെ വള്ളങ്ങളോടുകുടെ വ

11 Ibid

ന്നിരിക്കുന്നു. മെത്രാനച്ചൻ പുറപ്പെട്ടപ്പോൾ 10 മണിയായിരുന്നു. ഇതാ! പട്ടാങ്ങയായിട്ടു എതിരേല്പെന്നു പറയുന്നതു തുടങ്ങിയിരിക്കുന്നു. പലതരമുള്ള വള്ളങ്ങളും പല ഭാഷയുള്ള വള്ളങ്ങളും പല വലിപ്പമുള്ള വള്ളങ്ങളും മുമ്പും പുറകിലും വലത്തും ഇടത്തും ചുററുമായി വന്നു കൂട്ടായി കളി തുടങ്ങി. തെക്കുനിന്നു വന്ന എല്ലാ വള്ളങ്ങളും തൈക്കാട്ടുശേരിവരെ ചെന്നില്ല. മിക്കതും പുഴമുഖത്തു കിടന്നിരുന്നു. കായലിലിറങ്ങിയപ്പോളത്രേ ഇതുവരെ മലയാളത്തിലുണ്ടാകാത്തതായ ആഘോഷമുള്ള എതിരേൽപ്. ചുണ്ടൻവള്ളങ്ങളും വെപ്പുവള്ളങ്ങളും ബോട്ടുകളും ഓടികളും മററു ഏറിയ ചെറുതരം വള്ളങ്ങളും കൊണ്ടു കായൽ നിറഞ്ഞിരുന്നു. ചുണ്ടൻവള്ളങ്ങളിലും വെപ്പുവള്ളങ്ങളിലും ഓരോരോ വെള്ളിക്കുരിശുകളും പട്ടക്കാരും ദർശനക്കാരും മുത്തുക്കുടകളുമുണ്ടായിരുന്നു. മിക്ക വള്ളങ്ങളിലും അമരത്തും തലക്കലും ചുമപ്പു വെള്ള മഞ്ഞ മുതലായ കൊടികളുമുണ്ടായിരുന്നു. പല വള്ളങ്ങളിലും ഓരോ വള്ളത്തേൽ ഏറിയ കൊടികളുണ്ടായിരുന്നു. ചുണ്ടൻേറയും വെപ്പുവള്ളങ്ങളുടേയും അമരം തലകരം വെള്ളികൊണ്ടും മററുമുള്ള കുമളകരം കൊണ്ടുവാർത്തുകെട്ടിയതായിരുന്നു. ഈ വള്ളങ്ങളിൽ പലതിലും തമ്പേറുകളും പാണ്ടിവാദ്യങ്ങളും റബേക്കകൊട്ടും കൈമണികളും വല്യമണികളുമുണ്ടായിരുന്നു. പെണ്ണാതോട്ടിൻേറ വാതുക്കൽനിന്നു പടിഞ്ഞാട്ടു നോക്കിയാൽ കൊടിയും കൊടയും കുരിശുകളും വെള്ളമുണ്ടുടുത്ത ആളുകരംകൊണ്ടു നിറഞ്ഞ വള്ളങ്ങളുമല്ലാതെ കായലു കാൺമാനില്ലാഞ്ഞു. ഞാൻ പടിഞ്ഞാട്ടു തോട്ടിൻേറ വാതുക്കൽനിന്നു നോക്കിയ സമയം ഈ അതിശയകാഴ്ച കണ്ടപ്പോരം എൻേറ ഹൃദയത്തിലുണ്ടായ ഇളക്കവും സന്തോഷവും ഇനി ആകാശത്തിലല്ലാതെ ഭൂമിയിൽ കിട്ടുകയില്ല.

''അടുത്തുവരുന്ന സമയം പോയിം പോയിം എന്നുള്ള നിലവിളികൊണ്ടും കൊട്ടുകൊണ്ടും മണിസ്വ

രംകൊണ്ടും ചെവി തന്നരിച്ചുപോകും. ഓരോരോ വള്ളങ്ങളിലും ബോട്ടുകളിലും ഓരോ പാട്ടുകാരുണ്ട്. കളിവള്ളങ്ങളിലെ പാട്ടുവേറെ. ബോട്ടുകളിലെ പാട്ടു വേറെ. ഇവരെല്ലാം പാടുന്ന നേരത്തെ സ്വരവും പോയിം പോയിം എന്ന ആർപ്പിടുന്ന സ്വരവും ശുദ്ധ: മാർപ്പാപ്പാ വാഴ്ക, തന്റെ സ്ഥാനപതിയായ വിസിത്തദോരുമെത്രാനച്ചൻ വാഴ്ക വാഴ്ക എന്ന ആർപ്പിടുന്ന സമയം ഇടവിതാനം കീറിപ്പോകുന്നെന്നു തോന്നും. ഈ സ്വരത്തിന്റെ ആധിക്യമറിയണമോ ആരപ്പെരുപ്പം നോക്കണം. വള്ളമെല്ലാംകൂടെ മുന്നൂറിലധികമുണ്ടായിരുന്നു. ഓരോ വള്ളത്തിൽ പത്തുള്ളതും ഇരുപതുള്ളതും അൻപതുള്ളതും നൂറുള്ളതുമുണ്ടായിരുന്നു. ഇതെല്ലാം മെത്രാനച്ചന്റെ ബോട്ടിന്റെ മുൻപും പിൻപും ഇടത്തും വലത്തും കിടന്നിരുന്നു. ഈ വള്ളങ്ങളിൽ ആറു ചുണ്ടൻവള്ളങ്ങളുണ്ടായിരുന്നു. ഇതിൽ അറുപതും എഴുപതും തുഴക്കാർ കേറീട്ടുണ്ടായിരുന്നു. ഇരുപതു ബോട്ടുകളുണ്ടായിരുന്നു. ഇതിൽ പ്രധാനം പേഷ്കാരിന്റെ ബോട്ടായിരുന്നു. മേൽപറഞ്ഞ കുരിശുകളും മററും കൂടാതെ മെത്രാനച്ചന്റെ ബഹുമാനത്തിനു വിട്ട നാലു വാളൂരിയ സേവകരുണ്ടായിരുന്നു. ഇതെല്ലാം കൂടെ തോട്ടിന്റെ വാതുക്കൽവന്നു. എന്നാൽ, തോട്ടിന്റെ വാതൽ മണ്ണുകേറി പൊങ്ങിയതായിരുന്നു. ആയതു വെട്ടിത്താത്തു ഇത്ര വല്യ വള്ളങ്ങരംക്കു ഒരു വഴിയുണ്ടാക്കുന്നതിനു അതിന്നു മുമ്പുള്ള ദിവസങ്ങളിൽ ഏറിയ ആളുകരം വേല എടുത്തിരുന്നു. ഇതാ, തോട്ടിൽ കേറുന്നു. ഓരോന്നോരോന്നു കേറുന്നു. മെത്രാനച്ചന്റെ വള്ളത്തിനു മുമ്പും പിറകുമായി മുമ്പിൽ കിടക്കുന്ന വള്ളവും പിമ്പിൽ കിടക്കുന്ന വള്ളവുമായിട്ടു രണ്ടു നാഴിക ദൂരമുണ്ടായിരുന്നു. തോട്ടിൽ വള്ളങ്ങരം തിങ്ങിയിരുന്നു. വലിക്കുന്ന തണ്ടുപങ്കായം തുഴ മുതലായ ആയുധങ്ങളുടെ ആധിക്യംകൊണ്ടു വെള്ളമെല്ലാം ചെളിപോലെ കലങ്ങി മറിഞ്ഞിരുന്നു. സ്വരങ്ങരംകൊണ്ടു ചെവികേരംക്കാൻ മേലാ

ത്തവണ്ണമായിരുന്നു. ഈ എതിരേല്പിന്നായിട്ടു പുത്തൻ കൂററുകാരും വള്ളങ്ങരം കൊണ്ടുവന്നു. അതിലും കുടയും കൊടിയുമുണ്ടായിരുന്നു. ഇങ്ങനെ കോലാഹലമായിട്ടു മഴുവന്നൂരമുട്ടേൽ വന്നു. ആ മുട്ടും തോട്ടുവായ്ക്കരെ കുഴിച്ചതുപോലെ ഏറിയ ആളുകരം പല ദിവസങ്ങളായിട്ടു കുഴിച്ചിരുന്നു. ഏങ്കിലും ബോട്ടുകളുടെ വലിപ്പംകൊണ്ടു ഉറച്ചു. എന്നാൽ വലിച്ചിടുന്നതിന്നായിട്ടു ഒത്തിരി പുതുക്രിസ്തവര ആസ്തമായി നിന്നിരുന്നു. ഉറച്ച ഉടൻ മെത്രാനച്ചൻെറ ബോട്ടു എടുത്തു അപ്പുറത്തുവച്ചു. അതിൻെറശേഷം മററു ബോട്ടുകളെയും. അവിടെ പുത്തൻ കൂററുകാരച്ചന്മാരു എതിരേൽപു കാൺമാൻ വന്നുനിന്നിരുന്നു. ആ വീട്ടിൽ വിളക്കും കത്തിച്ചിരുന്നു. ഇങ്ങനെ ആഘോഷമായി കടവിലെത്തി. എന്നാൽ വെള്ളത്തിൽ വള്ളങ്ങളിൽ കിടന്ന ആളുകരം അയ്യായിരത്തോളം കണക്കുകൂട്ടിയിരിക്കുന്നു. മലയും കടവും എല്ലാം ആളുകൊണ്ടു നിറഞ്ഞിരിക്കുന്നു. ദൂരനിന്നു നോക്കിയാൽ മല മുഴുവനും കടവു മുഴുവനും ഇരുപുറവുമുള്ള വരമ്പുകളും വെള്ളവസ്ത്രങ്ങരംകൊണ്ടു നിറഞ്ഞിരുന്നു. അടുക്കുന്ന കടവിൽ ഒരു നുള്ളു പൊടിയിട്ടാൽ ഇടയില്ലാത്തവണ്ണം ആളു തിങ്ങിയിരുന്നു. ഞങ്ങരംക്കു ഇറങ്ങുന്നതു കാൺമാൻ മനസ്സുണ്ടായിരുന്നു. ആരംതിക്കംകൊണ്ടു വേഗം കേറി മുകളിൽ പോന്നു. വള്ളത്തിലുള്ള കുരിശും കരയ്ക്കുനിന്ന കുരിശും എല്ലാം താഴെ നടയ്ക്കൽ നിന്നിരുന്നു.12''

ചടുലമായ വർണ്ണന. ആ പ്രത്യേക ദൃശ്യം എഴുത്തുകാരനിൽ ഉണർത്തിവിട്ട ചേതോവികാരങ്ങളത്രയും വായനക്കാരനിലും ഉളവാക്കുന്നതിന്നുതകുന്ന നിഷ്ക്കളങ്കവും ശക്തവുമായ ആവിഷ്കാരകുശലത. അതത്രയും ആത്മാർത്ഥയിൽ നിന്നുണ്ടായി

12 Quoted in I. C. Chacko, op. cit. 242-246

വന്നതാണെന്നു വ്യക്തം. ഉജ്ജ്വലത്തായ ഈ വരവേല്പിൽ ഏററവും കൂടുതൽ ആഹ്ളാദിക്കുന്ന വ്യക്തി ലൂയീസച്ചൻ തന്നെയാണ്. തൻെറയും കൂട്ടുകാരുടേയും നിലപാടിന് സമുദായം നൽകുന്ന സ്പഷ്ടവും ശക്തവുമായ അംഗീകാരം കൂടിയാണല്ലോ ഇത്. തങ്ങളെ കുററം വിധിച്ചവർ ഇതൊന്നു കണ്ടിരുന്നെങ്കിൽ എന്ന് ലൂയീസച്ചൻ തീർച്ചയായും ആഗ്രഹിച്ചു പോയിട്ടുണ്ടാകണം.

പതിനായിരങ്ങളാൽ അനുഗതനായി മാന്നാനം കുന്നിലെ പൂപ്പന്തലിലെത്തിയ ശ്ലൈഹികസന്ദർശകനെ പ്രയർജനറൽ തിരി നൽകി സ്വാഗതം ചെയ്തു ദൈവാലയത്തിലേയ്ക്ക് ആനയിച്ചു. അദ്ദേഹം ജനങ്ങളെ അനുഗ്രഹിച്ചു. ചർച്ചകളും വിചാരണകളുമായിരുന്നു, അടുത്തപടി.

ഈ എതിരേല്പ് ചിലകാര്യങ്ങരം വ്യക്തമാക്കി. സ്വയംഭരണവാദം ലൂയിസച്ചൻെറയോ ഏതാനും സ്ഥാപിതതാല്പര്യക്കാരുടെയോ മാത്രം ആഗ്രഹമല്ല; സുറിയാനിസമുദായത്തിൻെറ മുഴുവൻ അഭിലാഷമാണ്. ഇതിന്നായിശ്രമിച്ച സാത്വികരായ വൈദികരെ സന്യാസസഭകളിൽനിന്നു ബഹിഷ്ക്കരിച്ചതിൽ അവർക്കുമാത്രമല്ല, അവരുരംക്കൊള്ളുന്ന സമുദായത്തിനുമുഴുവനും വേദനയുണ്ട്. തങ്ങളുടെ പരാതികരംകേട്ട് അവയിൽ കഴമ്പുണ്ടോ എന്നന്വേഷിക്കുവാൻ ഒരു പ്രതിനിധിയെ അയച്ചതിൽ പ. പിതാവിനോട് അവർക്ക് അനല്പമായ കൃതജ്ഞതയുണ്ട്. പ്രതിനിധിയുടെ സാന്നിധ്യം അവരെ അത്യധികം ആഹ്ളാദിപ്പിക്കുന്നു.

## മാന്നാനം യോഗങ്ങരം

കേരളത്തിലെ സിറിയൻകത്തോലിക്കരുടെ ചരിത്രത്തിൽ അതിപ്രധാനമായ സംഭവമാണ്, മാന്നാനം

യോഗങ്ങൾ. മേയ് പത്താം തിയതിതന്നെ ഇതെക്കുറിച്ചുള്ള വിജ്ഞാപനം നടന്നുകഴിഞ്ഞിരുന്നു: ''അവരവരുടെവാകൊണ്ടുതന്നെ അറിവാനാവശ്യമുള്ളവകളെ പറഞ്ഞു നമ്മുടെ ചെവികൾകൊണ്ടുതന്നെ കേൾക്കുന്നതിനു പാടാകുവാൻ തക്കവണ്ണം മലയാളത്തിലുള്ള സകലപട്ടക്കാരേയും ഓരോ ഇടവകകളിൽനിന്ന് രണ്ടോ മൂന്നോ പ്രധാനപ്പെട്ട ക്രിസ്ത്യാനികളേയും[13]'' മാണ് അവിടെ വിളിച്ചുകൂട്ടിയത്. മേയ് 23-ാം നു- യാണ് സമ്മേളനങ്ങൾ ആരംഭിച്ചത്. നാലു ദിവസത്തെ ചർച്ചകളും സമ്മേളനങ്ങളും. വൈദികർക്കും അൽമായർക്കും പ്രത്യേകം യോഗങ്ങൾ.

ചർച്ചകളിൽ, സമുദായത്തിന്റെ പൊതുതാല്പര്യങ്ങളുൾക്കൊള്ളിച്ച് ഒരപേക്ഷ ശ്ലൈഹിക സന്ദർശകനു സമർപ്പിക്കണമെന്ന അഭിപ്രായം വൈദികരുടെയിടയിൽ പൊന്തിവന്നു. അതനുസരിച്ച് ലൂയീസച്ചൻ മലയാളത്തിൽ ഒരപേക്ഷ തയാറാക്കി[14]. സുറിയാനിക്കാരെ വരാപ്പുഴനിന്നു വേറാക്കുക; അവർക്കായി രണ്ടു രൂപതകൾ സ്ഥാപിക്കുക; ഒന്നിൽ ഒരു യൂറോപ്യനേയും മറേറതിൽ ഒരു നാട്ടുകാരനേയും മെത്രാനാക്കുക—ഇതെല്ലാമായിരുന്നു താല്പര്യം. മോൺ. മൗറീന്റെ നിർദ്ദേശാനുസരണം അപേക്ഷയിൽ ചില ഭേദഗതികൾ വരുത്തി: രണ്ടു രൂപത എന്ന ആശയം ഉപേക്ഷിച്ചു. ഒരു രൂപത; അതിന്റെ അദ്ധ്യക്ഷൻ ഒരു യൂറോപ്യൻ ജസ്യൂട്ട്ബിഷപ്പ്; അദ്ദേഹത്തിന്റെ കീഴിൽ നാട്ടുകാരനായ ഒരു സഹായ മെത്രാൻ. അപേക്ഷ താഴെ ചേർക്കുന്നു:

''ശീശ്മയുടേയും ദുരാലോചനകളുടേയും ക്ഷോഭങ്ങളുടേയും ധനനഷ്ടത്തിന്റേയും മററു പലവിധ നാശങ്ങളുടേയും പ്രധാനകാരണം സാഹചര്യങ്ങളിൽ നിന്നു പ്രത്യക്ഷപ്പെടുന്നതുപോലെ, സ

---

13 Mar Louis, op. cit Part IV, P 79-80
14 Mar Louis, op. cit, (manuscript), P. 26

ന്തമായും സ്വജാതിയിൽനിന്നും മെത്രാന്മാരില്ലാത്ത താണ്. എന്തെന്നാൽ, ഇരുമ്പിന്റെ പിറകെ കാന്തം പായുന്നതെങ്ങനെയോ അങ്ങനെതന്നെ സ്വന്തമായ മെത്രാനുണ്ടാകണമെന്ന ആഗ്രഹം നിമിത്തം സ്വന്തറീത്തിലെ മെത്രാൻ യഥാർത്ഥ പാലകനൊ പരിശുദ്ധ സിംഹാസനത്തിന്റെ അറിവോടുകൂടി വന്നവനൊ എന്ന് ജനങ്ങൾ ആലോചിക്കാതായിരിക്കുന്നു.

''അതുകൊണ്ട്, വന്നുകൂടിയ എല്ലാ നാശങ്ങളും പരിഹരിക്കുന്നതിനും ഭാവിയിൽ ഈ വിധ തിന്മകൾ സംഭവിക്കാതിരിക്കുന്നതിനും ഞങ്ങളുടെ റീത്തിൻേറയും ജാതിയുടേയും നന്മയ്ക്കുവേണ്ടി ഞങ്ങൾ ആഗ്രഹിക്കുന്നത് യൂറോപ്യൻ ഈശോസഭക്കാരിൽനിന്ന് ഒരുവനും, നാട്ടുകാരനും ഞങ്ങളുടെ ജാതിയിലും റീത്തിലുംപെട്ട വേറൊരുവനും ഇങ്ങനെ രണ്ടു മെത്രാന്മാരെ കിട്ടണമെന്നാണ്.

''ഒരു യൂറോപ്യനെ ഞങ്ങളാഗ്രഹിക്കുന്നത് അദ്ദേഹം ഞങ്ങളുടെ ജാതിക്കാരനായ മെത്രാന്റെ മേലന്വേഷണം നടത്തുന്നതിനും അദ്ദേഹത്തിന്റെ മിഷനറിമാർ ഞങ്ങളുടെ യുവജനങ്ങളെ പഠിപ്പിക്കുന്നതിനുമത്രേ. സ്വജാതിയിൽനിന്ന് ഒരാളെ ഞങ്ങളാവശ്യപ്പെടുന്നത്, വൈദിക കർമ്മങ്ങളെല്ലാം ഞങ്ങളുടെ സ്വന്തമായ സുറിയാനിയിൽ അദ്ദേഹം നിർവ്വഹിക്കുന്നതിനും ജനങ്ങളെ ശീശ്മയിലും വഴക്കുകളിലും ഭിന്നതകളിലും നിന്നു സംരക്ഷിക്കുന്നതിനും ബാബേൽക്കാർ ഞങ്ങളുടെ ദിക്കിൽ പ്രവേശിക്കാതെ തടയുന്നതിനുമാകുന്നു. അതുകൊണ്ട്, ഞങ്ങളുടെ ഈ അപേക്ഷ അങ്ങുന്ന് പരിശുദ്ധ പിതാവ് ഒമ്പതാം പീയൂസ് പാപ്പായ്ക്കു സമർപ്പിച്ച് പ്രാർത്ഥിതം സാധിച്ചുതരുവാൻ അപേക്ഷിക്കുന്നു15.''

---

15 Mar Louis, op. cit. Part IV P. 86
Fr. Bernard, op, cit, 334-335

158 അച്ചന്മാർ അപേക്ഷയിൽ ഒപ്പുവച്ചുവെന്നാണ് മാർ ലൂയീസു പറയുന്നത്; പക്ഷേ, 136 ഒപ്പുകളേ കാണുന്നുള്ളു. അപേക്ഷ പൊതുചർച്ചക്കു വിഷയമാക്കി; എല്ലാവരും എഴുന്നേററുനിന്ന് അംഗീകരിച്ചു. വരാപ്പുഴയിൽനിന്നു വേറിട്ട്, തങ്ങരംക്കു പ്രത്യേകമൊരു രൂപതയും ഭരണവും വേണമെന്ന സമുദായത്തിൻെറ തീവ്രാഭിലാഷം ഇതോടെ സ്പഷ്ടമായി. മാന്നാനം യോഗങ്ങളിൽവച്ച് വിശദമായി ചർച്ചചെയ്യപ്പെട്ട അതിപ്രധാനമായ അപേക്ഷയാണിത്. ചർച്ചാവേളയിൽ, അപേക്ഷയിലെ താല്പര്യം എല്ലാവർക്കും മനസ്സിലായോ എന്നു വിസിററർ ചോദിച്ചു. ''ഞങ്ങരം എല്ലാവരും ഏകമനസ്സോടുകൂടിയുണ്ടാക്കി, ആയത ഞങ്ങരംക്കു വിശ്വാസമുള്ള ഒരാളിനെക്കൊണ്ടു ലത്തീൻ ഭാഷയിലാക്കി ഒപ്പിട്ടിരിക്കുന്നു16'' എന്നു മറുപടി. ഭാഷാന്തരം ചെയ്ത എല്ലാവർക്കും വിശ്വാസമുള്ള ആ വ്യക്തി മാർ ലൂയീസു തന്നെയായിരുന്നു. മാന്നാനം യോഗത്തിലെ എല്ലാ റിപ്പോർട്ടുകളും ലത്തീനിലേയ്ക്കു ഭാഷാന്തരം ചെയ്യാൻ വിസിററർ നിയോഗിച്ചതും ലൂയീസച്ചനെത്തന്നെയാണ്.

ഒരു യൂറോപ്യൻ മെത്രാൻ; അദ്ദേഹത്തെ സഹായിക്കാൻ നാട്ടുകാരനായ ഒരു സുറിയാനി മെത്രാൻ— ഇതാണ് അപേക്ഷയുടെ കാതൽ. എന്നാൽ, പുനരാലോചനയിൽ യൂറോപ്യനെ ചോദിച്ചതു പിശകായില്ലേ എന്നു ചിലർക്കെല്ലാം തോന്നിത്തുടങ്ങി. അതൊന്നു തിരുത്തണമെന്ന് അവർ ലൂയീസച്ചനെ നിർബന്ധിച്ചു. ''ഈ ഭേദഗതി ചെയ്യുന്നതിൻെറ ഔചിത്യത്തെക്കുറിച്ച് ലൂയീസച്ചൻ രഹസ്യമായി മൗറീൻ മെത്രാനോടാലോചിച്ചു.17'' അദ്ദേഹത്തിൻെറ വിദഗ്ധമായ ഉപദേശം, പരിശുദ്ധ സിംഹാസനം എന്തു തീരുമാന

16 Quoted in I. C. Chacko, op, cit, P. 265
17 I. C. Chacko, op. cit., P 274

വുമെടുക്കട്ടെ, തൽക്കാല സാഹചര്യത്തിൽ അത്തരമൊരു ഭേദഗതി ചെയ്യാതിരിക്കുകയാവും നന്ന് എന്നായിരുന്നു. ഈ അഭിപ്രായം വിശദീകരിച്ച്, ഭേദഗതി വേണമെന്നു പറഞ്ഞവരെ ലൂയീസച്ചൻ സ്വസ്ഥരാക്കി.

മാന്നാനത്തെ ചർച്ചായോഗങ്ങൾ മേയ് 26—ാം നയാണവസാനിച്ചത്. അന്ന് അത്താഴം കഴിഞ്ഞ്, വിസിററർ തൻെറ സെക്രട്ടറി ഫ. ക്ളാർക്കും ദ്വിഭാഷി ഫാ. നിധീരിയുമൊന്നിച്ചു് ബോട്ടിൽ കൊച്ചിയിലേയ്ക്കു പോയി. എവിടെ, എന്തിനു പോകുന്നെന്ന് അദ്ദേഹം ആരോടും പറഞ്ഞില്ലത്രേ. 27—ാം ന- അദ്ദേഹം റോമിലേയ്ക്ക് സുദീർഘമായ ഒരു ടെലഗ്രാം അയച്ചു. അന്നത്തെ കുറഞ്ഞചെലവിൽ അതിന് അഞ്ഞൂറു രൂപയായെന്നു പറയുമ്പോൾ റിപ്പോർട്ടിൻെറ ദൈർഘ്യം ഊഹിക്കാമല്ലോ.

**കടങ്കഥ**

മേയ് 26—ാം ന- ആയിരുന്നു, അൽമായരുടെ യോഗം. അന്ന് മററു പലതിൻെറയും കൂട്ടത്തിൽ, ''സന്യാസികളെ കൊവേന്തയിൽ നിന്നിറക്കിയതു ഞങ്ങൾക്കു വളരെ സങ്കട''മാണെന്ന് അവർ മോൺ. മൗറീനെ ധരിപ്പിച്ചു. സന്യാസസഭയിൽനിന്നു തള്ളപ്പെട്ടവർ കുററക്കാർതന്നെയോ? ''പ്രിയോരച്ചനേയും മററു സന്യാസികളെയും വിളിച്ച് അവരുടെ സ്ഥിതി വിസിത്തദൊർ ശോധനചെയ്യുകയും ഈ സംഗതികൾ ഒക്കയും റൊമയിൽ ബൊധിപ്പിക്കുകയും ചെയ്തു. തള്ളപ്പെട്ടവരുടെ പെരും സംഖ്യയും ഒക്കെ എഴുതി എടുത്തു. ഇവർക്കു ഏഴു വ്യാകുലം എന്നുപെരും കൊടുത്തു. റൊമിൽനിന്നു എഴുത്താലെ ഒരുത്തരം കിട്ടാനുള്ള സമയംവരെ മാന്നാനത്തു പാർത്തിരുന്നു18''

18 Mar Louis, op. cit. (manuscript), P 28
Mar Louis op. cit. Part III, p 116

ഒടുവിൽ, ഇവരേഴുപേർക്കും ഇഷ്ടമെങ്കിൽ കൊവേന്തയിലേയ്ക്കു തിരിച്ചുപോകാൻ അനുവാദം നൽകപ്പെട്ടു19. എന്നാൽ, ആരും തിരിച്ചു പോയില്ല. എന്തുകൊണ്ട്? ഒരു വലിയ കടംകഥയായിത്തന്നെ അവശേഷിക്കുന്നു, മറുപടി. കഥാപുരുഷനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ അനന്തരജീവിതം തുറന്ന ലോകത്തിൽ ഒരു സന്യാസിയുടേതുപോലായിരുന്നു. അപ്പോഠം, സുഖാന്വേഷണമായിരുന്നില്ല, കൊവേന്തയിലേയ്ക്ക് തിരികെപ്പോകാതിരുന്നതിനു കാരണം. തിരിച്ചുപോയാൽ, പിന്നേയും ഇറക്കിവിടില്ലെന്നതിനോ ഉപദ്രവിക്കപ്പെടില്ലെന്നതിനോ എന്തുറപ്പ്? ഒന്നുമില്ല. ലക്ഷ്യത്തെ മുൻനിറുത്തി പ്രവർത്തിക്കാൻ കുറെക്കൂടി സ്വാതന്ത്ര്യമുണ്ടായിരുന്നു, സന്യാസഭവനത്തിനു പുറത്ത് എന്നകാര്യവും ശ്രദ്ധിക്കേണ്ടതുതന്നെ. സമുദായത്തിനു നന്മചെയ്യാൻ തൽക്കാലസ്ഥിതി കൂടുതൽ ഉപകരിക്കുമെന്നും അതാണു തൻെറ പ്രഥമ കർത്തവ്യമെന്നും കണ്ടിട്ടാകണം ലൂയീസച്ചൻ തിരിച്ചു പോകാതിരുന്നത്. ഏഴുപേരിൽആരും കൊവേന്തയിലേയ്ക്കു മടങ്ങിയില്ല എന്നതിൽനിന്ന് ഇവർക്ക് ഇക്കാര്യത്തിൽ വ്യക്തമായ പരസ്പരധാരണയുണ്ടായിരുന്നെന്ന് ഊഹിക്കാവുന്നതാണ്.

ലൂയീസച്ചൻ ജൂൺ രണ്ടാംതിയതിവരെ മാന്നാനത്തുണ്ടായിരുന്നു. പിന്നീടു പുളിങ്കുന്നിലേയ്ക്കു തിരിച്ചു പോയി. അദ്ദേഹം അവിടെയായിരിക്കുമ്പോഴാണ് ശ്ലൈഹികസന്ദർശകൻ പുളിങ്കുന്നു പള്ളിയും കൊവേന്തയും സന്ദർശിച്ചത്.

## ഒല്ലൂർയോഗം

മോൺ. മൗറീൻ മാന്നാനത്തുനിന്നു വടക്കൻദേശങ്ങളിലേയ്ക്കു തിരിച്ചു. അവിടമായിരുന്നല്ലോ

19 "The carmelite congregation of Malabar, 1831-1931, P. 70.

മേലൂസിൻെറ ശക്തികേന്ദ്രങ്ങളാം. മാത്രമല്ല, വടക്കുള്ളവരുടെ സൗകര്യത്തെപ്രതി, അവിടെ ഒരു യോഗം കൂടാമെന്ന് ഒല്ലൂർ ഇടവകയുടെ പ്രതിനിധികളോട് മാന്നാനത്തുവച്ച് വിസിററർ പറഞ്ഞിരുന്നു. അതനുസരിച്ച് 1876 സെപ്തംബർ 19—ാംനു- ഒല്ലൂർ യോഗം ആരംഭിച്ചു. നാൽപ്പതച്ചന്മാർ പങ്കെടുത്തു. "'അവരിൽ മൂന്നുപേർ തെക്കേദേശങ്ങളിൽ നിന്നായിരുന്നു. അവർ ലൂയീസച്ചനും ചാവറ യൗസേപ്പച്ചനും മുട്ടത്തു പാടത്തു വർക്കിയച്ചനുമായിരുന്നു.21'' ലൂയീസച്ചൻെറ ജാഗ്രതവസ്ഥയേയും ഉൽസാഹശീലത്തെയും എടുത്തുകാട്ടുന്നു, ഇക്കാര്യം.

## ലൂയീസച്ചനും പുനരൈക്യവും.

ബിഷപ്പ് മൗറീൻെറ സന്ദർശനദൗത്യങ്ങളിൽ അതിപ്രധാനമായൊന്ന് ശീശ്മകൾക്ക് അറുതി വരുത്തുകയായിരുന്നു. പതിനാറുമാസക്കാലം അദ്ദേഹം കേരളത്തിൽ ചെലവഴിച്ചു. അതിൽ ആദ്യത്തെ മൂന്നര മാസമൊഴികെ ബാക്കി സമയമെല്ലാം വടക്കൻ പ്രദേശങ്ങളിലാണു കഴിച്ചു കൂട്ടിയത്. മിക്കവാറും ഏൽത്തുരുത്തു കൊവേന്തയിൽ. അതിനെചുററിയുള്ള പ്രദേശങ്ങളത്രയും മേലൂസിൻെറ ശക്തിദുർഗ്ഗങ്ങളായിരുന്നു. ശീശ്മയിൽ ഉൾപ്പെട്ട പള്ളികളേയും വ്യക്തികളേയും തിരിച്ചു കൊണ്ടു വരുന്നതിന് സാഹസികമായ സേവനമനുഷ്ഠിച്ച വ്യക്തിയാണ് നിധീരിക്കൽ മാണിയച്ചൻ. ലൂയീസച്ചനും ഇക്കാര്യത്തിൽ താല്പര്യപൂർവ്വം പരിശ്രമിക്കുകയുണ്ടായി. മേലൂസ് കക്ഷിയിലെ ഒരു പ്രബലനായിരുന്നു, പാലാക്കുന്നേൽ വല്യച്ചൻ. അദ്ദേഹത്തെ സ്വാധീനിച്ചു തിരിച്ചുകൊണ്ടുവരുന്നതിന് വിസിററർ നെടുങ്കുന്നത്തു മുക്കാട്ട് അൽഫോൻസച്ചനെ നിയോഗിച്ചു. ലൂയീസച്ചൻ കൂടെയുണ്ടായിരിക്കുന്നതു നന്ന് എന്ന്

21 Mar Louis, op. cit. (Manuscript) p.30.

അൽഫോൻസച്ചൻ അഭിപ്രായപ്പെട്ടു. ലൂയീസച്ചൻ അപ്പോഠ മാന്നാനം യോഗങ്ങളിലെ നിവേദനങ്ങളും റിപ്പോർട്ടുകളും വിസിററുടെ നിയോഗപ്രകാരം ലത്തീനിലേയ്ക്കു പരിഭാഷപ്പെടുത്തുകയായിരുന്നു: അൽഫോൻസച്ചൻെറ കൂടെപ്പോകാൻ വിസിററർ നിർദ്ദേശിച്ചതനുസരിച്ച് ലൂയീസച്ചൻ പോയി. ഇതെക്കുറിച്ച് പാലാക്കുന്നേലച്ചൻ തൻെറ ഡയറിയിൽ കുറിച്ചു: ''ലൂയീസച്ചനും വേറെ ചിലരും കൂടി 'സെക്രത്തായി' (അവജ്ഞാദ്യോതകം) നിധീരിയുടെ പക്കൽ നിന്നു ഒരു കത്തുമായിവന്നു21.'' പിൽക്കാലത്ത് മൊൺ. ലവീഞ്ഞിൻെറ കൂടെ വിശുദ്ധനാടുകഠ സന്ദർശിച്ചപ്പോഠ താൻ പുനരൈക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുവെന്ന് ലൂയീസച്ചൻ തൻെറ യാത്രാവിവരണങ്ങളിൽ പലയിടത്തും രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ശീശ്മക്കാരുടെ പുനരാഗമനത്തിനുവേണ്ടിയെന്നതിനെക്കാഠ കൂടുതലായി, ശീശ്മകളുണ്ടാകാതിരിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടിയായിരുന്നു, കഥാപുരുഷൻ ഏറെയും പരിശ്രമിച്ചത്.

## ഒരു വിസിററർ കൂടി

സാന്ദർഭികമായി പറയട്ടെ: മോൺ. മൌറീൻ തൻെറ സന്ദർശനദൌത്യങ്ങഠ നിറവേററിക്കൊണ്ടിരിക്കെ വേറൊരു വിസിററർ അപ്പസ്തോലിക് കേരളത്തിലെത്തി: പിന്നീടു കാർഡിനാലായുയർത്തപ്പെട്ട ബിഷപ്പ് ഇഗ്നേഷ്യസ് പെർസിക്കൊ. 1877 ഫെബ്റുവരിയിലാണ് അദ്ദേഹം വന്നത്. സന്ദർശനോദ്ദേശ്യം അന്നുമിന്നും അവ്യക്തമായിരിക്കുന്നു. അനുമാനങ്ങഠ മാത്രമേയുള്ളു. ബിഷപ്പ് മൌറീൻെറ പേരിൽ മിഷനറിമാർക്കു പരാതിയുണ്ടായിരുന്നു. അതു റോമിലെത്തി. അങ്ങനെയാണ്, രണ്ടാമതൊരു

---

21 Abraham M, Nidhiry, Father Nidhiry, 1971 P. 104

സന്ദർശകൻ വന്നതെന്നായി അഭ്യൂഹങ്ങൾ. ലൂയീസച്ചനും കൂട്ടരും ആശങ്കാകുലരായി. അദ്ദേഹം മോൺ മൗറീനെഴുതി. മറുപടിയുമെത്തി. ''പെർസിക്കൊ മെത്രാൻവന്ന് മംഗലാപുരം പ്രൊ. അഡ്മിനിസ്ട്രേററേയും വരാപ്പുഴ വികാരിഅപ്പസ്തോലിക്കയേയും സന്ദർശിച്ചു; അടുത്ത ബുധനാഴ്ച എന്നെ കാണുന്നതിന് ഇവിടെ വരും. പിന്നെ ഗോവമെത്രാപ്പോലീത്തയെ കാണാൻ ശ്രമിക്കും. ഒരു പ്രത്യേക ദൗത്യവുമായി അദ്ദേഹത്തെ പരിശുദ്ധസിംഹാസനം ഈ വൈദികാദ്ധ്യക്ഷന്മാരുടെയടുക്കൽ അയച്ചതാണ്. ഉടനെതന്നെ റോമിലേയ്ക്കു തിരിച്ചു പോവുകയും ചെയ്യും22.''

പെർസിക്കൊമെത്രാന്റെ ആഗമനോദ്ദേശ്യത്തെക്കുറിച്ച് പലർക്കും പിന്നേയും സംശയമുണ്ടായിരുന്നു. പാലാപ്പള്ളി വികാരിയും വേറെ ചിലരും വീണ്ടും ബിഷപ്പ് മൗറീനെഴുതി. അദ്ദേഹം മറുപടി കൊടുത്തു: മോൺ. പെർസിക്കൊ ജനങ്ങൾക്കായി അയക്കപ്പെട്ട വിസിറററല്ല; വരാപ്പുഴക്കാരൊ സ്വയംഭരണവാദികളൊ ആരുതന്നെ അപേക്ഷകളൊ ഹർജ്ജികളൊ സമർപ്പിച്ചാലും അദ്ദേഹം കൈക്കൊള്ളുകയില്ല. മോൺ. മൗറീൻ ഉത്തമവിശ്വാസത്തോടെയാണിങ്ങനെ എഴുതിയത്. പക്ഷേ, മറിച്ചു സംഭവിച്ചു. ഫാ. മർസലിനെ സുറിയാനിക്കാരുടെ തനതുമെത്രാനായി നിയമിക്കണമെന്നു കാണിച്ച് വരാപ്പുഴ കക്ഷിയിൽപ്പെട്ട ഏതാനും സുറിയാനിവൈദികർ സമർപ്പിച്ച അപേക്ഷ അദ്ദേഹം കൈക്കൊണ്ടു; റോമിലെത്തിച്ചു. അതുകൊണ്ടോ എന്തോ, ബിഷപ്പ് മൗറീൻ തിരിച്ചുപോയശേഷം ഫാ. മർസലിൻ സുറിയാനിക്കാരുടെ പ്രത്യേക മെത്രാനായി നിയമിതനാവുകയും ചെയ്തു.

---

22 Mar Louis, Op. cit. Part IV, P. 101

പറഞ്ഞിരുന്ന തീയതിയിൽ ബിഷപ്പ് പെർസിക്കൊ ബിഷപ്പ് മൗറീനെ കാണാൻ ഏൽത്തുരുത്തിലെത്തി. സംഭാഷണവിഷയങ്ങളെന്തായിരുന്നു? നമുക്കറിവില്ല. പക്ഷേ, ഈ കൂടിക്കാഴ്ചയ്ക്കു ശേഷം മൊൺ. മൗറീൻ നിരുൻമേഷനായിത്തീർന്നെന്ന് ലൂയീസച്ചൻ രേഖപ്പെടുത്തിയിരിക്കുന്നു.1 പെർസിക്കൊമെത്രാൻ വന്നതെന്തിനെന്ന് ചോദിച്ചവർക്ക് 'എന്നെക്കാണാൻ' എന്ന ഒഴുക്കൻ മറുപടി മാത്രമെ കിട്ടിയുള്ളു.

വരാപ്പുഴ വികാരിയാത്ത് സുറിയാനിക്കാർക്കും ലത്തീൻകാർക്കുമായി രണ്ടു ഭരണമേഖലകളായി തിരിക്കുക എന്നതായിരുന്നു മൊൺ. മൗറീൻെറ അഭിപ്രായം24. ''ഒന്നര ശതാബ്ദത്തിലധികം സുറിയാനിക്കാരെ ഭരിച്ചുകൊണ്ടിരുന്ന വരാപ്പുഴക്കാരോടുള്ള ബന്ധമെല്ലാംപൊടുന്നനവെ ഛേദിച്ചു കളയുന്നത് ശുഭമായിരിക്കില്ലെന്നാണ് പെർസിക്കൊമെത്രാൻെറ അഭിപ്രായം25. തീർപ്പുകല്പിക്കാൻ നിയോഗിക്കപ്പെട്ടവനാണ് അദ്ദേഹമെങ്കിൽ ഈ അഭിപ്രായത്തിനല്ലേ മുൻതൂക്കം കിട്ടുള്ളൂ? ഇതായിരിക്കണം മൊൺ. മൗറീനെ നിരുൻമേഷനാക്കിയതെന്ന് ഐ. സി. ചാക്കോ സയുക്തം അനുമാനിക്കുന്നു. ഫ. മർസലിനെ വരാപ്പുഴ മെത്രാപ്പോലീത്തയുടെ കീഴിൽ സുറിയാനിക്കാരുടെ പ്രത്യേകമെത്രാനായി നിയമിച്ചതോർക്കുമ്പോഠ ഈ അഭ്യൂഹം ശരിയാകുന്നുമുണ്ട്.

ഗോവമെത്രാപ്പോലീത്തയേയും തൃശ്ശിനാപ്പിള്ളി മെത്രാനേയും കണ്ട്, മൊൺ. പെർസിക്കൊ ബോംബേ വഴി റോമിലേക്കു തിരിച്ചു പോയി.

---

23 Mar Louis, op. cit, part III, p. 128
24 Tissenant Cardinal 'Eastern Christianity in India', P. 116-117
25 I. C. Chacko op. cit. P· 347

## ബിഷപ്പ് മൗറീൻ മടങ്ങുന്നു

കുറെ കഴിഞ്ഞ്, 1877 ആഗസ്റ്റുമാസത്തിൽ ബിഷപ്പ് മൗറീന് പരിശുദ്ധ സിംഹാസനത്തിൽ നിന്ന് ഒരു കത്തു കിട്ടി. കേരള സഭയുടെ സ്ഥിതി ഗതികൾ മനസ്സിലാക്കി റിപ്പോർട്ടു ചെയ്തതിനും മേലൂസ്ശീശ്മ അവസാനിപ്പിക്കാൻ ശ്രമിച്ചതിനും ശ്ലാഘയോടേ നന്ദി പറഞ്ഞു കൊണ്ടും, സന്ദർശന ദൗത്യങ്ങൾ പൂർണ്ണമായതുകൊണ്ട് ആസ്ഥാനമായ ബോംബയിലേയ്ക്കു തിരിച്ചുപോകാമെന്നു നിർദ്ദേശിച്ചുകൊണ്ടുമുള്ളകത്ത്.

യാത്രാമംഗളങ്ങൾ നേരാൻ ലൂയീസച്ചൻ എൽത്തുരുത്തിലെത്തി. പക്ഷേ, അതിനുമുമ്പ്, 1877 സെപ്തംബർ 28—ാംനു മൊൺ. മൗറീൻ മലങ്കര വിട്ടു. ഒക്ടോബർ 9—ാംനു ബോംബയിൽ നിന്ന് അദ്ദേഹം ലൂയീസച്ചന് ഒരു കത്തയച്ചു. അതിൽ, യാത്ര പറയാൻ എൽത്തുരുത്തിലെത്തിയതിന് നന്ദി പ്രകാശിപ്പിച്ചു കൊണ്ടു തുടരുന്നു: ''മലബാർ വിടുംമുമ്പ് അച്ചനെ ഒന്നുകൂടെ കണ്ടിരുന്നെങ്കിൽ എനിയ്ക്കു വലിയ ആശ്വാസമാകുമായിരുന്നു. അച്ചനും അല്പമായ ആശ്വാസം കിട്ടുമായിരുന്നുവെന്നെനിക്കറിയാം; അത് അച്ചന് ആവശ്യവും അർഹവുമാണ്. ഫാ. മർസലിനെ മെത്രാപ്പോലീത്തയുടെ പിൻതുടർച്ചാവകാശത്തോടുകൂടിയ സഹായകനായി നിയമിച്ചതിൽ നിന്ന് പല അനുമാനങ്ങളുമെടുക്കാമെന്ന് അച്ചനറിയാമല്ലൊ[26].'' റോമിൻെറ തീരുമാനം പ്രതീക്ഷപ്പടിയായില്ല; ഈ സംവിധാനം സുറിയാനിക്കാർക്ക് ഇനിയും അമംഗളകാരിയായിരിക്കും; വിശേഷിച്ചും ലൂയീസച്ചനും കൂട്ടർക്കും. ഇതെല്ലാമാണ് കത്തിൻെറ ധ്വനി. ഫാ. മർസലീൻ മിഷനറികക്ഷിയിലെ തീവ്രവാദിയായിരുന്നല്ലൊ.

---

26 Mar Louis op. cit Part IV P. 115

മലങ്കരയിലെ സുറിയാനി സമൂഹത്തിന്റെ ഉററ സുഹൃത്തും ഉത്തമഗുണകാംക്ഷിയുമായിരുന്നു ബിഷപ്പ് മൗറീൻ. പതിനാറുമാസക്കാലത്തെ അടുപ്പവും ബന്ധവും. വരാപ്പുഴയിലെ മിഷനറിമാരുടേതിൽ നിന്ന് ദിക്കുകളുടെ അന്തരമുള്ള പെരുമാററം കണ്ടപ്പോൾ, അവർ അദ്ദേഹത്തെ സ്നേഹിച്ചുപോയി. പ്രതീക്ഷകൾ കൂമ്പി നിന്നു. സ്വപ്നങ്ങളുടെ പൂമൊട്ടുകൾ എഴുന്നുനിന്നു, വിടിരാൻ കൊതിച്ച പൂമൊട്ടുകൾ. വിടിരുംമുമ്പേ അവ കൊഴിഞ്ഞു വീണു. നിസ്സഹായത—എല്ലാവർക്കും അതനുഭവപ്പെട്ടു. വിശേഷിച്ചും ലൂയീസച്ചന്. പരസ്പരം സമാശ്വസിപ്പിക്കാൻ വളർന്ന ആ സൗഹൃദത്തിന്റെ ബന്ധദാർഢ്യം നോക്കുക! ''മലങ്കരയിലെ സുറിയാനിഹയരാർക്കി ഉള്ളകാലത്തോളം ഡോ.മൗറീന്റെ പേര് നന്ദിയോടേ അനുസ്മരിക്കപ്പെടും27.''

---

27 Abraham M. Nidhiry op. cit P. 128

ഏഴ്

# വിജയത്തിലേയ്ക്ക്

Eastern Christianity in India എന്ന പുസ്തകത്തിൽ കാർഡിനൽ ടിസ്സരൻറ് എഴുതി:

''മാർ ഏലിയാസ് മേലൂസിൻെറ വരവ്, പ്രശ്നം ആകെത്തന്നെ ഒരിക്കൽക്കൂടി സജീവമാക്കി. ഒരേതദ്ദേശീയ മെത്രാൻെറ അഭിഷേകം മെസപ്പൊട്ടേമിയക്കാരുടെ നുഴഞ്ഞുകയററം അവസാനിപ്പിക്കുമായിരുന്നുവെന്നതു വ്യക്തം. ഏറെ മുൻവിധിയൊന്നുമില്ലാത്തവർക്ക് ഇത് സ്പഷ്ടമായിരുന്നു. എന്നാൽ, പ്രശ്നം അവ്യക്തമാക്കുന്നതിൽ സ്ഥാപിത താൽപര്യങ്ങരം മിക്കവാറും വിജയിച്ചു. ചർച്ചകരം കൂടെക്കൂടെ നടന്നു. അവയുടെ വിശദാംശങ്ങരംക്ക് ഇവിടെ വളരെയൊന്നും പ്രസക്തിയില്ലല്ലൊ. വരാപ്പുഴ വികാരിയാത്തിനെ രണ്ടുമേഖലയായി തിരിക്കുകയായിരുന്നു ഏററവും മെച്ചപ്പെട്ട നടപടി. ഓരോന്നിനും അതിൻെറ പ്രത്യേക മെത്രാനുംവേണം. ഒന്നു സുറിയാനിക്കാർക്കും മറെറാന്നു ലത്തീൻകാർക്കും. പലിടത്തും രണ്ടു റീത്തുകളിലേയും വിശ്വാസികരം ഇടകലർന്നു ജീവിച്ചിരുന്നു. അതുകൊണ്ട്, ഈ മേഖലകരം ഒരളവുവരെ അങ്ങു

മിഞ്ഞും അതിവ്യാപിച്ചു കിടക്കുമായിരുന്നു. വികാരിയാത്തിനെ ഇപ്പോഴത്തെ അതിരുകളിൽത്തന്നെ നിലനിറുത്തി സുറിയാനിക്കാർക്കായി ഒരു മെത്രാനെ നിയമിക്കുകയാണ് അത്ര തന്നെ നിർണ്ണായകമല്ലാത്ത മറെറാരു പരിഹാരം. ഈ പുതിയ മെത്രാൻ ഒന്നുകിൽ ഒരു വികാരി ജനറലാകാം; അല്ലെങ്കിൽ, ഒൗദ്യോഗികാധികാരമില്ലാതെ സ്ഥാനചിഹ്നങ്ങളോടു കൂടിയ ഒരു മെത്രാനാകാം; തൻെറ റീത്തിൽ പൗരോഹിത്യം നൽകാനും മററു ശുശ്രൂഷകരം നടത്താനും അദ്ദേഹത്തെ ഭരണമേൽപ്പിക്കണം. ഇത്തരത്തിലുള്ള ഒരിന്ത്യക്കാരനായ സഹായമെത്രാനുണ്ടാകുന്നതിൽ യാഥാർത്ഥപ്രതിബന്ധമൊന്നുമില്ലാഞ്ഞു. ഈ സാധ്യതകളിൽനിന്നുളവാകുന്ന എല്ലാ സംവിധാനങ്ങരംക്കും അതതിൻെറ ആവേശിതപിന്തുണക്കാരുണ്ടായിരുന്നു. എല്ലാ നിർദ്ദേശങ്ങളും റോം പരിശോധിച്ചു. 1877 വരെ ഒരു തീരുമാനത്തിലും എത്തിയില്ല. അക്കൊല്ലം ആഗസ്ററു 17-ാംനു, എല്ലാ റീത്തുകരംക്കുമായുള്ള പുത്തമ്പള്ളി സെസിനാരിയുടെ ശ്രേഷ്ഠൻ വി. ത്രേസ്യായുടെ ഫാ. മർസലിൻ, സുറിയാനിക്കാരുടെ പ്രത്യേക സംരക്ഷണാധികാരത്തോടുകൂടി, മോൺ. മെല്ലാനൊയുടെ പിന്തുടർച്ചാവകാശമുള്ള സഹായകനായി1''.

സ്വയംഭരണത്തിലേയ്ക്കുള്ള ആദ്യത്തെ കൽപ്പടവ് വരാപ്പുഴയിൽനിന്നുള്ള വിട്ടുപോരലാണെന്നു ലൂയീസച്ചൻ വിശ്വസിച്ചു. 'സുറിയാനിക്കാർക്കു തനതായി ഒരു രൂപത' — അതായിരുന്നു അദ്ദേഹത്തിൻെറ സങ്കൽപ്പത്തിൽ മുററിനിന്നത്. പുതിയ തീരുമാനം അദ്ദേഹത്തെ അത്രയൊന്നും സന്തുഷ്ടനാക്കിയില്ല.

---

I Tisserant Cardinal op. cit. P. 124

ഉപരിപ്ളവബുദ്ധികളുടെ ചിന്തകളതായിരുന്നില്ല. തങ്ങളുടെ 'ഡിമാൻറുകൾ' അംഗീകരിച്ചിരിക്കുന്നുവെന്നാണ് അവരുടെ ഭാവം. അവർ പറയുന്നതിലും കാര്യമില്ലേ? 1875—ൽ ആദ്യമായി റോമിലേയ്ക്കയച്ച അപേക്ഷയിലെ താൽപ്പര്യങ്ങളെന്തെല്ലാമായിരുന്നു? ഒരു വിസിററവെ അയച്ച് വസ്തുതകൾ അന്വേഷിക്കണമെന്നതൊന്ന്. വിസിററർ വന്നു. സുറിയാനിക്കാർക്കു പ്രത്യേക മെത്രാൻ വേണമെന്നായിരുന്നില്ലേ മറെറാന്ന്? അദ്ദേഹം സ്വന്തജാതിയിൽനിന്നു വേണമെന്നില്ലെന്നുകൂടി അവർ കൂട്ടിച്ചേർത്തിരുന്നു. ഇതാ! ഇവിടെ അവർക്കായൊരു മെത്രാൻ. ഇദ്ദേഹം കർമ്മലീത്താക്കാരൻതന്നെയായിരിക്കണമെന്ന് പരിശുദ്ധപിതാവു തീരുമാനിക്കുകയാണെങ്കിൽ, ഇംഗ്ളീഷുകാരനൊ ഐറിഷുകാരനൊ ആയിരുന്നാൽ വേണ്ടില്ല എന്നായിരുന്നു, അപേക്ഷയിൽ. പുതിയ മെത്രാൻ കർമ്മലിത്തക്കാരൻതന്നെ; ഇംഗ്ളീഷുകാരനൊ ഐറിഷുകാരനൊ അല്ലെന്നുമാത്രം. അതത്ര കാര്യമാക്കാനുണ്ടോ? അതുകൊണ്ട്, തങ്ങൾ വിജയിച്ചിരിക്കുന്നെന്ന്ചിലരൊക്കെ ചിന്തിച്ചുപ്പോയെങ്കിൽ, അവരെ കുററപ്പെടുത്തരുത്.

ചുരുക്കത്തിൽ,

'ഇങ്ങൊരു മെത്രാൻ തനിച്ചു ലഭിപ്പാൻ  
താൽപ്പര്യമായി മമ പ്രയത്നപ്പെടുവെൻ  
ഇതുതന്നെയല്ലിതിന്നാലുണ്ടാ—  
മപമാനം തഥ പീഡകൾ ശിക്ഷകൾ  
ഇവയിലഹം പിരിയാതിനിയെപ്പൊഴു—  
മൊത്തൊരുമിച്ചുതെകൂടെയുണ്ടേൻ  
ഇവയുടെയേററമുറപ്പിന്നായി ഞാൻ  
കയ്യൊപ്പിട്ടിതുറപ്പിക്കുന്നേൻ'

എന്നു സത്യവാചകമെഴുതി ഒപ്പിട്ടവരിൽ പലരും പല കാരണങ്ങളാൽ സ്വയം ഭരണലബ്ധിക്കായുള്ള പരിശ്രമങ്ങളിൽനിന്നു പിൻവാങ്ങി. പ്രക്ഷോഭണം

ബാഹ്യമായിട്ടെങ്കിലും തെല്ലൊന്നു ശാന്തമായി. ''.... ജനതയുടെ ആദ്യത്തെ ഉൽസാഹത്തിമർപ്പ് മെല്ലെ മന്ദീഭവിച്ചു.... അനിശ്ചിതത്വവും നിസ്സഹായതാബോധവും വളർന്നു. ഈ മാററം ബാഹ്യമാത്രമായിരുന്നു. ആകാശത്തിൽ അപ്പോഴും ഇടിമുഴക്കമുണ്ട്. അന്തരീക്ഷമാകട്ടെ, പ്രക്ഷുബ്ധവും വൈപ്ളവിക സാധ്യതകളാൽ ഗർഭിതവുമായിരുന്നു''2.

ഫാ. മർസലിൻ ഇതിനകംതന്നെ പരിചിതനാണല്ലോ. മെത്രാനായശേഷം സമീപനത്തിനൊരു മാററം വന്നു. സുറിയാനിക്കാരെ അടുപ്പിക്കാനായി പരിശ്രമം. അതദ്ദേഹത്തിൻെറ നിലനിൽപ്പിൻെറ പ്രശ്നവുമാണല്ലോ. അദ്ദേഹത്തിൻെറ പ്രേരണയും ഉപദേശവും കൊണ്ടു കൂടിയാണ് കൊവേന്തയിൽനിന്ന് ഏഴുപേരെ പുറംതള്ളിയത്. അവരേയും തൃപ്തിപ്പെടുത്തേണ്ടത് ഇപ്പോഠം അദ്ദേഹത്തിൻെറ ആവശ്യമാണ്. അവരിൽ ചാവറ യൗസേപ്പച്ചനൊഴികെ എല്ലാവരും ചെറുപ്പക്കാരായിരുന്നു. എന്നിട്ടുകൂടി, അവരെ വലിയ പള്ളികളുടെ വികാരിമാരായി നിയമിച്ചു. ആദർശനിഷ്ഠയില്ലാത്തവരെ സ്വാധീനിക്കാൻ ഇതു മതിയാകുമായിരുന്നു. എന്നാൽ, ഇവരിൽ ചിലരുടെ കാര്യത്തിൽ ഇതു വിജയിച്ചില്ലെന്നു നമുക്കറിയാമല്ലൊ.

## പുളിങ്കുന്നുവികാരി

1878 ജൂലയ് 3—ാംനു- മൊൺ മർസലിൻ ലുയീസച്ചനെ പുളിങ്കുന്നുപള്ളിയുടെ വികാരിയായി നിയമിച്ചു. ''പുളിങ്കുന്നു പള്ളിയിൽ വികാരിയായിരുന്ന അരേച്ചേരിൽ കുര്യാക്കോസ് പട്ടക്കാരന്നു വേണ്ടുന്ന സൗഖ്യമില്ലാത്തതിനാൽ അയാളെ ഒഴിക്കേണമെന്നു പലപ്പോഴും നമ്മോട് അപേക്ഷിക്കയാലും അന്യഇടവകപ്പട്ടക്കാരെ അവിടെ വികാരിയായിട്ടാക്കുന്നത്

2 Jawaharlal Nehru op. cit. P. 80

ശരിയല്ലാത്തതിലും ആ ഇടവക പട്ടക്കാരിൽ തന്നെക്കായിൽ തക്കതായിട്ടു യാതൊരുത്തരേയും തൽക്കാലം കിട്ടായ്കയാലും തന്നെ ആ പള്ളിയുടെ വികാരിയായി കൽപ്പിച്ച പത്തെന്തി കൊടുത്തയയ്ക്കുന്നു3'' എന്നാണു കൽപ്പന. കൽപ്പനയിലേയും നിയമനത്തിൻെറ തന്നെയും 'പൊടിക്കൈകൾ' വ്യക്തമാണല്ലോ. ലൂയീസച്ചൻ കൽപ്പന അനുസരിച്ചു; വികാരിത്വമേററു. എന്നാൽ, ഈ സ്ഥാനം അധികകാലം ദീർഘിച്ചില്ല. അടുത്ത ബന്ധത്തിൽ ചിലർ അദ്ദേഹത്തോടു മൽസരിച്ചതിൻെറ ഫലമായി 1883 നവംബറിൽ വികാരിസ്ഥാനത്തുനിന്ന് ലൂയീസച്ചൻ ഒഴിവാക്കപ്പെട്ടു.

സ്വയംഭരണവാദത്തിൻെറ പേരിൽ സന്യാസസഭയിൽനിന്നു ബഹിഷ്കൃതരായവരിൽ ആദ്യന്തം പിടിച്ചുനിന്നവർ ലൂയീസച്ചനും ശങ്കൂരിക്കൽ പൗലോസച്ചനും മീനാട്ടൂർ എമ്മാനുവേലച്ചനും മാത്രം. ''സാഹചര്യവൈഭവത്താൽ ഇവരിൽ ഒരുവൻ മാത്രമേ മെത്രാനായുള്ളുവെങ്കിലും സമരശ്രീയിലും ഉദ്ദേശ്സിദ്ധിയിലും ഇവർ തുല്യാവകാശികളാണ്4.'' ഇവരിൽത്തന്നേയും ഒരുതാരതമ്യത്തിനൊരുങ്ങുമ്പോൾ, ഉദ്ദേശ്യത്തെ മുമ്പിൽ കണ്ടുകൊണ്ട് തളരാതെ, നിസ്തന്ദ്രം, അവിരാമം പരിശ്രമിച്ചവൻ ലൂയീസച്ചൻതന്നെയെന്ന് നിഷ്പക്ഷമതികൾ സമ്മതിക്കും. സമർത്ഥനായ നിധീരിക്കൽ മാണിയച്ചനും മററും പിന്നീടാണല്ലോ ഈ പ്രസ്ഥാനത്തോടു ചേർന്നത്; സ്വയംഭരണ പ്രസ്ഥാനം ആരംഭിക്കുന്ന 1875–ൽ മാണിയച്ചൻ ഒരു ശെമ്മാശൻ മാത്രമായിരുന്നു.

*** *** ***

'Father Nidhiri' എന്ന പുസ്തകത്തിൽ ശ്രീ എബ്രാഹം എം. നിധീരി എഴുതുന്നു; '' മാന്നാനത്താ

3 Quoted in I. C. Chacko op. cit P. 376
4 Ibid p. 384

യിരിക്കെ പ്രക്ഷോഭണത്തിൽ പങ്കുചേർന്ന ഫാ. ലൂയീസ് പഴേപറമ്പിൽ തൻെറ വഴികളിൽനിന്ന് ഒരിക്കലും വ്യതിചലിക്കാതെ ഉറച്ചുനിന്നു. പൊതുക്കാര്യത്തിനായി അദ്ദേഹം വളരെയധികം ക്ലേശങ്ങളും അവമതികളും സഹിച്ചു. വ്യക്തമായ ഉൾക്കാഴ്ചയിലും ലക്ഷ്യത്തിനായുള്ള സ്ഥിരോൽസാഹത്തിലും അദ്ദേഹം ആർക്കും പിന്നിലായിരുന്നില്ല. എങ്കിലും പ്രസംഗവൈഭവത്തിലും അനുയായികളിൽ ആവേശമുണർത്തുന്നതിലും മററു നേതൃഗുണങ്ങളിലും അദ്ദേഹത്തെ ഉന്നതനായെണ്ണാനാവില്ല. ജനത്തെ വശീകരിക്കാൻ പോന്ന കഴിവ് (Mass appeal) അദ്ദേഹത്തിനില്ലാഞ്ഞു. എന്നാൽ, അദ്ദേഹത്തിൻെറ നിശ്ചയദാർഢ്യം ഈ കുറവുകളെയൊക്കെ വേണ്ടതിലേറെ നികത്തി. വരാപ്പുഴയുടെ നുകത്തിൽനിന്ന് ജനതയെ വിമോചിക്കുന്നപരിശ്രമത്തിൽ ഫാ. നിധീരിയും ഫാ. ലൂയീസും യോജിച്ചുനിന്നു5.''

ശ്രീ എബ്രാഹം ലൂയീസച്ചനെ വിലയിരുത്തുകയാണ്. നന്ന്. പക്ഷേ, അറിഞ്ഞോ അറിയാതെയോ അതിലൊരു ഒളിയമ്പു പതിയിരിക്കുന്നുട്ട: ''മാന്നാനത്തായിരിക്കെ പ്രക്ഷോഭണത്തിൽ പങ്കുചേർന്ന ഫാ. ലൂയീസ്!''

നാലാം നൂററാണ്ടു മുതൽ പോർച്ചുഗീസു ശക്തി ഇവിടെ വേരുന്നിയതുവരെ മെസപ്പൊട്ടേമിയായിൽ നിന്നുള്ള കൽദായസുറിയാനിമെത്രാന്മാരാണ് ഇവിടത്തെ സുറിയാനിക്കത്തോലിക്കരെ ഭരിച്ചിരുന്നത്. പിന്നീട് ലത്തീൻ റീത്തിൽപ്പെട്ട വിദേശമിഷനറിമാർ ഭരണം തുടങ്ങിയപ്പോഠം സംഘർഷവും തുടങ്ങി. അപ്പോഴൊക്കെ ഏതെങ്കിലുമൊരു സുറിയാനിമെത്രാനെക്കിട്ടാൻ അവർ അനുസ്യൂതം പരിശ്രമിച്ചുവന്നു. എന്നാൽ, അന്നൊന്നും ''നാട്ടുകാരായ

5 Abraham M. Nidhiry op cit. P 137

മെത്രാന്മാർ'' എന്നൊരാശയം അവർക്കുണ്ടായിരുന്നില്ലെന്നു തോന്നുന്നു, ഏതദ്ദേശീയരായ പറമ്പിൽ ചാണ്ടിമെത്രാനും കരിയാററിൽ ജോസഫ് മെത്രാപ്പോലീത്തയുമുണ്ടായിരുന്നിട്ടുകൂടി. നാട്ടുകാരായ മെത്രാന്മാർക്കു വേണ്ടിയുള്ള ആദ്യത്തെ സുസംഘടിതശ്രമം നടന്നത്, മുമ്പൊരിക്കൽ സൂചിപ്പിച്ചതുപോലെ പാറേമ്മാക്കൽ ഗവർണ്ണരുടെ കാലത്തായിരുന്നു; 1787–ൽ. തെളിവ് പ്രസിദ്ധമായ 'അങ്കമാലിപ്പടിയോല' തന്നെ. ഈ ആശയം പിന്നേയും മന്ദീഭവിച്ചു. 1852–ൽ കേരളം സന്ദർശിച്ച ഫാ. പൂച്ചിനെല്ലി, ഒരു സുറിയാനി വൈദികനെ വരാപ്പുഴയിൽ സഹായമെത്രാനായി നിയമിക്കണമെന്ന് റോമിൽ ശുപാർശ ചെയ്തു. നടന്നില്ല. റോക്കോസ് ശീശ്മ പടർന്നു പിടിച്ചപ്പോൾ അതിനെ ഫലപ്രദമായി നേരിടാൻ വേണ്ടി, ചാവറ കുര്യാക്കോസച്ചനെ സഹായമെത്രാനാക്കാൻ റോം സന്നദ്ധമായി. പക്ഷേ, വരാപ്പുഴയുടെ ഭരണാധികാരി മോൺ. ബർണർഡിൻ അനുകൂലിച്ചില്ല. പിന്നീട്, ഏതദ്ദേശീയ മെത്രാന്മാർക്കുവേണ്ടിയുള്ള സുസംഘടിത ശ്രമം തുടങ്ങിയത് മാന്നാനത്തു നിന്നാണ്, 1875–ൽ. ലൂയിസച്ചനും കൂട്ടരുമായിരുന്നു പ്രണേതാക്കൾ. പണ്ടത്തെ ആർച്ചുഡീക്കന്റെ സ്ഥാനത്ത് ''ഒരു സ്വദേശിമെത്രാനുണ്ടായിരിക്കണമെന്നായിരുന്നു, ലൂയിസച്ചന്റെ ആശയം[6].'' ആ ആശയമാണ്, 1875–ൽ റോമിലേയ്ക്കയക്കാൻ തയാറാക്കിയ അപേക്ഷയുടെ ആദ്യത്തെ നക്കലിൽ കാണുന്നത്[7]. ഭേദഗതിയോടെയാണെങ്കിലും റോമിലേയ്ക്കയച്ച ആദ്യത്തെ അപേക്ഷയെക്കുറിച്ച് അദ്ദേഹം പറയുന്നു: ''ഞങ്ങളുടെ മാന്നാനം ഹർജി എഴുതിയവനും സ്നേഹിതന്മാരെ അതിൽ ഒപ്പുവയ്ക്കുന്നതിന് ഉത്സാഹിപ്പിച്ചവനും ഞാനാണ്[8].''

---

6 I. C. Chacko, op. cit., P 134

7 cfr. അദ്ധ്യായം 4 പേജ് 32

8 Quoted in I. C. Chacko, op. cit. P. 483

വസ്തുതകൾ ഇങ്ങനെയായിരിക്കെ, ''മാന്നാനത്തായിരിക്കെ പ്രക്ഷോഭണത്തിൽ പങ്കു ചേർന്ന ഫാ. ലൂയീസ്'' എന്നു പറയുന്നതെന്തുകൊണ്ടെന്നു വ്യക്തമല്ല. ഈ പ്രസ്താവനയ്ക്ക് ശ്രീ എബ്രാഹം ചൂണ്ടിക്കാട്ടുന്ന ഒരവലംബം, മാർ ലൂയീസിന്റെ ചരമത്തിൽ ദീപികപ്പത്രത്തിൽ വന്ന ഒരു മുഖലേഖനമാണ്: ''അക്കാലത്ത് സുറിയാനിക്കാർക്ക് ഒരു പ്രത്യേക മെത്രാനെ കിട്ടാൻ പരിശ്രമങ്ങൾ നടക്കുന്നുണ്ടായിരുന്നു; അദ്ദേഹവും (മാർലൂയീസ്) അതിൽ ചേർന്ന് സജീവമായി പ്രവർത്തിച്ചു9.'' ഈ പ്രസ്താവനയ്ക്ക് എത്രമാത്രം ചരിത്രപരത കല്പിക്കാമെന്ന കാര്യമിരിക്കട്ടെ. ഇതിൽപ്പറയുന്നതനുസരിച്ചാണെങ്കിൽ, ''ഒരു പ്രത്യേക മെത്രാനെ കിട്ടാനാ'' യിരുന്നല്ലൊ ശ്രമം; ലൂയീസച്ചൻ ആദ്യന്തം ആവശ്യപ്പെട്ടത് ഒരു പ്രത്യേക മെത്രാനെയല്ല, ഒരേതദ്ദേശീയ മെത്രാനെയാണ്10.

ശ്രീ എബ്രാഹം ഉന്നയിക്കുന്ന മറെറാരു തെളിവ്, ശ്രീ വി. സി. ജോർജ്ജിന്റെ 'നിധീരിക്കൽ മാണിക്കത്തനാർ' എന്ന ഗ്രന്ഥത്തിൽ നിന്നാണ്. ഉദ്ധരിക്കാം: ''മാന്നാനത്തെ ആശ്രമത്തിൽ അന്നു താമസിച്ചിരുന്ന കർമ്മലീത്താ സന്യാസിമാരിൽ പഴേപറമ്പിൽ ലൂയീസ് കത്തനാർ (മാണി) ശെമ്മാശ്ശിന്റെ ഒരു മിത്രമായിരുന്നു. സന്യാസിമാർ താമസിച്ചിരുന്ന വടക്കെ മാളികക്കും സെമ്മിനാരിക്കാരുടെ അധിവാസസ്ഥാനമായിരുന്ന തെക്കേ മാളികയ്ക്കും മദ്ധ്യേ ഇന്നത്തെപ്പോലെയുള്ള കൂട്ടിക്കെട്ടുകളും ഭിത്തികളും അന്നില്ലായിരുന്നു. ആകയാൽ, സ്വദേശിമെത്രാനെ അഥവാ സ്വജാതി മെത്രാനെ ലഭിക്കുന്ന കാര്യത്തിൽ സെമ്മിനാരിക്കാരനായ മാണി ശെമ്മാശും സന്യാസിമാരും തമ്മിൽ പലപ്പോഴും

9 ദീപിക: 9-12-1919
10 cfr. അദ്ധ്യായം 4, പേജ് 32 & അദ്ധ്യായം 6, പേജ് 75

കൂടിയാലോചിക്കാറുണ്ടായിരുന്നു. ആശ്രമ ദേവാലയത്തിനും സെമ്മിനാരിക്കെട്ടിടത്തിന്നും മദ്ധ്യേ അന്നുണ്ടായിരുന്ന പ്ളാവിൻമൂട്ടിൻ ളൂയീസച്ചനും മാണി ശെമ്മാശും മെത്രാൻ ഹർജികാര്യത്തെ സംബന്ധിച്ച് ആലോചിച്ചും വിമർശിച്ചും ഇരിക്കുന്നതു താൻ പലപ്പോഴും കണ്ടിട്ടുണ്ടെന്ന്, അന്നു സെമ്മിനാരി വിദ്യാർത്ഥിയായി മാന്നാനത്തു താമസിച്ചിരുന്ന ഇന്നത്തെ വയോവൃദ്ധനും വിജ്ഞാനവൃദ്ധനും തപോവൃദ്ധനുമായ പീടിയക്കൽ യൗസേപ്പു കത്തനാർ ഈ എഴുത്തുകാരനോടു പറഞ്ഞിട്ടുണ്ട്. മംഗലപ്പുഴ മാണി ശെമ്മാശിന്റെ സഹപ്രവർത്തകനായിരുന്ന പീടിയക്കൽ ജോസഫ് മല്പാന്റെ ഭ്രാതൃവ്യൻ എന്ന നിലയിൽ മെത്രാൻകാര്യം സംബന്ധിച്ച ആലോചനകളിൽ ''കൊച്ചു'' യൗസേപ്പു കത്തനാർ ബാല്യത്തിൽത്തന്നെ ശ്രദ്ധാലുവായി കാണപ്പെട്ടതിൽ വിസ്മയത്തിനു വകയില്ല. സന്യാസിപ്പട്ടക്കാരെ പ്രതിനിധീകരിച്ച് ളൂയിസ്സ് അച്ചനും ഇടവകവൈദികരെ പ്രതിനിധീകരിച്ച് മാണി ശെമ്മാശും കൂടി പലപ്രാവശ്യം ആലോചിച്ചതിന്റെ ഫലമായിട്ടാണ്. മാന്നാനത്തു നിന്നു പുറപ്പെട്ട പേരില്ലാ ഹർജ്ജി അയയ്ക്കുന്നതിനിടയായതെന്നുള്ളതിൽ സംശയമില്ല. .... ഇടവക പ്രതിനിധി മാണി ശെമ്മാശ് വരാപ്പുഴ അധീനതയിൽ ശെമ്മാശായിക്കഴിഞ്ഞതിനാൽ വരാപ്പുഴയധികാരികളുടെ വൈരസ്യം ഭയന്നു ഒപ്പുവയ്ക്കാൻ വിസമ്മതിച്ചപ്പോൾ, സന്യാസി പ്രതിനിധി ളൂയിസച്ചൻ അതെ അധികാരികളുടെ വൈരസ്യം ഭയന്നും സമത്വപരിപാലനത്തിന്നായും ഒപ്പു വയ്ക്കാതിരുന്നതിനാൽ ഹർജി പേരില്ലാഹർജിയായി പരിണമിച്ചുയെന്നു വിശ്വസി

---

11 വി. സി. ജോർജ്ജ്, 'നിധീരിക്കൽ മാണിക്കത്തനാർ' P. 124

11 ഹർജിയിൽ പേരുവയ്ക്കാതിരുന്നതിനു കാരണം: cfr. അദ്ധ്യായം 4, പേജ് 32 & 36)

ക്കാനും അവകാശമുണ്ട്.'' ഒരു പിടി അഭ്യൂഹങ്ങൾ; ആകെക്കൂടി വിശ്വാസ്യത കമ്മിയായിത്തോന്നുന്നു; വെറും കേട്ടുകേൾവിയെ ആധാരമാക്കി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നു വ്യക്തമാണല്ലോ.

ഇനി, മാണി ശെമ്മാശ്ശൻ മംഗലപ്പുഴയിൽനിന്നു പോന്നശേഷം വരാപ്പുഴയധികാരികളുടെ നിർദ്ദേശപ്രകാരം ''മാന്നാനം സെമ്മിനാരിയിൽ ചേർന്ന് കുറെക്കാലം അവിടെ മററു ശെമ്മാശ്ശന്മാരുടെകൂടെ കഴിച്ചുകൂട്ടി.'' അക്കാലത്തെക്കുറിച്ച് ശ്രീ. വി. സി. ജോർജ്ജ് പറയുന്നു: മംഗലപ്പുഴവച്ചു സമാരംഭിച്ച സ്വയംഭരണവാദഹർജിപ്രസ്ഥാനത്തിൽ മാന്നാനത്തെ വൈദികരുടെ വിജയാശംസ സമ്പാദിപ്പാനും മാണിശെമ്മാശ്ശനു കഴിഞ്ഞു''12. മററൊരിടത്ത്, ''സ്വയംഭരണവാദപ്രസ്ഥാനത്തിൽ മംഗലപ്പുഴവച്ചുണ്ടായിരുന്ന തൻെറ സഹകാരികളിൽ ഭൂരിഭാഗം ശെമ്മാശ്ശന്മാരായിരുന്നുവെങ്കിൽ, മാന്നാനത്തെ സഹകാരികളിൽ ഭൂരിഭാഗം സന്യാസിവൈദികരായിരുന്നു. സ്വജാതിയിൽ ഒരു മെത്രാനെ ലഭിക്കുന്നതിനുവേണ്ടി റോമിലേയ്ക്കും മററും ഹർജ്ജികളയയ്ക്കാൻ മാണി ശെമ്മാശ്ശിൻെറ സാമർത്ഥ്യത്തിൽ മാന്നാനത്തെ വൈദികരിൽ പലരും സന്നദ്ധരായി13.'' മംഗലപ്പുഴവച്ചും മാന്നാനത്തുവച്ചും സ്വയംഭരണത്തിന്നായി മാണിശെമ്മാശ്ശൻ പലതും ചെയ്തുവെന്നാണ് ശ്രീ. ജോർജ്ജ് പറയുന്നത്. എന്തുചെയ്തു? വ്യക്തമായ മറുപടിയൊന്നുമില്ല. ഇത്രമാത്രം: ''പ്രൊപ്പഗാന്തയുടെ പ്രതിരോധനങ്ങളുണ്ടായിരുന്നിട്ടും ഒരു കേരളീയ സുറിയാനിക്കാരൻ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടത് പദ്രുവാദൊ അധികാരികളുടെ സഹായസഹകരണങ്ങൾ മൂല

12 V. C. George, op. cit. P. 119
13 Ibid P. 133
14 Ibid P. 76

മായിരുന്നുവല്ലൊ14.'' അതുകൊണ്ട്. ''പ്രൊപ്പഗാന്തയിൽനിന്ന് അലഭ്യങ്ങളായ അനുഗ്രഹങ്ങൾ'' പദ്രുവാദൊയിൽനിന്നു നേടാമെന്നുറച്ച്, സർവശക്തികളും കേന്ദ്രീകരിച്ച് ആ വഴിയ്ക്ക് പരിശ്രമിയ്ക്കുകതന്നെ അനന്തരകരണീയമെന്ന് മാണിശെമ്മാശ് അവഗാഢം ആലോചിച്ചുറച്ചു15.'' എന്നിട്ട്? പദ്രുവാദൊയുടെ കീഴിലായിരുന്ന കൊടുങ്ങല്ലൂരിന്ന് പ്രസ്തുത അധികാരത്തിൽനിന്ന് ഒരു സുറിയാനി മെത്രാനെ കിട്ടാൻ ശ്രമിച്ചു; ഇക്കാര്യം സംബന്ധിച്ച് മാണിശെമ്മാശ്ശൻ ഗോവയ്ക്കു പോയി; ഇതേകാര്യത്തിന്നായി ഒരു ഹർജി അയക്കാൻ മംഗലപ്പുഴയിലെ ശമ്മാശ്ശന്മാരെ പ്രോത്സാഹിപ്പിച്ചു. ഇതാണ് മാണിശെമ്മാശ്ശൻ മംഗലപ്പുഴയിൽ ഗോവർണ്ണദോരുടെ സെക്രട്ടറിയായിക്കഴിഞ്ഞകാലത്ത് സ്വയംഭരണത്തിന്നായി ചെയ്തു എന്നവകാശപ്പെടുന്നത്. പദ്രുവദൊതിൽനിന്നൊരുമെത്രാൻ വന്നാൽ ഏതദേശീയഭരണമാവുമോ? ഇത് സ്വയംഭരണവാദമായിരുന്നുവെങ്കിൽ ''പദ്രുവാദൊയുമായി ഔദ്യോഗികബന്ധം ഉപേക്ഷിച്ച് മാണിശെമ്മാശ്ശ്''16 വരാപ്പുഴയധികാരത്തിൽ ചേർന്നപ്പോൾ, സ്വയംഭരണവാദവും തള്ളിക്കളഞ്ഞുവെന്ന് ശ്രീ ജോർജ്ജ് അർത്ഥമാക്കുന്നുണ്ടോ?

ആകെക്കൂടി, അനർഹമായ ബഹുമതി മാണിയച്ചനു വിളമ്പിവയ്ക്കാൻ ശ്രീ. വി. സി. ജോർജ്ജും ശ്രീ എബ്രാഹം നിധീരിയും ശ്രമിക്കുന്നതുപോലെ തോന്നുന്നു. ഒരാളുടെ മഹത്വം കാണിക്കാൻ അദ്ദേഹത്തിൻെറ കാലത്തുണ്ടായ എല്ലാ പ്രസ്ഥാനങ്ങളും ആ തലച്ചോറിൽനിന്നു കിളർന്നുവന്നതാണെന്നു പറയണമോ? ആരുടേയും മേൽച്ചാർത്തു കൂടാതെതന്നെ, കേരളസഭയുള്ള കാലത്തോളം തൻെറ നാമവും അനുസ്മരിക്കപ്പെടത്തക്കവ്യക്തിമുദ്ര, ചരിത്രത്തിൽ മാണിയച്ചൻ തൻെറ പ്രവർത്തനങ്ങൾകൊണ്ടുതന്നെ പതിച്ചിട്ടിട്ടുണ്ടല്ലോ.

15 Ibid
16 Ibid op. cit. P. 95

സ്വയംഭരണവാദപ്രസ്ഥാനത്തിൽ ലൂയീസച്ച ന്റെ പങ്ക് എന്തായിരുന്നുവെന്നതിന് ഈടുള്ള രേഖ കൾ പലതും നാം നേരത്തെ കണ്ടുകഴിഞ്ഞു. ശ്രീ ഐ. സി. ചാക്കൊ പറയുന്നതാണ് കൂടുതൽ ശരി യെന്നുതന്നെ തോന്നുന്നു: ''(സ്വയംഭരണ) പ്രക് ഷോഭണം ആരംഭിക്കുന്ന കാലത്ത് നിധിയിരിക്കൽ മാണിയച്ചൻ വെറുമൊരു ശെമ്മാശ്ശായിരുന്നു. ലെ യൊനാർദു മെത്രാപ്പോലീത്തയും അദ്ദേഹത്തിന്റെ പാർശ്വവർത്തികളും ''ഏഴുവ്യാകുലങ്ങളെ'' കൊവേ ന്തകളിൽ നിന്നു നിഷ്ക്കാസിക്കുന്നതിനായി നടപ ടികൾ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹം പു ത്തൻകുർബാനചൊല്ലി പൂർണ്ണവൈദികനായിത്തീർ ന്നതെന്ന് നാം കണ്ടുവല്ലോ. പുത്തൻകുർബാന കഴി ഞ്ഞ് അഞ്ചുമാസത്തിനുള്ളിൽ അദ്ദേഹം വിസിത്ത ദോരായ ലെയോൻ മൊയിറിന്റെ ദ്വിഭാഷിയായി നി യമിക്കപ്പെട്ടു. ആ ഉദ്യോഗത്തിന്റെ സ്വഭാവത്താൽത്ത ന്നെ അദ്ദേഹം നിഷ്പക്ഷനായി നിൽക്കേണ്ടി വ ന്നു. എന്നാൽ, ആ ഉദ്യോഗം അവസാനിച്ചതോടുകൂടി അദ്ദേഹം സ്വാഭിപ്രായാനുസാരം പ്രവർത്തിക്കുന്നതി ന് സ്വാതന്ത്ര്യമുള്ളവനായിത്തീർന്നു. നാനാമുഖമായ തന്റെ സാമർത്ഥ്യത്തെ അദ്ദേഹം സ്വയംഭരണലബ് ധിക്കായിട്ടു പ്രയോഗിച്ചു'' 17.

*** *** ***

### നിസ്തന്ദ്രപരിശ്രമം

കൊവേന്തയിൽനിന്ന് ഇറക്കിവിട്ടശേഷം പന്ത്ര ണ്ടു വർഷത്തോളം ലൂയീസച്ചൻ പുളിങ്കുന്നിൽ കഴി ച്ചുകൂട്ടി. ഏതാണ്ടൊരർപ്പണബുദ്ധിയോടെ സ്വയം ഭരണത്തിനായി പണിയെടുത്ത നാളുകൾ. ഇക്കാല

---

17 I. C. Chacko, op. cit P 393

ത്ത് അദ്ദേഹം നടത്തിയ കത്തിടപാടുകളുടെ ഒരു പങ്ക് അദ്ദേഹത്തിൻെറ ചരിത്ര ഗ്രന്ഥത്തിൻെറ നാലാം ഭാഗത്ത് സമാഹരിച്ചിട്ടുണ്ട്18. പരിശുദ്ധപിതാവിനും തിരുസിംഹാസനത്തിനും നിരവധി ഹർജികൾ മലങ്കരയിൽനിന്നു പൊയ്ക്കൊണ്ടിരുന്നു. അതുകൊണ്ടു മാത്രം ഫലസിദ്ധിയുണ്ടാവുമെന്ന് ആരെങ്കിലും വിചാരിക്കുമോ? റോമയുമായി ബന്ധം സ്ഥാപിക്കാൻ സഹായമാകുന്നവരുടെ അനുഭാവം നേടിയെടുക്കുന്നതിൽ ലൂയീസച്ചൻ എല്ലായ്പ്പോഴും ശ്രദ്ധചെലുത്തിവന്നു. ആദ്യത്തെ ഡലിഗററ് അപ്പസ്തോലിക് ആയിവന്ന അല്ലിയാർഡി മെത്രാപ്പോലീത്തയുടെയും ജാഫ്നയുടെ വികാർ അപ്പസ്തോലിക് ആയിരുന്ന മോൺ Banjeam ൻെറയും സൗമനസ്യം നേടിയെടുത്തത് ബിഷപ്പ് മൗറീൻ വഴിയായിരുന്നു. സ്വദേശത്തും വിദേശത്തുമുണ്ടായിരുന്ന വളരെപ്പേരുടെ സൗഹൃദം ലൂയീസച്ചൻ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം തയാറാക്കിയ പല ഹർജികളിൽ ഒന്നുരണ്ടെണ്ണം കണ്ടു കടന്നുപോകുന്നത് വിജ്ഞാനപ്രദമാണല്ലോ.

പരിശുദ്ധപിതാവിനെ അഭിസംബോധനചെയ്ത് 1878 ജൂൺ 7–ാംനു- അയച്ച അപേക്ഷതന്നെയാകട്ടെ ആദ്യം. അക്കൊല്ലം ഫെബ്രുവരി 7–ാംനു- ഒമ്പതാം പീയൂസ്പാപ്പ മരിച്ചു. പിൻഗാമി ലിയോ പതിമൂന്നാമനായിരുന്നു. പുതിയ പാപ്പയെ മലങ്കരസഭയുടെ സ്ഥിതിഗതികൾ ധരിപ്പിക്കാനാകണം, ഈ അപേക്ഷ. കഴിഞ്ഞ അഞ്ചുവർഷത്തെ സംഭവങ്ങൾ അതിൽ ഒതുക്കിപ്പറഞ്ഞിരിക്കുന്നു. മിഷനറിമാരുടെ മർദ്ദനം, തിരുസിംഹാസനത്തിലേയ്ക്ക് അപേക്ഷകളയച്ചവരോടു കാണിച്ച ക്രൂരത, സന്യാസ വൈദികരെ ആശ്രമങ്ങളിൽനിന്ന് ബഹിഷ്ക്കരിച്ചത്, രൂപതാ വൈദികരെ പകവച്ചു സ്ഥലംമാററിയത്, ശ്ലൈഹിക

18 Mar Louis, op. cit, Part IV P. 115-185

സന്ദർശകൻെറ അന്വേഷണം, അതുണർത്തിവിട്ട ശുഭ പ്രതീക്ഷകൾ, ആ പ്രതീക്ഷകളുടെ തകർന്നടിയൽ, വൈദികരെ അരമനയിൽ വിളിച്ചുവരുത്തി വെറും കടലാസ്സുകളിൽ ഒപ്പിടുവിച്ച് തോന്നിയ പടിയുള്ള ഹർജികളെഴുതിയയച്ചതിൽ കാണിച്ച വിശ്വാസവഞ്ചന, ബലംകൊണ്ടും ഭീഷണികൊണ്ടും സമ്മതംവാങ്ങി ജനഹിതത്തിനെതിരായ ഹർജികളിൽ മിഷനറിമാർ തന്നെ പകരം ഒപ്പുവച്ചത്, ഫാ. മർസലിനും ഫാ. കാൻഡിഡസും ചുററിനടന്ന് ജനങ്ങളേയും വൈദികരേയും പറഞ്ഞുപററിച്ച് ഒപ്പുശേഖരിച്ചത്—തുടങ്ങിയ കാര്യങ്ങൾ അപേക്ഷയിൽ സവിസ്തരം രേഖപ്പെടുത്തിയിരിക്കുന്നു.

യൂറോപ്യനായ ഒരു വികാരി ജനറലുണ്ടായിരിക്കുകയാണ് വരാപ്പുഴയിലെ പതിവ്. ഇതിനെതിരായി പ്രക്ഷോഭണകാലത്ത് സുറിയാനിക്കാരായ പല വികാരിജനറൽമാരെ നിയമിച്ചത് ദുരുദ്ദേശ്യപൂർവ്വമാണെന്ന് അപേക്ഷയിൽ സമർത്ഥിച്ചിരിക്കുന്നു. ഇവർ പൊതുഹിതത്തിനെതിരായി ഹർജ്ജികളുണ്ടാക്കി റോമിലേയ്ക്കയക്കാൻ നിയോഗിക്കപ്പെട്ടവരായിരുന്നതത്രേ. പുതിയ വികാരിജനറൽമാരിൽ ഒരുവനായ കാപ്പിൽ മത്തായിയച്ചൻ അടുത്തു പട്ടം കിട്ടേണ്ടിയിരുന്ന ശെമ്മാശ്ശന്മാരെ വിളിച്ച് പൗരോഹിത്യത്തെക്കുറിച്ചു പറയുന്നതിനിടയിൽ, മിഷനറിമാർക്ക് അനുകൂലമായ ഹർജ്ജികളിൽ ഒപ്പിടുന്നവർക്കു പട്ടം കിട്ടാനെളുപ്പമുണ്ടെന്നും അല്ലാത്തവർക്കു പട്ടം നിഷേധിക്കപ്പെടുമെന്നും വ്യക്തമായി മനസ്സിലാക്കത്തക്കവിധത്തിൽ സംസാരിച്ചശേഷം, അവരെ ഈ രണ്ടുപേരായി വിളിച്ച് ഹർജിവായിക്കാൻ അവസരം കൊടുക്കാതെ ഒപ്പിടുവിച്ചുവെന്നും പ്രസ്താവിക്കുന്നു. കൂടാതെ, ഭരണീയരായ വൈദികരിൽ നിന്ന് അദ്ദേഹം ഭീഷണിയും പ്രലോഭനവും കൊണ്ട് ഒപ്പുകൾ സമ്പാദിച്ചു. മോൺ. മർസലിൻ മെത്രാനായി നിയമിതനായ ഉടനെ വികാരിജനറൽമാരുടെ

പുതിയ തസ്തികകൾ നിറുത്തലാക്കിയതു തന്നെ മെത്രാപ്പോലീത്തയുടെഉള്ളിലിരിപ്പ് വെളിവാക്കുന്നു.

പുതിയ മെത്രാൻ മോൺ. മർസലിൻ സുറിയാനിക്കാരെ സ്നേഹിക്കുന്നവനല്ല; സ്നേഹിച്ചിരുന്നവനുമല്ല. കഴിഞ്ഞ മൂന്നുവർഷങ്ങൾക്കുള്ളിൽ അദ്ദേഹം തങ്ങൾക്കു വളരെ ദ്രോഹങ്ങൾ വരുത്തിത്തീർത്തുട്ടുണ്ട്. ലെയൊനാർഡ് മെത്രാപ്പോലീത്തയുടെ സെക്രട്ടറിയെന്ന നിലയിൽ, അച്ചന്മാരിൽ നിന്ന് അവരുടെ താല്പര്യത്തിനെതിരായി മിഷനറിമാർക്കു വേണ്ടി ഒപ്പുകൾ ശേഖരിച്ചയാളെയാണ് മോൺ. മർസലിൻ വികാരിജനറലായി നിയമിച്ചിരിക്കുന്നത്. സെക്രട്ടറിമാരായി നിയമിച്ചിട്ടുള്ള രണ്ടു പേരും കണക്കുതന്നെ. തൻെറ ഇഷ്ടപ്പടി സുറിയാനിക്കാരായ വൈദികരുടേയും വിശ്വാസികളുടേയും പേരിൽ ഹർജികളുണ്ടാക്കി തിരുസിംഹാസനത്തിലേയ്ക്കയക്കുക തന്നെയാണ് ഈ നിയമനങ്ങളുടെയും ഉദ്ദേശ്യം. ശീശ്മകൾ തളരുകയല്ല; വളരുകയാണ്. പള്ളികളിൽ അനൈകമത്യവും ഭിന്നിപ്പും വർദ്ധിക്കുന്നു. മെത്രാനും മിഷനറിമാരും കുററാന്വേഷണങ്ങൾ നടത്തുന്ന വ്യഗ്രതയിലാണ്. ആരാണു റോമിലേയ്ക്കെഴുതുന്നത് എന്നാണന്വേഷണം. ഫാ. കാൻഡിഡസും മററൊരച്ചനും ഇതു കണ്ടുപിടിക്കുന്നതിനും, പ്രലോഭനങ്ങളാലും ഭീഷണികളാലും ജനങ്ങളെ വശീകരിക്കുന്നതിനുമായി സുറിയാനിപ്പള്ളികൾതോറും ചുററിനടക്കുന്നു. തങ്ങളിൽ ചിലരൊക്കെ മുമ്പേപ്പോലെ ശിക്ഷിക്കപ്പെടാൻ പോകുന്നുവെന്ന ഭീതി പരന്നിരിക്കുന്നു. കുഴപ്പങ്ങളെല്ലാമുണ്ടാക്കുന്ന കാൻഡിഡസച്ചനെ തിരിച്ചുവിളിക്കുകയോ നിയന്ത്രിക്കുകയോ വേണമെന്നു പല പ്രാവശ്യം തിരുസിംഹാസനത്തിലറിയിച്ചിട്ടുള്ളതാണ്. കർമ്മലീത്താ മിഷനറിമാരുടെ കീഴിൽ തുടരാൻ കഴിയാതായിരിക്കുന്നു. അപേക്ഷകളനുവദിക്കാനാവില്ലെങ്കിൽ, സുറിയാനിക്കാരെ ഗോവാ അധികാര

ത്തിലാക്കാനെങ്കിലും കല്പനയുണ്ടാകണമെന്ന അഭ്യർത്ഥനയോടെ ഹർജി ഉപസംഹരിക്കുന്നു.

ഈ അപേക്ഷയിൽ ശ്രദ്ധേയമായ ഒരു വസ്തുതയിലേയ്ക്ക് ലൂയീസച്ചൻ വിരൽ ചൂണ്ടുന്നുണ്ട്. മോൺ. മർസലിനെ മെത്രാനായി നിയമിച്ചപ്പോൾ, സുറിയാനിക്കാരിൽനിന്ന് ഒരു വികാരി ജനറലിനെയും നാലു ഉപദേശകരെയും നിയമിക്കണമെന്ന് തിരുസംഘം വ്യവസ്ഥചെയ്തിരുന്നു. ഈ ഈ വ്യവസ്ഥ അദ്ദേഹം പാലിക്കുകയുണ്ടായില്ല. "പരിശുദ്ധ സിംഹാസനത്തിന്റെ താല്പര്യങ്ങൾ നല്ലൊരളവിൽ ഒരിക്കൽക്കൂടി തകർക്കപ്പെട്ടു"[1] വെന്നാണ് ലൂയീസച്ചൻ സൂചിപ്പിക്കുന്നത്.

ഈ ഹർജി ലൂയീസച്ചന്റെ കൈയക്ഷരത്തിൽ ലത്തീൻ ഭാഷയിൽ എഴുതപ്പെട്ട ഒരു രേഖയാണ്. മോൺ. മർസലിൻ ഭരണമേററ് ഒരു വർഷം തികയുംമുമ്പാണ് ഇതെഴുതുന്നത്. പുതിയ ഭരണസംവിധാനത്തിൽ സുറിയാനിക്കാരുടെ അവസ്ഥകളിലേയ്ക്കും ഈ അപേക്ഷ വെളിച്ചം വീശുന്നുണ്ടല്ലോ.

സുപ്രധാനമായ മററൊരു രേഖകൂടി പരിശോധിക്കുക. വൈദേശികഭരണത്തിൽ ഇവിടത്തെ സുറിയാനിക്കത്തോലിക്കർക്കു യാതൊരു വളർച്ചയും കിട്ടില്ലെന്നതായിരുന്നു, ആ ഭരണത്തിനെതിരായി ലൂയീസച്ചന്റെ ഒരു പ്രതിഷേധ കാരണം. ഈ വസ്തുത സ്പഷ്ടമാക്കുന്നൊരു രേഖയാണിത്. ഇതും ലൂയീസച്ചന്റെ കൈപ്പടയിൽ എഴുതിയ ഒരപേക്ഷയുടെ നക്കലാണ്. മേലൂസ് ശീശ്മയുടെ വളർച്ച വിവരിച്ചുകൊണ്ടു തുടങ്ങുന്നു. ഒരു വൈദികനും അഞ്ചു ശെമ്മാശ്ശന്മാരും തൃശ്ശൂരെത്തി ശീശ്മയിൽ

1Tisserant cardinal, op. cit. P. 125

M/209.22
MAN

ചേർന്നിരിക്കുന്നു. "തൊണ്ടനാട്ട് മാർ അന്തോണി ഇളന്തോട്ടത്തു താമസിച്ചുകൊണ്ട് പലരേയും ശമ്മാശ്ശന്മാരും വൈദികരുമായി അഭിഷേചിക്കുന്നു. കൽദായക്കാരനായ ആഗസ്തിനോസ് കശീശ തെക്കൻപള്ളികളെ ഭരിക്കുന്നു. സ്വയംഭരണപ്രസ്ഥാനക്കാർ നിർദ്ദേശിച്ച ഉചിതമായ പ്രതിവിധികൾ സ്വീകരിച്ചിരുന്നെങ്കിൽ, ഇതൊന്നുമുണ്ടാവില്ലാഞ്ഞു. മോൺ. മർസലിൻ ഭരണമേററിട്ട് ശീശ്മയിൽനിന്ന് ആരുംതന്നെ തിരിച്ചുവന്നിട്ടില്ല. പള്ളികളും അങ്ങനെതന്നെ. കത്തോലിക്കരുടെയിടയിൽ സമാധാനമില്ല. ശീശ്മ വളർന്നുകൊണ്ടേയിരിക്കുന്നു. ഞങ്ങൾ വീണ്ടും പരിശുദ്ധസിംഹാസനത്തിലേയ്ക്കു നിലവിളിച്ചു; ഇപ്പോഴുമങ്ങനെതന്നെ. പക്ഷേ, തിരുസിംഹാസനം ഞങ്ങളുടെ അപേക്ഷകൾക്കു ചെവിതരുന്നില്ല.

വൈദേശികഭരണത്തിന്റെ സ്ഥായിയായ ദൂഷ്യഫലങ്ങളിലേയ്ക്ക് ലൂയീസച്ചൻ ശ്രദ്ധ ക്ഷണിക്കുന്നു. ''ഞങ്ങളുടെ സമുദായം ദിനംപ്രതി അധോഗതിയെപ്രാപിക്കുന്നു; അത് ശാസ്ത്രങ്ങളിലും കലകളിലും മററു സമുദായങ്ങളെക്കാൾ ഹീനമായി വരുന്നു. പരീക്ഷ ജയിച്ച് ബിരുദം നേടിയ ഒരുവനെങ്കിലും കത്തോലിക്കരുടെയിടയിലില്ല; രാജ്യഭരണത്തിൽ ഉദ്യോഗം വഹിക്കുന്നവനായും ആരുമില്ല. എന്നാൽ, ഞങ്ങളുടെ സഹോദരന്മാരായ യാക്കോബായക്കാർ ഉന്നതങ്ങളായ ഉദ്യോഗങ്ങൾ വഹിക്കുന്നു. അവരിൽനിന്ന് അഞ്ചോ ആറോ ജഡ്ജിമാരുണ്ട്; മേൽക്കോടതികളിലും കീഴ്ക്കോടതികളിലുമായി വളരെ വക്കീലന്മാരുണ്ട്; ഉന്നതങ്ങളായ ഉദ്യോഗങ്ങളുള്ളവരുണ്ട്; ഇവരെല്ലാം ബിരുദധാരികളുമാണ്. രാജ്യഭരണരംഗത്ത് ഉന്നതങ്ങളായ ഉദ്യോഗങ്ങൾ വഹിക്കുന്ന അക്രൈസ്തവരായ അസംഖ്യം ബിരുദധാരികളെക്കുറിച്ച് ഞങ്ങൾ ഒന്നുംതന്നെ പറയുന്നില്ല. ഭൂതലത്തിൽ സൂര്യന്നുകീഴുള്ള എല്ലാ സമുദായങ്ങൾക്കുമെന്നപോലെ, ഞങ്ങൾക്കും സ്വന്തമായൊരു മെത്രാനി

ല്ലാത്തതാണ് ഇതിൻെറ മുഖ്യകാരണം; എന്തെന്നാൽ, ഞങ്ങളെ സംസ്ക്കാരത്തിലേയ്ക്കും ശാസ്ത്രങ്ങളിലേയ്ക്കും കലകളിലേയ്ക്കും നയിക്കുന്നതിന് സമുദായത്തിനൊരു തലവനില്ല.''

സമുദായത്തിൻെറ സർവ്വതോമുഖമായ വളർച്ചയെ മാത്രം ലക്ഷ്യംവച്ചുകൊണ്ടാണ് സ്വയംഭരണം കിട്ടിയേതീരൂ എന്ന് ലൂയീസച്ചൻ ആവശ്യപ്പെട്ടത്. സ്വയംഭരണം കിട്ടി തെല്ലിടകൊണ്ടുതന്നെ ഇവിടത്തെ സുറിയാനിസമുദായത്തിന് സാംസ്ക്കാരിക മേഖലയിലും വൈജ്ഞാനിക മേഖലയിലും കൈവന്ന വളർച്ച ലൂയീസച്ചൻെറ അഭിപ്രായത്തെ ശരിവയ്ക്കുന്നു. തികഞ്ഞ സാമൂഹിക ബോധത്തിൻെറ നിദർശനമാണ ദ്ദേഹം—തീർച്ച.

## ഡലിഗേററ് അപ്പസ്തോലിക്

1884 ഒക്ടോബറിലാണ്, ഇൻഡ്യയ്ക്ക് ആദ്യമായി മാർപ്പാപ്പയുടെ ഒരു പ്രതിനിധി നിയമിതനാകുന്നത്—മോൺ. അല്ലിയാർഡി. ബോംബെയിലാണ് ഇദ്ദേഹം താമസമാക്കിയത്. മോൺ. മൗറീൻെറ ആസ്ഥാനവും അവിടമായിരുന്നല്ലോ. ഡലിഗററ് അപ്പസ്തോലിക്കിനെ സ്വയംഭരണവാദികൾക്ക് അനുകൂലനാക്കിയത് മോൺ. മൗറീൻതന്നെയാണ്. 1885 ജനുവരി 12—ാംനു- അദ്ദേഹം ലൂയീസച്ചന് എഴുതുന്നു: ''അങ്ങയുടെ രണ്ടുകത്തുകൾക്കും ഇപ്പോൾ മറുപടിതരാം. ഡലിഗററിനോടാലോചിച്ച്, അദ്ദേഹത്തിൻെറ ഉപദേശപ്രകാരം സത്യാവസ്ഥകളും ആശങ്കകളും പ്രതീക്ഷകളും വിശദീകരിച്ചു മലബാറിനനുകൂലമായി ഒരിക്കൽക്കൂടി ഞാൻ റോമിലേയ്ക്കെഴുതാം[20].'' മലബാർസഭ പുനരുജ്ജീവിച്ച്, ആഹ്ളാദത്തിൻെറ വസ്ത്രങ്ങൾ എടുത്തണിയുന്ന ദിവസം വേഗം വരുമെന്നു പറഞ്ഞാണ് കത്തവസാനി

---

20 Mar Louis, op. cit. Part IV, P. 133

പ്പിക്കുന്നത്. ലൂയീസച്ചന്റെ പ്രതീക്ഷകളെ തൊഴുപ്പിച്ചുവിട്ടൊരു കത്ത്.

ഡലിഗററ് അപ്പസ്തോലിക്കിന്റെ നിയമനം സ്വയംഭരണവാദികൾക്കു പലതുകൊണ്ടും അനുഗ്രഹമായിരുന്നു. മുമ്പൊക്കെ വരാപ്പുഴയുടെ ഏകമേലധികാരി റോമായിരുന്നു, അപേക്ഷകളും ഹർജികളും റോമിലെത്തിക്കുക നന്നേക്ലേശകരവും. ഇൻഡ്യയിലെ സഭയുടെമേൽ അധികാരമുള്ളയാളാണല്ലോ ഡലിഗററ് അപ്പസ്തോലിക്. അദ്ദേഹംവഴി വസ്തുതകൾ റോമിന്റെ ശ്രദ്ധയിൽ കൊണ്ടുവരികഒട്ടൊക്കെ എളുപ്പമെന്നായി; പരിശുദ്ധ സിംഹാസനത്തിന് സത്യാവസ്ഥ അന്വേഷിച്ചറിയുക സുകരവും.

1885–നവംബറിൽ മോൺ. അല്ലിയാർഡി മലങ്കരസന്ദർശിച്ചു. ഔദ്യോഗികസന്ദർശനമെന്ന നിലയ്ക്ക് മെത്രാന്മാരുടെ ആസ്ഥാനങ്ങൾ സന്ദർശിക്കാനേ അദ്ദേഹത്തിന് ഉദ്ദേശ്യമുണ്ടായിരുന്നുള്ളു. സുറിയാനിക്കാരുടെ താല്പര്യം അതുകൊണ്ടു നിറവേറുമായിരുന്നില്ലല്ലോ. അവർ മാന്നാനത്തു യോഗം കൂടി. ഡലിഗററു് അപ്പസ്തോലിക്കിനെ അങ്ങോട്ടു ക്ഷണിക്കണമെന്നുറച്ചു. നിധീരീക്കൽ മാണിയച്ചനേയും പാറായിൽ വർക്കിത്തരകനേയും വരാപ്പുഴയ്ക്കയെച്ചു. മാണിയച്ചൻ മോൺ. അല്ലിയാർഡിയെ നേരത്തെ ബോംബയിൽവച്ചുകണ്ട് മലബാർ കാര്യങ്ങളെക്കുറിച്ചു സംസാരിച്ചിട്ടുണ്ടായിരുന്നു 21. ഡലിഗററ് ക്ഷണംസ്വീകരിച്ചു. ആവേശോജ്ജ്വലമാരുവരവേല്പൊരുക്കി. ഒമ്പതുവർഷം മുമ്പ് ശൈലഹികസന്ദർശകനു നൽകിയതുപോലെതന്നെ. എതിരേല്പിന്റെ സന്നാഹങ്ങൾകണ്ട് അപഹൃതചിത്തനായ മോൺ. അല്ലിയാർഡി ചോദിച്ചു: ''മാർപ്പാ

21 Abraham M. Nidhiry, op. cit. P. 140

പ്പതന്നെ ഇവിടേയ്ക്കെഴുന്നെള്ളുന്നുവെങ്കിൽ, ഇതില ധികമായി നിങ്ങൾക്കെന്തുചെയ്യാൻ സാധിക്കും? 22.''

1885 നവംബർ 11–ാംനു- മോൺ. അല്ലിയാർഡി മാന്നാനത്തെത്തി. പിറേറന്നു പത്തുമണിക്കു വൈദികസമ്മേളനമായിരുന്നു. രണ്ടു ഹർജികൾ അദ്ദേഹത്തിനു സമർപ്പിക്കപ്പെട്ടു; ഒരെണ്ണം പ്രൊപ്പഗാന്താ തിരുസംഘാദ്ധ്യക്ഷനായ കാർഡിനൽ സിമയോണിയ്ക്ക്. ഈ ഹർജി അദ്ദേഹത്തിന് എത്തിച്ചു കൊടുക്കണമെന്ന് ഡലിഗററിനോടപേക്ഷിക്കുന്നതായിരുന്നു, രണ്ടാമത്തേത്.

ഈ അപേക്ഷകൾ സമർപ്പിക്കപ്പെട്ട രീതി ശ്രദ്ധേയമാണ്. ക്ഷണിക്കപ്പെട്ടതനുസരിച്ച് മോൺ. മർസലിനും ഡലിഗററിൻെറ കൂടെ മാന്നാനത്തെത്തിയിരുന്നു. സുറിയാനിക്കാരുടെ മെത്രാൻ എന്ന നിലയ്ക്ക് തങ്ങളുടെ ഹർജികൾ ഡലിഗററിനു സമർപ്പിക്കണമെന്ന് നേതാക്കന്മാർ മോൺ. മർസലീനോടപേക്ഷിച്ചു. ഡലിഗററ് സ്വീകരിക്കാമെന്നു സമ്മതിച്ച അപേക്ഷകൾ അനുചിതങ്ങളാണെന്നു പറയുവാൻ മോൺ. മർസലിനു കഴിയുമായിരുന്നില്ലല്ലോ. സുറിയാനിക്കാരുടെ പ്രതിനിധിയായി അവർ തന്നെ തിരഞ്ഞെടുത്തത് നിഷേധിക്കാനും വയ്യ. ലെയൊനാർഡു മെത്രാപ്പോലീത്തയ്ക്ക് ഇത് അസ്വീകാര്യമായിരിക്കുമെന്നും അദ്ദേഹത്തിനറിയാം. പക്ഷേ, അതുപറഞ്ഞ് ഒഴിയാവുന്നതല്ലല്ലോ സാഹചര്യം. മോൺ. മർസലിൻ ഹർജികൾ വാങ്ങി ഡലിഗററിനു സമർപ്പിച്ചു. സുറിയാനിക്കാരുടെ താല്പര്യങ്ങളോട് മോൺ. മർസലിനും അനുകൂലമാണെന്ന് ഡലിഗററ് പരിശുദ്ധസിംഹാസനത്തെ അറിയിച്ചുവെങ്കിൽ, അദ്ദേഹം തെററുകാരനാവില്ലല്ലോ. മാത്രവുമല്ല, പേപ്പൽ പ്രതിനിധിയുടെ നിർദ്ദേശപ്ര

---

22 Fr. Bernard, op. cit. Vol. II, P. 346

കാരം ഈ അപേക്ഷകൾ പരസ്യമായി വായിച്ചു. ഭിന്നാഭിപ്രായങ്ങളുണ്ടെങ്കിൽ, പറയുന്നതിനു സൗകര്യം നൽകുകയാവുമല്ലോ ഇതിൻെറ ഉദ്ദേശ്യം. ആരും, മോൺ. മർസലിൻ പോലും, യാതൊരെതിർപ്പും കാണിച്ചുമില്ല.

കാർഡിനൽ സിമയോണിക്കു സമർപ്പിച്ച അപേക്ഷയിൽ, നാലുകാര്യങ്ങളാണ് പ്രത്യേകമായി എടുത്തു പറഞ്ഞിരുന്നത്:

"1. ഞങ്ങളുടെ ജാതിയിലും റീത്തിലും പെട്ട ഒരു മെത്രാനില്ലാത്തതാണ്, പള്ളി സംബന്ധവും സാമുദായികവുമായ കാര്യങ്ങളിൽ യാക്കോബായക്കാരെക്കാൾ ഞങ്ങൾ താഴ്ന്നു പോകുന്നതിനു കാരണം. ഞങ്ങളുടെ യാക്കോബായ സഹോദരങ്ങളാകട്ടെ സ്വജാതിയിലും റീത്തിലുമുള്ള മെത്രാന്മാരുള്ളതിനാലും അവരാൽ പ്രോത്സാഹിപ്പിക്കപ്പെടുക കൊണ്ടും സർവ്വകലാശാലാ പരീക്ഷകൾ ജയിക്കയും വലിയ ഉത്തരവാദിത്വമുള്ള സർക്കാരുദ്യോഗങ്ങൾ വഹിക്കുകയും ചെയ്യുന്നു. യാക്കോബായക്കാരിൽ നിന്ന് ഇത്രയേറെ വ്യത്യസ്തമായിരിക്കുന്ന കത്തോലിക്കരെ അജ്ഞന്മാരുടെ ഒരു കൂട്ടമെന്ന് ഹിന്ദുക്കൾ കരുതുന്നു. അവരുടെ മാനസാന്തരത്തിന് ഇതൊരു പ്രതിബന്ധവുമാണ്.

"2 ഞങ്ങളുടെ ജാതിക്കാരനായ ഒരു മെത്രാൻെറ അഭാവം ഞങ്ങളുടെ റീത്തനുസരിച്ചുള്ള ദൈവാരാധനാകൃത്യങ്ങളിൽ വളരെ കുഴപ്പങ്ങൾക്കിടയാക്കുന്നു.

"3 യാക്കോബായ ശീശ്മയുടെ ഉത്ഭവകാരണം ഞങ്ങളിൽനിന്ന് സ്വജാതി മെത്രാനെ നീക്കിക്കളഞ്ഞതാണ്; അവരുടെ തിരിച്ചുവരവിനുള്ള പ്രതിബന്ധവും അതുതന്നെ.

''4 റോക്കോസ് ശീശ്മയും മേലൂസ് ശീശ്മയുമുണ്ടായത് നാട്ടുകാരനായ മെത്രാൻ ഇല്ലാഞ്ഞതുകൊണ്ടാണ്. മേലൂസ്ശീശ്മക്കാരെ ഇപ്പോൾ തോണ്ടനാട്ട് മാർ അബ്ദീശോയും ആഗസ്തിനോസ് കോർ എപ്പിസ്കോപ്പയും ഭരിച്ചുവരുന്നു.

''അതുകൊണ്ട് ശീശ്മക്കാരെ മനസ്സുതിരിക്കുന്നതിനും മേലിൽ ശീശ്മയുണ്ടാകാതിരിക്കുന്നതിനും യാക്കോബായക്കാരെ കത്തോലിക്കാ ഐക്യത്തിലേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള ഏക പ്രതിവിധിയായ ഒരു നാട്ടുമെത്രാനെ തരണമെന്ന്23, അപേക്ഷിക്കുന്നു.''

ഇക്കാലത്ത് കേരളത്തിലെ സുറിയാനിക്കാരുടെ അംഗസംഖ്യയെത്രയാണെന്നോ? രണ്ടുലക്ഷത്തിൽപ്പരം. വൈദികർ 360; സെമ്മിനാരികൾ 4. എന്നിട്ടും അവർക്ക്സ്വജാതി മെത്രാന്മാരില്ലാഞ്ഞു! അതേസമയം അർമ്മേനിയൻ കത്തോലിക്കരുടെസംഖ്യ 80,000–ൽ താഴെ മാത്രമായിരുന്നു. അവർക്ക് സ്വന്തം റീത്തിലും ജാതിയിലും പെട്ട ഒരു പേട്രിയാർക്കും രൂപതാഭരണമുള്ള 18 മെത്രാന്മാരും ഒട്ടേറെ സ്ഥാനികമെത്രാന്മാരുമുണ്ടായിരുന്നു. മെസപ്പൊട്ടേമിയായിലെ കൽദായറീത്തുകാരുടെ സംഖ്യ ഇതിലും കുറവായിരുന്നു. എന്നിട്ട്അവർക്കുമുണ്ടായിരുന്നു ഒരു പെട്രിയാർക്കും 12 മെത്രാന്മാരും. ഇൻഡ്യയിലെ ലാററിൻഹയരാർക്കിയിൽപ്പെട്ട പല രൂപതകൾക്കും പതിനായിരത്തിൽ താഴെ വിശ്വാസികളേയുണ്ടായിരുന്നുള്ളു24. കണക്കുകൾ സംസാരിക്കുന്നു: മിഷനറിമാർ മൗനം ഭജിക്കുന്നു.

മോൺ. അല്ലിയാർഡിയും അദ്ദേഹത്തിൻെറ സെക്രട്ടറി കാനൻഡെക്കിയുമായി മന്നനത്തുവച്ചു തുട

23 Fr. Bernard op. cit. Vol II, P. 346-347

24 Tisserant cardiual, op. cit. P. 126

ങ്ങിയ സൗഹൃദം നിരവധി കത്തുകളിലൂടെ ലൂയീസച്ചൻ നിലനിറുത്തിപ്പോന്നു. അസുഖംമൂലം 1886 ഏപ്രിലിൽ മോൺ. അല്പിയാർഡി റോമിലയ്ക്ക് തിരിച്ചുപോയി. അദ്ദേഹം അവിടെയിരിക്കുമ്പോൾ ഇവിടെ 'കൊച്ചിൻ ആർഗസ്' എന്ന പത്രത്തിൽ സുറിയാനിക്കാരുടെ വാദങ്ങൾക്കെതിരായി ആക്ഷേപകരങ്ങളായ കുറെലേഖനങ്ങൾ പ്രസിദ്ധം ചെയ്യപ്പെട്ടു, ''ദിനംപ്രതി കർബാന ചൊല്ലുന്നവരെങ്കിലും ഏററം വലിയ മാരകപാപങ്ങളിൽ മുഴുകിയിരിക്കുന്നവർ'' ''തങ്ങളുടെ ദിവ്യമായ ഉദ്യോഗത്തിൻെറ കർത്തവ്യങ്ങളെക്കുറിച്ച് ചിന്തയില്ലാത്തവർ,'' ആത്മീയാധികാരികൾക്കെതിരായുള്ള ഗൂഢാലോചനകളിലും സംഘടനകളിലും ജീവിതം നയിക്കുന്നവർ,'' ''സന്മാർഗ്ഗങ്ങളിൽനിന്നു പതിതന്മാർ'' എന്നിങ്ങനെ ആ ലേഖനങ്ങൾ നിരവധി കുററങ്ങൾ സുറിയാനിക്കാരായ വൈദികരിൽ ആരോപിച്ചു. പദ്രുവാദോക്കാർ മോൺ. മർസലിൻെറ നടപടികളെ വിമർശിച്ച് ചില ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. അവ സ്വയംഭരണവാദികളുടേതെന്നു തെററിദ്ധരിച്ച്, കൊച്ചിൻ ആർഗസിലെ ലേഖകൻ സുറിയാനിക്കാരെ അകാരണമായി ആക്ഷേപിക്കുകയായിരുന്നു. അജ്ഞാതനാമാവായ ലേഖകൻ ഫാ. കമില്ലെസ്സാണെന്നു ചിലരും അല്ല. മോൺ. മർസലിൻതന്നെയെന്നു വേറെ ചിലരും വിശ്വസിച്ചു. ഇത്തരം ലേഖനങ്ങൾ പത്രത്തിൽ വന്നതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടും അവയ്ക്കു മറുപടിയെഴുതുന്നെങ്കിൽ, സമാധാനസംസ്ഥാപനത്തിനും സാഹോദര്യപ്രചോദനത്തിനും ഉത്കൃഷ്ടതരത്തിലായിരിക്കണമെന്നുപദേശിച്ചുകൊണ്ടും കാനൻദോക്കി ലൂയീസച്ചനെഴുതി. പരസ്യമായി വിഴുപ്പലക്കാനല്ല, ലൂയീസച്ചൻ തീരുമാനിച്ചത്; ഈ വസ്തുതകൾ തിരുസംഘാദ്ധ്യക്ഷനായ കാർഡിനൽ സിമയോണിയെ അറിയിക്കാൻമാത്രം.

സുപ്രധാനമായ പല സംഭവങ്ങളും ഇതിനിടെ നടന്നു. പദ്രുവാദൊയും പ്രൊപ്പഗാന്താത്തിരുസംഘ

വും തമ്മിലുള്ള തർക്കങ്ങൾ ഇരുകക്ഷികൾക്കും സ്വീകാര്യമായ വിധത്തിൽ തീരുമാനിക്കപ്പെട്ടു. തുടർന്ന്, 1886– സെപ്തംബറിൽ ലിയോ പതിമൂന്നാമൻ പാപ്പ ഇൻഡ്യയിൽ വൈദികാദ്ധ്യക്ഷക്രമം (Hierarchy) സ്ഥാപിച്ചു. അക്കൊല്ലം അവസാനത്തോടെ മോൺ. അല്ലിയാർഡി തിരിച്ചെത്തി. ഹയരാർക്കി സ്ഥാപനകല്പന നടപ്പിലാക്കാൻ നിയോഗിക്കപ്പെട്ടതദ്ദേഹമാണ്. അതിന്നായി കൊളംബോയിലും ബാംഗ്ളൂരിലും അല്ലഹബാദിലും മെത്രാന്മാരുടെ സൂനഹദോസുകൾ ചേർന്നു. ഹയരാർക്കി സ്ഥാപനകല്പനയനുസരിച്ച് വരാപ്പുഴ അതിരൂപതയും അതിൻെറ ഭരണാധികാരി മെത്രാപ്പോലീത്തയുമായി. 1887–ലെ ബാംഗ്ളൂർ സൂനഹദോസിൽ തെക്കേ ഇൻഡ്യയിലെ മെത്രാന്മാർ പങ്കെടുത്തു. ഇതിൽ വച്ച്, സുറിയാനിക്കാരെ വേർതിരിച്ച് പ്രത്യേക ഭരണത്തിലാക്കുന്നതിനെക്കുറിച്ച് മോൺ. അല്ലിയാർഡി മെത്രാന്മാരോടാലോചിച്ചു. സുറിയാനിക്കാരെ ഭരിക്കുന്നവർതന്നെ പറയട്ടെ മറുപടി എന്നായിരുന്നു മററുള്ളവരുടെ പ്രതികരണം. വരാപ്പുഴ മെത്രാപ്പോലീത്തയും കൊല്ലം മെത്രാനും മർസലിൻ മെത്രാനും കൂടിയാലോചിച്ച് ഒരു മാർഗ്ഗം നിർദ്ദേശിച്ചു. 'വരാപ്പുഴ അതിരൂപതയുടെ വലിപ്പം നിമിത്തം, ഭരണസൗകര്യത്തിനുവേണ്ടി വരാപ്പുഴ മെത്രാപ്പോലീത്തയുടെ അധീശത്വത്തിൽ വടക്കു തൃശ്ശൂരും തെക്കു കോട്ടയത്തും ഓരോ രൂപത സ്ഥാപിക്കുക; ഒന്നിൽ മർസലിൻ മെത്രാനേയും മററതിൽ മറെറാരു കർമ്മലീത്താ മെത്രാനേയും നിയമിക്കുക.' വരാപ്പുഴയ്ക്ക് സുറിയാനിക്കാരുടെ മേലുള്ള അധികാരം കൈവിട്ടുപോകരുത് എന്ന കാര്യത്തിലായിരുന്നു, ഇവർക്കു കണ്ണ്. ഏതായാലും രണ്ടു രൂപതകൾ ആവശ്യമാണെന്ന് ഈ നിർദ്ദേശത്തിൽനിന്നു വ്യക്തമായല്ലോ. അവയിൽ ആരെ നിയമിക്കണം' അവ വരാപ്പുഴയുടെ കീഴിലായിരിക്കണമോ' എന്നിവയൊക്കെ വേറെ കാര്യങ്ങളാണ്. തങ്ങളുടെ നിർദ്ദേശ

പ്രകാരംതന്നെ എല്ലാം നടന്നുകൊള്ളണമെന്നു മനക്കണക്കു കൂട്ടിയാണ്, മെത്രാപ്പോലീത്ത ബാംഗ്ളൂരിൽ നിന്നു മടങ്ങിയത്.

## സുറിയാനിക്കാരെ വരാപ്പുഴ നിന്നു വിടർത്തുന്നു

കാര്യങ്ങരം ദ്രുതഗതിയിലായി. 1887 മേയ് 20–ാംനു- സുറിയാനിക്കാരെ വരാപ്പുഴയിൽനിന്നു വേർപെടുത്തിക്കൊണ്ടും അവർക്കായി തൃശ്ശൂർ, കോട്ടയം എന്നു രണ്ടു വികാരിയാത്തുകരം സ്ഥാപിച്ചുകൊണ്ടും 13–ാം ലിയോ പാപ്പാ കല്പന (Quod Jampridem) പുറപ്പെടുവിച്ചു. ''മലയാളത്തിലെ കത്തോലിക്കാ സുറിയാനിക്കാരെ ലത്തീൻകാരിൽനിന്നും റീത്തനുസരിച്ച് വേർതിരിച്ച് ശ്ളീഹായ്ക്കടുത്ത രണ്ടു വികാരിയാത്തുകളായി സ്ഥാപിക്കുകയും അവകരം ലത്തീൻമെത്രാന്മാരെ ഏല്പിക്കുകയും ചെയ്യണമെന്നും അവരിൽ ഓരോരുത്തനും മലയാള സുറിയാനിക്കാരിൽ നിന്ന് ഓരോ വികാരി ജനറൽമാരെ സ്വീകരിക്കുകയും ആ വികാരി ജനറൽമാരിൽ ഓരോരുത്തന്നും തന്റെ സ്വന്തം റീത്തിൽ മേൽപ്പട്ടസ്ഥാന കർമ്മങ്ങരം (Pontificalia) ചെയ്യുന്നതിനും മെത്രാനാൽ കൂദാശ ചെയ്യപ്പെട്ട മൂറോൻ സൈത്തുകൊണ്ടു സൈ്ഥര്യലേപനം ചെയ്യുന്നതിനുമുള്ള പ്രത്യേകാനുവാദം നൽകപ്പെടുകയും ചെയ്യണമെന്നും നാം കല്പിക്കുന്നു. പ്രസ്തുത വികാരിജനറൽമാരെ കൂടാതെ മെത്രാന്മാരിൽ ഓരോരുത്തനും അതേ ജാതിയിലും റീത്തിലുമുരംപ്പെട്ട നാലു വൈദികന്മാരെ വീതം തിരഞ്ഞെടുത്ത് പള്ളിസംബന്ധമായ സകല കാര്യങ്ങളിലും അവരുടെ ആലോചന അനുസരിച്ചു പ്രവർത്തിക്കണം....''

മാന്നാനത്തുവച്ച് മോൺ. മൗറീന് വൈദികർ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, സു

റിയാനിക്കാർക്കു പ്രത്യേകമായി ഒരു യൂറോപ്യൻ മെത്രാനേയും സുറിയാനിയിൽ വൈദിക കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് ഒരു സ്വജാതി മെത്രാനേയും വേണമെന്നായിയിരുന്നല്ലോ. ഒന്നിനുപകരം രണ്ടുമെത്രാന്മാരെ ലഭിക്കുന്നു (രണ്ടു രൂപതകൾ സ്ഥാപിക്കണമെന്നാണ് മാന്നാനം യോഗം ആദ്യം ആവശ്യപ്പെട്ടത്) 26. സ്വജാതി മെത്രാനുപകരം, അധികാരങ്ങളോടുകൂടിയ, സ്വജാതിയിൽപ്പെട്ട വികാരി ജനറൽമാരുണ്ടായിരിക്കണമെന്നും കല്പിച്ചിട്ടുണ്ടല്ലോ. അതിനു പുറമെയാണു വൈദികസമിതി. ഒരു വ്യാഴവട്ടക്കാലത്തിനു ശേഷമാണെങ്കിലും മാന്നാനം യോഗം ആവശ്യപ്പെട്ടതനുവദിച്ചിരിക്കുന്നു!

1887 ഫെബ്രുവരിയിൽ മോൺ. അല്പിയാർഡി സ്ഥാനമൊഴിഞ്ഞ് റോമിലേയക്ക് തിരിച്ചുപോയി; പകരം മോൺ. ആൻഡ്രു അയൂത്തി (Andrew Ajuiti) നിയമിതനായി. അദ്ദേഹമാണ് മേല്പറഞ്ഞ തിരുവെഴുത്ത് മലബാർ സഭയ്ക്ക് അയച്ചു കൊടുത്തത്. തൃശൂർ വികാരിയാത്തിലെ പള്ളികൾക്കുള്ളത് ഏൽത്തുരുത്ത് ആശ്രമാധിപന്നും കോട്ടയം വികാരിയാത്തിലേത് മാന്നാനം ആശ്രമാധിപന്നുമാണയച്ചത്. അവർ അതതു പള്ളികൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തു.

ഈ തിരുവെഴുത്തിൽ നിന്ന് ഒരുകാര്യം വ്യക്തമായി: സുറിയാനിക്കാരെ വരാപ്പുഴമെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്നു വേർപ്പെടുത്തിയിരിക്കുന്നു. ബാംഗ്ളൂർ സൂനഹദോസിൽവച്ചു് മെത്രാപ്പോലീത്തനൽകിയ നിർദ്ദേശത്തിനെതിരാണിത്. എങ്കിലും, ഈ വികാരിയാത്തുകളിൽ ആരെയാണ് മെത്രാന്മാരായി നിയമിക്കുക എന്നുകാണിച്ചിട്ടില്ല. അധികാരം പൊയ്പ്പോയെങ്കിലും തന്നോ

---

25 Chapter 1 cfr. P. 64

ടാലോചിച്ചു് അവയിൽ മോൺ. മർസലിനേയും മററൊരു കർമ്മലീത്താവൈദികനേയും—ഫാ. കാൻസിഡസ് ആയിരുന്നു, അദ്ദേഹത്തിൻെറ സ്ഥാനാർത്ഥി—നിയമിക്കുമെന്നുതന്നെ മെത്രാപ്പോലീത്ത വിചാരിച്ചു; വേണ്ടനീക്കങ്ങളുമാരംഭിച്ചു.

അത്തരമൊരു പരിണാമം ലൂയിസച്ചനും കൂട്ടർക്കും ഒട്ടുംതന്നെ സ്വീകാര്യമല്ലല്ലോ. അങ്ങനെയെങ്ങാനും സംഭവിച്ചുപോയാൽ? ഈ ചിന്ത സ്വയംഭരണവാദികൾക്കു പരിഭ്രമകാരണമായി. വരാപ്പുഴ പക്ഷക്കാരുടെ നീക്കങ്ങളെ പ്രതിരോധിക്കുകയായി, ലൂയീസച്ചൻെറ അടുത്തപരിപാടി.

ലൂയീസച്ചൻെറ കൈപ്പടയിൽ ഇംഗ്ളീഷിൽ എഴുതിയ മൂന്ന് അപേക്ഷകളുടെ നക്കലുകളുണ്ട് ഈ വിഷയത്തെ സംബന്ധിക്കുന്നവ 27. 1887—ആഗസ്റ്റ് 20—ാം നു-യിലേയാണ് ഒന്ന്, മോൺ. അയൂത്തിക്കെഴുതിയത്. പുതിയ വികാരിയാത്തുകളുടെ ഭരണം കർമ്മലീത്തരെതന്നെ ഏല്പിക്കണമെന്ന് സുറിയാനി വൈദികന്മാർ ആവശ്യപ്പെടുന്നതായുള്ള വ്യാജ ഹർജി വരാപ്പുഴ മിഷനറിമാർ കള്ള ഒപ്പുകളോടെ തിരുസംഘത്തിനയച്ചുവെന്നാണ് ഇതിലെപരാതി. ഇത്തരത്തിലൊരു ഹർജി തിരുസംഘത്തിലെത്തിയിട്ടുണ്ടെങ്കിൽ, തങ്ങൾ അതിനെഎതിർക്കുന്നുവെന്നാണു നക്കലിൽ പറഞ്ഞിരിക്കുന്നത്.

1887 സെപ്തംബർ 10—ാം നു-യിലെയാണ് അടുത്തത്; പ്രൊപ്പഗാന്തതിരുസംഘാദ്ധ്യക്ഷൻ സിമയോണിയ്ക്കെഴുതിയത് മോൺ. മർസലിനെയും ഫാ. കൻഡിഡസിനെയും പുതിയ വികാരിയാത്തുകളിൽ നിയമിക്കണമെന്നു കാണിച്ച് സുറിയാനിവൈദികരുടെപേർക്കു കള്ള ഒപ്പിട്ട് മിഷനറിമാർ പരിശു

---

26 It C. Chacko. op. cit. P. 454-459

ദ്ധപിതാവിനും തിരുസിംഹാസനത്തിനും ഡലിഗററ് അപ്പസ്തോലിക്കനും എഴുതിയെന്നാണ് പരാതി. മോൺ. മർസലിൻേറയും ഫാ. കാൻഡിഡസിൻേറയും വി്രകിയകളേയും പരാമർശിച്ചിരിക്കുന്നു.

1887 ഒക്ടോബർ 24—ാംനു ആണ് മൂന്നാമത്തേതിൻെറ തീയതി. മോൺ. അയൂത്തിക്ക്. വരാപ്പുഴ മെ്രതാപ്പോലീത്ത ലെയോനാർഡും കൊല്ലം മെ്രതാൻ ഫെർഡിനാൻഡും രണ്ടു സുറിയാനിവൈദികരെക്കൂട്ടി ഡലിഗററിൻെറ പക്കലെത്തിയിരുന്നു. സുറിയാനിക്കാരെക്കുറിച്ചുള്ള വ്യവസ്ഥാപനങ്ങരം മാററിമറിക്കാൻ ്രശമിക്കുകയായിരുന്നു, യാ്രതാദ്ദേശ്യം. യുവവൈദികര രണ്ടുപേരും സുറിയാനിക്കാരുടെ ്രപതിനിധികളാണെന്ന നാട്യത്തിലാണ്. രണ്ടുപേരും മോൺ. മർസലിൻെറ ശിഷ്യന്മാരാണ്; ഒരുവൻ അദ്ദേഹത്തിൻെറ സെ്രകട്ടറിയും അപരൻ സെമ്മിനാരിയിലെ സുറിയാനിമല്പാനും. ആജ്ഞാനുസരണം ്രപവർത്തിക്കുകയല്ലാതെ ഇവർക്കു വേറെ വഴിയില്ലല്ലോ. ഇവരിൽ ഒരാരം പിന്നീട് ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്കയായ മാക്കീൽ മത്തായിയച്ചനും മററെയാരം വാഴക്കുളത്ത് വലിയവീട്ടിൽ ഗീവർഗീസച്ചനുമായിരുന്നു. മോൺ. ലവീഞ്ഞിൻെറ നിയമനശേഷം മത്തായിയച്ചൻ അദ്ദേഹത്തിൻെറ കക്ഷി ചേർന്നു; ഗീവർഗീസച്ചൻ അപ്പോഴും വരാപ്പുഴ പക്ഷത്തുതന്നെ നിന്നു. ്രപതിനിധിസംഘത്തിൻെറ പൂച്ചു വെളിക്കാക്കുന്നതു കൂടാതെ, പുത്തൻപള്ളി സെമ്മിനാരി, കൂനമ്മാവുകൊവേന്ത, കൂനമ്മാവുമഠം ഇവ സുറിയാനിക്കാരുടെ വകയാണെന്നും വിഭജനത്തിൽ സുറിയാനിവികാരിയാത്തുകളിൽ ഉരംപ്പെടുത്തണമെന്നും അപേക്ഷയിൽ വാദിക്കുന്നു.

ഈ ഹർജിയിൽപറയുന്ന കാര്യങ്ങരം നവംബർ 2—ാം നു ഒരെഴുത്തുവഴി അപ്പോരം റോമിലായിരുന്നു കാൽ ദോക്കിയെയും ലൂയീസച്ചൻ അറിയിക്കുകയുണ്ടായി.

കാനൻ ദോക്കിയേയും ലൂയീസച്ചൻ അറിയിക്കുകയും ഉണ്ടായി.

## ഒരു സായഹ്നസവാരി.

മിഷനറിമാരും സ്വയംഭരണവാദികളും—വടംവലിമുറുകി. ഒരുചെറിയ സംഗതികൊണ്ടാണ് വിജയം നിർണ്ണയിക്കപ്പെട്ടത്: ഒരുസായഹ്നസവാരി. അതില്ലാഞ്ഞെങ്കിൽ സ്വയംഭരണവാദക്കാർ അമ്പേ തറപററുമായിരുന്നു! ലൂയീസച്ചൻെറ നിവേദനങ്ങൾ പ. സിംഹാസനത്തിലെത്തുംമുമ്പ്, പുതിയവികാരി അപ്പസ്തോലിക്കമാരുടെ നിയമനം കഴിഞ്ഞിരുന്നു. മെത്രാപ്പോലീത്തയുടെ നിർദ്ദേശം പോലെ മോൺ. മർസലിനും ഫാ. കൻസിഡസും തന്നെയാകട്ടെ പുതിയവികാരി അപ്പസ്തോലിക്കായെന്നായിരുന്നു, റോമിൻെറ വിധി. അതനുസരിച്ചു ബൂളകൾ തയാറാക്കാൻ കാർഡിനൽ സിമയോണി സെക്രട്ടറിയോടാവശ്യപ്പെട്ടു. അന്നു വൈകീട്ട് ഈ സെക്രട്ടറി കാനൻ ദോക്കിയെ കാണാനിടയായി. തിരുസംഘ തീരുമാനം സെക്രട്ടറിയിൽനിന്ന് മനസ്സിലാക്കിയ അദ്ദേഹം മോൺ. അല്ലിയാർഡിയെ വിവരം ധരിപ്പിച്ചു. മോൺ. അല്ലിയാർഡി അന്നു രാത്രിതന്നെ കാർഡിനൽ സിമയോണിയെക്കണ്ട് ഈ തീരുമാനത്തിൻെറ അനൗചിത്യം വ്യക്തമാക്കി; സ്ഥലത്തു പോയി അന്വേഷിച്ച തൻെറയും മോൺ. മൗറീൻെറയും അഭിപ്രായങ്ങൾ അവഗണിക്കുന്നത് ചിതമല്ലെന്നു വാദിക്കുകയും ചെയ്തു. കാർഡിനൽ സിമയോണി വീണ്ടുവിചാരത്തിനു സന്നദ്ധനായി.

കാര്യങ്ങൾ ഇങ്ങനെയാണു നീങ്ങിയതെന്നു പിന്നീടാണറിഞ്ഞത്; ലൂയീസച്ചൻ എറണാകുളം വികാരിയാത്തിൻെറ വികാർ അപ്പസ്തോലിക്കായശേഷം. അപ്പോഴേയ്ക്ക് മോൺ. അല്ലിയാർഡി കാർഡിനലായി ഉയർത്തപ്പെട്ടിരുന്നു. പുതിയ നിലകളിൽ ഇരു

വരും കൂടിക്കണ്ടപ്പോഴാം, കാർഡിനൽ അല്ലിയാർഡി തന്നെയാണ് ഇക്കാര്യം മോൺ. ലൂയീസിനോടു പറഞ്ഞത്. മലങ്കരസഭയുടെ ചരിത്രഗതിയെ തിരിച്ചുവിട്ട സംഭവം. അതില്ലാഞ്ഞെങ്കിൽ, സുറിയാനി സമുദായത്തിൻെറ ഇന്നത്തെ ചരിത്രം എങ്ങനെയുണ്ടാകുമായിരുന്നു?

അങ്ങനെ, തൃശ്ശൂർ വികാരി അപ്പസ്തോലിക്കയായി ആംഗ്ളോ ഇൻഡ്യൻ വംശജനായ അഡെൽഫ് മെഡ്‌ലിക്കോട്ടും കോട്ടയം വികാരി അപ്പസ്തോലിക്കയായി ഫ്രാൻസുകാരനും ഈശോസഭാജനറലിൻെറ സെക്രട്ടറിയുമായിരുന്ന ചാറൽസ് ലവീഞ്ഞും നിയമിതരായി.

## പുതിയ വികാരി അപ്പസ്തോലിക്കമാർ

1887 മേയ് 20–നാണല്ലോ, സുറിയാനിക്കാരെ വരാപ്പുഴനിന്നു വേർപെടുത്തി, അവർക്കായി രണ്ടു സ്വതന്ത്ര വികാരിയാത്തുകൾ സ്ഥാപിച്ചു കല്പനയുണ്ടായത്. എങ്കിലും അക്കൊല്ലം ഒക്ടോബർ പതിനഞ്ചോടടുത്തുമാത്രമേ വികാരി അപ്പസ്തോലിക്കമാർ ആരായിരിക്കുമെന്ന് അറിവായുള്ളു; അവർ വന്നു ചാർജ് എടുക്കുന്നതിന് പിന്നേയും താമസമുണ്ടായി. ഈ ഇടവേളകളിൽ മിഷനറിമാരുടെ കുതന്ത്രങ്ങൾകൊണ്ട് വല്ല മറിമായങ്ങളും സംഭവിച്ചെങ്കിലോ എന്ന ഭീതി ലൂയീസച്ചനുണ്ടായിരുന്നു. അതുകൊണ്ട്, അദ്ദേഹം ഡലിഗററ് അപ്പസ്തോലിക്കുമായി നിരന്തര സമ്പർക്കത്തിലേർപ്പെട്ടിരുന്നു. തിരുസിംഹാസന തീരുമാനത്തിൽ യാതൊരു ഭേദഗതിയുമുണ്ടാവില്ലെന്ന് മോൺ. അയൂത്തി ലൂയീസച്ചന് പലവട്ടം ഉറപ്പുകൊടുക്കുന്നുണ്ട്.

## മോൺ. മെഡ്ലിക്കോട്ട്

1887– നവംബർ 21ാംനു– മോൺ. അയൂത്തി ലൂയീസച്ചന് അയച്ച കത്തിൽ, മോൺ. മെഡ്ലിക്കോട്ടിനെ ഡിസം. 11–ാംനു– ഊട്ടിയിൽവച്ച് താൻ മെത്രാനായി അഭിഷേചിക്കുമെന്ന് എഴുതിയിരുന്നു, അതു കഴിഞ്ഞുവന്ന ഞായറാഴ്ച പുതിയ മെത്രാൻ തൃശ്ശൂർവന്ന് ഭരണമേൽക്കുകയുണ്ടായി. ഉജ്ജ്വലമായ വരവേല്പാണ്, അദ്ദേഹത്തിനു നൽകിയത്. ലൂയീസച്ചനും സ്വീകരണത്തിൽ പങ്കുകൊണ്ടു. നിധീരിക്കൽ മാണിയച്ചൻെറയും മററും പരിശ്രമഫലമായി മേലൂസ്ശീശ്മയിൽപ്പെട്ട വടക്കാഞ്ചേരിപ്പള്ളിക്കാർ പുതിയ മെത്രാനെ തങ്ങളുടെ പള്ളിയിലേയ്ക്കു ക്ഷണിക്കുകയുണ്ടായി. അതനുസരിച്ച്, തൃശ്ശൂർക്കു വരുന്നവഴി അദ്ദേഹം അവരുടെ പള്ളിയിൽ ദിവ്യബലിയർപ്പിച്ചു, പ്രസംഗിച്ചു; അവരെ തിരുസ്സഭയുടെ ഐക്യത്തിലേയ്ക്കു സ്വീകരിക്കുകയും ചെയ്തു. സുറിയാനിക്കാർക്ക് പ്രത്യേക മെത്രാനെ നൽകുകയാണ് ശീശ്മ അവസാനിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമെന്ന വാദം ശരിവച്ച സംഭവമായി വേണം, ഇതിനെ പരിഗണിക്കാൻ.

## മോൺ. ലവീഞ്ഞ്

പിന്നേയും നാലരമാസം കഴിഞ്ഞേ മോൺ. ലവീഞ്ഞു വന്നെത്തിയുള്ളു. സ്വാഭാവികമായും ആസ്ഥാനമായി നിശ്ചയിക്കപ്പെട്ടിരുന്ന കോട്ടയത്തു വന്നു ഭരണമേൽക്കാനാണല്ലോ സാധ്യത. സ്വയംഭരണ പ്രസ്ഥാന നേതാക്കരംക്കു മാന്നാനത്തോട് ഒരു പ്രത്യേക മമതയുണ്ടായിരുന്നു. അവിടെ നിന്നാണു പുതിയ പ്രസ്ഥാനത്തിൻെറ തുടക്കം; അതിൻെറ ഒടുക്കവും അവിടെത്തന്നെയാകട്ടെയെന്ന് അവരാഗ്ര

ഹിച്ചു. 1887—ലെ പിറവിത്തിരുനാളിന് മോൺ. അയൂത്തിക്ക് ലൂയീസച്ചൻ ഒരാശംസാക്കത്ത് അയച്ചു. അതിൽ ഈ താല്പര്യവും സൂചിപ്പിച്ചു.

1888 – ഏപ്രിൽ 6 ന് ഡലിഗററ് അപ്പസ്തോലിക്ക് ലൂയീസച്ചനയച്ച കത്തിൽ മോൺ. ലവീഞ്ഞ് തലേദിവസം തൃശ്ശിനാപ്പള്ളിയിലെത്തിയിട്ടുണ്ടെന്നും താമസിയാതെ വികാരിയാത്തിലേയ്ക്കു തിരിക്കുമെന്നും അറിയിക്കുന്നു. ഇതേവിവരം ഏപ്രിൽ പത്താംതീയതി തൃശ്ശിനാപ്പള്ളിയിൽനിന്ന് ഫാ. റിക്കാർഡ് ലൂയീസച്ചനെ അറിയിക്കുന്നുണ്ട്. മോൺ. ലവീഞ്ഞ് ഊട്ടിയിലെ ഡലിഗേഷൻ മന്ദിരത്തിലെത്തിയപ്പോൾ, ലൂയീസച്ചനും കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചനും നിധീരിക്കൽ മാണിയച്ചനും അവിടെയെത്തി അദ്ദേഹത്തെ അഭിവാദ്യംചെയ്തു.

മോൺ. ലവീഞ്ഞ് മേയ് 1—ാംനു- എറണാകുളത്തും അടുത്ത പ്രഭാതത്തിൽ വൈക്കത്തുമെത്തി. വൈക്കത്തുനിന്ന് അന്നുതന്നെ മാന്നാനത്തേയ്ക്കു തിരിച്ചു. ഒരു വ്യാഴവട്ടക്കാലത്തിനിടയിൽ കൊച്ചി—മാന്നാനം ചാനൽ സാക്ഷ്യം വഹിക്കുന്ന അത്യുജ്ജ്വലമായ മൂന്നാമത്തെ വരവേൽപ്പ്. ബോംബയിലെ കാത്തലിക് എക്സാമിനർ റിപ്പോർട്ടുചെയ്തു: ''നൂറു ബോട്ടുകളും നാലു ചുണ്ടൻ വള്ളങ്ങളും മെത്രാൻെറ ബോട്ടിന് അകമ്പടിനിന്നു........ഉച്ചകഴിഞ്ഞു രണ്ടു മണിയോടുകൂടി മാന്നാനം കൊവേന്തക്കടവിലെത്തി. അവിടെ 25000—നും 50000—നും ഇടയ്ക്കു വരുന്ന ഒരു ജനസമൂഹം അദ്ദേഹത്തെ സ്വീകരിക്കാൻ കാത്തുനിന്നിരുന്നു. 300 രൂപതാവൈദികരും 40 കർമ്മലീത്താവൈദികരും 100 ശമ്മാശ്ശന്മാരും, 3 പൊൻകുരിശുകളോടും 120 വെള്ളിക്കുരിശുകളോടുംകൂടി വളരെ ദർശന സമൂഹങ്ങളും പുതിയ മെത്രാന് അഭിവാദനംചെയ്യാനൊരുങ്ങിനിന്നു. സ്ഥാനവസ്ത്രങ്ങളണിഞ്ഞ മെത്രാനെ ഒരു പല്ലക്കിലിരുത്തി ജനം പള്ളി

യിലേയ്ക്കാനയിച്ചു....'' 28. മോൺ. ലവീഞ്ഞ് കോട്ടയം വികാരിയാത്തിന്റെ ഭരണം കൈയേററു; മാന്നാനത്തു താമസവുമാക്കി.

വിസിററർ അപ്പസ്തോലിക് മോൺ. മൗറീന്റെ സന്ദർശനം, മോൺ. മർസലിൻ—സുറിയാനിക്കാർക്ക് പ്രത്യേക മെത്രാൻ, വരാപ്പുഴയുടെ അധികാരത്തിൽ നിന്നുള്ള വേറിടൽ, കർമ്മലീത്തരല്ലാത്ത പുതിയ വികാരിയപ്പസ്തോലിക്കമാർ, മെത്രാനടുത്ത ശുശ്രൂഷകർ, പരികർമ്മം ചെയ്യാനുള്ള അധികാരത്തോടുകൂടി സ്വജാതിയിലും റീത്തിലും പെട്ട വികാരി ജനാൽമാർ—കേരള സുറിയനികത്തോലിക്കാ സമുദായം സ്വയം ഭരണത്തിലേയ്ക്കുള്ള കല്പടവുകൾ ഒന്നൊന്നായിചവിട്ടിത്തള്ളുന്നു.

തൃശൂർ, എറണാകുളം വികാരിയാത്തുകൾ സ്ഥാപിച്ചുകൊണ്ടുള്ള തിരുവെഴുത്തുകളുടെകൂടെ ഡലിഗററ് അപ്പസ്തോലിക് മോൺ. അയൂത്തി അയച്ച ലേഖനത്തിലെ ചില വാചകങ്ങളോടെ ഈ അദ്ധ്യായം അവസാനിപ്പിക്കാം. പുതിയ ക്രമീകരണത്തെക്കുറിച്ച് അദ്ദേഹം എഴുതുന്നു:

''ഈ സംഗതികളെല്ലാം ആത്യന്തികമായി നിങ്ങളുടെ ദേശത്തിലും റീത്തിലും പെട്ട മെത്രാനെ കിട്ടത്തക്ക അനുഗൃഹീതദിനം നിങ്ങൾക്കായി പ്രകാശിക്കട്ടെ എന്ന ഉത്കൃഷ്ടമായ ലക്ഷ്യത്തിനായി ക്രമീകരിക്കപ്പെട്ടിരിക്കുന്നുവെന്നത് ഒരുവനും അജ്ഞാതമല്ല........

''ഈ ക്രമീകരണങ്ങൾകൊണ്ട് നിങ്ങൾക്കുണ്ടായിരിക്കുന്ന അവസ്ഥ ശാശ്വതമായുള്ളതല്ല.

---

28 Mar Louis, op, cit. Part IV. P. 180-185

''നിങ്ങളുടെ സഭാഭരണം ഇതേപോലെ കാര്യക്ഷമമായി നിങ്ങളുടെ കൂട്ടത്തിലും റീത്തിലുമുള്ള ഒരു മെത്രാനെ യഥാകാലം ഏൽപ്പിക്കുന്നതിന്ന് വേണ്ട തെളിവുകൾ അനുസരണംകൊണ്ടും സുകൃതങ്ങൾകൊണ്ടും നിങ്ങൾ നൽകുന്നോ എന്ന് തിരുസിംഹാസനം ശ്രദ്ധിച്ചുകൊണ്ടിരിക്കും.'' ലൂയീസച്ചൻ 1875–ലേ പറഞ്ഞതുപോലെ, റോമിൻെറ കാഴ്ചയിൽ നമ്മുടെ യഥാർത്ഥ സ്ഥിതിയെത്തിയില്ല എന്ന തകരാറു മാത്രമേ നമുക്കുണ്ടായിരുന്നുള്ളു. റോം നോക്കി; കണ്ടു; കാര്യങ്ങൾ വഴിപോലാവുകയും ചെയ്തു.

## എട്ട്

# അംഗീകാരത്തിൻെറ കൽപ്പടവുകൾ

## പുതിയ ഉത്തരവാദിത്വങ്ങൾ

വിദേശ മിഷനറിമാരുടെ നുകത്തിൽനിന്ന് സുറിയാനിക്കാരെ അഴിച്ചുവിട്ടു. പ്രസ്തുത കൽപ്പനയിൽ, പുതിയ വികാരി അപ്പസ്തോലിക്കാമാരുരട ഭരണനിർവാഹകസമിതിയെക്കുറിച്ച് ഇങ്ങനെ പറയുന്നു: ' മെത്രാന്മാരിൽ ഓരോരുത്തനും അതേജാതിയിലും റീത്തിലുമുൾപ്പെട്ട നാലു വൈദികന്മാരെവീതം തിരഞ്ഞെടുത്ത് പള്ളിസംബന്ധമായ സകലകാര്യങ്ങളിലും അവരുടെ ആലോചനയനുസരിച്ചു പ്രവർത്തിക്കണം.'' മോൺ. ലവീഞ്ഞ് നാലുപേരെ തിരഞ്ഞെടുത്തു. അവരിൽ ഒരാൾ ലൂയീസച്ചനായിരുന്നു. ലൂയീസച്ചനു കിട്ടുന്ന ആദ്യത്തെ ഔദ്യോഗി

കാംഗീകാരമിതാണ്. നിധീരിക്കൽ മാണിയച്ചൻ, കട്ടക്കയത്തിൽ വലിയചാണ്ടിയച്ചൻ, തറയിൽ യൗസേപ്പച്ചൻ എന്നിവരായിരുന്നു, മററു മൂന്നുപേർ.

ഇതിനിടയിൽ, ആസ്ഥാനം കോട്ടയമായിരിക്കെ, മോൺ. ലവീഞ്ഞ് മാന്നാനത്തു താമസിക്കുന്നതിൻെറ ഔചിത്യത്തെ മിഷനറിമാരോട് അനുഭാവമുള്ള അച്ചന്മാർ ചോദ്യംചെയ്തു. അതുകൊണ്ട്, മാണിതോമസ് എന്നയാളുടെ കോട്ടയത്തെ ബംഗ്ളാവ് വാടകയ്ക്കെടുത്ത് മോൺ. ലവീഞ്ഞ് അങ്ങോട്ടു താമസംമാററി; സെക്രട്ടറിയും ആലോചനക്കാരും യാക്കോബായക്കാരുടെ പുനരൈക്യം ഉന്നംവച്ച് നിധീരിക്കൽ മാണിയച്ചൻ മുൻകൈയെടുത്തു സ്ഥാപിച്ച 'ജാത്യൈക്യസംഘം' വക വുഡ്ലാൻഡ്സിലേയ്ക്കും. അതെത്തുടർന്ന് ലൂയീസച്ചനെ ബിഷപ്പ് തൻെറ സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. മോൺ. ലവീഞ്ഞ് കോട്ടയം വികാരിയാത്തിൻെറ ഭരണാധിപനായിരുന്നകാലംമുഴുവനും ലൂയീസച്ചൻ അദ്ദേഹത്തിൻെറ വിശ്വസ്തനായ സെക്രട്ടറിയായിരുന്നു. നീക്കുപോക്കുകരം ചെയ്യാനും സഹകരിച്ചുപോകാനുമുള്ള ചരിത്രപുരുഷൻെറ കഴിവിന് ഉദാരമായ തെളിവാണിത്.

## കന്യകാമഠങ്ങളുടെ ഡിറക്ടർ

കോട്ടയത്തേയും തൃശൂരിനേയും വേർതിരിക്കുന്ന പ്രാകൃതിക അതിർത്തി പെരിയാററായിരുന്ന. കോട്ടയം വികാരിയാത്തിൽ കന്യകാമഠങ്ങളൊന്നുമുണ്ടായിരുന്നില്ല. അന്ന് കേരളത്തിൽ ഒരേയൊരു മഠമേയുണ്ടായിരുന്നുള്ളു— കൂനമ്മാവിലെ കർമ്മലീത്താ മഠം. ചാവറ കുര്യാക്കോസച്ചൻേറയും ലെയോപ്പോൾഡ് മിഷനറിയുടേയും പരിശ്രമഫലമായിരുന്നു, ഇത്[1].

---

1 ഫാ. വലേരിയൻ സി. എം. ഐ., 'ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം 1939, പേജ് 208-217

1885—ലാണ് തുടക്കം. അംഗങ്ങളിൽ സുറിയാനിക്കാരും ലത്തീൻകാരുമുണ്ടായിരുന്നു. 1887—ൽ സുറിയാനക്കാരെ വരാപ്പുഴയധികാരത്തിൽനിന്ന് വിടർത്തിയപ്പോഠം പരിശുദ്ധ സിംഹാസനം ഈ മഠം സുറിയാനിക്കാർക്കുതന്നെ വിട്ടുകൊടുത്തു. മഠം തുടങ്ങുന്ന 1886—ൽ ലൂയീസച്ചൻ കൂനമ്മാവു കൊവേന്തയിൽ വൈദികവിദ്യാർത്ഥിയായിരുന്നു.

മോൺ. ലവീഞ്ഞ് തൻെറ രൂപതയിൽ മഠങ്ങഠം തുടങ്ങണമെന്നാഗ്രഹിച്ചു; ഇക്കാര്യം ലൂയീസച്ചനെ ചുമതലപ്പെടുത്തുകയും ചെയ്തു2. കൂനമ്മാവിൽനിന്ന്, കോട്ടയം രൂപതാതിർത്തികളിൽപ്പെടുന്നവരായ മൂന്നു സഹോദരിമാരെ കൂട്ടിക്കൊണ്ടുവന്ന് സന്യാസിനീപ്രസ്ഥാനം ആരംഭിക്കാനാണു പരിപാടി. അക്കാലത്ത് ഒരു മഠം സ്ഥാപിക്കണമെന്ന ഉദ്ദേശ്യത്തോടെ മുത്തോലി കൊവേന്തയിൽനിന്ന് മുത്തോലിയിൽ ഒരു കെട്ടിടം പണികഴിച്ചിട്ടുണ്ടായിരുന്നു. 1888 ജൂലൈമാസത്തിൽ, സി. ക്ളാര പുത്തനങ്ങാടി, സി. ആഗ്നസ് കുന്നമ്പിള്ളി, സി. ത്രേസ്യ കാതറൈൻ തോപ്പിൽ എന്നിവരെ കൂനമ്മാവിൽനിന്ന് ഈ കെട്ടിടത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചു. കൊവേന്തയിൽനിന്നുതന്നെ ഒരച്ചനെ അവരുടെ ചാപ്ളയിനായി നിശ്ചയിക്കുകയും ചെയ്തു.

കുറെ കഴിഞ്ഞപ്പോഠം, കോട്ടയം വികാരിയാത്തിൽപ്പെട്ട എല്ലാ സഹോദരിമാരേയും കൂനമ്മാവിൽനിന്നു കൊണ്ടുപൊയ്ക്കൊള്ളണമെന്ന് മോൺ. മെഡ്ലിക്കോട്ട് മോൺ. ലവീഞ്ഞിനെ അറിയിച്ചു. അതനുസരിച്ച്, 1891 ആഗസ്ററിൽ ലൂയീസച്ചൻ കോട്ടയം വികാരിയാത്തിൽപ്പെട്ട എല്ലാ സഹോദരിമാരേയും അവരുടെ പത്രമേനി തുടങ്ങിയ കണക്കുകളെ

2 Mar Louis, op cit, Part III P. 162.

ല്ലാം ശരിപ്പെടുത്തി, മുത്തോലിയിൽ കൊണ്ടുവന്നു താമസിപ്പിച്ചു.

മുത്തോലിയിൽ സഹോദരിമാർക്ക് സൗകര്യങ്ങൾ മതിയാകാതായി. അവർ കൂടക്കൂടെ പരാതി കൊടുക്കയുംചെയ്തു. ഈ സഹോദരിമാരിൽ ചിലർ വൈക്കത്തുകാരായിരുന്നു. ലൂയീസച്ചൻ അവരുടെ ബന്ധുജനങ്ങളുടെ സഹകരണം തേടി. ഒരു സഹോദരിയുടെ കുടുംബക്കാർ—പുത്തനങ്ങാടിക്കാർ—തൽക്കാലോപയോഗത്തിനായി ഒരു വീടു വിട്ടുകൊടുത്തു. 1892 ഏപ്രിൽ 6—ാംനു- വൈക്കത്തുകാരായ ആറു സഹോദരിമാർ മുത്തോലിയിൽനിന്ന് ഈ വീട്ടിൽ വന്നു താമസം തുടങ്ങി. അതെത്തുടർന്ന് വൈക്കം ഇടവകക്കാർ പള്ളിച്ചെലവിൽ ഒരു സ്ഥലംവാങ്ങി മഠം പണിയുന്നതിനു വിട്ടുകൊടുത്തു. ലൂയീസച്ചൻ പള്ളികൾതോറും നടന്ന് 2864 രൂ. 25 പൈസയും 375പറ നെല്ലും മഠം പണിക്കായി ശേഖരിച്ചു. ഈ തുകകൊണ്ടൊരു കെട്ടിടംപണിത്, സഹോദരിമാർ അതിലേയ്ക്കു താമസംമാററി. അന്നുതന്നെ ഒരു വലിയ കെട്ടിടത്തിന് ലൂയീസച്ചൻ തറക്കല്ലിട്ടു. അതിൻെറ പണി പൂർത്തിയായത് അദ്ദേഹം എറണാകുളം വികാരി അപ്പസ്തോലിക്കയായശേഷം മാത്രമാണ്.

വൈക്കത്തേക്കാൾ മുമ്പ് ചങ്ങനാശ്ശേരിയിൽ ഒരു മഠത്തിനുവേണ്ട കെട്ടിടം ഉണ്ടായിക്കഴിഞ്ഞിരുന്നു. മുത്തോലി മഠത്തിൻെറ അപര്യാപ്തത പരിഹരിക്കാൻ ലൂയീസച്ചൻെറ പ്രേരണയാൽ മോ. ലവീഞ്ഞ് പണിയിച്ചതാണ് ഈ കെട്ടിടം; സ്ഥലം 600 രൂപയ്ക്ക് ചങ്ങനാശ്ശേരിപ്പള്ളിക്കാർ വാങ്ങിക്കൊടുത്തു. ഇതിനിടയിൽ, തൻെറ ആസ്ഥാനം കോട്ടയത്തുനിന്നു ചങ്ങനാശ്ശേരിക്കു മാററാൻ മെത്രാൻ തീരുമാനിച്ചിരുന്നു. 1893 ഏപ്രിലിൽ അരമനപണി തീരുന്നതുവരെ, ഈ കെട്ടിടത്തിലാണ് അദ്ദേഹം താമസിച്ച

ത്. പുതിയ അരമന സജ്ജമായശേഷമേ, ഈ കെട്ടിടം സഹോദരികൾക്കു നൽകിയുള്ളു.

ആരക്കുഴ വികാരിയും ഇടവകക്കാരും അപേക്ഷിച്ചതനുസരിച്ചാണ്, അവിടെ മഠം തുടങ്ങിയത്. സ്ഥലവും കെട്ടിടവും പള്ളിക്കാർ കൊടുത്തു. മുത്തോലിയിൽ നിന്നും വൈക്കത്തുനിന്നുമായി നാലു സഹോദരിമാരാണ് അവിടെ താമസം തുടങ്ങിയത്— 1895 ഫെബ്രു. 9—ാംനു.

## ക്ളാരമഠം

കേരളത്തിലെ ക്ളാരമഠത്തിൻെറ തുടക്കത്തിലും ലൂയീസച്ചൻെറ ഉത്സാഹമുണ്ട്. മോൺ. ലവീഞ്ഞു ഭരണമേൽക്കുന്നതിനു മുമ്പേ തന്നെ കണ്ണാടി ഉറമ്പ് എന്ന സ്ഥലത്ത് ഏതാനും വിധവകളും നിർദ്ധന കന്യകകളും ഭക്ത കൃത്യങ്ങളിൽ ഉൽസുകരായി ജീവിക്കുന്നുണ്ടായിരുന്നു. ചിട്ടപ്പെട്ട ജീവിത രീതിയോ നിയമങ്ങളോ ഒന്നുമില്ലാഞ്ഞു, അവർക്ക്. ഭിക്ഷാടനമായിരുന്നു, ജീവിതമാർഗം. മോൺ. ലവീഞ്ഞ് ഇവരെക്കുറിച്ചു കേട്ടു. ഇവർക്ക് സന്യാസോചിതമായ ഒരടിസ്ഥാനമുള്ളതു നന്ന് എന്നുവച്ച്, അഭിപ്രായമറിയാൻ ലൂയീസച്ചനെ നിയോഗിച്ചു. അവർക്കതു സമ്മതമായിരുന്നു. മെത്രാൻ അവർക്കു സന്യാസവസ്ത്രം നൽകി കണ്ണാടി ഉറമ്പിൽ നിന്ന് ചങ്ങനാശ്ശേരിയിലേയ്ക്കു മാററിത്താമസിപ്പിച്ചു. അങ്ങനെ തുടങ്ങി ക്ളാര മഠം.

കന്യകാ മഠങ്ങൾ സമുദായോത്കർഷത്തെ സഹായിക്കുമെന്ന് ലൂയീസച്ചൻ വിശ്വസിച്ചു. ആ വിശ്വാസം തീർത്തും ശരിയായിരുന്നെന്ന് നമുക്കറിയാം. നമ്മുടെ ബ. സഹോദരികൾ ക്രിസ്തീയ സമൂഹത്തിൻെറ സാംസ്കാരികവും വൈജ്ഞാനികവും ആദ്ധ്യാത്മികവുമായ വളർച്ചയ്ക്കു നൽകി

യിട്ടുള്ള സംഭാവനകൾ നിസ്തുലങ്ങളാണ്. ലൂയീസച്ചൻ മെത്രാനായപ്പോൾ കൂനമ്മാവ്, വൈക്കം, ആരക്കുഴ എന്നീ മഠങ്ങൾ അദ്ദേഹത്തിന്റെ ഭരണ മേഖലയിലായി. അവയ്ക്കു പുറമേ അദ്ദേഹത്തിന്റെ ഭരണകാലത്ത് ചെങ്ങൽ, മുട്ടം, എറണാകുളം, പറൂർ, കറുകുററി എന്നീ സ്ഥലങ്ങളിലും മഠങ്ങൾ സ്ഥാപിതമായി. മഠങ്ങൾ വർദ്ധിച്ചെങ്കിലും, 1917 വരെ അവയ്ക്കു വ്യവസ്ഥാപിതമായ നിയമ സംഹിതയുണ്ടായിരുന്നില്ല. 1905—ൽ പത്താം പീയൂസ് പാപ്പയെ സന്ദർശിക്കാൻ മോൺ. ലൂയീസ് റോമിൽ പോയി. അന്ന് ഫ്ളോറൻസിലെ കർമ്മലീത്താ മൂന്നാം സഭയിൽപ്പെട്ട കന്യാകാമഠത്തിൽ നിന്ന് അവരുടെ നിയമസംഹിതയുടെ ഒരു പ്രതി അദ്ദേഹം സമ്പാദിച്ചു. അത് സ്ഥലകാലാനുസൃതമായ ഭേദഗതികളോടെ 1917—ൽ അച്ചടിച്ചു പ്രചരിപ്പിച്ചു.

## മോൺ. ലവീഞ്ഞ്ഭരണവും പ്രശ്നങ്ങളും

ഏതദ്ദേശീയമെത്രാന്മാരായിരുന്നല്ലോ, പ്രക്ഷോഭകരുടെ ഉള്ളിരുപ്പ്. എങ്കിലും റോം സ്വീകരിച്ച താൽക്കാലിക തീരുമാനം പൊതുവേ സ്വാഗതാർഹമായിരുന്നു. എന്നാൽ, കുറെപ്പേരുണ്ടായിരുന്നു, ഈ പുതിയ സംവിധാനത്തോട് ഇണങ്ങിച്ചേരാൻ കഴിയാത്തവർ. അവരപ്പോഴും മിഷനറി ഭരണത്തിന്റെ നന്മകൾ അയവിറക്കുകയായിരുന്നു. പാലാക്കുന്നേൽ വല്യച്ചൻ തന്റെ ഡയറിയിൽ കുറിക്കുന്നു:—

‘‘ഇപ്പോൾ സുറിയാനി പരിഷയിൽ പുളിങ്കുന്നു ഇടവകക്കാരൻ പഴേപറമ്പിൽ ലൂയീസച്ചനും കുറവിലങ്ങാട്ടുപള്ളി ഇടവകക്കാരൻ നിധീരിക്കൽ മാണികത്തനാരച്ചനും മററും ഇവർക്കു സ്നേഹിതന്മാരായ ചില കൊച്ചു കത്തനാരച്ചന്മാരും കൂടി ചില കൊവേന്ത പട്ടക്കാരെയും കൂടെ ഇതിൽ ഉൾപ്പെടുത്തി ഇപ്പോൾ മൂന്നുവർഷത്തോളമായി റോമായ്

ക്കു എഴുത്തുകുത്തുകൾ നടത്തി ഇത്ൻവണ്ണമൊക്കെയും സംഗതി ആക്കിയിരിക്കുന്നു. ഇതിന്റെ ഭവിഷ്യം ഏറെ താമസിയാതെ എല്ലാവർക്കുമറിയാൻ ഇടയാകും. ചരിത്രപുസ്തകങ്ങൾ കൈവശമുള്ളവരുണ്ടെങ്കിൽ ഉററു സൂക്ഷിച്ചു വായിച്ചു നോക്കുവിൻ. ഇരുന്നൂറു സംവൽസരത്തിനു മുമ്പേ ഈശോ സഭക്കാർ നമ്മെ ഭരിച്ചിരുന്നപ്പോൾ എത്ര ദുഷ്കർമ്മങ്ങളും ദുരിതങ്ങളും നമ്മുടെ പിതാക്കന്മാരോട് ഇവരു ചെയ്തിരുന്നതിനെ സഹിക്കാൻ വഹിയാഞ്ഞിട്ടു നമ്മിൽ പാതിയിലധികവും അന്ത്യോഖ്യാസഭയെ അനുസരിച്ചു ഇന്നോളവും പുത്തൻകൂററുകാരായി തീർന്നിരിക്കുന്നു. ഏതാനും നല്ല ജനങ്ങളായ നമ്മുടെ പിതാക്കന്മാർ വളരെ എഴുത്തുകൾ റോമായ്ക്കെഴുതി ഈശോ സഭക്കാരെ ഒഴിച്ചു കർമ്മലീത്താക്കാരെ നമ്മുടെ ഭരിപ്പുകാരാക്കിത്തീർക്കയും ചെയ്തു. ഇപ്പോൾ ഇളനാ കടിയറികയില്ല. ഇളമാൻ കടവറിയാതെ വെടിക്കാരന്റെ കടവിനു മുൻപിൽപോയി ചാടുന്നതു പോലെ, തോക്കിലെ ഉണ്ട ചങ്കിനുകൊള്ളുന്നതു പോലയും, സാധുക്കളും ദയയുള്ളവരും ആയിരുന്ന കർമ്മലീത്തരെ നിന്ദിച്ചു ഇല്ലാത്ത ദൂദുകൾ ഒക്കെയും സിദ്ധാന്തികളായ കൊച്ചച്ചന്മാരു ബോധിപ്പിച്ചു പാവപ്പെട്ട സുറിയാനി സഭയെ യെസ്വീത്തരുടെ വായിലേയ്ക്കു കൊണ്ടെ തള്ളിക്കൊടുത്തിരിക്കുന്നു. മുമ്പു ഈ സഭക്കാരു നമ്മെ ഭരിച്ചപ്പോൾ അൻപതു സംവൽസരം സമാധാനത്തോടു കൂടെ ഇവരുടെ ഭരിയിൻ കീഴിൽ പിതാക്കന്മാർക്കു നില്പാൻ വശമില്ലാതെ ഏറിയ ജനങ്ങൾ പുത്തൻ കൂററുകാരായി തീർന്നു. കർമ്മലീത്താക്കാരുടെ കീഴിൽ ഇരുന്നൂററിചില്ലുവാനം സംവൽസരം സമാധാനത്തോടു കൂടെ നമ്മൾ നിന്നു എന്നും ഒരു പള്ളിക്കാരെ എങ്കിലും പുത്തൻകൂററിലൊ ഇംഗ്ലീഷിലൊ അവരു കളഞ്ഞില്ല എന്നും നാം എല്ലാവരും സാക്ഷികൾ അല്ലയൊ? ഇനിയും ഇപ്പോൾ സൂക്ഷിച്ചു കൊള്ളുവിൻ. എത്ര ജനങ്ങൾ

ഇംഗ്ളീഷിലും പുത്തൻകൂററിലും പോകുമോ എന്നു ദൈവത്തിനു മാത്രമറിയാം. എന്ത്യേ, ഇവർ കഠിനകണ്ഠന്മാർ ആകുന്നു. സുറിയാനി പരിഷ കുഞ്ഞാടുകളും ആകുന്നു. അതിനാൽ ളൂവീസ് എന്നും മാണി എന്നും രണ്ടു പട്ടക്കാരു സ്വജാതി മെത്രാനെ വരുത്തിത്തരാമെന്നും പറഞ്ഞു പല പട്ടക്കാരെ കബളിപ്പിച്ചു കയ്യൊപ്പു വാങ്ങി പഴെ ഇരുമ്പുലയിൽ ഇട്ടു ചുടുന്നതിനു സംഗതി വരുത്തിയിരിക്കുന്നതു സുറിയാനി സഭയ്ക്കു എത്രയോ സങ്കടമായിരിക്കുന്നു എന്നു ഏറെ താമസിയാതെ എല്ലാവർക്കും പ്രസിദ്ധം ആകുന്നതും ആകുന്നു''.

ഡയറിയുടെ വേറൊരു പുറത്ത് പിന്നേയും ''ഈ മഹാ പാതകം! എത്രയോ സഹിക്കുവാൻ പാടില്ലാത്ത അന്യായം ഇതൊക്കെയും! ളൂവീസ് ഒരു പട്ടക്കാരനായിട്ടു ഇത്ര നല്ല പിതാക്കന്മാരെ ഉപേക്ഷിക്കുവാൻ സംഗതിവരുത്തിയിരിക്കുന്ന പാതകം ദൈവം ഇയാളോടും ഇയാളുടെ തറവാടിനോടും ചോദിക്കാതെ ഇരിക്കട്ടെ.'' എത്ര നിശിതമായ അഭിപ്രായപ്രകടനം. പാലാക്കുന്നേലച്ചന്റെ കണക്കുകൂട്ടലുകൾ ശരിയോ തെററോ ആകട്ടെ, തനിക്ക് ഉള്ളിൽ തട്ടിയ കാര്യങ്ങൾ ശക്തിയോടും ആത്മാർത്ഥതയോടും കൂടെ പറയുന്നു എന്നതിൽ ആർക്കും സംശയത്തിനിടയില്ല. ഈ അഭിപ്രായമുള്ളവർ വേറെയുമുണ്ടായിരുന്നു–വല്യവീട്ടിൽ വറുഗീസച്ചൻ, മാക്കിൽ മത്തായിയച്ചൻ തുടങ്ങിയവർ. മാക്കീലച്ചൻ പക്ഷം മാറിയ കാര്യം മുമ്പൊരിക്കൽ സൂചിപ്പിച്ചല്ലോ. വലിയവീട്ടിലച്ചൻ മോൺ. മർസലീനോട് അനുഭാവമുള്ള ആളായിരുന്നു. തൃശൂരിനും കോട്ടയത്തിനും മദ്ധ്യേ ഒരു വികാരിയാത്തുകൂടി സ്ഥാപിച്ച് അധികാരമൊന്നുമില്ലാതെ പേരിനു മെത്രാനായി കഴിയുന്ന മോൺ. മർസലിനെ നിയമിക്കണമെന്നാണ് വറുഗീസച്ചന്റെ വാദം. അദ്ദേഹം അതിന്നായി ശ്രമിക്കുന്നുമുണ്ടായിരുന്നു.

## ലൂയീസച്ചനും മാണിയച്ചനും

മോൺ. ലവീഞ്ഞിനു നേരിടേണ്ടിവന്ന ഏററവും വലിയ പ്രതിയോഗി ഭരണക്രമത്തിൽ ഉന്നതപദവിയായ വികാരിജനറൽ സ്ഥാനം നൽകി അദ്ദേഹം ബഹുമാനിച്ച നിധീരിക്കൽ മാണിയച്ചൻതന്നെയായിരുന്നു. ബഹുമുഖമായ കഴിവുകളുള്ള മഹത്തായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു, മാണിയച്ചൻ. കേരളത്തിലെ പതിനഞ്ചു മഹാന്മാരെ തിരഞ്ഞെടുക്കാൻ 1920—ൽ 'ഭാഷാപോഷിണി' ഒരഭിപ്രായ വോട്ടെടുപ്പു നടത്തി. ശങ്കരാചാര്യർ, മാർത്താണ്ഡവർമ്മ, രാജകേശവദാസൻ തുടങ്ങി തിരഞ്ഞെടുക്കപ്പെട്ട പതിനഞ്ച് ഉന്നതന്മാരുടെ കൂട്ടത്തിൽ മാണിയച്ചനും ഉൾപ്പെട്ടിരുന്നുവെന്നു പറയുമ്പോൾ, മഹത്വത്തിന്റെ മററാരുടയാടയും അദ്ദേഹത്തിനു ചാർത്തിക്കൊടുക്കേണ്ടതില്ലെന്നു സ്പഷ്ടമാവുമല്ലോ. മോൺ. ലവീഞ്ഞും മാണിയച്ചനും തമ്മിൽ നിർഭാഗ്യകരമായ ചില ധാരണപ്പിശകുകളുണ്ടായി എന്നതു സത്യമാണ്.

യാക്കോബായക്കാരുടേയും ശീശ്മക്കാരുടേയും പുനരൈക്യത്തിനുവേണ്ടി കഠിനാദ്ധ്വാനംചെയ്തയാളാണ് മാണിയച്ചൻ. ജാത്യൈക്യസംഘം ഈ ഉദ്ദേശ്യത്തിനുവേണ്ടി അദ്ദേഹം മുൻകൈയെടുത്തു സ്ഥാപിച്ചതാണെന്ന് ഈ അദ്ധ്യായത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇപ്പോൾ, മനോരമ ഓഫീസ്, ദിവന്നാസ്യോസ് സെമ്മിനാരി എന്നിവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന് വുഡ്ലാൻഡ്സ് എന്നായിരുന്നു, അന്നു പേര്. ജാത്യൈക്യസംഘത്തിനുവേണ്ടി മാർ ദിവന്നാസ്യോസിന്റേയും മാണിയച്ചന്റേയും പേരിൽ, ഡാറാ സായിപ്പിന്റെ പക്കൽനിന്ന് 3500രൂപയ്ക്ക് 1886 മീനം 27—ാംനു- വാങ്ങിയതാണത്. എന്നാൽ, ഇക്കാര്യത്തിൽ മാണിയച്ചന്റെ പ്രതീക്ഷകൾ നിറവേറിയില്ല. മോൺ. ലവീഞ്ഞുമായി അഭിപ്രായ വ്യത്യാസത്തിന് ഇതു തുടക്കം കു

റിച്ചു. അദ്ദേഹത്തിന്റെ ഭരണകാലം മുഴുവൻ നീണ്ടു നിന്ന ഒരു ശീതസമരത്തിന് അതു വഴിവയ്ക്കുകയും ചെയ്തു.

*** ***

1938 മാർച്ച് 3—ാം നം-യിലെ 'ജസ്ററിസ്' എന്ന പത്രത്തിൽ ശ്രീ ഐ. സി. ചാക്കോയുടെ 'മാർ ലൂയീസ് പഴേപറമ്പിൽ—ജീവിതവും കാലവും' എന്ന ഗ്രന്ഥത്തിന് 'ചരിത്രപ്രിയൻ' എഴുതിയ നിരൂപണത്തിൽ ഇങ്ങനെ കാണുന്നു. ''യാക്കോബായക്കാരുടെ പുനരൈക്യം സംബന്ധിച്ചു ലവീഞ്ഞു മെത്രാനും മാണിയച്ചനും തമ്മിലുള്ള ഈ അഭിപ്രായവ്യത്യാസത്തിലധികം അവർ തമ്മിലുള്ള മൈത്രീഭംഗത്തിനു കാരണമായിത്തീർന്നത് പ്രസ്തുത സംഗതി സംബന്ധിച്ചു മാണിയച്ചനും മെത്രാനച്ചൻ തിരുമനസ്സിലെ കർണ്ണേജപന്മാരും തമ്മിലുള്ള അഭിപ്രായ വ്യത്യാസമായിരുന്നു3''. '' ഇവിടെ ''കർണ്ണേജപന്മാർ'' എന്നതുകൊണ്ടു ചരിത്രപ്രിയൻ ആരെയാണോ ഉന്നംവയ്ക്കുന്നത്? ഏതായാലും, ലൂയീസച്ചനെയാവില്ല. കാരണം, ''ലെവീഞ്ഞുമെത്രാന്റെ ഈ നീരസങ്ങളെല്ലാം സെക്രട്ടറിയായ ലൂയീസച്ചനാൽ പ്രേരിതങ്ങളായിരുന്നുവെന്ന് മാണിയച്ചന്റെ പക്ഷവർത്തികൾക്കും സംശയമുണ്ടായിരുന്നുവെന്ന് തോന്നുന്നു'' 4 എന്ന ശ്രീ ചാക്കോയുടെ പ്രസ്താവത്തെ ചരിത്രപ്രിയൻ ഇങ്ങനെഖണ്ഡിക്കുന്നു: ''ലവീഞ്ഞു മെത്രാന്റെ എഴുത്തുകൾക്കു നിശിതമായ യുക്തിയോടു കൂടിയുള്ള വാക്കുകുളുപയോഗിച്ച് സധൈര്യം (?) മറുപടികൊടുത്തയച്ച മാണിയച്ചൻ ലൂയീസച്ചനെതിരായി ഒന്നും എഴുതിക്കാണുന്നില്ല. പ്രത്യക്ഷത്തിൽ മാണിയച്ചനെതിരാ


---

3 The Justice, 1938 March 3, P. 2, 7,
4 I. C. Chacko, op. cit. P. 540.

യി ലൂയീസച്ചൻ എന്തെങ്കിലും സംശയിച്ചതായി അദ്ദേഹത്തിൻെറ രേഖാസംഹിതയിൽ പ്രസ്താവിച്ചിട്ടേയില്ല. ഈ സ്ഥിതിക്ക് ഗ്രന്ഥകർത്താവു സൂചിപ്പിക്കുന്ന ലൂയിസച്ചനെപ്പററിയുള്ള സംശയം അടിസ്ഥാനരഹിതമല്ലേ?5''

ഇത്രയും പറഞ്ഞുവച്ച്, ചരിത്രപ്രിയൻ വേറെ ചിലതുകൂടി സൂചിപ്പിക്കുന്നുണ്ട്. ''മാണിയച്ചൻ തന്നെക്കാരം വലിയവനാകാൻ ശ്രമിക്കുന്നു'' വെന്നു വിചാരിച്ച്, അദ്ദേഹത്തെഒന്നു താഴ്ത്തികെട്ടണമെന്ന് ലവീഞ്ഞ് മെത്രാന് സ്വതന്ത്രമായ അഭിപ്രായമുണ്ടായതായിത്തോന്നുന്നുവെന്ന് ശ്രീ ഐ. സി. ചാക്കൊ പറയുന്നുണ്ട്. മോൺ. ലവീഞ്ഞിനു മാത്രമല്ല, ലൂയീസച്ചനും ''ആകാശബാണംപോലെ മാണിയച്ചനുണ്ടായ ഉയർച്ചയിൽ6'' അസുഖമുണ്ടെന്നു വരുത്തിത്തീർക്കാൻ ചരിത്രപ്രിയൻ ശ്രമിക്കുന്നു. അതിന്, ലൂയീസച്ചൻ മോൺ. മൗറീന്നെഴുതിയ കത്തിലെ ''നിധീരിക്കൽ മാണിയച്ചന് അല്ലിയാർഡി, അയൂത്തി മുതലായവരെപ്പോലെ പ്രതാപവാന്മാരായ വളരെ സ്നേഹിതന്മാരുണ്ട്. എന്നാൽ, എനിക്ക് അങ്ങല്ലാതെ ആരുമില്ല7'' എന്ന വാചകം ഉദ്ധരിക്കുന്നുണ്ട്. ആകാശബാണംപോലെ മാണിയച്ചനുണ്ടായ ഉയർച്ചയുടെ കാലമേതാണ്? മോൺ. ലവീഞ്ഞ് കോട്ടയം വികാരിയാത്തിൻെറ ഭരണം കൈയേററശേഷം. ആലോചനക്കാരൻ, വികാരിജനറൽ എന്നിങ്ങനെ ഉയർന്നത് അപ്പോഴാണല്ലോ (മാണിയച്ചാന വികാരിജനറലായി നിയമിച്ചത് പൂർണ്ണമായും മോൺ. ലവീഞ്ഞിൻെറ ഇഷ്ടപ്രകാരമായിരുന്നില്ലെന്നുവേണം സാഹചര്യങ്ങളിൽനിന്ന് അനുമാനിക്കാൻ8 ). മോൺ. ലവീ

5 The Justice, 1938 March 3, P. 7.
6 Ibid, P. 7.
7 I. C. Chacko, op. cit, P. 433.
8 i) Ibid P. 549.
ii) Abraham, M. Nidhiry, op. cit, P. 193.



മാർ ലൂയീസിൻെറ ഇടവകയായ പുളിങ്കുന്നു ദേവാലയം. 1878 ജൂലൈ 3-ന് മോൺ. മാർസലിൻ ലൂയീസച്ചനെ ഇവിടെത്തന്നെ വികാരിയായി നിയമിച്ചു.



ലൂയീസച്ചൻ കാൻഡിയിൽവച്ച്
മെത്രാനായി അഭിഷിക്തനായപ്പോൾ

ഞ്ഞ് ഭരണമേററത് 1888 മേയ്മാസത്തിലുമായിരുന്നു. ലൂയീസച്ചൻ മേലുദ്ധരിച്ച കത്തെഴുതിയതോ; 1887 ഡിസംബർ 1—ാംനു-. അതായത് മാണിയച്ചൻെറ ആകാശബാണംപോലുള്ള വളർച്ചയുണ്ടാകുന്നതിനു മുമ്പ്. അപ്പോഠം, ആ ഉയർച്ച കണ്ട് അസുഖം തോന്നിയിട്ട് എഴുതിയ കത്തല്ല, ഇത് എന്ന വസ്തുത ചരിത്രപ്രിയൻ സൗകര്യപൂർവം വിസ്മരിച്ചുകളഞ്ഞു.

''മലങ്കരയിലെ ഏററവും കറുത്ത രൂപം ഞാനാണെന്നു വരുത്താൻ വരാപ്പുഴ മെത്രാന്മാർ നിശ്ചയിച്ചിരിക്കുന്നു''വെന്നറിഞ്ഞ ലൂയീസച്ചൻ ചെയ്യുന്ന ഒരാത്മരക്ഷാ നടപടി മാത്രമാണ് ബിഷപ്പ് മൗറീന്നയച്ച ആ കത്തെന്ന്[9] അതു മുഴുവനായി വായിക്കുന്നവർക്ക് മനസ്സിലാക്കാവുന്നതേയുള്ളു.

*** ***

ലൂയീസച്ചനും മാണിയച്ചനും ആമരണം സുഹൃത്തുക്കളും സഹപ്രവർത്തകരുമായിരുന്നു. എന്നുവച്ച് എല്ലാക്കാര്യങ്ങളിലും അവർക്ക് ആശയപ്പൊരുത്തമുണ്ടായിരുന്നെന്ന് ആരും വിചാരിക്കില്ലല്ലോ. മോൺ. ലവീഞ്ഞ് കോട്ടയത്തുനിന്ന് മറെറവിടേയ്ക്കെങ്കിലും താമസം മാററണമെന്നു തീരുമാനിച്ചു. ലൂയീസച്ചനും മാണിയച്ചനും വേറെവേറെ സ്ഥലം നിർദ്ദേശിച്ചു. കുറവിലങ്ങാടാണ് മാണിയച്ചൻ നിർദ്ദേശിച്ചത്; ലൂയീസച്ചൻ ചങ്ങനാശ്ശേരിയും. ഒടുവിൽ, അരമന ചങ്ങനാശ്ശേരിക്കു മാററാനാണു തീരുമാനിക്കപ്പെട്ടത്. ലൂയീസച്ചൻെറ പ്രേരണയും കൗശലവും ഇതിൻെറ പുറകിലുണ്ടായിരുന്നു. എന്നാൽ, നിക്ഷിപ്ത തൽപ്പര്യമൊന്നുമില്ലാഞ്ഞു, അദ്ദേഹത്തിന്. സാഹചര്യംമാത്രമാണ്, ലൂയീസച്ചൻ ശ്രദ്ധിച്ചത്. കുറവിലങ്ങാടിൻെറ കാര്യത്തിൽ മാണിയച്ചനും യുക്തികളുണ്ടായിരുന്നുവെന്നത് വിസ്മരിക്കുന്നി

9 Quoted in I. C. Chacko P. 483, 691

ല്ല. പക്ഷേ, അത് സയുക്തികം ബോദ്ധ്യപ്പെടു ത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ലല്ലോ.

ഏറെക്കുറെ തുല്യരായ രണ്ടു വ്യക്തികളെ താരതമ്യം ചെയ്യുന്നതു സൂക്ഷിച്ചു വേണ്ടിയിരിക്കുന്നു. പക്ഷേ, ''മനുഷ്യർ സ്വാഭാവികമായി തുല്യരാണെന്ന ചൊല്ല് സത്യത്തിൽ നിന്നു വളരെ ദൂരത്തിലാണ്; ഒരുവൻ മററവൻെറ മേൽ സ്പഷ്ടമായ ഔന്നത്യം പ്രാപിക്കാത്ത വണ്ണം രണ്ടു പേർക്ക് അരമണിക്കൂർ പോലും ഒന്നിച്ചു കഴിയാനാവില്ല'' 10 എന്ന് ഡോ. ജോൺസൻ പറഞ്ഞതിലും കാര്യമുണ്ട്. മാനുഷിക പരിഗണനന എല്ലായ്പ്പോഴും തരതമ ചിന്തയ്ക്ക് ഒരുങ്ങുന്നുമുണ്ടല്ലോ. ശ്രീ ഐ. സി. ചാക്കോയുടെ വിലയിരുത്തൽ ശ്രദ്ധേയം തന്നെ: ''മാർ ലൂയീസും നിധീരിക്കൽ മാണിയച്ചനും തമ്മിലുള്ള ഒരു മഹാവ്യത്യാസവും ഈ സന്ദർഭത്തിൽ നമുക്കു നിരീക്ഷണം ചെയ്യാവുന്നതാണ്. മാണിയച്ചൻ ജന്മസിദ്ധമായ പല ഗുണങ്ങളോടു കൂടിയവനും സമർത്ഥനുമായിരുന്നു. എന്നാൽ, ഈ ഗുണങ്ങളെല്ലാം തനിക്കുണ്ടെന്നുള്ള ബോധം മാണിയച്ചനെ ആപൽക്കരങ്ങളായ ഘട്ടങ്ങളിലേയ്ക്കു നയിക്കുന്നതിനിടയായി. ലൂയീസച്ചനും പല നല്ല ഗുണങ്ങളുണ്ടായിരുന്നു; എന്നാൽ, സ്വസാമർത്ഥ്യം കൊണ്ടു മാത്രം വലിയ കാര്യങ്ങളൊന്നും നടക്കില്ലെന്നും കാര്യസിദ്ധിയ്ക്ക് അധികാരികളുടെ അനുഭാവം ആവശ്യമാണെന്നുമായിരുന്നു, ലൂയീസച്ചൻെറ ആദർശം. മാണിയച്ചനെപ്പോലുള്ളവർ ലൗകികമായ ഭരണ സ്ഥാപനങ്ങളിൽ ഔന്നത്യത്തെ പ്രാപിച്ചേക്കാം. വിശ്വാസത്തിലും അനുസരണത്തിലും മാത്രം അധിഷ്ഠാനത്തോടു കൂടിയ ക്രിസ്തീയസഭാഭരണത്തിൽ മാണിയച്ചൻേറതു പോലുള്ള ആത്മ വിശ്വാ

---

10 James Boswell, life of Johnson, London 1962 Vol. I P. 313.

സം ശോഭിക്കില്ല. കത്തോലിക്കാ സഭയിൽ ഒരുവൻ എത്രതന്നെ സമർത്ഥനായിരുന്നാലും അവൻെറ സാമർത്ഥ്യത്തിന് അനുസരണത്തോളം വിലയുണ്ടായിരിക്കയില്ല. ലൂയീസച്ചൻ അധികാരത്തെ സ്വസാമർത്ഥ്യത്തെക്കാൾ വിലമതിച്ചിരുന്നു; മാണിയച്ചൻെറ ഭാവം അധികാരം സാമർത്ഥ്യത്തിനു കീഴുള്ളതെന്നുമായിരുന്നു. പ്രകൃത്യാ സമർത്ഥനായിരുന്ന മാണിയച്ചന് കൂടുതൽ ഔന്നത്യം ലഭിക്കാഞ്ഞത് ഈ ആദർശവിപര്യയം കൊണ്ടായിരുന്നുവെന്നുള്ളത് സ്പഷ്ടമാണ്. ലൂയീസച്ചൻെറ അധികാരാശ്രയവും അനുസരണവും കത്തോലിക്കാ സഭയുടെ ആദർശത്തിനു യോജിച്ചതുമായിരുന്നു'' 11. മോൺ. മൗറീൻ മാണിയച്ചന്നെഴുതിയ ഒരു കത്തിലെ ചില വാചകങ്ങൾ ശ്രീ ചാക്കോയുടെ വിലയിരുത്തലിനെ ശരിവയ്ക്കുന്നുണ്ട്: ''ജാതീയ വികാരങ്ങളാൽ പ്രേരിതനായി നിങ്ങൾ മുമ്പോട്ടു പാഞ്ഞു കയറുമ്പോൾ, നിങ്ങളെ പിടിച്ചു നിറുത്തുവാൻ അദ്ദേഹത്തെ (മോൺ ലവീഞ്ഞിനെ) അനുവദിക്കുക. വിവേകവും ക്ഷമയും കൊണ്ട് തീയും വാളും കൊണ്ടു കിട്ടാവുന്നതിലധികം കാര്യങ്ങൾ നേടാം''12.

മോൺ. ലവീഞ്ഞിൻെറ എതിരാളികൾക്ക് ഇപ്പോൾ കരുത്തനായ ഒരു നേതാവിനെ കിട്ടിയിരിക്കുന്നു: മാണിയച്ചൻ. ലവീഞ്ഞ് മെത്രാൻെറ **ഭരണം** അവസാനിക്കുന്നതിന് ഒരു പ്രധാന കാരണം മാണിയച്ചനായിരുന്നു. മറെറാന്ന് തൃശൂരിനും എറണാകുളത്തിന്നും മദ്ധ്യേ ഒരു രൂപത സ്ഥാപിക്കണമെന്ന് വലിയവീട്ടിൽ വറുഗീസച്ചനും മററും ആവശ്യപ്പെട്ടതാണ്; അദ്ദേഹത്തിന് മിഷനറിമാരുടെ പിൻബലവുമുണ്ടായിരുന്നിരിക്കണം. മോൺ. ലവീഞ്ഞും മോൺ. മെഡ്ലിക്കോട്ടും ഓരോ ഏതദ്ദേശീയ സുറി

---

11 I C. Chacko, op, cit, P. 484.
12 V. C. George, op. cit, P. 229.

യാനിക്കാരെ സഹായമെത്രാന്മാരായി നിയമിക്കണമെന്ന് റോമിലേയ്ക്കു ശുപാർശചെയ്തതാണ്, മൂന്നാമത്തെ കാരണം 13. ഇതിൽനിന്ന്, മെത്രാൻ പദവിയ്ക്ക് അർഹതയുള്ളവർ ഇവിടത്തെ സുറിയാനിക്കാരുടെയിടയിലുണ്ടെന്ന് വ്യക്തമായല്ലോ. എങ്കിൽപ്പിന്നെ, ലത്തീൻ മെത്രാന്മാരുടെ കീഴിൽ സഹായമെത്രാനാകുന്നതെന്തിന്? രൂപതയുടെ ഭരണഭാരത്തോടുകൂടിയ മെത്രാന്മാരാകരുതോ എന്ന് റോം ചിന്തിച്ചിരിക്കണം.

ഇതിനിടയിൽ, പേപ്പൽ പ്രതിനിധി മോൺ. സലെസ്കി ഇൻഡ്യയിൽ മേഖലാസൂനഹദോസുകരം വിളിച്ചുകൂട്ടുന്നുണ്ടായിരുന്നു. വരാപ്പുഴ മേഖലയിലേത് മഞ്ഞുമ്മൽവച്ചു നടന്നു. ഡലിഗററ് അപ്പസ്തോലിക്കിന്റെ ക്ഷണമനുസരിച്ച് മോൺ. ലവീഞ്ഞും മോൺ. മെഡ്ലിക്കോട്ടും ഇതിൽ സംബന്ധിച്ചു (ആ സൂനഹദോസിന്റെ തീരുമാനങ്ങരം സുറിയാനിക്കാർക്ക് ബാധകമല്ലെന്ന് പ്രൊപ്പഗാന്താത്തിരുസംഘം പിന്നീടു വിധിക്കുകയുണ്ടായി 14). ലവീഞ്ഞുമെത്രാൻ ദൈവശാസ്ത്രജ്ഞനായി ഫാ. റിക്കാർഡിനേയും സെക്രട്ടറിയായി ലൂയീസച്ചനേയും കൊണ്ടു പോയിരുന്നു. അവിടെവച്ച് മററു മെത്രാന്മാർ അഭിപ്രായപ്പെട്ടതനുസരിച്ച് സൂനഹദോസിനു ശേഷം മോൺ. ലവീഞ്ഞ് ചികിൽസാർത്ഥം ബാംഗ്ളൂരിലെ സെൻറ് മർത്താസ് ആശുപത്രിയിലേയ്ക്കു പോയി. ഒരു ശസ്ത്ര ക്രിയവേണ്ടിവന്നു, അദ്ദേഹത്തിന്. രോഗവിവരങ്ങളറിയാൻ, ലൂയീസച്ചനും ചങ്ങനാശ്ശേരിപ്പള്ളി വികാരി കണ്ടങ്കരിയിൽ കുര്യാക്കോസച്ചനും കൂടി അദ്ദേഹത്തെ ആസ്പത്രിയിൽ ചെന്നു കണ്ടു. അപ്പോഴാണ്, സഹായമെത്രാന്മാരെ നിയമിക്കുന്നതിന് റോമിലേ

13 Mar Louis op. cit, Part III, P. 174.
14 Ibid, P. 173.

യ്ക്കു ശുപാർശ ചെയ്ത കാര്യം അദ്ദേഹം ലൂയി സച്ചനോടു പറഞ്ഞതത്. ബാംഗ്ളൂരിലെ ചികിൽസ കൊണ്ട് രോഗം പൂർണ്ണമായും ശമിച്ചില്ല. അതു കൊണ്ട്, തൻെറ മാതൃരാജ്യമായ ഫ്രാൻസിൽ പോയി ചികിൽസിക്കാൻ അദ്ദേഹം ഉറച്ചു. വൈദികരാരെങ്കിലും തൻെറ കൂടെ ചെല്ലാൻ തയ്യാറുണ്ടോ എന്ന് അദ്ദേഹം തിരക്കി. പലരും മുമ്പോട്ടു വന്നു. യാത്ര ച്ചെലവ് അവരവർ വഹിക്കണമെന്നു പറഞ്ഞപ്പോഠം, ലൂയീസച്ചനൊഴികെ എല്ലാവരും പിൻവലിഞ്ഞു.

## വിദേശത്തേയ്ക്ക്

മോൺ. ലവീഞ്ഞും ലൂയീസച്ചനും ആലപ്പുഴ നിന്നു കൊളംബോയിലേയ്ക്കു കപ്പൽ കയറി. തെക്കുംഭാഗരുടെ വികാരി ജനറലായിരുന്ന മാക്കീൽ മത്തായിയച്ചനുമുണ്ടായിരുന്നു, കൂട്ടത്തിൽ. അദ്ദേഹം ഡലിഗററ് അപ്പസ്തോലിക്കിനെ കാണാൻ കാൻഡിക്കു പോവുകയായിരുന്നു. യാത്രയ്ക്കിടയിൽ, ലൂയീസച്ചൻ തൻെറ കൂടെ യൂറോപ്പിലേയ്ക്കു വരുന്നുണ്ടെന്ന് മോൺ. ലവീഞ്ഞ് മത്തായിയച്ചനെ അറിയിച്ചു; അദ്ദേഹത്തെ യൂറോപ്പിലേയ്ക്കു ക്ഷണിക്കുകയും ചെയ്തു. പണമില്ല എന്ന കാരണം പറഞ്ഞ് മത്തായിയച്ചൻ ക്ഷണം നിരസിച്ചു. 1895 സെപ്തംബർ 30-ന് മെത്രാനും സെക്രട്ടറിയും കൊളംബോയിൽ നിന്ന് യൂറോപ്പിലേയ്ക്കു യാത്രയായി.

രസകരമായൊരു വസ്തുതയുണ്ടിവിടെ. മോൺ ലവീഞ്ഞ് ഒന്നാംക്ളാസിലാണ് യാത്രചെയ്തത്. അദ്ദേഹം ഫ്റഞ്ചുകാരനായിരുന്നതുകൊണ്ട് യാത്രക്കൂലി 250 രൂപ മാത്രമേ ആയുള്ളു; ലൂയീസച്ചൻ രണ്ടാംക്ളാസ്സിൽ; യാത്രക്കൂലി 500 രുപയും!

മോൺ. ലവീഞ്ഞു യൂറോപ്പിലേയ്ക്കുപോയ ഈ സന്ദർഭമുപയോഗിച്ച് മാണിയച്ചനും വേറെ

ആറച്ചന്മാരും ഒപ്പുവച്ച ഒരു ഹർജി തിരുസിംഹാസനത്തിലെത്തി15. മോൺ. ലവീഞ്ഞിൻെറ ഭരണം അവസാനിപ്പിക്കുന്നതിൽ അതിൻേറതായ പങ്ക് ഈ അപേക്ഷയ്ക്കുമുണ്ടായിരുന്നു. ''സിലോൺവരെ പോകുന്നു എന്നു പ്രചരിപ്പിച്ചിട്ട്, വികാരിയാത്തിലെ ഒരു വൈദികനോടുകൂടി വികാരി അപ്പസ്തോലിക്ക റോമിലേയ്ക്കു പോയിരിക്കുന്നു—'' മാണിയച്ചൻ റോമിലേയ്ക്കയച്ച ഹർജിയിലെ ഒരു വാചകം. 'വികാരിയാത്തിലെ ഒരു വൈദികൻ' ലൂയിസച്ചൻതന്നെ. എന്തിനാണദ്ദേഹത്തെ കൂടെ കൊണ്ടുപോയത്? 1896—ൽ ലൂയീസച്ചനെ മെത്രാൻസ്ഥാനത്തേയ്ക്കുയർത്തിയപ്പോഠം, 'സർവ്വമിത്രം' എന്ന പത്രം റിപ്പോർട്ടു ചെയ്തു: 'ലവീഞ്ഞുമെത്രാനവർകഠം തൻെറ സിക്രട്ടറിയായ ദിവ്യശ്രീ പഴേപറമ്പിൽ ലൂയീസ് കത്തനാർ അവർകളെ തന്നോടൊന്നിച്ചു യൂറോപ്പിലേയ്ക്കു കൊണ്ടുപോയത് അദ്ദേഹം ഈ രൂപതയിൽ ഒരു മെത്രാൻ സ്ഥാനത്തിനു യോഗ്യനാണെന്നുള്ളത് പരിശുദ്ധ റോമാസിംഹാസനത്തിൽ ബോധിപ്പിച്ച് ശിപാർശി ചെയ്യുവാൻ വേണ്ടിയാണെന്നു (ംകൂടി) കാര്യങ്ങളുടെ മർമ്മതത്വങ്ങളെ അറിയുന്നവർ ഇതിനുമുമ്പുതന്നെ ഊഹിക്കുകയും പ്രസ്താവിക്കുകയും ചെയ്തിരുന്നല്ലൊ''16. ചരിത്രഗതി വച്ചു നോക്കുമ്പോഠം ഈ പ്രസ്താവം പ്രസക്തമായിത്തന്നെ തോന്നുന്നു. ലൂയീസച്ചൻ പറയുന്നതു മററൊന്നാണ്. ലവീഞ്ഞുമെത്രാൻെറ യൂറോപ്പുയാത്രയുടെ ഉദ്ദേശ്യങ്ങളിലൊന്ന് വികാരിയാത്തിൻെറ ചെലവിനുവേണ്ട പണം സമ്പാദിക്കുകയായിരുന്നു. ''തൻെറ കൂട്ടുകാരനെ ഫ്രഞ്ചുജനങ്ങളെ കാണിച്ച് ചങ്ങനാശ്ശേരിയിലെ അരമന പൂർത്തിയാക്കുന്നതിനു കൂടുതൽ ഭിക്ഷ സ

---

15 Mar Louis, op. cit, Part IV, P. 196-201.

16 Quoted in സത്യനാദം, 1896, Oct. 30.

മ്പാദിക്കണമെന്ന് അദ്ദേഹത്തിന് ഉദ്ദേശ്യമുണ്ടായിരുന്നു''17. ഇതും സത്യംതന്നെയെന്ന് യൂറോപ്പുയാത്രയെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിൽനിന്നു തെളിയുന്നുണ്ട്18. മോൺ. ലവീഞ്ഞ് പല പള്ളികളിലും സ്ഥാപനങ്ങളിലും മലബാർ സഭയെക്കുറിച്ചു പ്രസംഗിച്ചു. ഒരു കൗതുകവസ്തുവെന്നപോലെ ലൂയീസച്ചനെ അവിടെയൊക്കെ പ്രദർശിപ്പിച്ചു. കാണികളുടെ ആവശ്യപ്രകാരം സുറിയാനിയിലും മലയാളത്തിലും പ്രാർത്ഥനകൾ, പ്രത്യേകിച്ച് കർത്തൃപ്രാർത്ഥന ചൊല്ലിക്കേൾപ്പിക്കുക ലൂയീസച്ചൻെറ ഉത്തരവാദിത്വങ്ങളിൽ ഒരിനമായിരുന്നു. ഒട്ടു മിക്ക പള്ളികളിലും സ്ഥാപനങ്ങളിലും അദ്ദേഹം സുറിയാനിയിൽ ദിവ്യബലിയുമർപ്പിച്ചു; ഭക്തജനങ്ങൾ സാകൂതം പങ്കെടുത്തുവെന്ന് യാത്രക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1896 ജനുവരിയിൽ ടുളൂസിൽ (ഫ്രാൻസ്) വച്ച് മോൺ. ലവീഞ്ഞിനു ശസ്ത്രക്രിയ നടത്തി; വിശ്രമ ദിവസങ്ങളിൽ ലൂയീസച്ചൻ അദ്ദേഹത്തെ സുറിയാനി പഠിപ്പിക്കുകയായിരുന്നു. അപ്പോഴൊന്നും മലബാറിലേയ്ക്കു തിരിച്ചുപോകുന്ന കാര്യത്തിൽ ലവീഞ്ഞുമെത്രാനു യാതൊരു സംശയവുമില്ലെന്ന് ഇതു സൂചിപ്പിക്കുന്നു.

ടുളൂസിൽ വച്ചുണ്ടായ ഒരു സംഭവം രേഖപ്പെടുത്തേണ്ടതുണ്ട്. ലൂയീസച്ചനു പനി പിടിപെട്ടു. ആ അവസരത്തിൽ സ്ഥൈര്യലേപനം നല്കുന്നതിനായി മോൺ. ലവീഞ്ഞിന് പിബ്രാ (Pibrac) യിലേയ്ക്കു പോകേണ്ടിയിരുന്നു. അസുഖം കാരണം കൂടെച്ചെല്ലാനാവില്ലെന്ന് ലൂയീസച്ചൻ അറിയിച്ചു. പിബ്രായിലെ ദൈവാലയം അത്ഭുതപ്രവർത്തകയാ

---

17 Mar Louis, op. cit, part III, P. 174.
18 Ibid, P. 176-229.

യ വി. ജർമ്മാനയുടെ നാമത്തിലായിരുന്നു. അവിടെ ചെന്നു പ്രാർത്ഥിക്കുന്നവർക്ക് അത്ഭുതകരമായി രോഗശാന്തിലഭിക്കുന്നുണ്ടായിരുന്നു. ലൂയീസച്ചൻെറ അസുഖങ്ങളും മാറുമെന്നു പറഞ്ഞ്, അച്ചന്മാർ അദ്ദേഹത്തേയും കൊണ്ടുപോയി. വിശുദ്ധയുടെ ഭൗതികാവശിഷ്ടങ്ങൾ സ്ഥാപിച്ചിട്ടുള്ള ബലിപീഠത്തിൽ ലൂയീസച്ചൻ ബലിയർപ്പിക്കുകയും, വിപത്തുകൂടാതെ സ്വദേശത്തു തിരിച്ചെത്തിയാൽ, വിശുദ്ധയുടെ നാമത്തിൽ മലങ്കരയിൽ ഒരു പള്ളി പണിത്, പുണ്യവതിയുടെ പേരു പ്രസിദ്ധമാക്കിക്കൊള്ളാമെന്ന് പ്രാർത്ഥിക്കുകയും ചെയ്തു. വടക്കൻ പറവൂരെ കച്ചേരിപ്പടിയിലുള്ള വി. ജർമ്മാനയുടെ പള്ളി ഈ നേർച്ചയുടെ പൂർത്തീകരണമാണ് 19.

## സുപ്രധാന തീരുമാനം

1896 ഏപ്രിൽ 9. മോൺ. ലവീഞ്ഞും ലൂയീസച്ചനും ബൽജിയത്തിൽ നിന്നു പാരീസിലെ ജസ്യൂട്ടുഭവനത്തിൽ തിരിച്ചെത്തി. റോമിൽ നിന്ന് ആയിടെ മടങ്ങിവന്ന ഒരു വൈദികൻ ലവീഞ്ഞു മെത്രാനോട് അടക്കം പറഞ്ഞു: മലങ്കരസഭാഭരണം ഏതദ്ദേശീയ മെത്രാന്മാരെ ഏല്പിക്കാൻ റോം തീരുമാനിച്ചിരിക്കുന്നു. അന്നഞ്ചുമണിക്ക് സായാഹ്ന നടപ്പിന് മോൺ. ലവീഞ്ഞു ലൂയീസച്ചനെ ക്ഷണിച്ചു. മെത്രാൻ ദു:ഖിതനായിരുന്നു. കാരണമാരാഞ്ഞ ലൂയീസച്ചനെ, മലബാർ സഭയെ സംബന്ധിച്ച റോമിൻെറ തീരുമാനമറിയിച്ചു. ഭരിക്കുന്ന മെത്രാനോട് ആലോചിക്കാതെ അത്തരത്തിലൊരു തീരുമാനം റോം എടുക്കില്ലെന്ന് ലൂയീസച്ചൻ അഭിപ്രായപ്പെട്ടു. ആ ദിവസം അങ്ങനെ കഴിഞ്ഞു.

---

19 i) Mar Louis, op. cit, Part III, P. 180-182.
(ii) Mar Louis, diary, Archbishop's Library, EKM, No. 005, 1903, Feb. 15.

സുറിയാനി വൈദികർക്കായുള്ള കാനോന നമസ്ക്കാരപ്പുസ്തകം അച്ചടിക്കാൻ പാരീസിൽവച്ച് മോൺ. ലവീഞ്ഞ് ഏർപ്പാടുചെയ്യുന്നുണ്ടായിരുന്നു. അതിൻെറ വിവരങ്ങളെക്കുറിച്ചു സംസാരിക്കാൻ ഏപ്രിൽ 11-ാംനു- രാവിലെ ലൂയീസച്ചൻ അദ്ദേഹത്തിൻെറ മുമ്പിലെത്തി. മെത്രാൻ പറഞ്ഞു: ''അ ക്കാര്യം തൽക്കാലം മാററിവയ്ക്കുക. ലാററിൻ മെത്രാൻമാരെ മാററി, മലങ്കരയിൽ ഏതദ്ദേശീയ മെത്രാൻമാരെ നിയമിക്കാനുള്ള തിരുസംഘതീരുമാനം ഇന്നലെ വൈകിട്ട് യൂണിവേഴ്സ് പത്രത്തിൽ ഞാൻ വായിച്ചു. ഞാൻ ഇനി മലബാറിലേയ്ക്കില്ല.'' ഇതു കേട്ടപ്പോഠം തനിക്കുണ്ടായ പ്രതികരണം ലൂയീസച്ചൻ വ്യക്തമാക്കുന്നു: ''എഴുത്തുകാരൻ ചകിതനായിപ്പോയി. അയാഠം ചിന്തിച്ചു: എങ്ങനെ ഏകനായി സ്വദേശത്തേയ്ക്കു മടങ്ങും? സ്വന്തം നാട്ടിൽ തനിയ്ക്കെന്തു സംഭവിയ്ക്കും? അയാഠം കണ്ണീരൊഴുക്കാൻ തുടങ്ങി.'' മോൺ. ലവീഞ്ഞു പറഞ്ഞു: ''യാത്രയെക്കുറിച്ചു ക്ളേശിക്കേണ്ട. അപകടമൊന്നും കൂടാതെ തിരിച്ചെത്താൻ വേണ്ടതു ഞാൻ ചെയ്യുന്നുണ്ട്. ഭാവിയെക്കുറിച്ചും ആശങ്കവേണ്ട. അച്ചൻ എന്നെക്കാണാൻ ബാംഗ്ളൂരിൽ വന്നപ്പോഠം, സുറിയാനിക്കാർക്കു രണ്ടു സ്വദേശി മെത്രാൻമാരെ നിയമിക്കാൻ ഞാനും മോൺ. മെഡ്ലിക്കോട്ടും റോമിലേയ്ക്കെഴുതിയകാര്യം പറഞ്ഞില്ലേ? അച്ചനെ ശുപാർശ ചെയ്തിട്ടുണ്ട്'' '20 .

***   ***   ***

മോൺ. ലവീഞ്ഞ് മലബാറിലേയ്ക്കില്ലെന്നു പറഞ്ഞപ്പോളുണ്ടായ ലൂയീസച്ചൻെറ പ്രതികരണത്തെക്കുറിച്ച് ശ്രീ. എബ്രഹാം നിധീരി എഴുതുന്നു; '''സ്വന്തം നാട്ടിൽ തനിയ്ക്കെന്തു സംഭവിക്കും?

20 Mar Louis, op. cit, P. 208, 209

മലബാർ കാര്യം മോൺ. ലവീഞ്ഞിനോടാലോചിച്ചി ല്ല എന്നതുകൊണ്ട് അദ്ദേഹത്തിൻെറ ശുപാർശകളും തള്ളിക്കളഞ്ഞുവെന്നത് തീർത്തും അനുക്തസിദ്ധ മാകുന്നു. റോം മലബാറിലെ 'പ്രതിലോമശക്തി' കളോടു ചേരുകയാണോ? അങ്ങനെയെങ്കിൽ ബിഷ പ്പിനോടു വിശ്വസ്തനായിരുന്ന ലൂയീസച്ചൻെറ അ വസ്ഥ എന്താകാം? ഒരു സഹായമെത്രാനാകാമെന്ന തങ്കക്കിനാവു മറഞ്ഞു. പകരം 'പുതിയ യജമാനൻമാ രുടെ' അതൃപ്തിയാൽ, അധികാരമോ സ്വാധീനമോ ഇല്ലാത്ത ഒരു പാവപ്പെട്ട വൈദികൻെറ നിറം മങ്ങിയ ഭാവി അദ്ദേഹം മനസ്സിൽ കണ്ടു. കണ്ണീരൊഴുക്കാൻ അദ്ദേഹത്തിനു വേണ്ടുവോളം കാരണമുണ്ടായിരു ന്നു'' 21. മോൺ. ലൂയീസിനെതിരായുള്ള അഭി പ്രായങ്ങൾക്കു മറുപടിപറയാനുള്ള പരിശ്രമമല്ല എ ൻെറത്. എങ്കിലും ശ്രീ എബ്രാഹത്തിൻെറ അഭിപ്രാ യങ്ങൾ ഒന്ന് അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

ധ്വനികൾ പലതാകം, ശ്രീ എബ്രാഹത്തിൻെറ വാക്കുകൾക്ക്. മുഖ്യമായി രണ്ടെണ്ണം: (i) ലൂയീസ ച്ചൻ മെത്രാൻ സ്ഥാനം മോഹിച്ചു കഴിയുകയായി രുന്നു. (ii) മെത്രാൻ പദവിയില്ലാത്ത വൈദികൻെറ ഭാവി നിറം മങ്ങിയതാണ്. ഈ എഴുത്തുകാരൻ ഒരു 'വെറും' വൈദികനായതുകൊണ്ടല്ല, ആവശ്യമില്ലെ ന്നു തോന്നുന്നതുകൊണ്ടാണ്, ഈ രണ്ടാമത്തെ അഭി പ്രായത്തിനു മറുപടി വേണ്ടെന്നുവയ്ക്കുന്നത്.

ഒന്നാമത്തെതിനെക്കുറിച്ച്: ലൂയിസച്ചൻ മെ ത്രാൻ പദവി മോഹിച്ചുനടന്നവനാണോ? അദ്ദേഹത്തി ൻെറ ചരിത്രത്തിലോ ആത്മാർത്ഥ സുഹൃത്തായി രുന്ന മാണിയച്ചൻെറയോ മററു സമകാലികരുടെയോ കുറിപ്പുകളിലോ ഇത്തരത്തിലുള്ള യാതൊരു സൂച നയും കാണുന്നില്ല. അതിരിക്കട്ടെ. ലവീഞ്ഞു മെ

---

21 Abraham M. Nidhiry, op. cit, P. 246

ത്രാനോട് ആലോചിക്കുന്നത് ഒരു കാര്യവും അദ്ദേഹത്തിന്റെ ശുപാർശ തള്ളിക്കളയുന്നത് മറെറാരു കാര്യവുമാണല്ലോ. ചരിത്രത്തിന്റെ ഈ കമ്പിലിലിരുന്നുകൊണ്ടു നോക്കിയിട്ടുപോലും ശ്രീ എബ്രാഹത്തിന് ഈ വസ്തുത തരംതിരിച്ചുകാണാൻ കഴിയാഞ്ഞത് വിചിത്രംതന്നെ. ലവീഞ്ഞുമെത്രാനോട് ആലോചിച്ചാലും ഇല്ലെങ്കിലും മെത്രാൻ നിയമനക്കാര്യത്തിൽ അദ്ദേഹത്തിന്റെ ശുപാർശ അംഗീകരിക്കപ്പെട്ട കാലത്തിലിരുന്നു കൊണ്ടാണല്ലോ ശ്രീ എബ്രാഹം എഴുതിയത്. തന്നോടാലോചിക്കാതെ മലബാർ സഭയെക്കുറിച്ച് തിരുസംഘം സുപ്രധാനതീരുമാനങ്ങളെടുത്തകാര്യം അറിഞ്ഞശേഷമാണ് മോൺ. ലവീഞ്ഞു പറയുന്നത്, ''പേടിക്കേണ്ട, അച്ചനെശുപാർശ ചെയ്തിട്ടുണ്ട്'' എന്ന്. തന്റെ ശുപാർശ തള്ളിക്കളഞ്ഞന്നോ കളയുമെന്നോ ഉള്ളൊരു നിഗമനത്തിൽ അദ്ദേഹം പോലും എത്തിച്ചേരുന്നില്ല.

'പുതിയ യജമാനന്മാർ' എന്ന പ്രയോഗം മാണിയച്ചനേയും അദ്ദേഹത്തിന്റെ പക്ഷവർത്തികളേയും സൂചിപ്പിക്കുന്നതാകണമല്ലോ. ശ്രീ എബ്രാഹം പറയുന്നതുപോലെ, ലൂയീസച്ചനും മാണിയച്ചനും രണ്ടുചേരികളിലായിരുന്നോ? മാണിയച്ചൻ പ്രക്ഷോഭണത്തിൽ ചേരുംമുമ്പേ, ഏതദ്ദേശീയമെത്രാൻ വേണമെന്നുപറഞ്ഞവനാണ് ലൂയീസച്ചൻ. 1875—ൽ റോമിലേയ്ക്കയക്കാൻ ലൂയീസച്ചൻ എഴുതിയുണ്ടാക്കിയ ആദ്യത്തെ അപേക്ഷയുടെ നക്കലിൽ സുറിയാനിക്കാർക്ക് ഒരു ജസ്യൂട്ട് മെത്രാനേയും അദ്ദേഹത്തിന്റെ കീഴിൽ ഏതദ്ദേശീയ സഹായമെത്രാനെയും വേണമെന്നാണാവശ്യപ്പെട്ടിരുന്നത് 22. സഹായമെത്രാൻ എന്ന് അന്നു പറഞ്ഞത്, എക്കാലവും സുറിയാനുക്കാർക്ക് സഹായ മെത്രാൻ പദവിമതിയെന്നു

---

22 i) Mar Louis, op. cit," Part III, P. 77
   ii) 32—ാം പേജു കാണുക

വച്ചിട്ടാണെന്നുപറയാമോ? അത് പൂർണ്ണസ്വായംഭരണത്തിലേയ്ക്കുള്ളതുടക്കം മാത്രമായിരുന്നെന്ന് ആർക്കാണു മനസ്സിലാവില്ലാത്തത്? അങ്ങനെ, ജസ്യൂട്ടു മെത്രാനേയും അദ്ദേഹത്തിൻെറ കീഴിൽ 'പൊന്തിഫിക്കൽ' പദവിയുള്ള നാട്ടുകാരനായ വികാരി ജനറലിനേയും റോം അനുവദിച്ചു. അടുത്തപടി ഒരു നയവ്യത്യാസം മാത്രമായിരുന്നില്ല? ചോദിച്ചുമേടിച്ച ജസ്യൂട്ടുമെത്രാനെ അനുനയിച്ചു കാര്യം കാണണമെന്നു ലൂയീസച്ചൻ; വെല്ലുവിളിച്ചുവേണമെന്ന് (ഈ വെല്ലുവിളിയുടെ ആശയംതുടങ്ങിയതെന്നാണ്?) മാണിയച്ചൻ. ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം ഇരുവരം ഒരു ചേരിയിൽത്തന്നെ. അവർ തമ്മിൽ വ്യക്തിപരമായ വൈരുദ്ധ്യമൊട്ടില്ലതാനും. ആ നിലയ്ക്ക് 'പുതിയ യജമാനന്മാരുടെ' അതൃപ്തിക്കു കാര്യമെന്ത്? തങ്ങളോടുചേർന്ന് മെത്രാനെ വെല്ലുവിളിച്ചില്ലെന്നതോ? മെത്രാനെ അനുസരിച്ചു നിന്നവരെയൊക്കെ പുകച്ചു ചാടിക്കുന്നതാണോ, ഈ 'പ്രതിലോമശക്തി'കളുടെ പരിപാടി? അത്തരത്തിലുള്ളവനായിരുന്നു, മാണിയച്ചൻഎന്നല്ലേ ഇതിൽ നിന്നുതെളിയുക, ശ്രീ എബ്രഹാം അതു വിചാരിച്ചിട്ടില്ലെങ്കിൽക്കൂടി! അതാണു സത്യമെങ്കിൽ, ''കണ്ണീരൊഴുക്കാൻ അദ്ദേഹത്തിനു വേണ്ടുവോളം കാരണമുണ്ടായിരുന്നു''വെന്നു സമ്മതിക്കണം; അല്ലെങ്കിൽ, കാരണമൊട്ടില്ലതാനും.

''കണ്ണീരൊഴുക്കാൻ തുടങ്ങി'' — എന്നുണ്ട്, മോൺ. ലൂയീസിൻെറ പുസ്തകത്തിൽ. അതു വാച്യാർത്ഥത്തിലെടുക്കണോ എന്നു ചിന്തിക്കേണ്ടതുണ്ട്. വേണമെങ്കിൽത്തന്നെ, മോൺ. ലവീഞ്ഞുമായി ഏറെക്കാലം നിലനിന്ന സൗഹൃദം തീർത്തും അവിചാരിതമായി, ഈ വിദേശത്തുവച്ച് ഇങ്ങനെ അവസാനിക്കുന്നുവെന്നറിഞ്ഞപ്പോഴ്, ഉദാരമായ മാനവതയ്ക്കു സഹജമായുണ്ടാകാവുന്ന ചിത്തവിക്ഷോഭത്തിൻെറ ബാഹ്യപ്രകാശനമായി ആ കണ്ണീരിനെ

കാണുന്നതിൽ എന്തപാകതയാണുള്ളത്? ആ കാഴ്ച യല്ലേ കൂടുതൽ ശ്രേഷ്ഠവും? അല്ലാതെ, മെത്രാനാകാമെന്ന തങ്കക്കിനാവു മാഞ്ഞതു കൊണ്ടാണെന്നു വ്യാഖ്യാനിക്കുന്നതിനു തെളിവെന്ത്? മിക്കവാറും മനുഷ്യർക്കുണ്ടാകുന്ന മഹത്വാകാംക്ഷ അദ്ദേഹത്തിനുമുണ്ടായിരുന്നിരിക്കാം. ഇല്ലെന്നുപറയുന്നില്ല. അതു വേറെകാര്യം.

ശ്രീ എബ്രാഹം തുടരുന്നു: ''മെത്രാനു നന്നായി അറിയാമായിരുന്നു, ഭിന്നാഭിപ്രായങ്ങളിൽ റോം നീക്കുപോക്കുകളിലൂടെ വിജയിക്കുന്നു'' 23. ഒരൊത്തുതീർപ്പ് എന്ന നിലയ്ക്കാണ് ലൂയീസച്ചനെ മെത്രാനാക്കിയതെന്നാണ് ശ്രീ എബ്രാഹം സൂചിപ്പിക്കുന്നത്. അതായത്, മോൺ. ലവീഞ്ഞിനെ മാററി, ഏതദ്ദേശീയ മെത്രാനെ നിയമിക്കുമ്പോൾ 'പ്രതിലോമശക്തി'കൾ വിജയിക്കുന്നു; ശുപാർശയനുസരിച്ച് ലൂയീസച്ചനെ മെത്രാനാക്കുമ്പോൾ, മോൺ. ലവീഞ്ഞും വിജയിക്കുന്നു! ഇതുകേട്ടാൽത്തോന്നും, മെത്രാൻപദവി കത്തോലിക്കാസഭ ലേലം വിളിയ്ക്കുകയാണെന്ന്!

നിധീരിക്കൽ മാണിയച്ചനെ ഉയർത്തിക്കാണിക്കാൻ ശ്രീ എബ്രാഹം നിധീരിക്കുള്ള വ്യഗ്രത മനസ്സിലാക്കാവുന്നതേയുള്ളു. പക്ഷേ, അത് മററൊരാളെ തേജോവധം ചെയ്തിട്ടുവേണോ എന്നു ചിന്തിക്കേണ്ടതുണ്ട്. കണ്ണീരിൻെറ കാരണമെന്തെന്നു പറഞ്ഞിട്ടില്ല; സാഹചര്യത്തിൽനിന്ന് തീർത്തും വ്യക്തമാകുന്നുമില്ല. എങ്കിൽപ്പിന്നെ, ശ്രേഷ്ഠമായ മാനവതയ്ക്കു നിരക്കുന്ന അനുമാനങ്ങളെടുക്കുകയല്ലേ ചിതം?

*** *** *** ***

---

23 Abraham M. Nidhiry, op. cit, P. 246

ഏപ്രിൽ 20 വരെ ലൂയീസച്ചൻ പാരീസിൽ കഴിച്ചു. പിന്നീട് ലീമോ (Limoges) വഴി 22—ാംനു-ടുളൂസിൽ തിരിച്ചെത്തി. മേയ് 13 വരെ അവിടെ കഴിച്ചു. ഇതിനിടയ്ക്ക് ഫ്രഞ്ചുഭാഷയും പഠിയ്ക്കുന്നുണ്ടായിരുന്നു. ജൂൺ 13—ാംനു- മോൺ. ലവീഞ്ഞിൻെറ കൂടെ റോമിലേയ്ക്കു തിരിച്ചു; 20—ാംനു- അവിടെയെത്തി.

മോൺ. ലവീഞ്ഞ് പ്രൊപ്പഗാന്താത്തിരുസംഘാദ്ധ്യക്ഷനെ ചെന്നുകണ്ടു; മലബാർ കാര്യത്തിൽ അന്തിമതീരുമാനമൊന്നുമെടുത്തിട്ടില്ലെന്ന് അദ്ദേഹത്തിൽനിന്നു മനസ്സിലാക്കി; അദ്ദേഹം ലൂയീസച്ചനെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. വിവരം പറഞ്ഞ മോൺ. ലവീഞ്ഞിനോട് ലൂയീസച്ചൻ പറയുന്നു: ''പ്രൊപ്പഗാന്ത എവിടെയാണെന്ന് എനിക്കറിയില്ല; അങ്ങ് എന്നെ കൊണ്ടുപോകണം.'' മെത്രാൻ സമ്മതിച്ചു. അവർ ചെന്നപ്പോൾ തിരുസംഘാദ്ധ്യക്ഷൻ മാർപ്പാപ്പയെ കാണാൻ പോയിരുന്നു. അവർ സംഘത്തിൻെറ സെക്രട്ടറി ജനറലിനെക്കണ്ടു. അദ്ദേഹം ചോദിച്ചു: ''മലബാറിൽനിന്നു വളരെ വിദൂരസ്ഥനാണെങ്കിലും നിങ്ങളെ തൻെറ അധികാരത്തിലാക്കണമെന്ന് ബാബേൽ പാത്രിയർക്കീസ് ആവശ്യപ്പെടുന്നതെന്തുകൊണ്ടാണ്?'' ലൂയീസച്ചൻെറ മറുപടി: ''അവർക്ക് ഒരിക്കൽ മലബാറിൽ അധികാരമുണ്ടായിരുന്നല്ലോ. അവിടെനിന്നു പണം സമ്പാദിക്കുന്നതിനാണ്, ഇപ്പോൾ അതു തിരികെ കിട്ടണമെന്നാഗ്രഹിക്കുന്നത്.'' ''നിങ്ങൾക്ക് അദ്ദേഹത്തിൻെറ അധികാരത്തിലാവുക ഇഷ്ടമാണോ?'' ''അല്ല. അവർ നിർദ്ധനരും പഠിപ്പില്ലാത്തവരുമാണ്. ഒരു കോളജു സ്ഥാപിക്കാൻ അവരെക്കൊണ്ടാവില്ല. ആധുനിക ശാസ്ത്രം പഠിപ്പിക്കാനും അവർക്കു കഴിവില്ല. അതുകൊണ്ട് ഞങ്ങൾക്കിഷ്ടമില്ല.''

## മാർപ്പാപ്പയുമായി ഒരു കൂടിക്കാഴ്ച

മാർപ്പാപ്പ മോൺ. ലവീഞ്ഞിന് സന്ദർശനമനുവദിച്ചു. കൂടെപ്പോയ ലൂയിസച്ചനും പ്രൊപ്പഗാന്തയിൽ പഠിച്ചുകൊണ്ടിരുന്ന മലങ്കരക്കാരനായ ഒരു വൈദിക വിദ്യാർത്ഥിയും പുറത്തു കാത്തുനില്ക്കുന്നുവെന്നറിഞ്ഞപ്പോൾ, അവരെക്കൂടി അകത്തേയ്ക്കു വിളിച്ചു. ആ കൂടിക്കാഴ്ച മാറ് ലൂയിസിന്റെ പുസ്തകത്തിൽനിന്നുദ്ധരിക്കാം24.

മാർപ്പാപ്പ: 'നിങ്ങളാരാണ്?'
ലൂയിസച്ചൻ: 'മെത്രാൻ തിരുമനസ്സിലെ സെക്രട്ടറി'.
പാപ്പ: 'എത്രകാലം സെക്രട്ടറിയായിരുന്നു?'
ലൂയി: 'ഏകദേശം ഒമ്പതുകൊല്ലം.'
പാപ്പ: 'വികാരിയാത്തിലെ പള്ളികളെല്ലാം അറിയുമോ'
ലൂയി: 'ഉവ്വ്, അറിയും.'
പാപ്പ: 'എല്ലാപള്ളികളും സന്ദർശിച്ചിട്ടുണ്ടോ?"
ലൂയി: 'മിക്കതും സന്ദർശിച്ചിട്ടുണ്ട്.'
പാപ്പ: 'ഒമ്പതു വർഷം സെക്രട്ടറിയായിരുന്നു; പള്ളികളെല്ലാമറിയും; വികാരിയാത്തിന്റെ സ്ഥിതികളുമറിയാം; നിങ്ങൾക്കൊരു സ്ഥാനക്കയററം തരണമെന്നു വിചാരിക്കുന്നു; നിങ്ങളെ ഒരു മെത്രാനാക്കണം. മലബാറിലെ നിങ്ങളുടെ ജനങ്ങളുടെ സ്ഥിതി എന്താണ്? അവർ നല്ല ക്രിസ്ത്യാനികളാണോ?'
ലൂയി: 'നല്ല ക്രിസ്ത്യാനികളാണ്. എങ്കിലും അല്പം വ്യവഹാരപ്രിയന്മാരാണ്.'

---

24 Mar Louis, op. cit. Part III, P. 214, 215

പാപ്പ: 'അവർ ഞായറാഴ്ചകളും കടപ്പെട്ട ദിവസങ്ങളും ആചരിക്കുന്നവരാണോ? ആ ദിവസങ്ങളിൽ അടിമവേല ചെയ്യാതിരിക്കുന്നുണ്ടോ?'

ലൂയീ: പള്ളികളുള്ള നഗരങ്ങളിൽ എല്ലാവരും കുർബാന കാണുന്നവരാണ്. അടുത്തടുത്തു പള്ളികളില്ലാത്ത മലപ്രദേശങ്ങളിൽ വീടുകൾ സൂക്ഷിക്കുന്നതിനായി ജനങ്ങൾ തവണവച്ചാണ് പള്ളിയിൽ പോകുന്നത്. മിക്കവരും അടിമവേല ചെയ്യില്ല. പട്ടിണിയും അത്യാവശ്യവും കൊണ്ട് വളരെ ചുരുക്കം പേർ വേല ചെയ്യാറുണ്ട്.'

പാപ്പ: 'സുഖമില്ലാതാവുമ്പോൾ വൈദികനെ വരുത്തി കുമ്പസാരിക്കുകയും കുർബാന കൈക്കൊള്ളുകയും രോഗീലേപനം മുതലായവ സ്വീകരിക്കുകയും ചെയ്യാറുണ്ടോ?'

ലൂയീ: എല്ലാ സ്ത്രീ പുരുഷന്മാരും സുഖമില്ലാതാവുമ്പോൾ വൈദികനെ വരുത്തി അന്ത്യകൂദാശകൾ കൈക്കൊള്ളാറുണ്ട്. അച്ചന്മാരെ വിളിക്കാതിരിക്കില്ല, ഒരിക്കലും. പക്ഷേ, ചിലപ്പോഴൊക്കെ ദൂരം കൊണ്ട് വൈദികനെത്തും മുമ്പ് രോഗി മരിച്ചെന്നുവരാം.'

പാപ്പ: 'അവർ പെസഹാകൃത്യങ്ങൾ അനുഷ്ഠിക്കാറുണ്ടോ?'

ലൂയീ: 'പെസഹാകൃത്യങ്ങളനുഷ്ഠിക്കാത്തവർ ചുരുക്കമാണ്; അവർ തന്നെയും വിശ്വാസമില്ലാഞ്ഞിട്ടല്ല, ഉദാസീനതകൊണ്ടും അച്ചന്മാരുടെ സംഖ്യ കുറവുകൊണ്ടുമാണ്.'

പാപ്പാ: 'അവർക്കു പരിശുദ്ധ കന്യകാമറിയത്തോടു ഭക്തിയുണ്ടോ?'

ലൂയീ: 'ഉണ്ട്.'

പാപ്പ: 'അവരുടെ ഭക്ത കൃത്യങ്ങളെന്തൊക്കെയാണ്?



മാർലൂയീസ് മെത്രാൻ എറണാകുളം മിസത്തിലെ ഏതാനും വൈദികരോടൊത്ത്



ഡോ. ലവീഞ്ഞ് തിരുമേനി

ലൂയീ: 'മാതാവിൻെറ തിരുനാളുകളിൽ പലരും കുമ്പസാരിച്ച് കുർബാന സ്വീകരിക്കുന്നു. ശനിയാഴ്ചകളിലും, ചിലരൊക്കെ വെന്തിങ്ങയുടെ ദണ്ഡവിമോചനം കിട്ടാൻവേണ്ടി ബുധനാഴ്ചകളിലും മാംസം വർജ്ജിക്കുന്നു. എല്ലാ കുടുംബങ്ങളിലും എല്ലാ ദിവസങ്ങളിലും കൊന്തപ്രാർത്ഥനയുണ്ട്.'

പാപ്പ: 'എല്ലാരും? എന്നും?'

ലൂയീ: 'ദിവസം മുഴുവൻ വയലിൽ ജോലി ചെയ്തു തിരിച്ചുവരുന്ന പണിക്കാർ ഭക്ഷണപാനീയങ്ങൾ കഴിച്ച് കൊന്ത ചൊല്ലാതെ ഉറങ്ങിപ്പോയേക്കാം. എന്നാൽ, സ്ത്രീകളും കുട്ടികളും മുടക്കംകൂടാതെ എന്നും കൊന്ത ചൊല്ലുന്നവരാണ്.'

പാപ്പ: 'വേറെ എന്തെല്ലാം ഭക്തകൃത്യങ്ങളുണ്ട്?'

ലൂയീ: 'എല്ലാവരുംതന്നെ വെന്തിങ്ങ ധരിയ്ക്കുന്നു; അതിൻെറ ദണ്ഡവിമോചനം ലഭിക്കാൻ കൊന്ത കഴിഞ്ഞ് ഏഴ് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നതും നന്മനിറഞ്ഞ മറിയ'വും 'ത്രിത്വസ്തുതിയും' ചൊല്ലുകയും ചെയ്യുന്നു. ചില നല്ല വൃദ്ധസ്ത്രീകൾ മാതാവിൻെറ ഏഴു വ്യാകുലങ്ങളുടെ ഓർമ്മയ്ക്കായി രാവിലേയും ഏഴു 'സ്വർഗ്ഗസ്ഥനായ', 'നന്മനിറഞ്ഞ മറിയ'വും 'ത്രിത്വസ്തുതി'യും ചൊല്ലാറുണ്ട്.'

പാപ്പ: 'പ. കന്യകാമറിയത്തോടുള്ള ഏററവും നല്ല ഭക്തകൃത്യം ജപമാലപ്രാർത്ഥനയാണ്. നിങ്ങൾ സ്വദേശത്തു ചെല്ലുമ്പോൾ, എന്നും ജപമാല ചൊല്ലുന്നതിന് ജനങ്ങളെ ഉപദേശിക്കണം.'

ഈ സംഭാഷണത്തിലൂടെ കേരള ക്രൈസ്തവരുടെ വിശ്വാസവും ജീവിതവും എങ്ങനെ ഇണങ്ങി

പ്പോകുന്നെന്ന് മാർപ്പാപ്പയ്ക്കു മനസ്സിലായിട്ടുണ്ടാകണം. ലൂയീസച്ചൻെറ ആർജ്ജവബുദ്ധി സംഭാഷണത്തിൽ ഉടനീളം തെളിഞ്ഞുകാണാം. അന്നത്തെ ക്രൈസ്തവരെക്കുറിച്ച് അതിശയോക്തി തെല്ലുമില്ലാത്ത വിവരണങ്ങളാണ് ലൂയീസച്ചൻ നല്കിയത് എന്ന് ഈ തലമുറകൂടി സാക്ഷ്യം വഹിക്കും. വരുംതലമുറയ്ക്ക് ഈ വിവരങ്ങൾ രസകരങ്ങളോ അതിശയോക്തി കലർന്നവയോ ആയിത്തോന്നാം.

ഈ കൂടിക്കാഴ്ചയ്ക്കുശേഷം ലൂയീസച്ചൻ രണ്ടു മൂന്നു ദിവസങ്ങൾ നേപ്പിൾസ് സന്ദർശനത്തിനായി ചെലവഴിച്ചു. പ്രൊപ്പഗാന്തയുടെ അദ്ധ്യക്ഷൻ കാണണമെന്നു പറഞ്ഞിരുന്നതുകൊണ്ട്, അദ്ദേഹം റോമിലേയ്ക്കു തിരിച്ചുപോന്നു. സുപ്രധാനമായ ആ കൂടിക്കാഴ്ചയും മാർ ലൂയീസിൻെറ പുസ്തകത്തിൽനിന്ന് ഇവിടെ പകർത്തുന്നു 25.

കാർഡിനൽ: 'എൻെറടുത്തുവരാൻ എന്തുകൊണ്ടാണിത്ര വൈകിയത്?'
ലൂയീസച്ചൻ ചില ഒഴികഴിവുകൾ പറഞ്ഞു.

കാർഡി: 'അവിടെ എത്ര വടക്കുംഭാഗരും എത്ര തെക്കും ഭാഗരുമുണ്ട്?'
ലൂയീസച്ചൻ അറിയുന്നതു പറഞ്ഞു.

കാർഡി: 'നിങ്ങളും അവരും യോജിപ്പിലാണോ? അതോ അന്യോന്യം മത്സരത്തിലോ?'

ലൂയീ: 'ഞങ്ങൾ യോജിപ്പിലാണ്. മത്സരമൊന്നുമില്ല.'

കാർഡി: 'വടക്കും ഭാഗർ ശ്രേഷ്ഠജാതിക്കാരാണെന്നും തെക്കും ഭാഗർ താഴ്ന്ന ജാതിക്കാരാണെന്നും വിചാരിച്ച് നിങ്ങൾ അവരെ ധിക്കരിക്കുന്നില്ലേ?'

---

25 Mar Louis. op. cit, Part III. P. 216

ലൂയീ: 'ഇല്ല, തിരുമേനി,'

കാർഡി: 'മലങ്കരയ്ക്കു സ്വദേശി മെത്രാന്മാരെ നല്കുന്നതിനെക്കുറിച്ച് അച്ചൻെറ അഭിപ്രായമെന്താണ്'

ലൂയീ: 'ശീശ്മ അവസാനിപ്പിക്കാൻ അതു സഹായിക്കും. അകൈ്രസ്തവരുടെ വീക്ഷണത്തിൽ ഞങ്ങളുടെ ജനങ്ങരം ഉത്തൃഷ്ടരായിത്തീരും. മാത്രമല്ല, സ്വദേശി മെത്രാന്മാർ തങ്ങളുടെ ജനങ്ങളിൽ കൂടുതൽ താല്പര്യമുള്ളവരുമായിരിക്കും'

കാർഡി: 'സ്വദേശി മെത്രാന്മാരെ നിയമിക്കുന്നതു കൊണ്ടു വല്ല കുഴപ്പവുമുണ്ടാകാനിടയില്ലേ?'

ലൂയീ: 'ഇല്ലെന്നാണ് എൻെറ അഭിപ്രായം.'

കാർഡി: 'ഇതെക്കുറിച്ച് ഒരിക്കൽ ക്കൂടി ശാന്തമായി ആലോചിക്കുക; പ്രാർത്ഥിക്കുകയും വേണം. എന്നിട്ട്, അഭിപ്രായം എന്നെ അറിയിക്കണം.'

മലങ്കരയ്ക്ക് ഏതദ്ദേശീയ മെത്രാന്മാരെകൊടുക്കുന്ന കാര്യത്തിൽ റോമിനുചില ആശങ്കകളുണ്ടായിരുന്നുവെന്നാണ്, ഈ സംഭാഷണം വെളിവാക്കുന്നത്. രണ്ടുദിവസത്തെ ആലോചനയുടെയും പ്രാത്ഥനയുടെയുംശേഷം ലൂയീസച്ചൻ തൻെറ അഭിപ്രായം അറിയിക്കുകയുംചെയ്തു.

ഇതിനിടയിൽ, ലൂയീസച്ചനെ മെത്രാനാക്കാൻ റോം ആലോചിക്കുന്നകാര്യം മലങ്കരയിലെത്തി. അത്തരമൊരു പരിണാമം മിഷനറിമാർക്കു സ്വീകാര്യമാവില്ലല്ലോ. പുത്തൻപള്ളി സെമ്മിനാരിയുടെ റെക്ടർ ഫാ. ബോനിഫസ് പ്രൊപ്പഗാന്താത്തിരുസംഘാദ്ധ്യന്നെഴുതി: ''ഫാ. ലൂയിസ് പഴേപറമ്പിലിനെ മെത്രാനാക്കാൻ അങ്ങ് ആലോചിക്കുന്നെന്നു ഞാൻകേരം

ക്കുന്നു. അദ്ദേഹം ആർച്ചുബിഷപ്പിനെതിരായ ഒരു വിപ്ളവകാരിയാണ്. സന്ന്യാസവൈദികനായിരുന്ന അദ്ദേഹം സഭാനിയമങ്ങൾ അനുസരിച്ചിരുന്നില്ല. അതുകൊണ്ട് സഭയിൽനിന്നു പുറന്തള്ളപ്പെട്ടവനാണ്. ഈ സാഹചര്യങ്ങൾ അങ്ങയെ അറിയിക്കാൻ എനിക്കു കടമയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു'' 26.

കാർഡിനലുമായി ലൂയീസച്ചൻെറ കൂടിക്കാഴ്ച നടന്നതിൻെറ പിറേറദിവസം മോൺ. ലവീഞ്ഞ് തിരുസംഘാദ്ധ്യക്ഷനെ കാണാൻ ചെന്നു. അപ്പോൾ, ഫാ. ബോനിഫസിൻെറ കത്തിലെ വിവരങ്ങളെക്കുറിച്ച് കാർഡിനൽ അദ്ദേഹത്തോടു ചോദിച്ചു. സുറിയാനിക്കാർക്കു പ്രത്യേക മെത്രാൻ വേണമെന്ന് ലൂയിസച്ചൻ റോമിലേയ്ക്കുഴുതിയതു ശരിയാണെന്നു അദ്ദേഹം പറഞ്ഞു. കത്തിൽ പറഞ്ഞിരുന്ന മററ് ആരോപണങ്ങൾ ശരിയല്ലെന്ന് ധരിപ്പിക്കുകയും ചെയ്തു. കാർഡിനൽ ആ കത്ത് അവഗണിച്ചു തള്ളുകയും ചെയ്തു.

ഈ സന്ദർശനവേളയിൽ ലൂയീസച്ചൻ കുറച്ചു നാൾകൂടി റോമിൽകഴിയ്ക്കട്ടെയെന്ന് കാർഡിനൽ പറഞ്ഞു. മോൺ. ലവീഞ്ഞു പിറേറന്നുതന്നെ ഫ്രാൻസിലേയ്ക്കു പുറപ്പെട്ടു. തീവണ്ടിയാഫീസിൽവച്ച് ഇരുവരും ആലിംഗനംചെയ്ത് ആശംസകൾ കൈമാറി. ഹൃദയസ്പർശിയായിരുന്നു, ആരംഗം.

കൊച്ചി രൂപതക്കാരനും റോമിലെ വൈദികവിദ്യാർത്ഥിയുമായിരുന്ന പോൾ ആലുങ്കൽ ആഗസ്ററു മാസത്തിൽ പട്ടം സ്വീകരിക്കുന്നുണ്ടായിരുന്നു. ലൂയീസച്ചൻെറ മടക്കയാത്രയിൽ ഇദ്ദേഹത്തെയാണ് പ്രൊപ്പഗാന്തയുടെ അദ്ധ്യക്ഷൻ കൂട്ടുകാരനായി നിശ്ചയിച്ചത്. അതുകൊണ്ട്, ആഗസ്ററു

---

26 Mar Louis. op. cit. P. 217

വുരെ ലൂയിസച്ചന് അവിടെ കഴിക്കേണ്ടിയിരുന്നു. തന്നെ മെത്രാനാക്കിയേക്കുമെന്നല്ലാതെ, സുറിയാനിക്കാരുടെ ഭരണകാര്യങ്ങളെക്കുറിച്ച് റോം ചെയ്ത തീരുമാനമൊന്നും ലൂയീസച്ചൻ അറിഞ്ഞിരുന്നില്ല. തിരിച്ചുവരുമ്പോൾ, ബോംബയിൽതാമസിക്കുന്നതിനിടയിൽ, 'കാത്തലിക് വാച്ച്മാൻ'എന്ന പത്രത്തിൽ നിന്നാണ് അദ്ദേഹം വിശദവിവരങ്ങൾ ഗ്രഹിച്ചത്.

1896 ആഗസ്റ്റ് 17–ാം നു- ലൂയീസച്ചൻ റോമിൽ നിന്നുതിരിച്ചു. കപ്പൽ കയറുംമുമ്പ് ലൊറേറൊ, അസ്സിസി, ഫ്ളോറൻസ്, ബൊളോഞ്ഞോ, വെനീസ് എന്നീ നഗരങ്ങൾ സന്ദർശിച്ചു. വെനീസിൽ ചെന്നപ്പോൾ ലൂയീസച്ചൻ, ലിയോ 13 –ാം പാപ്പയുടെ കാലശേഷം പാപ്പാപദത്തിൽ അവരോധിക്കപ്പെട്ട കാർഡിനൽ സാർത്തായെ സന്ദർശിച്ചു. യാത്ര പറഞ്ഞുപിരിയുമ്പോൾ, ഓർമ്മയ്ക്കായി കാർഡിനൽ സാർത്തോ തന്റെ ഫോട്ടോ ലൂയീസച്ചനു സമ്മാനിയ്ക്കുകയുണ്ടായി. വെനീസിൽ നിന്ന് ലൂയീസച്ചനും ഫാ. ആലുങ്കലും ട്രിസ്റ്റി (Trieste) ലെത്തി കപ്പൽ മാർഗ്ഗം ബോംബയിലേയ്ക്കു തിരിച്ചു.

ഒമ്പതു്

# മോൺ. ലൂയീസ്

ലൂയീസച്ചൻ ബോംബയിലെത്തിയതിൻെറ പിറേറന്ന് മലങ്കരയിലെ സുറിയാനിസഭയെക്കുറിച്ച് തിരുസിംഹാസനംചെയ്ത തീരുമാനം അന്നത്തെ കാത്തലിക് വാച്ചുമാൻ' റിപ്പോർട്ടുചെയ്തു: തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നു മൂന്നു വികാരിയാത്തുകൾ; യഥാക്രമം, മോൺ. ജോൺ മേനാച്ചേരി, മോൺ. ലൂയീസ് പഴേപറമ്പിൽ, മോൺ. മാത്യു മാക്കീൽ എന്നു മൂന്നു വികാരി അപ്പസ്തോലിക്കമാർ. ബോംബെയിലെ ജസ്യുട്ടുഭവനത്തിലായിരുന്നു, ലൂയീസച്ചൻ താമസിച്ചിരുന്നത്. അവിടത്തെ അച്ചൻമാർ തങ്ങളുടെ കേരളീയരായ അതിഥികളോട് പുതിയ വികാരി അപ്പസ്തോലിക്കമാരെക്കുറിച്ച് ആരാഞ്ഞു. രണ്ടാമത്തെ പേര് തൻേറതുപോലുണ്ടെന്നായിരുന്നു, ലൂയീസച്ചൻെറ മറുപടി.

മൂന്നാം ദിവസം മോൺ. ലൂയീസ് ആർക്കോണത്തേയ്ക്കു തിരിച്ചു; തീവണ്ടിമാർഗ്ഗം. അടുത്തദിവസം ആർക്കോണത്തെത്തി. അവിടെനിന്ന് രാത്രി മേട്ടുപ്പാളയത്തേയ്ക്കുള്ള വണ്ടിയിൽ കയറി. പോത്തന്നൂരാണിറങ്ങേണ്ടിയിരുന്നത്. പക്ഷേ, അവിടെയെത്തിയപ്പോൾ നമ്മുടെ യാത്രക്കാർ സുഖനിദ്രയിലായിരുന്നു. വണ്ടി മേട്ടുപ്പാളയത്തെത്തി; 'അപ്പോഴും അവരുറങ്ങുകയായിരുന്നു'. എല്ലാവരും ഇറങ്ങിപ്പോയി. ജോലിക്കാർ കമ്പാർട്ടുമെൻറുകൾ പരിശോധിക്കാനെത്തി. വണ്ടി ടെർമിനസിലെത്തിയിട്ടും രണ്ടു പേരുറങ്ങുന്നു! വിളിച്ചുണർത്തി. അപ്പോഴേ, താങ്കൾ

ക്കു പിണഞ്ഞ അമളി നമ്മുടെ യാത്രക്കാർ മനസ്സിലാക്കിയുള്ളു. ചൂടും തിരക്കുംകൊണ്ട് വെളുക്കുംവരെ ഉറങ്ങാനായില്ലെന്നും, രാവിലത്തെ കുളുർക്കാററേററപ്പോഠം ഇത്തിരി കട്ടിയായിത്തന്നെ ഉറങ്ങിപ്പോയെന്നുമാണ് മോൺ. ലൂയീസ് ഇതേപ്പററി പറഞ്ഞിട്ടുള്ളത് 1 .

പോത്തന്നൂരേയ്ക്കു മടങ്ങുന്നതിനുവേണ്ടത്ര പണം കൈവശമില്ലാഞ്ഞു. മേട്ടുപ്പാളയത്തെ സ്ററേഷൻ മാസ്ററർ കത്തോലിക്കനായിരുന്നു. അദ്ദേഹം ഇവരെ അന്ന് സ്ററേഷനിലെ യാത്രക്കാർക്കുള്ള മുറിയിൽ കഴിക്കാനനുവദിച്ചു. തൻെറ വീട്ടിൽനിന്ന് ഭക്ഷണവും കൊടുത്തു. പിന്നെ, ട്രാഫിക്ക് സൂപ്രണ്ടിനെ വിവരമറിയിച്ച്, ഇവരെ വൈകിട്ടുള്ള വണ്ടിയിൽ കൂലികൂടാതെ പോത്തന്നൂർക്കയക്കാൻ അനുവാദം വാങ്ങി. പോത്തന്നൂരുനിന്ന് പിറേറന്നു രാവിലെ ഷൊർണ്ണൂരെത്തി. അവിടെനിന്ന് ഒരു കാളവണ്ടിയിൽ, വൈകിട്ട് അഞ്ചു മണിയ്ക്ക് തൃശ്ശൂരുവന്ന്, ആ ദിവസം മോൺ. മേനാച്ചേരിയുടെ കൂടെ കഴിച്ചു. അടുത്ത ദിവസം ഏലൂർത്തുരുത്തിലായിരിക്കുമ്പോളാണ്, തന്നെ എറണാകുളം വികാരിയാത്തിൻെറ വികാരി അപ്പസ്തോലിക്കയായി നിയമിച്ചുകൊണ്ടുള്ള ഔദ്യോഗികരേഖ മോൺ. ലൂയീസിനു കിട്ടിയത്. കൂട്ടത്തിൽ, അഭിഷേകത്തിന് കാൻഡിയിലെത്തേണ്ട വിവരത്തിന് കത്തുമുണ്ടായിരുന്നു. ഏലൂർത്തുരുത്തിൽനിന്ന് പള്ളിപ്പുറം, ചക്കരക്കടവ്, എറണാകുളംവഴി ചങ്ങനാശ്ശേരിയിലെത്തി. അവിടെനിന്നു പുളിങ്കുന്നിലേയ്ക്ക്; മാതാപിതാക്കളെ കാണാൻ.

തൻെറ വിദേശഗമനംകൊണ്ട് ആശങ്കാകുലരായി കഴിയുന്ന മാതാപിതാക്കളെ ആശ്വസിപ്പിക്കുകയായിരുന്നു, ഈ കൂടിക്കാഴ്ചയുടെ മുഖ്യോദ്ദേശ്യം.

---

1 Mar Louis. op. cit. Part III. P. 227

''ഒരു കുരിശും മോതിരവും പണിയിച്ചു തരണമെന്ന് അവരോടഭ്യർത്ഥിക്കുകയും അഭിഷേകത്തിന് കാൻഡിയയ്ക്കു പോകുന്നതിൻെറ ചെലവിന് കുറെ പണം അവരിൽനിന്നു വാങ്ങുകയും''2 കൂടി ഈ സന്ദർശനോദ്ദേശ്യങ്ങളിൽപ്പെടുന്നുണ്ടായിരുന്നു. 'മെത്രാനാ'യി തിരിച്ചെത്തിയ മകനെക്കണ്ട് ആ വൃദ്ധ മാതാപിതാക്കൾ സന്തോഷാശ്രുക്കൾ പൊഴിച്ചിട്ടുണ്ടാകണം.

മഹത്തായ ഉത്തരവാദിത്വം ഏറെറടുക്കുകയല്ലേ? ദൈവാനുഗ്രഹം അപേക്ഷിക്കുന്നതിനും തയാറെടുക്കുന്നതിനുമായി പൂർണ്ണ ധ്യാനംതഴിച്ച്, മോൺ. മാക്കീൽ ഒരുമിച്ച് പുറപ്പെട്ടു. തൃശൂരെത്തിയപ്പോൾ മൊൺ. മേനാച്ചേരി പുറപ്പെട്ടുകഴിഞ്ഞിരുന്നു. തൂത്തു കുടിയിൽ വച്ച് അദ്ദേഹവുമായിച്ചേർന്നു. മൂവരും കൂടി കാൻഡിയിലെത്തി. 1896 ഒക്ടോബർ 25—ാംനു-യായിരുന്നു, അഭിഷേകം. പ്രധാന കാർമ്മികൻ ഡലിഗററ് അപ്പസ്തോലിക്ക് മൊൺ. സലെസ്കി; ഒട്ടേറെപ്പേർ പങ്കെടുത്ത മംഗളകർമ്മം. ഒക്ടോബർ 27—ാംനു- മാർ ലൂയീസ് കാൻഡിയിൽ നിന്നു മടങ്ങി.

1896 നവം. 5—ാംനു-യാണ് മൊൺ. ലൂയീസ് എറണാകുളം വികാരിയാത്തിൻെറ ഭരണം കൈയേററത്. ഉജ്ജ്വലമായ വരവേല്പാണ് അദ്ദേഹത്തിനു നല്കപ്പെട്ടത്. 'സിലോൺ കാത്തലിക്ക് മെസ്സഞ്ചർ' റിപ്പോർട്ടു ചെയ്തു: 'ഇത്തരത്തിലൊന്ന് എറണാകുളം പട്ടണം ഇന്നേവരെ കണ്ടിട്ടില്ല.... സ്വന്തം റീത്തുകാരനും സ്വന്തം ദേശക്കാരനുമായ ഒരു വൈദികൻ മെത്രാൻ പദവിയിലേയ്ക്കുയർത്തപ്പെട്ടതു കണ്ടിട്ടുണ്ടായ ആഹ്ളാദവും സന്തോഷവും മുഖത്തു പ്രസ്ഫുരിച്ചുകാണാത്ത ഒരൊററ സുറിയാ

---

2 Ibid. P. 228

നിക്കാരൻ പോലും പള്ളിക്കകത്തോ പുറത്തോ ഉണ്ടായിരുന്നില്ല 3''. പരാധീനമായിത്തീർന്ന സുറിയാനി സഭയുടെ ഭരണം അശ്രാന്ത പരിശ്രമം മൂലം സ്വായത്തമാക്കിക്കൊണ്ട് മെത്രാനായിത്തീർന്നവനായിട്ട് നമ്മുടെ പുരോഹിതപരമ്പരയിൽ മാർ ലൂയീസു മാത്രമേയുള്ളു. മാർ ലൂയീസ് മെത്രാനായിത്തീർന്ന അന്നുതന്നെ മെത്രാന്മാരായിത്തീർന്നവരും പരപ്രേരിതങ്ങളായ സന്ദർഭങ്ങളാൽ മെത്രാന്മാരായെന്നല്ലാതെ ആ സന്ദർഭങ്ങളെ നിർമ്മിച്ചില്ല'' '4 എന്ന് ശ്രീ ഐ. സി. ചാക്കോ പറയുന്നതു സത്യം തന്നെ.

## എറണാകുളം രൂപത

കോട്ടയം, തൃശ്ശൂർ എന്നീവികാരിയാത്തുകളിൽ നിന്നു തീർത്തും ഭിന്നമായിരുന്നു, എറണാകുളത്തിന്റെ സ്ഥിതി. അവയ്ക്കു മെത്രാസനമന്ദിരങ്ങളും ഭദ്രാസനദൈവാലയങ്ങളുമുണ്ടായിരുന്നു. പുതിയ രൂപതയായിരുന്നതുകൊണ്ട്, എറണാകുളത്ത് അതൊന്നുമില്ലാഞ്ഞു. ഇല്ലായ്കയിൽ നിന്നു തുടങ്ങേണ്ടിയിരുന്നു. സുദീർഘമായ ഇരുപത്തിമൂന്നു കൊല്ലം അദ്ദേഹം വികാരിയാത്തിനെ ഭരിച്ചു; എല്ലാതലത്തിലും ഗണ്യമായ പുരോഗതിയിലേയ്ക്ക് അതിനെ നയിക്കുകയും ചെയ്തു.

എറണാകുളത്തെ സുറിയാനിപ്പള്ളി താരതമ്യേന ചെറുതായിരുന്നു. പള്ളിമുറിയും ആവശ്യത്തിനു മതിയാകുമായിരുന്നില്ല. മോൺ. ലൂയീസും വികാരി ജനറലും സെക്രട്ടറിയും അതിൽ താമസം തുടങ്ങി. ഉടനെയുണ്ടാകേണ്ടിയിരുന്നത്, ഒരു കിടപ്പിടമായിരുന്നു. 1897 ഒക്ടോബർ 25—ന്, തന്റെ മെത്രാഭിഷേകത്തിന്റെ ഒന്നാം വാർഷിക ദിനത്തിൽ അ

---

3 Quoted in Mar Louis, op. cit, Part IV, 228
4 I. C. Chacko, op. cit, P. 593

ദ്ദേഹം അരമനയ്ക്കു കല്ലിട്ടു. വികാരിയാത്തിലെ വൈദികരും ഇടവകയോഗത്തിൽനിന്ന് ഈരണ്ടുപേരും കർമ്മത്തിൽ പങ്കെടുക്കാൻ ക്ഷണിക്കപ്പെട്ടിരുന്നു. ഒക്ടോബറിൽ കല്ലിട്ടെങ്കിലും ഡിസംബറിലെ പണി തുടങ്ങിയുള്ളു. പൂർത്തിയാവാൻ രണ്ടരക്കൊല്ലമെടുത്തു. 1900 ഏപ്രിൽ 24-ാംനു ''നൂററിപ്പതിനഞ്ചു വൈദികരുടെ സാന്നിദ്ധ്യത്തിൽ മോൺ. മാക്കീൽ, മോൺ. മേനാച്ചേരി എന്നീവരുടെ സഹകാർമ്മികത്വത്തിൽ ഞാൻ എൻെറ പുതിയ അരമന ആശീർവദിച്ചു'' എന്ന് അദ്ദേഹത്തിൻെറ ഡയറിയിൽ കാണുന്നു. പിൻഗാമി മാർ അഗസ്ററ്യൻ കണ്ടത്തിൽ രേഖപ്പെടുത്തിയതുപോലെ ''മഹൽ പ്രയത്നങ്ങളുടെ നിത്യസ്മാരകമായി'' ഈ അരമന ഇന്നും അതിരൂപതയുടെ കേന്ദ്രഭവനമായി നിലകൊള്ളുന്നു.

സഭാഭരണത്തിൽ വൈദേശികമേധാവിത്വത്തെ മാർ ലൂയീസ് ചെറുത്തതിൻെറ ഉദ്ദേശ്യങ്ങളിലൊന്ന് ഇവിടെ ക്രൈസ്തവരുടെയിടയിൽ ഇംഗ്ളീഷു വിദ്യാഭ്യാസം പ്രചരിപ്പിച്ച് സമുദായത്തെ ഉന്നമിപ്പിക്കുകയായിരുന്നല്ലോ. പക്ഷേ, ഭരണം കൈവന്ന് എട്ടൊൻപതു വർഷം കഴിഞ്ഞ ഈ രംഗത്ത് എന്തെങ്കിലും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. പുതിയ രൂപതയായതുകൊണ്ട് അത്യാവശ്യമായി വേറെ പലതും ചെയ്യേണ്ടതുണ്ടായിരുന്നു. മാത്രമല്ല, തൃശൂർ, എറണാകുളം, മാന്നാനം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ അന്നു കത്തോലിക്കരുടെ വക ഇംഗ്ളീഷുസ്ക്കൂളുകളുണ്ടായിരുന്നുതാനും. അരമനയുടെ പണികഴിഞ്ഞപ്പോൾ, മാർ ലൂയിസ് വിദ്യാഭ്യാസരംഗത്ത് ശ്രദ്ധയിരുത്താൻ തുടങ്ങി. അതിൻെറ ഫലമായിരുന്നു, മൂവാററുപുഴയിലേയും ആലുവായിലേയും ഇംഗ്ളിഷ്സ്ക്കൂളുകൾ. ഇതിൽ മൂവാററുപുഴ സ്ക്കൂൾ ഇടയ്ക്കുവച്ചു നിന്നുപോയി. ആലുവായിലെ സെൻറ് മേരീസ് സ്ക്കൂളിനു കല്ലിട്ടത് 1904 ഡിസംബർ 6-ാംനു യായിരുന്നു. 1909 ജനുവരി

15—ാംനു കെട്ടിടം ആശീർവദിച്ച് ക്ളാസുകളാരംഭി ച്ചു. ഈയടുത്തകാലംവരെ കേരളത്തിലെ ഏററവും നല്ല വിദ്യാലയങ്ങളിലൊന്ന് എന്ന പ്രശസ്തി അതു നിലനിറുത്തിപ്പോന്നു. ഇന്ന് വിദ്യാലയരംഗത്തു നിന്ന് പ്രൈവററ് ഏജൻസികളെ തുടച്ചുനീക്കാനുള്ള പരിശ്രമം ഗവൺമെൻറു തലത്തിൽത്തന്നെ നടക്കുന്നു ണ്ട്. കേരളക്രൈസ്തവർ ഈ മേഖലയിൽ രാജ്യത്തി നും സമുദായത്തിനും ചെയ്ത നിസ്തുല സേവ നം ആർക്കും മറക്കാനാവില്ല, തീർച്ച.

ആദ്ധ്യാത്മികതലത്തിലും ഗണ്യമായ പുരോ ഗതികൈവളർത്താൻ മാർ ലൂയീസിനു കഴിഞ്ഞു. ഇതിൽ ഒരു നല്ലശതമാനം സ്വാഭാവികപുരോഗതിയാ യിരുന്നുവെന്നതു വിസ്മരിക്കുന്നില്ല. രൂപതയി ലെ കത്തോലിക്കരുടെ സംഖ്യ എഴുപത്തയ്യായിര ത്തിൽ നിന്ന് ഒരു ലക്ഷത്തിപതിനെണ്ണായിരത്തി ലേയ്ക്കുയർന്നതിൽ വേദപ്രചാരപ്രവർത്തനങ്ങളു ടെ ഫലവുമുണ്ടായിരുന്നു. ഇടവകകൾ അറുപതിൽ നിന്ന് എൺപതായി വർദ്ധിച്ചു; ഇരുപത്തിരണ്ടു കുരിശുപള്ളികൾ വേറേയും. മാർ ലൂയീസിൻെറ ഡ യറികളിൽനിന്ന് ഒരുകാര്യം സ്പഷ്ടമാകുന്നുണ്ട്: അദ്ദേഹം അടുത്തടുത്ത് ഇടവകകൾ സന്ദർശിക്കുമാ യിരുന്നു. 'ഇത്രകൊല്ലത്തിലൊരിക്കൽ' എന്നകണ ക്ക്വച്ചായിരുന്നില്ല, ഇടവക്സന്ദർശനം എന്നർത്ഥം. പള്ളികളിൽനിന്ന് പള്ളികളിലേയ്ക്ക് എന്നമട്ടിൽ ആണ്ടുവട്ടത്തിലെ മിക്കദിവസങ്ങളും അദ്ദേഹം ഇടവ കസന്ദർശനത്തിലായിരുന്നു. ഇടയത്വത്തിൻേറതും പൈതൃകത്തിൻേറതുമായ ദർശനമാണ് ഇതിൻെറ പിന്നിലുള്ളത്. കന്യകാമഠങ്ങൾ മൂന്നിൽ നിന്ന് ഒൻ പതായി വളർന്നു; കന്യാസ്ത്രീകളുടെ സംഖ്യ ഇ രുപത്തിഒന്നിൽനിന്ന് ഇരുന്നൂററാറിലേയ്ക്കും. എ റണാകുളത്തും മൂക്കന്നൂരും ഓരോ അനാഥശാലകളും

അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. മാർ ലൂയീസിൻെറ നിര്യാണത്തെത്തുടർന്ന് അദ്ദേഹത്തിൻെറ പിൻഗാമി മാർ അഗസ്ററിൻ കണ്ടത്തിൽ പ്രസിദ്ധപ്പെടുത്തിയ ആദ്യത്തെ ഇടയലേഖനത്തിൽ നാം വായിക്കുന്നു: ''സ്വന്തംറീത്തിൽ മെത്രാന്മാരെ ലഭിപ്പാൻ വ്യവസ്ഥാപിതവും ന്യായാനുസൃതവുമായ മാർഗ്ഗങ്ങളിലൂടെ നിരന്തരപരിശ്രമങ്ങഠം ചെയ്തുകൊണ്ടിരുന്ന നമ്മുടെ മഹാന്മാരിൽ ഈ വന്ദ്യ പിതാവ് അഗ്രഗണ്യനായിരുന്നു............''

''ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിൻെറ മനോഗുണത്താലും ഈ വന്ദ്യപിതാവ്.... എറണാകുളം വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. 'പക്ഷികഠംക്ക് അവയുടെ കൂടുകളും നരികഠംക്ക് അവയുടെ മാളങ്ങളുമുണ്ട്; മനുഷ്യപുത്രനാകട്ടെ, തൻെറ തലചായ്പ്പാൻ സ്ഥലമില്ല എന്നു തൻെറ ദിവ്യയജമാനനെക്കുറിച്ചുള്ള സുവിശേഷവാക്യം മെത്രാനായിവന്ന ഈ പിതാവിന് എത്രയും യോജിച്ചിരുന്നു. പുതിയതായി ഏർപ്പെടുത്തപ്പെട്ട് അത്യാവശ്യകങ്ങളായ വകകളും സ്ഥാപനങ്ങളും പോലുമില്ലാതെ കേവലം നാമമാത്രമായ ഈ വികാരിയാത്തിൻെറ അദ്ധ്യക്ഷസ്ഥാനം ഈ പിതാവിനെ ഏൽപ്പിച്ചതിൽനിന്ന് പരിശുദ്ധസിംഹാസനം അവിടുത്തെ നേരെ കാണിച്ച മതിപ്പും വിശ്വാസവും അനൽപമായിരുന്നെന്നു ഗ്രഹിക്കാം....

''തൻെറ ബുദ്ധിവിശേഷം, മന:സ്ഥൈര്യം, കാര്യക്ഷമത, ഭരണതന്ത്രജ്ഞാനം, ഒതുക്കജീവിതം എന്നിത്യാദി ഗുണങ്ങഠംകൊണ്ട് അവിടുന്ന് ഒരോ ധനാഗമമാർഗ്ഗങ്ങഠംഉണ്ടാക്കിയും വിവിധ സ്ഥാപനങ്ങഠം ഏർപ്പെടുത്തിയും ഈ ഇരുപത്തി മൂന്നിൽചില്ല്വാനം കൊല്ലങ്ങഠംക്കുള്ളിൽ ഇല്ലായ്മയായിരുന്ന ഈ വികാരിയാത്തിനെ മുൻ സ്ഥിതിചെയ്തിരുന്ന സഹോദരവികാരിയാത്തുകളോട് കിടപിടിക്കത്തക്ക ഉയർന്ന

നിലയിൽ എത്തിച്ചിരിക്കുന്നു.... ഈ വന്ദ്യപിതാവ് ഈ വികാരിയാത്തിൻെറ ഒന്നാമത്തെ അദ്ധ്യക്ഷനായി ഭരണം കയ്യേൽക്കുകയും തൻെറ ഇരുപത്തിമൂന്നിലധികം കൊല്ലത്തെ ജീവിതം അതിൻെറ ക്ഷേമത്തിനായി പ്രത്യേകം പ്രതിഷ്ഠിക്കുകയും അതിൻെറ നടത്തിപ്പിന്നും നിലനിൽപ്പിന്നും ആവശ്യമായ അടിസ്ഥാനമിട്ടുറപ്പിക്കുകയും ചെയ്തിട്ടുള്ളതോർക്കുമ്പോൾ, ഈ പൂജ്യപിതാവിനോട് നാമും നമ്മുടെ അനന്തിരവരും അത്യന്തം കടപ്പെട്ടവരാണെന്നും അവിടുത്തെനാമം ഈ വികാരിയാത്തിൻെറ ചരിത്രത്തിൽ സ്വർണ്ണാക്ഷരങ്ങളിൽ എഴുതി എന്നെന്നും സ്മരിക്കപ്പെടേണ്ടതാണെന്നും ഹൃദയം തുറന്നു പരസ്യമായി നിങ്ങളെ അറിയിക്കുന്നതിനു നാം നിർബന്ധിക്കപ്പെടുന്നു.'' ഈ വാക്കുകളുടെ ഉടമ മാർ അഗസ്ററിൻ കണ്ടത്തിലാണ്; മാർ ലൂയീസിൻെറ പിൻഗാമി. അദ്ദേഹത്തിന് മാർ ലൂയീസിനോട് അന്ധമായ ബഹുമാനമൊന്നുമുണ്ടായിരുന്നില്ല എന്നത് ചരിത്രസത്യമാണ് 5. അളന്നു തൂക്കി ഓരോരുത്തർക്കും അർഹിക്കുന്നതുമാത്രം നൽകുന്നതിൽ അങ്ങേയററം നിഷ്കർഷയുള്ളവനായിരുന്നു, മാർ അഗസ്ററിൻ. അതുകൊണ്ട്, ഈ വാക്കുകളെ മുഖവിലയ്ക്കെടുക്കാമോ എന്ന കാര്യത്തിൽ സംശയം വേണ്ട. എന്നല്ല, മാർ ലൂയീസിനെ കൃത്യമായി വിലയിരുത്താൻ മാർ അഗസ്ററിനെക്കാൾ പററിയ വ്യക്തി വേറില്ലതാനും.

## ഹയരാർക്കി

വികാരിയാത്തുകളായി; വികാരിയപ്പസ്തോലിക്കമൊരുമായി. ഇത്രയും കൊണ്ടായില്ലല്ലോ. വികാരി. അപ്പസ്തോലിക്ക മാർപ്പാപ്പയുടെ പ്രതിനിധി മാത്രമാണ്; അദ്ദേഹത്തിന് സ്വത:സിദ്ധമായ അധികാരമൊന്നുമില്ല. അതുണ്ടാകണമെങ്കിൽ,

5 Cfr. chapter 10 P. 173, 174

വൈദികഭരണാധികാരക്രമം (Hierarchy) സ്ഥാപിക്കപ്പെടണം. തന്നെയുമല്ല, ഒരു നേതൃത്വത്തിന്റെ കീഴിലായിരുന്ന സുറിയാനിസമുദായം ഇപ്പോൾ തുല്യാധികാരമുള്ള മൂന്നു നേതാക്കളുടെ കീഴിലായിരിക്കുന്നു. സമുദായം പങ്കുവയ്ക്കപ്പെട്ടുവെന്നൊരു തോന്നലുണ്ടായി, ചിലർക്ക്. ഇവരെ ഏകോപിപ്പിക്കാൻ ഒരു കേന്ദ്രാധികാരമുണ്ടായിരുന്നില്ല. ഹയരാർക്കിസ്ഥാപനത്തോടെ അതും പരിഹരിക്കപ്പെടും. അതുകൊണ്ട്, ഹയരാർക്കി അനുവദിച്ചുകിട്ടുന്നതിനായി, മാർ ലൂയീസിന്റെ അടുത്ത പരിശ്രമം.

ചങ്ങനാശ്ശേരി വികാരിയാത്തിൽ അന്നു തെക്കുംഭാഗരും വടക്കുംഭാഗരുമുൾപ്പെട്ടിരുന്നല്ലോ. മോൺ. മാക്കീൽ തെക്കുംഭാഗക്കാരനായിരുന്നു. അദ്ദേഹത്തെ വടക്കുംഭാഗരുടെയുംകൂടി ഭരണകർത്താവായി നിയമിച്ചതിൽ വടക്കുംഭാഗക്കാർക്ക് അതൃപ്തിയുണ്ടായിരുന്നു. നേരത്തെയുണ്ടായിരുന്നു, ഇരുകൂട്ടരും തമ്മിലൊരു ശീതസമരം. അതിന്റെ ഫലമായി കൂടിയായിരുന്നല്ലോ, മോൺ. ലവീഞ്ഞിന്റെ കാലത്ത് നിധീരിക്കൽ മാണിയച്ചനെ വികാരിജനറലായി നിയമിച്ച് കുറച്ചു കഴിഞ്ഞ് മാക്കീൽ മത്തായിയച്ചനെ തെക്കുംഭാഗരുടെ വികാരി ജനറലായി നിയമിച്ചത് 6. അന്ന് മത്തായിയച്ചനാണ്, തെക്കുംഭാഗർക്കു നേതൃത്വം കൊടുത്തിരുന്നത്. അദ്ദേഹത്തെ വടക്കുംഭാഗരുടെകൂടി മെത്രാനായി നിയമിച്ചത് വടക്കർക്ക് സ്വീകാര്യമായില്ല. മോൺ. മാക്കീൽതന്നെ ഇതിനൊരു പരിഹാരമുണ്ടാക്കുമെന്ന് അവർ പ്രതീക്ഷിച്ചു. മെത്രാൻ നിയമനവാർത്ത പ്രസിദ്ധംചെയ്തപ്പോൾ 'സർവ്വമിത്രം' എന്ന പത്രം എഴുതി: ''തെക്കുംഭാഗരുടെ വികാരിജനറൽ ദിവ്യശ്രീ മത്തായിക്കത്തനാർ അവർകളെ ചങ്ങനാശ്ശേരി വികാരിയാത്തിൽ രണ്ടുഭാഗക്കാരുടെയും മെത്രാനായി നിയമി

---

6 V. C. George, op. cit, P. 440 & 442

ച്ചിരിക്കുന്നതാണ് ഇപ്പോഠം വലിയ കുഴപ്പമായി ഭവിച്ചിരിക്കുന്നത്. പക്ഷേ, ഇരുകക്ഷികളും തമ്മിലുള്ള അയോജ്യതയും ഭിന്നിപ്പും മെത്രാൻ സ്ഥാനത്തിൽ നിയമിതനും ബുദ്ധിമാനും സമാധാനപ്രിയനുമായ ഇദ്ദേഹം പൂർണ്ണമായി ഗ്രഹിച്ചിട്ടുള്ളതാകകൊണ്ടും ഈ നിയമനത്തിന്റെ അനുചിതത്വത്തേയും ആ അധികാരം താൻ വഹിക്കുന്നതായാൽ കാര്യനടത്തയിൽ നേരിടാവുന്ന വിഘ്നങ്ങളേയും ജനകലഹത്തേയും വിവരമായി കാണിച്ച് മേലധികാരത്തിങ്കലേയ്ക്ക് റിപ്പോർട്ടുചെയ്യേണ്ടത് അദ്ദേഹത്തിന്റെ ചുമതലയാകകൊണ്ട് അത് അദ്ദേഹം നിസ്സംശയം ചെയ്യുന്നതാണെന്നു വിശ്വസിപ്പാൻ മതിയായ ന്യായമുണ്ട്'' 7. എന്തോ? പ്രശ്നത്തിന് പരിഹാരമൊന്നുമുണ്ടായില്ല. അസ്വസ്ഥതകളും പ്രതിഷേധങ്ങളുമായി. ജനങ്ങളെ ശാന്തരാക്കാനും പ്രശ്നത്തിനു പരിഹാരമുണ്ടാക്കാനും മാണിയച്ചൻ പ്രഗല്ഭമായ നേതൃത്വംകൊടുത്തു. പേപ്പൽ പ്രതിനിധിക്കും റോമിലേയ്ക്കും ഒട്ടേറെ ഹർജികഠം ഒഴുകിയെത്തി. ഒരെണ്ണം തുടങ്ങുന്നതു നോക്കുക: ''മാക്കീൽ മെത്രാന്റെ നിയമനവാർത്ത അറിഞ്ഞയുടനെ വടക്കുംഭാഗക്കാരായ ഞങ്ങഠം കമ്പിസന്ദേശങ്ങളും ഹർജികളുമയച്ച് മാക്കീൽ മെത്രാനെ അദ്ദേഹത്തിന്റെ സ്വജനവും അദ്ദേഹം വളരെ പ്രയാസപ്പെട്ട് ലവീഞ്ഞുമെത്രാന്റെ കാലത്ത് പ്രത്യേക ഭരണത്തിനായി വടക്കുംഭാഗക്കാരിൽനിന്നു വേർതിരിച്ചവരുമായ തെക്കുംഭാഗക്കാരെ മാത്രം ഭരിക്കാനായി മാററണമെന്നും ഞങ്ങളുടെ സമുദായത്തിൽ നിന്ന് ഒരു പട്ടക്കാരനെ ഞങ്ങളുടെ വടക്കുംഭാഗം ജനത്തെ ഭരിക്കാൻ വികാരിയപ്പസ്തോലിക്കയായി നിയമിക്കണമെന്നുമാണപക്ഷ'' 8. കാരണം, ''അപമാനവും മനോവ്യഥയും വരുത്തുന്നതും വലുതായ അസ്വാസ്ഥ്യത്തെ ഉളവാക്കുന്നതുമായ തിരഞ്ഞെടു

---


7 Quoted in V. C. George, op. cit, P. 441
8 Quoted in V. C. George, op. cit, P. 446

പ്പാ''ണതെന്നും അത് ''യാതൊരുവിധത്തിലും ഞങ്ങൾക്കു സഹിക്കത്തക്കതല്ലെന്നും'' 9 ചങ്ങനാശ്ശേരി മിസ്സത്തിലെ ''ആലോചന സഭാംഗങ്ങളും ഫൊറോനാ വികാരിമാരും വികാരിമാരും മററു വൈദികരും'' ഒപ്പുവച്ച് 1896 ഒക്ടോബർ 15–ാംനു പരിശുദ്ധ പിതാവ് പതിമൂന്നാം ലയോപാപ്പയ്ക്ക് സമർപ്പിച്ച ഹർജിയിൽ അവർ വ്യക്തമാക്കുന്നു. എന്നിട്ടും തീരുമാനമൊന്നുമുണ്ടായില്ല. വികാരിയാത്തിൻെറ ഭരണം ഒരു പ്രതിസന്ധിയിലെത്തുകയും ചെയ്തു.


ഇതിനിടയിൽ മററൊരു പ്രശ്നവും തലപൊക്കി. സ്വജാതിമെത്രാനെ കിട്ടുന്നതിന് സമുദായാംഗങ്ങൾക്കുണ്ടായ തീവ്രാഭിലാഷം നാം കണ്ടല്ലോ. അതുപോലെ തന്നെ, സ്വന്തം റീത്തും—കൽദായസുറിയാനി— അഭംഗം പുലർന്നു കാണാൻ ആത്മാർത്ഥമായി ആഗ്രഹിച്ച സമുദായാംഗങ്ങളുമുണ്ടായിരുന്നു. ഏതദ്ദേശീയ മെത്രാന്മാരുടെ നിയമനത്തോടെ ഉദയമ്പേരൂർ സൂനഹദോസിലും അതിനുശേഷവും കൽദായ സുറിയാനി റീത്തിനു സംഭവിച്ച അധോഗതി പരിഹരിച്ച് അത് പൂർവ്വ പ്രശസ്തിയിൽ പുനഃപ്രതിഷ്ഠിക്കപ്പെടുമെന്ന് അവർ പ്രത്യാശിച്ചു. എന്നാൽ, ഇക്കാര്യം അവരുടെ പ്രതീക്ഷപ്പടിയായായില്ല. ചിലരെ സംബന്ധിച്ചിടത്തോളം ഇത് കടുത്ത അതൃപ്തിക്കു കാരണവുമായി. ''ഭക്ഷണത്തിനു മേശവാഴ്ത്തുന്നതു കൂടെയും സുറിയാനി ഭാഷയിൽ കഴിക്കുന്നത് ആക്ഷേപമെന്നപോലെ പരസ്യമായിട്ടുപോലും അതു ലത്തീൻ ഭാഷയിൽ കഴിച്ചുവരുന്നു 10'' മെത്രാന്മാർ എന്ന് അവർ കുററപ്പെടുത്തി. സമുദായ നേതാക്കളോടും വൈദികരോടും വന്ദ്യപിതാക്കന്മാരോടും ഇക്കൂട്ടർ പരാതിപ്പെട്ടു.

---


9 Ibid, P. 443
10 Ibid, P. 468



മാർ ലൂയീസ് ഉപയോഗിച്ചിരുന്ന
വടിയും തൊപ്പിയും



മാർ പഴേപറമ്പിൽ ഉപയോഗിച്ചിരുന്ന കട്ടിൽ



മാർ ലൂയിസിൻെറ മൃതദേഹം ശവമഞ്ചത്തിൽ

എറണാകുളം മെത്രാസനമന്ദിരത്തിന്റെ പ്രതിഷ്ഠാകർമ്മത്തിൽ (1900–ഏപ്രിൽ 24) പങ്കെടുക്കാൻ എത്തുന്ന അച്ചന്മാരുടെ പരിഗണനയ്ക്കായി അവരയച്ച സന്ദേശത്തിൽ പറയുന്നു: 'നമ്മുടെ റീത്തിന്നു രക്ഷാകർത്താക്കളായി ഈ വിധം സ്വജാതി മേല്പട്ടക്കാർ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ കാലത്ത് ഈ മേല്പട്ടക്കാരുടെ കരങ്ങളിൽത്തന്നെ ''നമ്മുടെ ഈ കൽദായറീത്ത് അന്ത്യശ്വാസം വിടാറായിരിക്കുന്നുവെന്നു കാണുന്നതിൽപ്പരം വ്യസനഹേതുവെന്തെന്നു ദയവായി ആലോചിപ്പിൻ.... മെത്രാന്മാരുടെ പൊന്തിഫിക്കാൾ ലത്തീനിൽ നിന്ന് ഇത്രവളരെ പ്രയാസത്തോടുകൂടി സുറിയാനിയിലേയ്ക്കു പരിഭാഷപ്പെടുത്തുന്നതിനെക്കാൾ കൽദായക്രമത്തിലുള്ളവ ഉപയോഗിക്കുകയും ഇല്ലാത്തവ മാത്രം പരിഭാഷപ്പെടുത്തി ഉപയോഗിക്കുകയുമല്ലയോ ഉത്തമം.... ഈ വിധ പ്രവൃത്തിയ്ക്ക് ഇനിയെങ്കിലും അവസാനം വയ്ക്കണമെന്ന് അതിപൂജ്യനും വന്ദ്യപിതാവുമായ മെത്രാനച്ചൻ തിരുമനസ്സിലെ മുമ്പാകെ നിങ്ങൾ ബോധിപ്പിക്കണം 11.'' (പ്രൊപ്പഗാന്താത്തിരുസംഘം 1897 Sept. 25–ാംനു- ബാബേൽ പേട്രിയാർക്കിന് മലങ്കര സഭയുടെ മേൽ അധികാരമൊന്നുമില്ലെന്നു നിശ്ചയിച്ചതിലും കേരളത്തിലെ സുറിയാനിക്കാർക്ക് 'കൽദായസുറിയാനിക്കാർ' എന്നതുമാററി 'സീറോ–മലബാർ റീത്ത്'' എന്നപേരു നല്കിയതിലും ചിലർക്ക് പ്രതിഷേധമുണ്ട്). ഈ അടുത്ത കാലംവരെ സുറിയാനിയിലേയ്ക്കു പരിഭാഷപ്പെടുത്തിയ ലത്തീൻ പൊന്തിഫിക്കലാണ് സുറിയാനിമെത്രാന്മാർ ഉപയോഗിച്ചിരുന്നത്. 1952 ലാണ് സീറോ– മലബാർ റീത്തിന് സിറിയൻ പരാമ്പര്യങ്ങളിൽ അധിഷ്ഠിതമായ സ്വന്തമായൊരു പൊന്തിഫിക്കൽ രൂപപ്പെടുത്താൻ പരിശ്രമം തുടങ്ങിയത്.

---

11 Quoted in V. C. George, op. cit, P. 470

കൽദായറീത്തിൻെറ പുനരുദ്ധാരണ പ്രശ്നം കൊണ്ടും ചങ്ങനാശ്ശേരിയിലെ തെക്കു—വടക്കുപ്രശ്നം കൊണ്ടും സമുദായം തെല്ല് അസ്വസ്ഥമായ സാഹചര്യത്തിലാണ് അങ്കലാപ്പുളവാക്കിയ ഒരു പുതിയ വാർത്ത പ്രചരിച്ചത്, മോൺ. പഴേപറമ്പിലിൻെറ 1900 ജൂലൈ 14—ാംനു- യ ിലെ ഡയറിക്കുറിപ്പിൽ നാം വായിക്കുന്നു: 'ഫാ. ബോനിഫസിനെ മെത്രാപ്പോലീത്തയായി നിയമിക്കുന്നതിന് ഹർജി പോയിരിക്കുന്നെന്ന് .... എന്നെ അറിയിച്ചിരിക്കുന്നു.' പുത്തമ്പള്ളി സെമ്മിനാരിയുടെ റക്ടറാണ് ഫാ. ബോനിഫസ്. എന്തിനാണ് അദ്ദേഹത്തെ മെത്രാപ്പോലീത്തയാക്കുന്നത്? പലവഴിക്കാണ് വ്യാഖ്യാനം. തുല്യസ്ഥാന മഹത്വമുള്ള മൂന്നു നേതാക്കളുടെ കീഴിലായി പങ്കുവയ്ക്കപ്പെട്ട സുറിയാനി സമുദായത്തിന് ഒരു ഏകീകൃതഭരണവും കേന്ദ്രാധികാരവുമുണ്ടാക്കാനാണത്രേ (ഹയരാർക്കി സ്ഥാപനത്തിന് മാർ ലൂയീസ് പരിശ്രമിക്കുന്നുണ്ടായിരുന്നല്ലോ). പരിപാടി ഇതുപോലെ നടപ്പായാൽ, സുറിയാനിമെത്രാന്മാരെ ലത്തീൻ മെത്രാപ്പോലീത്തയുടെ അധികാരത്തിൻ കീഴിലാക്കാമെന്ന വ്യാമോഹം മിഷനറിമാർക്കുണ്ടായിരുന്നുവെന്നുവരാം; അവരതിന്നായി പരിശ്രമിക്കുകയും ചെയ്തിരിക്കാം. നടന്നാൽ, പിന്നീടെന്തു സംഭവിക്കും? പള്ളിവീട്ടിൽ ചാണ്ടിമെത്രാൻെറ കാലശേഷം സമുദായത്തിന് എന്തു സംഭവിച്ചു? ഏതദ്ദേശീയ ഭരണം അവസാനിച്ചു. ഭരണവും അധികാരവും വിദേശീയരുടെ കൈകളിലായി. അതുപോലെ, പുതിയ വികാരിയപ്പസ്തോലിക്കമാരുടെ കാലശേഷം വൈദേശിക മെത്രാന്മാർ വീണ്ടും കടന്നുവരും; ചരിത്രം ആവർത്തിക്കും എന്നെല്ലാമായി ഭീതി.

മാർ ലൂയീസിൻെറ അക്കൊല്ലം ആഗസ്ററ് 3—ാംനു-യിലെ ഡയറിക്കുറിപ്പിങ്ങനെയാണ്: 'ഫാ. ബോനിഫസ് എറണാകുളത്തിൻെറ ഭരണാധികാരി

യും സുറിയാനിക്കാരുടെ മെത്രാപ്പോലീത്തയുമായി നിയമിക്കപ്പെടണമെന്നാണ് ആലോചനയെന്നു ഞാൻ മനസ്സിലാക്കുന്നു.' ഏതായാലും ഈ വാർത്ത മാർ ലൂയീസിനെ മാത്രമല്ല സ്പർശിച്ചുള്ളു; സമുദായത്തെയാകെത്തന്നെ ബാധിച്ചു. കിംവദന്തികൾക്കു നിയതത്വമില്ലല്ലോ. ഫാ. ബോനിഫസിനെ ചങ്ങനാശ്ശേരിയിൽ വടക്കും ഭാഗരുടെ മെത്രാനും സുറിയാനിക്കാരുടെ മെത്രാപ്പോലീത്തയുമാക്കാൻ പോകുന്നുവെന്നായി മറെറാരു ഭാഷ്യം. ഇതു വടക്കുംഭാഗക്കാർക്കും സ്വീകാര്യമല്ല. ഇതെല്ലാം കേട്ട് അസ്വസ്ഥരായ കുറെപ്പേർ മോൺ. പഴേപറമ്പിലിന് ഒരപേക്ഷ സമർപ്പിച്ചു. സുദീർഘമായ ആ രേഖയുടെ പ്രസക്ത ഭാഗങ്ങൾ ഉദ്ധരിക്കുന്നു:

''നാട്ടിൽ സ്വജാതി മെത്രാൻമാരുണ്ടായാൽ ലത്തീൻ ഭരണം മൂലം ഒരിക്കൽ നഷ്ടപ്പെട്ടുപോയ നമ്മുടെ പൂർവ്വക്രമങ്ങൾ വീണ്ടും സ്ഥാപിക്കപ്പെടുന്നതിനിടവരുമെന്നും അതിലേയ്ക്കു നിങ്ങൾ പ്രത്യേകം താൽപ്പര്യപ്പെടുമെന്നും പൊതുവിൽ ഒരു കാത്തിരിപ്പും വലിയ ശരണവുമുണ്ടായിരുന്നു. എന്നാൽ, വന്ദ്യപിതാക്കന്മാരായ നിങ്ങളുടെ പ്രവൃത്തി മേൽപ്പറഞ്ഞ ശരണമശേഷം നശിപ്പിച്ചു കളഞ്ഞു. സുറിയാനിക്കുർബാനയുടെ ഇടയിൽക്കൂടി ലത്തീൻക്രമം ഉപയോഗിച്ചുകൊണ്ടു പട്ടം കൊടുക്കുകയും ലത്തീൻ പൊന്തിഫിക്കൽ സുറിയാനിയിൽ തിരിക്കുകയുമാണല്ലോ ചെയ്യുന്നത്. ഈ സ്ഥിതിയിൽ നമ്മുടെ പൂർവ്വക്രമത്തിൻെറ അർഹത വന്ദ്യപിതാക്കന്മാരായ നിങ്ങൾ മനസ്സാലെ കൈവിട്ടിരിക്കുന്നുവെന്നും ലത്തീൻ ക്രമങ്ങളെ അനുസരിപ്പാൻ മനസ്സായിരിക്കുന്നുവെന്നും അറിയുകകൊണ്ടാണ് ലത്തീൻ മെത്രാപ്പോലീത്തായെത്തന്നെ മേലാവായി സ്ഥാപിപ്പാൻ ആലോചിച്ചിരിക്കുന്നത്. ലത്തീൻക്രമം നടപ്പാക്കേണമെന്നാണ് വന്ദ്യപിതാക്കളായ നിങ്ങൾക്ക് അഭിപ്രായമെങ്കിൽ ലത്തീൻ മെത്രാപ്പോലീത്തയുടെ സ്ഥാപന

വും മേലധികാരവും അത്യാവശ്യമാകുന്നു. അതിലേയ്ക്കു ഞങ്ങളും കഴിയുന്നത്ര താൽപര്യങ്ങാം ചെയ്തുകൊള്ളാം. ഈ കാര്യത്തിൽ അപേക്ഷക്കാർ ചുരുക്കമായിരുന്നാലും സാധിപ്പാൻ എളുപ്പമുള്ളതാകുന്നു. അതിൻെറ പേരുകൂടി ഉച്ചരിക്കുന്നതിൽ വന്ദ്യപിതാക്കന്മാരായ നിങ്ങാംക്ക് അനിഷ്ടം തോന്നിയെങ്കിലോ എന്ന് ഞങ്ങാം ഭയപ്പെടുന്നതായ.... റീത്തിനെ ഭേദപ്പെടുത്താതെ കാർപ്പാൻ ഇഷ്ടമുണ്ടാകണമെന്നു വിനയഭക്തിപൂർവ്വം സമർപ്പിക്കപ്പെട്ട ഞങ്ങളുടെ താഴ്മയുള്ള അപേക്ഷ അരമനപ്രതിഷ്ഠാവസരത്തിൽ ഉന്നതങ്ങളായ അധരങ്ങളുടെ പുഞ്ചിരിയാൽ സമൂഹമദ്ധ്യേ ഹസിച്ചു തള്ളപ്പെട്ടുവെന്ന് വ്യസനത്തോടുകൂടി അറിയുന്നതിനാൽ ഇപ്പോാം വരുവാനിരിക്കുന്ന ലത്തീൻ മെത്രാപ്പോലീത്തയുടെ സ്ഥാപനവും മേലധികാരവും നമ്മെ ബാധിക്കാതിരിക്കുന്നതിന് ചെയ്യേണ്ടതായി താഴ്മയുള്ള നമ്മുടെ വോധത്തിൽ തോന്നുന്ന ഒരാലോചന വന്ദ്യപിതാവായ അങ്ങയെ ബോധിപ്പിക്കുന്നതിന് വളരെ ശങ്കയുണ്ട് എന്നുവരികിലും വരുവാനിരിക്കുന്ന ഏർപ്പാട് ജാതിമുഴുവനിലും ദോഷം വരുത്തുന്നതും നമ്മുടെ ജാതിയിൽപെട്ട പട്ടക്കാരും ജനങ്ങളും മാത്രമല്ല, ഞങ്ങളുടെ വന്ദ്യപിതാക്കൻമാരായ നിങ്ങാംകൂടെയും സകലരുടേയും വ്യസനത്തോടുകൂടെ ലത്തീൻ മെത്രാപ്പോലീത്തയെ കുമ്പിടുവാൻ സംഗതിയാകുന്നതും ആകയാൽ മനസ്സുണ്ടെങ്കിൽ അതിൽ നിന്നൊഴിവാൻ പോംവഴി ബോധിപ്പിച്ചുകൊള്ളുന്നു.

'....സുറിയാനിവേഷം ചമയിച്ച ലത്തീൻ ക്രമത്തിൽ തിരുക്കർമ്മങ്ങാം അനുഷ്ഠിക്കുവാനിരിക്കുന്നവരും ലത്തീനിൽത്തന്നെ ചില കർമ്മങ്ങാം ഇപ്പോാം അനുഷ്ഠിച്ചുവരുന്നവരും അതിനാൽ തന്നെ ഒരു ലത്തീൻ മെത്രാപ്പോലീത്തയുടെ മേൽനോട്ടത്തിൽ റീത്തു ക്രമങ്ങളുടെ സംഗതികളെ സംബന്ധിച്ചിടത്തോളമെങ്കിലും ആയിരിക്കുവാൻ അർഹതയുള്ളവ

രും സുറിയാനിക്കാരെന്നുപേരുള്ളവരുമായ മേല്പ്പട്ടക്കാരുടെ അധികാരത്തെക്കാൾ മേൽപ്രകാരം സ്ഥാപിക്കപ്പെടുവാനിരിക്കുന്ന ലത്തീൻ മെത്രാപ്പോലീത്തയുടെ ഉയർന്ന അധികാരമല്ലയോ ഞങ്ങൾക്കു കൂടുതൽ സന്തോഷകരമായിരിക്കേണ്ടതെന്നു ഞങ്ങൾ സംശയിക്കുന്നു....'12.

കൽദായറീത്തിന്റെ പുനരുദ്ധാരണത്തിൽ മോൺ. പഴേപറമ്പിലിന് (മറ്റു മെത്രാന്മാർക്കും) താല്പര്യമില്ല; ഒരു ലത്തീൻ മെത്രാപ്പോലീത്തയെ അടിച്ചേല്പിക്കുന്ന സ്ഥിതിവിശേഷമാണ് ഇതിൽ നിന്നുണ്ടാകാൻ പോവുക എന്നൊക്കെയാണല്ലോ സൂചന. ശ്രീ വി. സി. ജോർജ്ജ് ഈ ആരോപണത്തിനു മറുപടി പറയുന്നുണ്ട്: 'മാർ ലൂയീസ് സമുദായോദ്ധാരണാർത്ഥം നടത്തിയിട്ടുള്ള മഹനീയ കൃത്യങ്ങളെ മന:പൂർവ്വം വിസ്മരിക്കുന്നവർക്കു മാത്രമേ അദ്ദേഹം ലത്തീൻ മെത്രാപ്പോലീത്തയുടെ നിയമനാലോചനയെ അനുകൂലിച്ചുവെന്നോ പ്രസ്തുത നിയമനത്തിനു സർവ്വ ശക്തിയുമുപയോഗിച്ചു പ്രതികൂലിക്കുന്നതിൽ അമാന്തിച്ചുവെന്നോ പറവാൻ സാധിക്കുകയുള്ളു. കൽദായ റീത്തിന്റെ അധോഗതി സമചിത്തതയോടു കൂടി വീക്ഷിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നുവെന്ന് ഒരിക്കലും പറഞ്ഞുകൂടാ'13. സുറിയാനിക്കാരുടെ മേലാവായി ഒരു ലാററിൻ മെത്രാപ്പോലീത്തയുടെ നിയമനമുണ്ടാകാതിരിക്കാൻ വേണ്ടതെല്ലാം മോൺ. ലൂയീസ് ചെയ്തു; അങ്ങനെയൊന്നു സംഭവിക്കില്ലെന്ന് അദ്ദേഹത്തിന് ഉറപ്പും കിട്ടി. ഒക്ടോബർ (1900) 9–ാംനു-യിലെ ഡയറിയിൽ അദ്ദേഹം എഴുതിയിരിക്കുന്നു; 'വികാരിയാത്തിൽ യാതൊരു മാററവും വരുത്തുന്നതല്ല എന്ന് കർദ്ദിനാൾ എന്നെ അറിയി

12. Quoted in V. C. George op. cit., P. 473–475
13. Ibid. P. 476

ച്ചിരിക്കുന്നു.' എറണാകുളം വികാരിയാത്തിൻെറ ഭരണാധിപനും സുറിയാനിക്കാരുടെ മെത്രാപ്പോലീത്തയുമായി ഫാ. ബോനിഫസിനെ നിയമിക്കുമെന്ന കിംവദന്തി അങ്ങനെ അവസാനിച്ചു.

മലങ്കരസഭയെ പൊതുവിൽ സ്പർശിക്കുന്ന കാര്യങ്ങളെക്കുറിച്ച് റോം പര്യാലോചിക്കണമെങ്കിൽ മൂന്നു വികാരി അപ്പസ്തോലിക്കമാരും ചേർന്ന് ആവശ്യപ്പെടണമല്ലോ. ഹയരാർക്കിസ്ഥാപനം അതുപോലൊന്നാണ്. എന്നാൽ, ഇക്കാര്യത്തിൽ മോൺ. മേനാച്ചേരിയും മോൺ. മാക്കീലും അത്രതന്നെ തൽപ്പരരായിരുന്നോ എന്നറിവില്ല. എങ്ങനെയും 1905 ഫെബ്രുവരി 21–ാംനു മൂവരും ഒപ്പുവച്ച ഒരപേക്ഷ തയ്യാറാക്കി14. അത്, അക്കൊല്ലം ആഗസ്ററുമാസത്തിൽ പത്താം പീയൂസ് പാപ്പയെ സന്ദർശിക്കാൻ മാർ ലൂയീസ് റോമിൽ ചെന്നപ്പോൾ തിരുസിംഹാസനത്തിൽ സമർപ്പിക്കുകയും ചെയ്തു.

പത്താംപീയൂസ് പാപ്പ വെനീസിലെ പേട്രിയാർക്കായിരിക്കെ, ലൂയീസച്ചൻ മോൺ. ലവീഞ്ഞിൻെറ കൂടെ യൂറോപ്പിൽ പോയിട്ടു തിരിച്ചുവരുന്ന വഴി അദ്ദേഹത്തെ സന്ദർശിച്ച വിവരം മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അന്ന് അദ്ദേഹത്തിൻെറ സെക്രട്ടറിയായിരുന്ന ഫാ. ബ്രസ്സോങ്ങിൻെറ സൗഹൃദം മോൺ. ലൂയീസ് സമ്പാദിച്ചിരുന്നു. കാർഡിനൽ സാർത്തൊ പിന്നീട് പാപ്പായായിത്തീർന്നപ്പോഴും ഫാ. ബ്രസ്സോംഗ് അദ്ദേഹത്തിൻെറ സഹായകനായി റോമിലുണ്ടായിരുന്നു. ഈ സന്ദർഭം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ മോൺ. ലൂയീസ് ശ്രമിച്ചു. 1907–ൽ പത്താംപീയൂസ് പാപ്പയുടെ പൗരോഹിത്യ ജൂബിലിയാഘോഷിക്കുകയായിരുന്നു. മാർ ലൂയീസയച്ച അനുമോദനത്തിൽ, ഹയരാർക്കി

---

14. Mar Louis; op. cit., Part IV, P. 238–236

സ്ഥാപനക്കാര്യവും സൂചിപ്പിച്ചിരുന്നു. ഇക്കാര്യത്തിനുവേണ്ടി അദ്ദേഹം പിന്നീട് തുടർച്ചയായ നിവേദനങ്ങൾ നടത്തി. ഫാ. ബ്രസ്സോംഗ് വഴി പാപ്പയെ കാര്യമുണർത്തിക്കാനായിരുന്നു, പലപ്പോഴും പരിശ്രമം.

ചങ്ങനാശ്ശേരിയിലെ ആഭ്യന്തരപ്രശ്നം കൂടുതൽ രൂക്ഷമാവുകയാണ്. രൂപതയുടെ ഭരണം സ്തംഭനാവസ്ഥയിലായി. പ്രശ്നപരിഹാരത്തിനായി മോൺ. ലൂയീസ് കാര്യമായൊന്നും ചെയ്യുന്നില്ലെന്ന പരാതി വടക്കുംഭാഗർക്കുണ്ടായിരുന്നു. "ചങ്ങനാശ്ശേരി മിസ്സത്തിലെ വടക്കുംഭാഗ—തെക്കുംഭാഗം വടംപിടുത്തത്തിൽപ്പെട്ടു നട്ടംതിരിഞ്ഞ വൈദികരും അത്മായപ്രമാണികളും ജനനാൽ ചങ്ങനാശ്ശേരി മിസ്സംകാരനായ മാർ ലൂയീസിനെ, അദ്ദേഹം അവരുടെ പരിശ്രമസാഫല്യത്തിൽ കുതുകയില്ലെന്നോ വിപ്രതിപത്തി പ്രദർശിപ്പിച്ചുവെന്നോ ശങ്കിച്ചു തെററിദ്ധരിച്ചുവെങ്കിൽ, അതു വെറും ബാഹ്യാവലോകനംകൊണ്ടു മാത്രമായിരിക്കണം. മാർ ലൂയീസ് യൗവനത്തിൽത്തന്നെ മികച്ച സമുദായാഭിമാനം പ്രകടിപ്പിക്കുകയും തന്മൂലം വമ്പിച്ച ത്യാഗം കൈവരിക്കുകയും ചെയ്ത ദേഹമായിരുന്നു. പ്രസ്തുത സമുദായാഭിമാനവും അതിന്നനുരൂപങ്ങളായ മററു ഗുണങ്ങളും അദ്ദേഹത്തിൽ പിൽക്കാലം ക്രമപ്രവൃദ്ധമായി വളരുവാനേ ന്യായമുണ്ടായിരുന്നുള്ളു. പക്ഷേ, ഒരു യുവസന്യാസിയുടെ സമുദായാഭിമാനം പ്രകടിതമായ വിധത്തിൽ പ്രകടിതമാക്കാവുന്നതല്ല, പരിപക്വബുദ്ധിയും പരിത്യാഗംമൂലം സുശിക്ഷിതനുമായ ഒരു മെത്രാൻെറ സമുദായാഭിമാനം. ഒരു മെത്രാൻ പരിശുദ്ധ സിംഹാസനത്തിൻെറ നേർക്കും തൻെറ സഹമെത്രന്മാരുടെ നേർക്കും കത്തോലിക്കാലോകത്തിൻെറ നേർക്കുതന്നേയും അവാഗ്വിധേയമായ ഉത്തരവാദിത്വത്തോടും കർത്തവ്യശൃംഖലാബന്ധത്തോടും കൂടിയ സ്ഥാനിയാണെ

ന്നുള്ളതിനെ ആർക്കു വിസ്മരിക്കാം? ആകയാൽ, മാക്കീൽ മെത്രാനച്ചൻെറ നിയമനാനന്തരം ചങ്ങനാശ്ശേരി മിസ്സത്തിലെ കാര്യങ്ങഠം അവിടത്തെ ഭരണകർത്താവും ഭരണീയരും തമ്മിൽ രജ്ഞിച്ചോ ഭിന്നിച്ചോ ഒരുകാലത്തു മംഗളമായി കലാശിച്ചുകൊള്ളുമെന്നു പ്രത്യാശിച്ചുകൊണ്ട് മാർ ലൂയീസ് തൻെറ മിസ്സത്തിലെ സംഗതികഠം ഭംഗിയായി കഴിയുന്നതിൽ ദത്തശ്രദ്ധനായി കഴിഞ്ഞിരുന്നു''15വെങ്കിൽ അദ്ദേഹത്തെ എന്തിനു പഴിക്കണമെന്നാണു ശ്രീ. വി. സി. ജോർജ്ജ് ചോദിക്കുന്നത്. മാത്രവുമല്ല, വടക്കുംഭാഗരുടെ രക്ഷക്കായി ''ലൈഫ് ബൽററ് ' എറിഞ്ഞുകൊടുത്തവരിൽ പ്രഥമസ്ഥാനം മാർ ലൂയീസിനുണ്ടായിരുന്നുവെന്നും ശ്രീ. ജോർജ്ജു പ്രസ്ഥാവിക്കുന്നു.

അതെങ്ങനേയുമിരിക്കട്ടെ, തെക്കുംഭാഗർക്കായി ഒരു പ്രത്യേക വികാരിയാത്തു സ്ഥാപിച്ച് മോൺ. മാക്കീലിനെ അങ്ങോട്ടു മാററണമെന്നഭ്യർത്ഥിക്കുന്ന ഒരപേക്ഷ, 1911 മാർച്ചിൽ സുറിയാനിമെത്രന്മാർ മൂവരുംകൂടി റോമിൽ സമർപ്പിച്ചു16. ഇതനുസരിച്ച് അക്കൊല്ലം ആഗസ്ററ് 29-ാംനു- തെക്കുംഭാഗർക്കായി കോട്ടയം വികാരിയാത്തു സ്ഥാപിച്ച് റോം തിരുവെഴുത്തു പുറപ്പെടുവിച്ചു. മോൺ. മാക്കീലിനെ പുതിയ വികാരിയാത്തിൻെറ അദ്ധ്യക്ഷനാക്കി; ഫാ. തോമസ് കുര്യാളശ്ശേരിയെ ചങ്ങനാശ്ശേരി മെത്രാനായി നിയമിക്കുകയും ചെയ്തു. അങ്ങനെ ആ പ്രശ്നവും അവസാനിച്ചു.

മോൺ. കുര്യാളശ്ശേരി മാർ ലൂയീസിൻെറ ഒരാരാധകനായിരുന്നു. 1905—ൽ മാർ ലൂയീസ് റോമിൽ പോയപ്പോഠം, ഫാ. തോമസ് കുര്യാളശ്ശേരിയെയാ

15. V. C. George; op. cit., P. 477
16 Mar Louis, op. cit, Part IV, P. 258-264

ണ് സെക്രട്ടറിയായി കൂടെ കൊണ്ടുപോയത്. തന്റെ പരിശ്രമങ്ങളിൽ മോൺ. കുര്യാളശ്ശേരിയുടെ സഹായം ലഭിക്കുക, മാർ ലൂയീസിനു വളരെ എളുപ്പമായിരുന്നു.

ഏതായാലും ഹയരാർക്കി സ്ഥാപനകാര്യത്തിൽ തന്റെ പരിശ്രമം ഫലമണിഞ്ഞുകാണാനുള്ള ഭാഗ്യം മാർലൂയീസിനുണ്ടായില്ല. എങ്കിലും, അദ്ദേഹം മരിച്ച് നാലുകൊല്ലം കഴിഞ്ഞ്—1923 ഡിസം. 21—ാംനു- മലയാള സുറിയാനി ഹയരാർക്കി സ്ഥാപിച്ചപ്പോൾ, അദ്ദേഹത്തിന്റെ ആസ്ഥാനമായിരുന്ന എറണാകുളം അതിന്റെ കേന്ദ്രവും അനന്തരവനായിരുന്ന മാർ അഗസ്റ്റിൻ അതിന്റെ പ്രഥമമെത്രാപ്പോലീത്തയുമായിത്തീർന്നത് വാസ്തവത്തിൽ മാർ ലൂയീസിനുതന്നെ ലഭിച്ച മരണാനന്തര ബഹുമതിയായി കണക്കാക്കുന്നതിൽ തെററില്ല.

പത്ത്

# മാർ ലൂയീസ് എന്ന മനുഷ്യൻ

ഈടാർന്ന ചരിത്രസത്യങ്ങളുടെ പശ്ചാത്തലത്തിൽ മാർ ലൂയീസ് എന്ന മനുഷ്യനെ മനസ്സിലാക്കാനുള്ള പരിശ്രമമായിരുന്നു ഇതുവരെ. അത്തരം പഠനം ഒട്ടൊക്കെ ശുഷ്ക്കമാകാതെ തരമില്ല. കൂടുതൽ മാംസളമായ അറിവിന് വേറെ ഉറവിടങ്ങളിൽ അന്വേഷിക്കണം. മാർ ലൂയീസിനെ അടുത്തറിയുന്ന ഏതാനും വല്യച്ചൻമാർ എറണാകുളം അതിരൂപതയിലെ വൈദികഭവനത്തിൽ വിശ്രമിക്കുന്നുണ്ട്. അവർക്ക് രസകരമായ ഒട്ടേറെ കാര്യങ്ങൾ പറയുവാനുണ്ട്. ചിലതു കുറിക്കാം.

അരമനക്കെട്ടിടത്തിന്റെ മദ്ധ്യഭാഗത്ത് മൂന്നു നിലകളിലും വിശാലമായ ഹാളുകളുണ്ട്. മൂന്നാം നിലയിലേത് ചാപ്പലായി ഉപയോഗിക്കുന്നു. മരംകൊണ്ടു തീർത്ത മൂന്നൾത്താരകളാണ് അതിലുണ്ടായിരുന്നത്. മദ്ധ്യത്തിൽ പ്രധാന അൾത്താര. വശങ്ങളിൽ രണ്ടു ചെറിയ അൾത്താരകൾ—ഇവ ഇപ്പോൾ നീക്കം ചെയ്യപ്പെട്ടിരിക്കുന്നു.

മെത്രാനച്ചൻ ദിവ്യബലിയർപ്പിച്ചിരുന്നത് പ്രധാന അൾത്താരയിലാണ്. ചാപ്പലും പൂജാവസ്തുക്കളും ശുചിയായി സൂക്ഷിക്കുന്ന ചുമതല മൈനർ സെമ്മിനാരി വിദ്യാർത്ഥികൾക്കാണ്. എറണാകു

ളം അതിരൂപതയുടെ മൈനർ സെമ്മിനാരി 1968–ൽ തൃക്കാക്കരയിലേയ്ക്ക് മാററിസ്ഥാപിക്കുന്നതുവരെ അരമനക്കെട്ടിടത്തിൽത്തന്നെയായിരുന്നു പ്രവർത്തിച്ചിരുന്നത്. ഒരുദിവസം ദിവ്യബലിക്കു സഹായിക്കാനുള്ള ഊഴം ബ്രദർ ആൻറണി പവ്വത്തിലിനായിരുന്നു. കുർബാന കഴിഞ്ഞ് തിരുവസ്ത്രങ്ങൾ മടക്കിവയ്ക്കുമ്പോൾ എന്തോ താഴെവീണു. അതെടുക്കാൻ കുനിഞ്ഞ സഹോദരൻ നിവർന്നപ്പോൾ അൾത്താരയുടെ കോണിൽ തല ശക്തിയായി മുട്ടി. വേദന സഹിയാഞ്ഞ് ബ്രദർ നിറകണ്ണുകളോടെ നിന്നു പുളഞ്ഞു. ഉപകാരസ്മരണയ്ക്കായി അൾത്താര മുമ്പിൽ മുട്ടുകുത്തിനിന്ന മോൺ. പഴേപറമ്പിലിന്റെ പ്രതികരണമറിയണ്ടേ? ''അവനതൊക്കെ നശിപ്പിച്ചു'' എന്നുപറഞ്ഞ് എഴുന്നേററുചെന്ന് സഹോദരന്റെ തലമുട്ടിയ അൾത്താരയുടെഭാഗം തടവിനോക്കിയത്രേ! അവിടംകൊണ്ടും അവസാനിച്ചില്ല. പിന്നീട് മൈനർ സെമ്മിനാരിയിൽനിന്ന് ഉപരിപഠനത്തിനായി മേജർസെമ്മിനാരിയിലേയ്ക്ക് അയക്കേണ്ടവരുടെ ലിസ്ററുമായി മെത്രാനച്ചന്റെ അംഗീകാരം വാങ്ങാൻ റെക്ടറച്ചൻ ചെന്നപ്പോൾ, ഈ സഹോദരന്റെ പേരു വായിച്ചിട്ട്, ''അവനൊരു സൂക്ഷമില്ല'' എന്നു വൈമനസ്യം പ്രദർശിപ്പിച്ചു പോലും!

ഒരു സുഹൃത്തിനെ ഓർമ്മിക്കുന്നു. എവിടെയെങ്കിലും 'വണ്ടിയിടിച്ചു', 'വാഹനങ്ങൾ കൂട്ടിമുട്ടി' എന്നൊക്കെ കേട്ടാൽ, അദ്ദേഹം ആദ്യം ചോദിക്കുക 'ആളുകൾക്ക് എന്തെങ്കിലും സംഭവിച്ചുവോ?' എന്നായിരുന്നു. എന്നാൽ, അദ്ദേഹം സ്വന്തമായി ഒരു കാറുവാങ്ങിയശേഷം, ആരെങ്കിലും 'കാറിടിച്ചു' എന്നു പറഞ്ഞാൽ ഉടനെ ചോദിക്കുക 'കാറിന് തകരാറു വല്ലതും സംഭവിച്ചോ?' എന്നാണ്. നോവുന്ന ആത്മാവിനോട് അനുകമ്പയില്ലാത്തതു കൊണ്ടാണിങ്ങനെ എന്നുപറഞ്ഞാൽ ശരിയാവില്ല. അന്യ

നെ എന്നതിനെക്കാം തന്നേയും തൻെറ പ്രശ്നങ്ങ ളേയുമാണല്ലോ ആരും ആദ്യമോർക്കുക. അത്രയ്ക്കേ മേൽപ്പറഞ്ഞ സംഭവം അർത്ഥമാക്കുന്നുള്ളു. ഏതുയാലും പണപരമായ കാര്യങ്ങളിൽ മാർ ലൂയീസിനുണ്ടായിരുന്ന അതിസൂക്ഷത്തെ അതു സ്പഷ്ടമാക്കുന്നു.

എന്തെങ്കിലും നശിപ്പിക്കപ്പെടുക അദ്ദേഹത്തിനു സഹിക്കാനാവുമായിരുന്നില്ല. അദ്ദേഹത്തെ പരിചയമുള്ളവർക്കെല്ലാമറിയാം അക്കാര്യം. രസകരമായ മറെറാരു സംഭവം പറയാം. അരമനമുററത്തെ കടപ്ളാവിൻതുഞ്ചിലൊരോന്ത്. മൈനർ സെമ്മിനാരിയിലെ ഒരു സഹോദരൻ കല്ലുവച്ചൊരേറ്. പ്ളാവിൻെറ തുഞ്ച് ഒടിഞ്ഞുവീണു. അന്നുതന്നെ ആ സഹോദരൻ കെട്ടുകെട്ടിയത്രേ!

അരമനച്ചെലവുകരം എങ്ങനെയാണു നിയന്ത്രിച്ചിരുന്നതെന്ന് സന്ധ്യാസമയത്ത് ആ വലിയ കെട്ടിടത്തിലെ വിളക്കുകരം കൊളുത്തുവാൻ അദ്ദേഹം നിർദ്ദേശിച്ച രീതിയിൽ നിന്നു മനസ്സിലാക്കാം. അരംത്താരയിൽ കത്തിയുരുകുന്ന മെഴുക് ഉപയോഗരഹിതമായ വൃത്തിയുള്ള തുണിയിൽ തേച്ച് തിരി തെറുക്കുന്നു. അതിൽ ഒരു തിപ്പെട്ടിക്കമ്പ് ഉരച്ചു കൊളുത്തി കൊണ്ടുനടന്ന് വിളക്കുകരം തെളിക്കണം. അല്ലാതെ ഓരോരിടത്തും തീപ്പെട്ടിക്കോലുരച്ചുകൂടാ.

'കൈക്കൂലി വാങ്ങിച്ച് അച്ചന്മാരുടെ നിയമനങ്ങരം നടത്തുന്നു' എന്നൊരാരോപണം അദ്ദേഹത്തിൻെറ പേരിലുണ്ടായിരുന്നു. പക്ഷേ, ഇതിൽ സത്യമില്ല. അദ്ദേഹം സംഭാവനകരം സ്വീകരിച്ചുവെന്നത് നേരാണ്. അതിനെല്ലാം കൃത്യമായ കണക്കും സൂക്ഷിച്ചിരുന്നുവെത്രേ. കൊടുത്തവർക്കു സ്ഥാപിതതാൽപര്യങ്ങളുണ്ടായിരുന്നിരിക്കാം. രൂപതയെ പടുത്തുകെട്ടുന്നതിൽ സഹകരണമനോഭാവം കാണിച്ചവ

രോട് അദ്ദേഹം സൗമനസ്യം കാണിച്ചിട്ടുണ്ടെന്നും വരാം. ഇങ്ങനെയൊക്കെ സൂക്ഷിച്ചാണ് മൂന്നുരൂപയുമായി കയറിവന്ന കഥാപുരുഷൻ, ''തൻെറ ബുദ്ധി വിശേഷം, മനഃസ്ഥൈര്യം, കാര്യക്ഷമത, ഭരണതന്ത്രജ്ഞാനം, ഒതുക്കജീവിതം എന്നിത്യാദി ഗുണങ്ങൾകൊണ്ട് ഓരോ ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാക്കിയും വിവിധസ്ഥാപനങ്ങൾ ഏർപ്പെടുത്തിയും ഈ 23–ൽ ചില്വാനം കൊല്ലങ്ങൾക്കുള്ളിൽ ഇല്ലായ്മയായിരുന്ന ഈ വികാരിയാത്തിനെ മുൻസ്ഥിതി ചെയ്തിരുന്ന സഹോദരവികാരിയാത്തുകളോടു കിടപിടിക്കത്തക്ക ഉയർന്നനിലയിൽ എത്തിച്ച'' 1 തെന്നു മറക്കരുതല്ലോ.

വരവുചെലവുകൾക്ക് മാർ ലൂയീസ് കൃത്യമായ കണക്കു സൂക്ഷിച്ചിരുന്നു. റോമായാത്രയിലേയും മററും ചെലവിനങ്ങളുടെ വിശദമായ കണക്ക് അദ്ദേഹത്തിൻെറ ഡയറിക്കുറിപ്പുകളിൽ വായിക്കുന്ന നമുക്ക് അത്ഭുതം തോന്നും.

ചെലവിനങ്ങളുടെ കാര്യത്തിൽ ഇത്ര നിഷ്കർഷയുണ്ടായിരുന്നെങ്കിലും അതിഥിസത്കാരത്തിൽ മോൺ. ലുയീസ് ഒരു ധാരാളിയായിരുന്നുവെന്നതാണ് വാസ്തവം.

രൂപതയിലെ വൈദികരോട് അങ്ങേയററം ധാരണയോടും ഔദാര്യത്തോടും ഒരു ഭരണാധികാരിക്ക് അവശ്യംവേണ്ട നയചതുരതയോടും കൂടിയാണ് അദ്ദേഹം പെരുമാറിയിരുന്നത് എന്നതിന് പല സംഭവങ്ങളും ശ്രീ ഐ. സി. ചാക്കോ തൻെറ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. എങ്കിലും തൻെറ പിൻഗാമിയായി അദ്ദേഹം തിരഞ്ഞെടുത്ത മാർ അഗസ്

---

1 മോൺ. അഗസ്ററിൻ കണ്ടത്തിൽ, 'എറണാകുളം മിസ്സം' 1919 ഡിസംബർ 18

ററിൻ കണ്ഠത്തിലുമായി ചില്ലറ അഭിപ്രായവ്യത്യാസങ്ങളുണ്ടായി എന്നത് വിസ്മരിക്കുന്നില്ല. അതു പക്ഷേ, ഇരുവരുടേയും അഭിപ്രായദാർഢ്യത്തിൻേറയും വ്യക്തിത്വവിലാസത്തിൻേറയും തെളിവായിട്ടേ കണക്കാക്കാൻ പററൂ. ഇണങ്ങിച്ചേരലിൻെറ പേരിൽ അഭിപ്രായങ്ങളെ ബലിചെയ്യാൻ രണ്ടുപേരും ഒരുക്കമായിരുന്നില്ല എന്നല്ലേ അ്തു തെളിയിക്കുക? വിയോജിക്കുക എന്നതിൽ അവർക്കു യോജിക്കാൻ കഴിഞ്ഞുവെന്നർത്ഥം. അതുകൊണ്ടാണ്, ആ സംഭവം രണ്ടുപേരുടേയും വ്യക്തിത്വത്തിലേയ്ക്കു വെളിച്ചം വീഴ്ത്തുന്നു എന്നുപറഞ്ഞത്. 'എല്ലാക്കാര്യങ്ങളിലും അഭിപ്രായൈക്യം പുലർത്തുന്നു' എന്ന പ്രസ്താവം അക്കാലത്ത് ചിലർക്കു പക്ഷേ, പ്രശംസോക്തിയായിരുന്നിരിക്കാം. കാലത്തെ അതിശയിച്ചു നില്ക്കുന്നവർക്ക് ഒരിക്കലും അതങ്ങനെയല്ല. എന്നുമാത്രമല്ല, പലകാര്യങ്ങളിലും സ്വന്തമായ ദർശനമോ അഭിപ്രാ യംപോലുമോ ഇല്ലെന്നാവും പലപ്പോഴും ഇത്തരം പ്രസ്താവനയ്ക്കർത്ഥം.

പരാജയങ്ങളെ വിജയങ്ങളായി ചിത്രീകരിക്കാനുള്ള വ്യഗ്രതയായി ഇപ്പറഞ്ഞതിനെ വ്യാഖ്യാനിച്ചേക്കാം. അതുപക്ഷേ, വീക്ഷണഭേദം എന്നുമാത്രം വിചാരിക്കുക. തനിക്കുവന്ന വീഴ്ചകൾ തുറന്ന മനസ്സോടെ സമ്മതിക്കാൻപോന്ന ആർജ്ജവബുദ്ധി മാർ ലൂയീസിനുണ്ടായിരുന്നു. വടക്കൻ പറവൂർ ഇടവകയിലുണ്ടായ തർക്കംതന്നെ അതിനു തെളിവ്.

എറണാകുളം വികാരിയാത്ത് സ്ഥാപിതമാവും മുമ്പ് പറവൂർ ഇടവക തൃശ്ശൂർ വികാരിയാത്തിൽപ്പെട്ടിരുന്നു. അന്നും പള്ളികൾ വരവിൻെറ അഞ്ചുശതമാനം രൂപതക്കച്ചേരിയിൽ ഏൽപിക്കണമായിരുന്നു. മോൺ. ലൂയീസ് എറണാകുളം വികാരിയാത്തിൻെറ ഭരണം കയ്യേററശേഷമേ വരവുവിഹിതം

അടക്കുവാനുള്ള കാലാവധി തീരുമായിരുന്നുള്ളു. അന്ന് പറൂർ വികാരി, തൃശ്ശൂർ വികാരിയാത്തിൽപ്പെട്ട ചാലിശ്ശേരിൽ ഗീവറുഗീസച്ചനായിരുന്നു. അദ്ദേഹം അൽപം തിടുക്കത്തിൽ അഞ്ചുശതമാനം തൃശ്ശൂരേൽപിച്ചു; അതുപക്ഷേ, മനസ്സിലാക്കാവുന്നതേയുള്ളു. എന്നാൽ, തൃശ്ശൂരുമായി വിശേഷിച്ചു ബന്ധമൊന്നുമില്ലാഞ്ഞ ഇടവകക്കാർ ആ തുക എറണാകുളത്ത് ഏൽപിക്കേണ്ടതാണെന്ന് ആഗ്രഹിച്ചതും സ്വാഭാവികംതന്നെ. വരവുവിഹിതം തൃശ്ശൂരേൽപ്പിക്കുന്നതിന് വികാരിക്കു കൂട്ടുനിന്ന കൈക്കാരന്മാർക്കെതിരായി, ഇടവകയിലെ ഒരു വിഭാഗം. രണ്ടുകക്ഷിയായായി. തർക്കംക്രിമിനൽക്കേസ്സുവരെ വളർന്നു.

മോൺ. ലൂയീസ് വികാരിയാത്തിൻെറ ഭരണമേൽക്കുമ്പോഠം, ഇതായിരുന്നു അവസ്ഥ. അദ്ദേഹം ഇരുവരേയുംകേട്ട് തീർപ്പു കല്പിച്ചു. എന്നാൽ, അത് കൈക്കാരന്മാർക്കു സ്വീകാര്യമായില്ല. തുടർന്ന് ചാലിശ്ശേരിലച്ചൻ വികാരിത്വം രാജിവച്ചു. തൃശ്ശൂർ നിന്നും, പിന്നീട് എറണാകുളത്തുനിന്നും അംഗീകരിക്കപ്പെട്ട കൈക്കാരന്മാർ തമ്മിൽ തർക്കമായി. പള്ളിസ്വത്തിൻെറ കൈകാര്യകർത്തൃത്വത്തിന് തൃശ്ശൂർപ്പക്ഷകൈക്കാരന്മാർ സിവിൽ കേസുകൊടുത്തു. അവസാനം, ഇരുകക്ഷികളും കേസ്സ് മദ്ധ്യസ്ഥതീരുമാനത്തിനു വിടാൻ സമ്മതിച്ചു. പാറായിൽ വർക്കിത്തരകനെ ഉഭയസമ്മതപ്രകാരം മദ്ധ്യസ്ഥനായി നിശ്ചയിച്ചു. അദ്ദേഹം ഒരു തീരുമാനം ചെയ്തു: പള്ളിക്കു നേരിട്ട നഷ്ടപരിഹാരത്തിന് ഓരോ കക്ഷിയും നൂറുരൂപ വീതം പിഴയൊടുക്കണം; മെത്രാൻെറ സന്നിധിയിൽ യോഗംചേർന്ന് പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കണം; മെത്രാൻെറ അനുമതി കൂടാതെ കേസ്സുകൊടുത്ത കൈക്കാരന്മാർ മേലിൽ ആ സ്ഥാനത്തിനർഹരല്ല. മോൺ. ലൂയീസ് ഈ തീരുമാനം അംഗീകരിച്ചു. അനുനയശീലത്തെക്കാഠം കർക്കശബുദ്ധിയും നയതന്ത്രജ്ഞതയെക്കാഠം

അച്ചടക്കബോധവുമാണ് ഈ തീരുമാനത്തിൽ എഴുന്നു നില്ക്കുന്നതെന്നു വ്യക്തമാണല്ലോ. ഈ വിധിതീർപ്പിന്റെ പിറേറ ഞായറാഴ്ച, കൈസ്ഥാനത്തിന് അനർഹരെന്നു വിധിക്കപ്പെട്ടവരും അവരുടെ പക്ഷക്കാരും ദിവ്യബലിയിൽ പങ്കുകൊള്ളാൻ പോയത് സ്ഥലത്തെ യാക്കോബായപ്പള്ളിയിലാണ്!

റോക്കോസ്—മേലൂസ് ശീശ്മകരക്കും അതുപോലുള്ള മററു ഛിദ്മങ്ങരക്കും കൈകണ്ട സിദ്ധൗഷധമായി ഏതദ്ദേശീയഭരണത്തെ ഉയർത്തിക്കാട്ടിയ മാർ ലൂയിസിന് ഈ അനുഭവം വേദനാജനകമായിരുന്നുവെന്നത് നിസ്തർക്കമാണ്. അപരാധബോധം അതിന് ആഴംകൂട്ടുകയും ചെയ്തു. ഈ സംഭവത്തെക്കുറിച്ച് അദ്ദേഹം ശ്രീ. ഐ. സി. ചാക്കോയോടു പറയുന്നു:

''എന്റെ പല പ്രവൃത്തികളെക്കുറിച്ചും ആളുകരം കുററം പറയുന്നുണ്ട്. എന്നാൽ, ആ പ്രവൃത്തികളെല്ലാം ശരിയാണെന്നും അങ്ങനെതന്നെ പ്രവർത്തിക്കേണ്ടിയിരുന്നത് എന്റെ കർത്തവ്യമായിരുന്നുവെന്നും എനിക്കു നല്ല വിശ്വാസമുണ്ട്. ഒന്നിൽമാത്രം ഞാൻ തെററിപ്പോയി; ആ പറൂർ കേസിൽ. മദ്ധ്യസ്ഥന്റെ തീരുമാനം ശരിയല്ലായിരുന്നു; ഞാൻ അത് അപ്പാടെ സ്വീകരിച്ചത് തെററായിപ്പോയി''2. തന്റെ 'ശരി'കളെക്കുറിച്ചുമാത്രമല്ല 'തെററു'കളെക്കുറിച്ചുകൂടി സ്പഷ്ടമായ ധാരണയുള്ളവനാണ് മോൺ. ലൂയിസ്.


ഒട്ടാകെ ഒച്ചപ്പാടുണ്ടാക്കിയ മറെറാരു സംഭവമാണ് ഞാറക്കൽ കേസ്. ആ ഇടവകയിലെ ഒരാളെ സഭാഭ്രഷ്ടനാക്കേണ്ടിവന്നു, മാർ ലൂയിസിന്. അയാരം മാനനഷ്ടത്തിനു കേസുകൊടുത്തു. രണ്ടുവർഷത്തോളം നീണ്ടുനിന്ന ഈ കേസ് ഒടുവിൽ

---

2 I. C. Chacko, op. cit, P. 628




മാർ ലൂയിസിന്റെ ശവസംസ്കാരാവസരത്തിൽ



മാർ ലൂയീസ് പണിയിച്ച എറണാകുളം അതിമെത്രാസനാരമന



സെൻറ് മേരീസ് കത്തീഡ്രൽ



1974-ൽ പണിതീർന്ന ബസ്ലിക്ക

രാജിയായി അവസാനിച്ചു. അദ്ദേഹത്തിൻെറ 1903 സെപ്തം. 17—ാംനു-യിലെ ഡയറിയിൽ ഇങ്ങനെ വായിക്കുന്നു: 'ഞാറയ്ക്കക്കാർ മെത്രാനച്ചൻെറ പേരിൽ കൊടുത്തിരുന്ന മാനനഷ്ടക്കേസ് പിൻവലിച്ച് കൂട്ടമായി വന്നു പൊറുതി പറഞ്ഞു' (3). ഈ കേസുകാര്യത്തിൽ തനിക്ക് എന്തെങ്കിലും പാളിച്ച പററിയതായി അദ്ദേഹം കരുതുന്നില്ല, കോടതി കയറേണ്ടി വന്നതൊഴികെ. സ്വന്തം കഴിവുകളും കിഴിവുകളും ഒട്ടൊക്കെയെങ്കിലും അറിയാമായിരുന്നുവെന്നതാണ് അദ്ദേഹത്തിൻെറ ജീവിത വിജയത്തിന് ഒരു നിദാനം.

*** *** ***

'മനുഷ്യൻെറ ദിവസങ്ങൾ പരിമിതമാണ്
അവൻെറ ആയുസ്സ് അങ്ങയെ ആശ്രയിച്ചിരിക്കുന്നു' (Job: 14).
'ഞങ്ങളുടെ ആയുസ്സ് എഴുപതു വർഷമാണല്ലോ:
ഏറിയാൽ എൺപതു വർഷമുണ്ടാകും.' (Ps. 90.)

സാമാന്യമായിപ്പറഞ്ഞാൽ മാർലൂയീസ് ദീർഘായുഷ്മാനായിരുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിന് 73 വയസ്സു പ്രായമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ മാതാപിതാക്കളേയും ദൈവം ദീർഘായുസ്സ് നല്കി അനുഗ്രഹിച്ചിരുന്നു. 1897 സെപ്തംബർ 28—ാംനു-യാണ് അദ്ദേഹത്തിൻെറ മാതാവ് മരിച്ചത്—എഴുപതാമത്തെ വയസ്സിൽ; 1903 നവംബർ 27—ാംനു- പിതാവുമരിക്കുമ്പോൾ, എൺപതു ജന്മദിനങ്ങൾ പിന്നിട്ടു കഴിഞ്ഞിരുന്നു. ഏക സഹോദരി മറിയാമ്മ ഇതിനൊരപവാദമായിരുന്നു; അവർ 1884 ജനുവരിയിൽ 26—ാമത്തെ വയസ്സിൽ ചരമമടഞ്ഞു.

---

3 Mar Louis, Diary, 1903 Sept. 17, ABP. Library No. OD. 5

മാർ ലൂയീസിന്, മരണത്തിന് വർഷങ്ങൾക്കു മുമ്പേ തന്നെ തൻെറ ആരോഗ്യത്തെക്കുറിച്ച് ആശങ്കയുണ്ടായിരുന്നു. കൃശഗാത്രനായിരുന്ന അദ്ദേഹം ഒടുവിലായപ്പോൾ തെല്ലൊന്നു പൂർണ്ണിച്ചു. അതാരോഗ്യലക്ഷണമായിരുന്നില്ല. ജോലികൾ കൃത്യമായി ചെയ്യുക ക്ലേശമെന്നായി. എങ്കിലും അനാരോഗ്യം കാര്യമാക്കാതെ ദിനചര്യകൾ പാലിച്ചുകൊണ്ട് അദ്ദേഹം മുമ്പോട്ടുപോയി. ഒരു സഹായകൻെറ ആവശ്യം അദ്ദേഹത്തിനു നന്നേ ബോധപ്പെട്ടു: 1911 ആഗസ്ററിൽ മാർ അഗസ്ററിൻ കണ്ടത്തിൽ സഹായമെത്രാനായി നിയമിതനായി.


1919 നവംബർ അവസാനത്തോടെ കഥാപുരുഷൻ പൂർവ്വാധികം ക്ഷീണിതനായി. ദിനചര്യകൾ മുടങ്ങി. ഡിസംബർ 8– മാതാവിൻെറ അമലോത്ഭവ തിരുനാൾ. അദ്ദേഹത്തിനു ദിവ്യബലിയർപ്പിക്കാനാവുമായിരുന്നില്ല. മുറിയിലിരുന്നാൽ കാണാവുന്നൊരിടത്ത് ദിവ്യബലി ചൊല്ലിച്ച് അതിൽ പങ്കുകൊണ്ടു; ദിവ്യകാരുണ്യം സ്വീകരിച്ചു. അന്നുച്ചകഴിഞ്ഞു. രോഗം പിന്നേയും വർദ്ധിച്ചു. പിൻഗാമി മാർ അഗസ്ററിൻ കണ്ടത്തിൽ രോഗീലേപനം നല്കി.

1919 ഡിസംബർ 9, രാവിലെ 7 മണി. മാർ ലൂയീസിൻെറ അനുമതിയോടെ മാർ അഗസ്ററിൻ അദ്ദേഹത്തിനുവേണ്ടി ദിവ്യബലി തുടങ്ങി. രണ്ടു ബലികൾ: അൾത്താരയിലെ ദിവ്യബലിയും മാർ ലൂയീസിൻെറ ജീവിതബലിയും. ആദ്യത്തേതു മുഴുവനാകുംമുമ്പ് രണ്ടാമത്തേതു പൂർണ്ണമായക്കഴിഞ്ഞു–മാർ ലൂയീസ് അന്ത്യശ്വാസം വലിച്ചു; വരാപ്പുഴ മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ. കുററപത്രംകൊടുത്ത് കർമ്മലീത്തസഭയിൽനിന്ന് ലൂയീസച്ചനെ പുറംതള്ളിയ വരാപ്പുഴ മെത്രാപ്പോലീത്ത മോൺ. ലയോനാർഡിൻെറ ഒരു പിൻഗാമിയെത്ത

ന്നെ, അദ്ദേഹത്തിനു ചരമാനുഗ്രഹങ്ങൾ നൽകി യാത്രയാക്കാൻ നിയോഗിച്ച ദൈവത്തിൻെറ നിഗൂഢമായ പരിപാലന!

ഒരു പടയാളി മരിച്ചുവീണു; പോർക്കളത്തിലല്ല; വിജയഭൂവിൽ. 73 വർഷത്തെ ജീവിതത്തിൽ 44 വർഷവും സമുദായത്തിൻെറ ഉന്നമനത്തിനായിമാത്രം അർപ്പിതബുദ്ധിയോടെ ആ മഹാത്മാവു പണിയെടുത്തു. അർഹിക്കുന്നവിധത്തിൽ ആർഭാടപൂർവ്വകമായ അന്തിമോപചാരങ്ങളോടെ കത്തീഡ്രൽ ദൈവാലയത്തിൻെറ മദ്ബഹായുടെ മദ്ധ്യത്തിൽ പ്രത്യേകം തയാറാക്കിയ കല്ലറയിൽ 1919 ഡിസംബർ 10–ാംനു വൈകിട്ട് 6 മണിക്ക് അദ്ദേഹത്തിൻെറ മൃതദേഹം സംസ്ക്കരിക്കപ്പെട്ടു. 1974-ൽ കത്തീഡ്രൽ പുതുക്കിപ്പണിതപ്പോൾ അദ്ദേഹത്തിൻെറ ശരീരാവശിഷ്ടങ്ങൾ പുതിയ ദൈവാലയത്തിൻെറ മദ്ബഹായിലേക്കു മാററി സ്ഥാപിച്ചു.

അദ്ദേഹത്തിൻെറ കല്ലറയിൽ സ്ഥാപിച്ചിട്ടുള്ള സ്വയം സംസാരിക്കുന്ന ശിലാലിഖിതം മഹത്തായ ആ ജീവിതത്തിൻെറ പരിമാണങ്ങളിൽ പ്രകാശംപരത്താൻ പോന്നതുതന്നെ.




മാർ ലൂയീസ് പഴേപറമ്പിലിൻെറ
കല്ലറയിൽ സ്ഥാപിച്ചിരിക്കുന്ന ശില ലിഖിതം.

# തിരുത്ത്

| പേജ് | വരി | തെറ്റ് | ശരി |
|---|---|---|---|
| 86 | 11 | ഭരണമേല്പിക്കണം | ഭരമേല്പിക്കണം |
| 101 | 33 | ഞങ്ങൾക്കും | ഞങ്ങൾക്ക് |
| 110 | അടിക്കുറിപ്പ് | | 25 Cfr. Chapter 6, p. 74 |
| 117 | 9 | ശുശ്രൂഷകർ | ശുശ്രൂഷകൾ |

# BIBLIOGRAPHY


| | |
|---|---|
| Mar Louis Pazheparambil | 1) An account of a very important period of the history of the Catholic Syrian Christians of Malabar, 1920.<br>2) ചരിത്രം, കൈയെഴുത്തുപ്രതി, ABP Library, No. B 2.<br>3) പ്രതിദിനക്കുറിപ്പുകൾ, ABP Library |
| Abraham M. Nidhiry | Father Nidhiry, Kottayam, 1971 |
| Tisserant Cardinal | Eastern Christianity in India |
| Boswell | Life of Thomas, London, 1962 |
| Nehru Jawaharlal | An autobiography, 1962 |
| Fyodor Dostoyevsky | Brothers Caramasov (Laurel edition) |
| ചാക്കോ ഐ. സി. | മാർ ലൂയീസ് പഴേപറമ്പിൽ, ജീവിതവും കാലവും, 1937 |
| ജോർജ്ജ് വി. സി. | നിധീരിക്കൽ മാണിക്കത്തനാർ, എറണാകുളം, 1950 |
| മാത്യു സി. കട്ടക്കയം | വലിയ ചാണ്ടിയച്ചനും കൊച്ചു ചാണ്ടിയച്ചനും, മാന്നാനം, 1959 |
| ഫാ. തോമസ് മുളവരിക്കൽ | മാർ തോമാശ്ലീഹായും കേരള ക്രൈസ്തവസഭയും, 1971 |
| പാറേമാക്കൽ ഗോവർണദോർ | വർത്തമാനപ്പുസ്തകം |
| ഫാ. ബർണ്ണാർഡ് T.O.C.D. | മാർ തോമാ ക്രിസ്ത്യാനികൾ, മാന്നാനം, 1939 |
| ഫാ. വലേരിയൻ C.D. | ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1939 |
| ഫാ. ഗ്രിഗരി നീരാക്കൽ C.M.I. | സി.എം.ഐ. സഭയുടെ ചരിത്ര സംക്ഷേപം, തൃശ്ശൂർ, 1970 |
| കേശവമേനോൻ കെ.പി. | നവഭാരതശില്പികൾ, 1966 |

നസ്രാണി ദീപിക, കോട്ടയം

ജസ്റ്റീസ്, തിരുവനന്തപുരം, 1938 മാർച്ച് 3

എറണാകുളം മിസ്സം, ഡിസംബർ 1919

Catholic Examiner, Bombay

ACHARYA PALACKAL JE
LIBRA
15239

# മാർ ലൂയീസ് പഴേപറമ്പിൽ

മണവാളൻ

സാമാന്യം നല്ല സാമ്പത്തികഭദ്രതയുള്ള ഒരു കുടുംബത്തിലെ ഏകസന്താനമായിരുന്നു ലൂയീസ്. സ്വാഭാവികമായും, പലവിധ ജന്മാവകാശങ്ങളും ലൂയീസിൽ നിക്ഷിപ്തമാകുമായിരുന്നു. എന്നിട്ടും ചിന്തിക്കാൻ കഴിവുണ്ടായ, തിരഞ്ഞെടുപ്പിന്റെ ആദ്യമുഹൂർത്തത്തിൽത്തന്നെ സ്വന്തമായതെല്ലാം സുധീരം ത്യജിക്കാൻ ലൂയീസ് തയ്യാറായി. ഇടവകവൈദികനല്ല, സന്യാസവൈദികനായി. സ്വന്തം സമുദായത്തിന്റെ അസ്തിത്വവും തനിമയും അംഗീകരിച്ചു കിട്ടുന്നതിനു പ്രത്യക്ഷമായി സമരരംഗത്തിറങ്ങി. ഔദാര്യത്തിന്റേതല്ല, അവകാശത്തിന്റേതായിരുന്നു പ്രശ്നം, അദ്ദേഹം കരുതി. ഫലമോ? 'ഏഴുവ്യാകുലങ്ങളി'ലൊന്നായി; സന്യാസസഭയിൽനിന്നു നിഷ്കാസിതനായി. എന്നിട്ടും കുലുങ്ങാതെ അജയ്യനായി നിന്ന ഫാ. ലൂയീസിന്റെ ലക്ഷ്യങ്ങൾ ഒന്നൊന്നായി സാധിതമാവുകയായിരുന്നു. ഇറക്കിവിട്ടവർ തന്നെ തേടിപ്പിടിച്ചു സിംഹാസനത്തിലിരുത്തേണ്ടിവന്ന മാർ ലൂയീസ് പഴേപറമ്പിലിന്റെ ഐതിഹാസികമായ ജീവിതകഥ, 'വ്യക്തമായ ലക്ഷ്യത്തോടെ പൊതുരംഗത്തു പ്രവർത്തിക്കുന്ന ഏതൊരാൾക്കും മാർഗ്ഗദർശകമത്രേ. ഒരു നോവൽപോലെ രസകരമായി വായിച്ചുപോകാവുന്ന ജീവചരിത്രഗ്രന്ഥമാണിത്.

വില 6.00

ജനത ബുക്ക്സ്റ്റാൾ

തേവര—എറണാകുളം—ആലുവ




Indic Digital Archive Foundation
gpura.org